1 ശമൂവേൽ

എൽക്കാനയും കുടുംബവും ശീലോവിൽ ആരാധന നടത്തുന്നു

1 എഫ്രയീമിലെ കുന്നിൻപ്രദേശത്ത് രാമ
യിൽനിന്നുള്ള എൽക്കാനാ എന്നൊരാൾ
ജീവിച്ചിരുന്നു. സൂഫ് കുടുംബക്കാരനായിരുന്നു
എൽക്കാനാ. യെരോഹാമിന്റെ പുത്രനായിരു
ന്നു അവൻ. എലീഹൂവിന്റെ പുത്രനായിരുന്നു
യെരോഹാം. എലീഹൂ തോഹൂവിന്റെ പുത്രൻ.
എഫ്രയീംഗോത്രത്തിലെ സൂഫിന്റെ പുത്രനാ
യിരുന്നു തോഹൂ.
2എൽക്കാനയ്ക്ക് രണ്ടു ഭാര്യമാരുണ്ടായിരുന്നു.
ഒരു ഭാര്യയുടെ പേര് ഹന്നാ എന്നും മറ്റേ
ഭാര്യയുടെ പേര് പെനിന്നാ എന്നുമായിരുന്നു.
പെനിന്നയ്ക്കു കുട്ടികളുണ്ടായിരുന്നു. ഹന്ന
യ്ക്കു കുട്ടികളുണ്ടായിരുന്നില്ല.
3എല്ലാ വർഷവും എൽക്കാനാ തന്റെ പട്ടണ
മായ രാമയിൽനിന്നും ശീലോവിലേക്കു
പോകും. അവിടെയായിരുന്നു എൽക്കാനാ സർ
വ്വശക്തനായ യഹോവയെ ആരാധിച്ചിരുന്നതും
അവനു ബലികളർപ്പിച്ചിരുന്നതും. ശീലോവി
ലായിന്നു ഹൊഫ്നിയും ഫീനെഹാസും
യഹോവയുടെ പുരോഹിതന്മാരായി സേവി
ച്ചിരുന്നത്. ഏലിയുടെ പുത്രന്മാരായിരുന്നു
ഹൊഫ്നിയും ഫീനെഹാസും. **4**എൽക്കാനാ
ബലിയർപ്പിച്ചപ്പോഴൊക്കെ ഭക്ഷണത്തിന്റെ
ഒരു വീതം അവൻ തന്റെ പത്നിയായ പെനി
ന്നയ്ക്കും നൽകിയിരുന്നു. പെനിന്നയുടെ കുട്ടി
കൾക്കും അവൻ അതിന്റെ പങ്കു നൽകിയി
രുന്നു. **5**ഹന്നയ്ക്കും ഒരു തുല്യപങ്ക് എൽക്കാനാ
നൽകിയിരുന്നു. ഹന്നയ്ക്കു കുട്ടികളുണ്ടാകാൻ
യഹോവ അനുഗ്രഹിച്ചില്ലെങ്കിൽപ്പോലും എൽ
ക്കാനാ അങ്ങനെ ചെയ്തു. താൻ യഥാർത്ഥ
ത്തിൽ സ്നേഹിച്ച ഭാര്യ ഹന്നാ ആയിരുന്നു
എന്നതാണ് അവൻ അങ്ങനെ ചെയ്യുവാൻ
കാരണം.

പെനിന്നാ ഹന്നയെ പ്രകോപിപ്പിക്കുന്നു

6പെനിന്നാ എല്ലായ്പ്പോഴും ഹന്നയെ
വല്ലാതെ പ്രകോപിപ്പിക്കുകയും മുഷിപ്പിക്കു
കയും ചെയ്തു. ഹന്നയ്ക്കു കുട്ടികളുണ്ടാകാ
ത്തതു കൊണ്ടാണ് പെനിന്നാ അങ്ങനെ ചെയ്
തിരുന്നത്. **7**എല്ലാ വർഷവും അങ്ങനെ തന്നെ
സംഭവിച്ചു. അവർ ശീലോവിൽ യഹോവ
യുടെ ആലയത്തിൽ പോകുമ്പോഴൊക്കെ
ഹന്നാ മുഷിഞ്ഞിരുന്നു. ഒരു ദിവസം എൽ
ക്കാനാ ബലിയർപ്പിക്കുകയായിരുന്നു. ഹന്നാ
വ്യസനിക്കുകയും കരയാൻ തുടങ്ങുകയും
ചെയ്തു. ഹന്നാ ഒന്നും കഴിക്കുന്നുണ്ടായിരു
ന്നില്ല. **8**അവളുടെ ഭർത്താവായ എൽക്കാനാ
അവളോടു പറഞ്ഞു, “ഹന്നാ, നീയെന്തിനാണ്
കരയുന്നത്? നീയെന്താണൊന്നും കഴിക്കാ
ത്തത്? നീയെന്തിനാണിത്ര ദു:ഖിക്കുന്നത്? നിന
ക്കു നിന്റെ ഭർത്താവായ ഞാനുണ്ടല്ലോ. പത്തു
മക്കളേക്കാൾ ഭേദമാണു ഞാനെന്നു നീ കരു
തുക.”

ഹന്നയുടെ പ്രാർത്ഥന

9തിന്നുകയും കുടിക്കുകയും ചെയ്തതിനു
ശേഷം ഹന്നാ എഴുന്നേറ്റു പ്രാർത്ഥിക്കാൻ
പോയി. യഹോവയുടെ വിശുദ്ധമന്ദിരത്തി
ന്റെ കവാടത്തിനരികിലായി പുരോഹിത
നായ ഏലി ഇരിപ്പുണ്ടായിരുന്നു. **10**ഹന്നാ വള
രെ ദു:ഖിതയായിരുന്നു. യഹോവയോടു പ്രാർ
ത്ഥിക്കവേ അവൾ വല്ലാതെ കരഞ്ഞു. **11**അവൾ
ദൈവത്തിന് ഒരു നേർച്ച നേർന്നു. അവൾ
പറഞ്ഞു, “സർവ്വശക്തനായ യഹോവേ,
ഞാനെത്ര ദു:ഖിതയാണെന്നു കണ്ടാലും.
എന്നെ മറക്കരുതേ. അങ്ങ് എനിക്കൊരു പുത്ര
നെ തന്നാൽ ഞാനവനെ നിനക്കു സമർപ്പി
ക്കാം. അവൻ ഒരു നാസീർ വ്രതക്കാരനായി
രിക്കും. അവൻ വീഞ്ഞോ മദ്യമോ കഴിക്കില്ല.
ആരും അവന്റെ തലമുടി ഒരിക്കലും വെട്ടുകയു
മില്ല.”*
12ഹന്നാ വളരെ നേരം യഹോവയോടു പ്രാർ
ത്ഥിച്ചു. ഹന്നാ പ്രാർത്ഥിച്ചുകൊണ്ടിരിക്കവേ
ഏലി അവളുടെ ചുണ്ടുകളിൽ ശ്രദ്ധിക്കുകയാ
യിരുന്നു. **13**ഹന്നാ അവളുടെ ഹൃദയം കൊണ്ടു
പ്രാർത്ഥിക്കുകയായിരുന്നു. അവളുടെ ചുണ്ടു
കൾ ചലിക്കുന്നുണ്ടായിരുന്നുവെങ്കിലും അവൾ
ശബ്ദം പുറപ്പെടുവിച്ചില്ല. അതിനാൽ ഹന്നാ
കുടിച്ചിരിക്കാമെന്ന് ഏലി കരുതി. **14**ഏലി ഹന്ന
യോടു പറഞ്ഞു, “നീ ഒരുപാട് കുടിച്ചിരി
ക്കുന്നു! വീഞ്ഞ് ഉപേക്ഷിക്കാൻ കാലമായി.”
15ഹന്നാ മറുപടി പറഞ്ഞു, “പ്രഭോ ഞാൻ
വീഞ്ഞോ മദ്യമോ കുടിച്ചിട്ടില്ല. മനസ്സാകെ
കലങ്ങിയവളാണു ഞാൻ. യഹോവയോട്
ഞാൻ എന്റെ ദു:ഖങ്ങൾ പറയുകയായിരുന്നു.
16ഞാൻ ഒരു ചീത്ത സ്ത്രീയാണെന്നു കരുത
രുതേ. എനിക്ക് വളരെ പ്രശ്നങ്ങളുള്ളതു
കൊണ്ടും ഞാൻ ദു:ഖിതയായതുകൊണ്ടുമാണ്
ഇത്രയും ദീർഘനേരം ഞാൻ പ്രാർത്ഥിച്ചത്.”
17ഏലി മറുപടി പറഞ്ഞു, “സമാധാനത്തിൽ
പോകുക. യിസ്രായേലിന്റെ ദൈവം നീ ആവ
ശ്യപ്പെട്ടതൊക്കെ നിനക്കു നൽകട്ടെ.”
18ഹന്നാ പറഞ്ഞു, “അങ്ങ് എന്നിൽ സന്തു
ഷ്ടനാണെന്ന് ഞാൻ കരുതുന്നു.” അനന്തരം
ഹന്നാ അവിടെനിന്നും പോയി ആഹാരം
കഴിച്ചു. പിന്നീട് അവൾക്ക് ദു:ഖമുണ്ടായില്ല.
19പിറ്റേന്ന് അതിരാവിലെ എൽക്കാനയുടെ
കുടുംബം ഉണർന്നെണീറ്റു. അവർ യഹോവയെ
ആരാധിക്കുകയും രാമയിലെ വസതിയിലേക്കു
മടങ്ങുകയും ചെയ്തു.

ശമൂവേലിന്റെ ജനനം

എൽക്കാനാ തന്റെ ഭാര്യയായ ഹന്നയു
മായി ലൈംഗികബന്ധത്തിലേർപ്പെടുകയും

ആരും ... വെട്ടുകയുമില്ല ദൈവത്തിനു വിശേഷ വാഗ്ദാനങ്ങൾ നേർന്നിരുന്നവരായിരുന്നു നാസീർ വ്രതസ്ഥർ. അവർ അവരുടെ മുടി മുറിക്കുകയോ മുന്തിരിഭക്ഷിക്കുകയോ വീഞ്ഞുകുടിക്കുകയോ ചെയ്തിരുന്നില്ല. സംഖ്യാ. 6:5 കാ ണുക.

യഹോവ ഹന്നയെ ഓർമ്മിക്കുകയും ചെയ്തു.
20പിറ്റെ വർഷം ആ സമയത്തോടെ ഹന്നാ
ഗർഭവതിയാവുകയും ഒരു പുത്രനെ പ്രസവി
ക്കുകയും ചെയ്തു. ഹന്നാ പുത്രന് ശമൂവേൽ
എന്നു പേരിട്ടു. അവൾ പറഞ്ഞു, “അവനെ
ഞാൻ യഹോവയോടു ചോദിച്ചു വാങ്ങിയ
തിനാൽ ശമൂവേൽ എന്നാണവനു പേര്.”

21ആ വർഷം ബലിയും നേർച്ചയും ദൈവ
ത്തിനർപ്പിക്കാൻ എൽക്കാനാ ശീലോവിലേക്കു
പോയി. അവൻ തന്റെ കുടുംബത്തെയും കൂടെ
കൊണ്ടുപോയി. **22**പക്ഷേ ഹന്നാ പോയില്ല.
അവൾ എൽക്കാനയോടു പറഞ്ഞു, “കുട്ടിയുടെ
മുലകുടി മാറുമ്പോൾ അവനെ ഞാൻ ശീലോ
വിലേക്കു കൊണ്ടുപോകാം. അനന്തരം അവനെ
ഞാൻ യഹോവയ്ക്കു സമർപ്പിക്കും. അവൻ
ഒരു നാസീർ ആയിത്തീരും. അവൻ ശീലോവിൽ
ത്തന്നെ കഴിയും.” **23**ഹന്നയുടെ ഭർത്താവായ
എൽക്കാനാ അവളോടു പറഞ്ഞു, “നന്നെന്നു
നിനക്കു തോന്നുന്നതുപോലെ ചെയ്യുക. കുട്ടി
ക്കു മുലകുടി മാറുംവരെ നീ വീട്ടിൽ താമസി
ക്കുക. യഹോവ അവന്റെ വാക്കു* പാലിക്കുമാ
റാകട്ടെ.” അതിനാൽ ഹന്നാ തന്റെ പുത്രന്റെ
മുലകുടി മാറുംവരെ അവനെ പരിചരിച്ചു
കൊണ്ട് വീട്ടിൽ തങ്ങി.

ശമൂവേലിനെ ഹന്നാ ശീലോവിലേക്കു കൊണ്ടുപോകുന്നു

24കുട്ടിയുടെ മുലകുടി മാറിയപ്പോൾ ഹന്നാ
അവനെ ശീലോവിലെ യഹോവയുടെ ഭവന
ത്തിലേക്കു കൊണ്ടുപോയി. മൂന്നു വയസ്സായ
ഒരു കാള, ഇരുപത് പൗണ്ട് മാവ്, ഒരു കുപ്പി
വീഞ്ഞ് എന്നിവയും അവൾ കൂടെ കൊണ്ടു
പോയി.

25അവർ യഹോവയുടെ സവിധത്തിലേക്കു
പോയി. എൽക്കാനാ പതിവുപോലെ കാളയെ
കൊന്ന് യഹോവയ്ക്ക് ബലിയർപ്പിച്ചു. അന
ന്തരം ഹന്നാ, കുട്ടിയെ ഏലിയുടെ കയ്യിലേ
ല്പിച്ചു. **26**ഹന്നാ ഏലിയോടു പറഞ്ഞു,
“എന്നോടു ക്ഷമിക്കൂ പ്രഭോ. അങ്ങയുടെ അടു
ത്തിരുന്ന് യഹോവയോടു പ്രാർത്ഥിച്ച അതേ
സ്ത്രീയാണ് ഞാൻ. ഞാൻ പറയുന്നതു നേരാ
ണെന്ന് ഞാൻ സത്യം ചെയ്യുന്നു. **27**ഞാൻ ഈ
കുട്ടിക്കുവേണ്ടി പ്രാർത്ഥിക്കുകയും യഹോവ
എന്റെ പ്രാർത്ഥനയോടു പ്രതികരിക്കുകയും
ചെയ്തു. യഹോവ എനിക്ക് ഈ കുട്ടിയെ
നൽകി. **28**ഞാനിപ്പോൾ ഈ കുട്ടിയെ യഹോവ
യ്ക്കു നൽകുകയും ചെയ്യുന്നു. അവൻ ജീവിത
കാലം മുഴുവൻ യഹോവയെ ശുശ്രൂഷിക്കും.”

അനന്തരം ഹന്നാ കുട്ടിയെ അവിടെ വിട്ടിട്ടു
പോവുകയും യഹോവയെ ആരാധിക്കുകയും
ചെയ്തു.

ഹന്നാ നന്ദി പറയുന്നു

2 ഹന്നാ പറഞ്ഞു, “എന്റെ ഹൃദയം യഹോവ
യിൽ സന്തുഷ്ടമായി! എന്റെ ശക്തി ദൈ
വത്തിൽ വർദ്ധിച്ചിരിക്കുന്നു! ഞാനെന്റെ ശത്രു
ക്കളെ പരിഹസിക്കുന്നു.* നിന്റെ രക്ഷയിൽ
ഞാനേറെ സന്തോഷിക്കുന്നു! **2**യഹോവയെ
പ്പോലെ മറ്റൊരു വിശുദ്ധദൈവമില്ല. നീയ
ല്ലാതെ ദൈവമില്ല! നമ്മുടെ ദൈവത്തെപ്പോലെ
മറ്റൊരു പാറയില്ല. **3**വീമ്പിളക്കൽ തുടരരുത്!
അഹങ്കാര വാക്കുകൾ പറയരുത്! കാരണം,
യഹോവയായ ദൈവം എല്ലാം അറിയുന്നു,
ദൈവം ജനങ്ങളെ നയിക്കുകയും വിധിക്കു
കയും ചെയ്യുന്നു. **4**ശക്തരായ ഭടന്മാരുടെ വില്ലു
കളൊടിയുന്നു! ദുർബ്ബലർ ശക്തരാവുകയും
ചെയ്യുന്നു! **5**സമൃദ്ധമായി ഭക്ഷണമുണ്ടായിരുന്ന
വർ ഭക്ഷണത്തിനായി ഇപ്പോൾ പണിയെടു
ക്കണം. എന്നാൽ വിശന്നിരുന്നവർക്കിപ്പോൾ
തിന്നു കൊഴുക്കാം! കുട്ടികളുണ്ടാകാത്തവൾ
ഏഴു പ്രസവിക്കുന്നു! എന്നാൽ ഒരുപാട് കുട്ടിക
ളുള്ളവൾക്കു ദു:ഖം. എന്തെന്നാൽ അവൾക്ക്
മക്കൾ നഷ്ടമാകുന്നു. **6**യഹോവ മനുഷ്യരെ
മരിക്കാനിടയാക്കുന്നു, അവൻ അവരെ ജീവി
ക്കാനുമിടയാക്കുന്നു. മനുഷ്യരെ യഹോവ
പാതാളത്തിലാക്കുകയും അവിടെനിന്ന് ഉയിർ
പ്പിക്കുകയും ചെയ്യുന്നു.

7യഹോവ ചിലരെ ദരിദ്രരാക്കുന്നു, ചിലരെ
ധനികരുമാക്കുന്നു. ചിലരെ യഹോവ താഴ്ത്തു
ന്നു. ചിലരെ അവൻ ഉയർത്തുന്നു. **8**യഹോവ
ദരിദ്രരെ പൊടിയിൽനിന്നുയർത്തുന്നു. അവ
രുടെ ദു:ഖങ്ങളവൻ ദൂരീകരിക്കുന്നു. യഹോവ
ദരിദ്രരെ പ്രധാനികളാക്കുന്നു. അവരെ അവൻ
രാജകുമാരന്മാരോടൊപ്പം ഇരുത്തുന്നു. വിശി
ഷ്ടാതിഥികളുടെ സ്ഥലത്ത് അവരെ ഇരു
ത്തുന്നു. യഹോവ ലോകത്തെ മുഴുവൻ
സൃഷ്ടിച്ചു! ലോകം മുഴുവൻ അവന്റേതാ
കുന്നു! **9**തന്റെ വിശുദ്ധരെ യഹോവ സംരക്ഷി
ക്കുന്നു. അവർക്ക് വീഴ്ച വരാതെ അവൻ
പാലിക്കുന്നു. പക്ഷേ ദുഷ്ടന്മാർ നശിപ്പിക്കപ്പെ
ടും. അവർ ഇരുട്ടിലേക്കു പതിക്കും. അവരുടെ
ശക്തി അവരെ വിജയിപ്പിക്കില്ല. **10**അവന്റെ
ശത്രുക്കളെ യഹോവ നശിപ്പിക്കുന്നു. അവർക്കെ
തിരെ അത്യുന്നതനായ ദൈവം സ്വർഗ്ഗത്തിൽ
ഇടിമുഴക്കും. വിദൂരദേശങ്ങളിൽപ്പോലും
യഹോവ ന്യായവിധി നടത്തും. തന്റെ രാജാ
വിന് അവൻ ശക്തി നൽകും. തന്റെ വിശുദ്ധ
രാജാവിനെ അവൻ ശക്തനാക്കും.”

11എൽക്കാനയും കുടുംബവും രാമയിലുള്ള
തങ്ങളുടെ വസതിയിലേക്കു പോയി. കുട്ടി
ശീലോവിൽ താമസിച്ച് പുരോഹിതനായ
ഏലിയുടെ കീഴിൽ യഹോവയെ ശുശ്രൂഷിച്ചു.

ഏലിയുടെ ദുഷ്ടരായ പുത്രന്മാർ

12ഏലിയുടെ പുത്രന്മാർ ദുഷ്ടരായിരുന്നു.
അവർ യഹോവയെ വകവച്ചില്ല. **13**പുരോഹി
തന്മാർ ജനങ്ങളോടെങ്ങനെ പെരുമാറണമെ
ന്നൊന്നും അവർ കാര്യമാക്കിയില്ല. പുരോഹി
തർ ജനങ്ങളോടു ചെയ്യേണ്ടത് ഇതാണ്: ഓരോ
തവണയും ഒരാൾ ഒരു ബലി അർപ്പിക്കുമ്പോൾ
പുരോഹിതൻ ആ മാംസം ഒരു കലത്തിലെ
തിളയ്ക്കുന്ന വെള്ളത്തിലിടും. അനന്തരം
പുരോഹിതന്റെ ഭൃത്യൻ മൂന്നു മുനയുള്ള ഒരു
മുള്ളെടുക്കണം. **14**അനന്തരം പുരോഹിതന്റെ
ഭൃത്യൻ ആ മുള്ളുപയോഗിച്ച് കലത്തിൽനി
ന്നോ തൂക്കുപാത്രത്തിൽനിന്നോ കുറച്ചു മാംസം
കുത്തിയെടുക്കണം. മുള്ളുകൊണ്ടു ഭൃത്യൻ
കുത്തിയെടുക്കുന്ന മാംസമേ പുരോഹിതനർഹ
മായിട്ടുള്ളൂ. ശീലോവിൽ ബലിയർപ്പിക്കാൻ
വരുന്ന സകല യിസ്രായേലുകാരോടും പുരോ
ഹിതൻ അങ്ങനെയാണു ചെയ്യേണ്ടത്.

15എന്നാൽ ഏലിയുടെ പുത്രന്മാർ അങ്ങനെ
യല്ല ചെയ്തത്. കൊഴുപ്പ് യാഗപീഠത്തിൽ

വാക്ക് ഏലി ഹന്നയ്ക്കു നൽകിയ അനുഗ്രഹങ്ങളെയായിരിക്കാം എൽക്കാനാ ഇവിടെ പരാമർശിക്കുന്നത്. വചനം 17.

ഞാനെന്റെ ... പരിഹസിക്കുന്നു “എന്റെ വായ് എന്റെ ശത്രുക്കളുടെനേർക്കു തുറന്നു മലർത്തിയിരിക്കുന്നു” എന്നർത്ഥം.

ഹോമിക്കുന്നതിനു മുമ്പുതന്നെ പുരോഹി
തൻെറ ഭൃത്യൻ വഴിപാട് അർപ്പിക്കാൻ വന്നവ
രുടെ അടുത്തേക്കു ചെല്ലും. പുരോഹിതൻെറ
ദാസൻ പറയും, “പുരോഹിതനു പൊരിക്കാൻ
കുറച്ചു മാംസം തരിക. പുഴുങ്ങിയ മാംസം
നിങ്ങളിൽനിന്നും പുരോഹിതൻ സ്വീകരി
ക്കില്ല.” 16ബലിയർപ്പിക്കുന്നവൻ ഇങ്ങനെ പറ
യാം, “ആദ്യം കൊഴുപ്പ് ദഹിപ്പിക്കുക. എന്നിട്ട്
നിനക്കു വേണ്ടത്ര എടുക്കാം.” അങ്ങനെയുണ്ടാ
യാൽ പുരോഹിതൻെറ ദാസൻ ഇങ്ങനെ പറ
യും, “വേണ്ട, എനിക്കിപ്പോൾ മാംസം തരിക.
നീ തന്നില്ലെങ്കിൽ, ഞാനിതു പിടിച്ചു വാങ്ങും!”
17അങ്ങനെ തങ്ങൾ യഹോവയ്ക്കുള്ള വഴിപാ
ടിനെ ആദരിക്കുന്നില്ലെന്ന് ഹൊഫ്നിയും
ഫീനെഹാസും കാണിച്ചു. അത് യഹോവ
യ്ക്കെതിരെയുള്ള വളരെ കൊടിയ പാപമായി
രുന്നു!

18എന്നാൽ ശമൂവേൽ യഹോവയെ ശുശ്രൂ
ഷിച്ചു. ഏഫോദു ധരിച്ച ബാലനായ ശമൂവേൽ
ഒരു സഹായി ആയിരുന്നു. 19എല്ലാ വർഷവും
ശമൂവേലിൻെറ അമ്മ അവന് ഒരു ചെറിയ
അങ്കി തുന്നിക്കൊണ്ടുവന്നു. തൻെറ ഭർത്താവി
നോടൊപ്പം ശീലോവിൽ ബലിയർപ്പിക്കാൻ
വർഷംതോറും പോകുമ്പോൾ അവൾ അതു
കൊണ്ടുവന്നു. 20ഏലി എൽക്കാനയെയും
അവൻെറ ഭാര്യയെയും അനുഗ്രഹിക്കും. ഏലി
പറയും, “യഹോവ നിനക്ക് ഹന്നയിലൂടെ കുട്ടി
കളെ നൽകട്ടെ. ഹന്നാ പ്രാർത്ഥിച്ചപ്പോൾ
യഹോവ അവൾക്കു നൽകിയ കുട്ടിക്കു പകരമാ
യിരിക്കും ഈ മക്കൾ.”

എൽക്കാനയും ഹന്നയും വീട്ടിലേക്കു പോകു
കയും. 21യഹോവ ഹന്നയോട് ദയ കാട്ടുകയും
ചെയ്തു. അവർക്കു മൂന്നു പുത്രന്മാരും രണ്ടു
പുത്രിമാരും പിറന്നു. ശമൂവേൽ യഹോവയ്ക്കു
സമീപം വളരുകയും ചെയ്തു.

പുത്രന്മാരെ നിയന്ത്രിക്കാൻ ഏലിക്കു കഴിയുന്നില്ല

22ഏലി വളരെ വൃദ്ധനായി. ശീലോവിലെ
എല്ലാ യിസ്രായേലുകാരോടും തൻെറ പുത്ര
ന്മാർ ചെയ്യുന്നത് ഏലി കേട്ടു. സമ്മേളനക്കൂടാ
രത്തിൻെറ കവാടത്തിങ്കൽ ശുശ്രൂഷ നടത്തുന്ന
സ്ത്രീകളോടൊത്ത് അവർ ശയിക്കുന്ന കാര്യ
വും ഏലി അറിഞ്ഞു. 23ഏലി തൻെറ പുത്രന്മാ
രോടു പറഞ്ഞു, “നിങ്ങൾ ചെയ്ത തിന്മകളെ
പ്പറ്റി ഇവിടെയുള്ളവർ എന്നോടു പറഞ്ഞു,
നിങ്ങളെന്തിനാണ് ഈ തിന്മകൾ ചെയ്യുന്നത്?
24മക്കളേ, ഇത്തരം ചീത്തക്കാര്യങ്ങൾ ചെയ്യരുത്.
യഹോവയുടെയാളുകൾ നിങ്ങളെപ്പറ്റി ദുഷി
ച്ചു പറയുന്നു. 25ഒരുവൻ മറ്റൊരുവനെതിരെ
പാപം ചെയ്താൽ ദൈവം അവനെ സഹാ
യിക്കും. പക്ഷേ യഹോവയ്ക്കെതിരെ പാപം
ചെയ്താൽ ആർക്ക് അവനെ സഹായിക്കാൻ
കഴിയും?”

പക്ഷേ ഏലിയുടെ പുത്രന്മാർ ഏലിയെ വക
വയ്ക്കാൻ കൂട്ടാക്കിയില്ല. അതിനാൽ യഹോവ
ഏലിയുടെ പുത്രന്മാരെ വധിക്കാൻ നിശ്ച
യിച്ചു. 26ശമൂവേൽ വളർന്നു. അവൻ ദൈവ
ത്തെയും ജനങ്ങളെയും സന്തോഷിപ്പിച്ചു.

ഏലിയുടെ കുടുംബത്തെപ്പറ്റിയുള്ള ഭയങ്കര പ്രവചനം

27ഒരു ദൈവപുരുഷൻ ഏലിയെ സമീപിച്ചു
പറഞ്ഞു, “യഹോവ ഇക്കാര്യങ്ങൾ പറയുന്നു,
‘നിൻെറ പൂർവ്വികന്മാർ ഫറവോൻെറ കുടുംബ
ത്തിൻെറ അടിമകളായിരുന്നു. എന്നാൽ ഞാൻ
അപ്പോൾ നിൻെറ പൂർവ്വികന്മാർക്കു പ്രത്യക്ഷ
പ്പെട്ടു. 28നിൻെറ ഗോത്രത്തെ ഞാൻ യിസ്രായേ
ലിലെ മറ്റെല്ലാ ഗോത്രങ്ങൾക്കിടയിൽനിന്നും
തെരഞ്ഞെടുത്തു. നിൻെറ ഗോത്രത്തെ ഞാൻ
എൻെറ പുരോഹിതന്മാരാകാൻ തെരഞ്ഞെ
ടുത്തു. എൻെറ യാഗപീഠത്തിൽ ബലി നട
ത്താൻ ഞാനവരെ തെരഞ്ഞെടുത്തു. ധൂപങ്ങൾ
കത്തിക്കാനും ഏഫോദു ധരിക്കാനും ഞാന
വരെ തെരഞ്ഞെടുത്തു. യിസ്രായേൽജനത
എനിക്കർപ്പിക്കുന്ന ബലിയുടെ മാംസം നിൻെറ
ഗോത്രക്കാർക്കു ഞാൻ അവകാശമായി നൽകു
കയും ചെയ്തു. 29അതിനാൽ നീയെന്തുകൊണ്ട്
ആ ബലികളെയും വഴിപാടുകളെയും ആദരി
ക്കുന്നില്ല? നീ നിൻെറ പുത്രന്മാരെ എന്നെക്കാ
ളധികം മാനിച്ചു. യിസ്രായേൽജനത എനിക്കു
കൊണ്ടുവരുന്ന മാംസത്തിലെ നല്ല ഭാഗങ്ങൾ
കൊണ്ട് നീ കൊഴുത്തു.’

30“നിൻെറ പിതാവിൻെറ കുടുംബക്കാർ
എക്കാലത്തേക്കും പുരോഹിതന്മാരായി അവ
നെ ശുശ്രൂഷിക്കണമെന്ന് യിസ്രായേലിൻെറ
ദൈവമാകുന്ന യഹോവ ഉറപ്പു പറഞ്ഞിരുന്നു.
എന്നാലിപ്പോൾ യഹോവ ഇങ്ങനെ പറയുന്നു,
‘അതൊരിക്കലും സാദ്ധ്യമല്ല! എന്നെ മാനിക്കു
ന്നവരെ ഞാനും മാനിക്കും. പക്ഷേ എന്നെ
മാനിക്കാത്തവർക്കു നിന്ദ ലഭിക്കും. 31നിൻെറ
പിൻഗാമികളെ മുഴുവൻ ഞാൻ നശിപ്പിക്കു
ന്ന സമയമടുത്തിരിക്കുന്നു. നിൻെറ കുടുംബ
ത്തിലെ ആരും വാർദ്ധക്യം വരെ ജീവിച്ചിരി
ക്കില്ല.

32യിസ്രായേലിൽ നന്മകളുണ്ടാകുമെങ്കിലും
ഭവനത്തിൽ ദുരിതങ്ങളുണ്ടാകുന്നതു നീ
കാണും. നിൻെറ കുടുംബത്തിലെ ആരും വൃദ്ധ
ന്മാരാകാൻ ജീവിച്ചിരിക്കില്ല. 33എൻെറ യാഗ
പീഠത്തിൽ ശുശ്രൂഷ നടത്താൻ ഞാൻ രക്ഷി
ക്കുന്ന ഒരാളുണ്ടായിരിക്കും. അവൻ വളരെ വൃദ്ധ
നാകുംവരെ ജീവിക്കും. അവൻെറ കാഴ്ച നഷ്ട
പ്പെടുകയും ശക്തിയില്ലാതാകുകയും ചെയ്യുന്ന
തുവരെ അവൻ ജീവിക്കും. നിൻെറ പിൻഗാമി
കളെല്ലാം വാളുകൊണ്ട് കൊല്ലപ്പെടും. 34ഇക്കാ
ര്യങ്ങൾ യഥാർത്ഥ്യമാകുമെന്നതിന് ഞാൻ അട
യാളങ്ങൾ കാണിക്കും. നിൻെറ രണ്ടു പുത്രന്മാ
രായ ഹൊഫ്നിയും ഫീനെഹാസും ഒരേ ദിവ
സം മരിക്കും. 35ഞാൻ എനിക്കു വിശ്വസ്തനാ
യൊരു പുരോഹിതനെ തെരഞ്ഞെടുക്കും. ഈ
പുരോഹിതൻ എന്നെ ചെവിക്കൊള്ളുകയും
അനുസരിക്കുകയും ചെയ്യും. ഈ പുരോഹി
തൻെറ കുടുംബത്തെ ഞാൻ ശക്തമാക്കും. അവ
നെപ്പോഴും എൻെറ തെരഞ്ഞെടുക്കപ്പെട്ട രാജാ
വിൻെറ* മുമ്പിൽ ശുശ്രൂഷ നടത്തും.

36അപ്പോൾ നിൻെറ കുടുംബത്തിൽ അവശേ
ഷിക്കുന്നവർ ഈ പുരോഹിതൻെറ മുമ്പിൽ
നമസ്കരിക്കും. അവർ അല്പം പണത്തിനോ
ഒരു കഷണം അപ്പത്തിനോ വേണ്ടി ഇരക്കും.
അവർ പറയും, “എനിക്കു തിന്നാൻ ഭക്ഷണം
നേടുന്നതിനായി എനിക്കൊരു പുരോഹിത
ൻെറ പണി തന്നാലും.

ദൈവം ശമൂവേലിനെ വിളിക്കുന്നു

3 ബാലനായ ശമൂവേൽ ഏലിയുടെ കീഴിൽ
യഹോവയെ സേവിച്ചു. അക്കാലത്ത്

തെരഞ്ഞെടുക്കപ്പെട്ട രാജാവ് “അഭിഷിക്തൻ” എന്നർത്ഥം.

യഹോവ ജനങ്ങളോടു നേരിട്ടു സംസാരിക്കു
ന്നത് വിരളമായിരുന്നു. ദർശനങ്ങളും അപൂർവ്വ
മായിരുന്നു.
2ഏലിയുടെ കണ്ണുകൾ ദുർബ്ബലപ്പെട്ട്
ഏതാണ്ട് അന്ധമായി. ഒരു രാത്രിയിൽ അവൻ
കിടക്കയിൽ കിടന്നു. 3ശമൂവേൽ യഹോവ
യുടെ വിശുദ്ധമന്ദിരത്തിലെ കിടക്കയിലാണ്
കിടന്നത്. ദൈവത്തിന്റെ വിശുദ്ധപെട്ടകം ആ
കെട്ടിടത്തിലായിരുന്നു. യഹോവയുടെ വിളക്ക്
അപ്പോഴും കത്തിയിരുന്നു. 4യഹോവ ശമൂവേ
ലിനെ വിളിച്ചു. ശമൂവേൽ വിളികേട്ടു, “ഞാനി
വിടെയുണ്ട്.” 5ഏലി തന്നെ വിളിക്കുകയാണെ
ന്നായിരുന്നു ശമൂവേൽ കരുതിയത്. അതിനാൽ
ശമൂവേൽ ഏലിയുടെ അടുത്ത് ഓടിയെത്തി.
ശമൂവേൽ പറഞ്ഞു, “ഞാനിതാ ഇവിടെയുണ്ട്,
അങ്ങ് എന്നെ വിളിച്ചല്ലോ.” പക്ഷേ ഏലി
പറഞ്ഞു, “ഞാൻ നിന്നെ വിളിച്ചില്ല. പോയി
കിടക്ക്.” ശമൂവേൽ കിടക്കയിലേക്കു മടങ്ങി.
6യഹോവ വീണ്ടും വിളിച്ചു. “ശമൂവേലേ!” ശമൂ
വേൽ വീണ്ടും ഏലിയുടെ അടുത്തേക്കു ചെന്നു.
ശമൂവേൽ പറഞ്ഞു, “ഞാനിവിടെയുണ്ട്, അങ്ങ്
എന്നെ വിളിച്ചല്ലോ.”ഏലി പറഞ്ഞു, “ഞാൻ
നിന്നെ വിളിച്ചില്ല, പോയി കിടക്ക്.”
7ശമൂവേൽ അതുവരെയും യഹോവയെ അറി
ഞ്ഞിട്ടില്ലായിരുന്നു. യഹോവ അതുവരെ അവ
നോടു നേരിട്ട് സംസാരിച്ചിട്ടുണ്ടായിരുന്നില്ല.*
8യഹോവ ശമൂവേലിനെ മൂന്നാം തവണയും
വിളിച്ചു. ശമൂവേൽ വീണ്ടും എഴുന്നേറ്റ് ഏലി
യുടെ അടുത്തേക്കു ചെന്നു. ശമൂവേൽ പറഞ്ഞു,
“ഞാനിവി ടെയുണ്ട്, അങ്ങ് എന്നെ വിളി
ച്ചല്ലോ.”
യഹോവ ബാലനെ വിളിക്കുകയാണെന്ന്
അപ്പോൾ ഏലിക്കു മനസ്സിലായി. 9ഏലി അവ
നോടു പറഞ്ഞു, “പോയി കിടക്ക്. ഇനിയും
അവൻ നിന്നെ വിളിക്കുകയാണെങ്കിൽ,
‘യഹോവേ, അങ്ങയുടെ ദാസനായ ഞാൻ
ശ്രദ്ധിക്കുന്നുണ്ട്’ എന്നു പറയുക.”
അതിനാൽ ശമൂവേൽ കിടക്കാൻ പോയി.
10യഹോവ അവിടെ വന്നു നിന്നു. മുമ്പത്തെ
പ്പോലെ തന്നെ അവൻ ചെയ്തു. അവൻ വിളി
ച്ചു, “ശമൂവേലേ, ശമൂവേലേ! ”ശമൂവേൽ പറ
ഞ്ഞു, “പറയൂ, അങ്ങയുടെ ദാസനായ ഞാൻ
ശ്രദ്ധിക്കുന്നുണ്ട്.”
11യഹോവ ശമൂവേലിനോടു പറഞ്ഞു,
“യിസ്രായേലിൽ ഞാൻ ചില കാര്യങ്ങൾ
ചെയ്യാൻ പോവുകയാണ്. അതേപ്പറ്റി കേൾക്കു
ന്നവർ നടുങ്ങും. 12ഏലിയോടും അവന്റെ
കടുംബത്തോടും ചെയ്യുമെന്നു പ്രഖ്യാപിച്ച
കാര്യങ്ങൾ ഞാൻ ചെയ്യും. എല്ലാം ഞാൻ ആദ്യം
മുതൽ അവസാനം വരെ ചെയ്യും. 13ഏലിയുടെ
കുടുംബത്തെ എന്നെന്നേക്കുമായി ശിക്ഷിക്കു
മെന്ന് ഞാൻ അവനോടു പറഞ്ഞിട്ടുണ്ട്. കാര
ണം തന്റെ പുത്രന്മാർ പറയുന്നതും പ്രവർത്തി
ക്കുന്നതും ദൈവവിരുദ്ധമാണെന്ന് ഏലിക്കറി
യാം. അവരെ നിയന്ത്രിക്കുന്നതിൽ ഏലി പരാ
ജയപ്പെടുകയും ചെയ്തു. 14അതിനാലാണ്
വഴിപാടോ ബലിയോ കൊണ്ട് ഏലിയുടെ
കുടുബത്തിന്റെ പാപങ്ങൾ ഒരിക്കലും ഇല്ലാ
താക്കപ്പെടില്ലെന്ന് ഞാൻ ശപഥം ചെയ്തത്.”
15പ്രഭാതമാകും വരെ ശമൂവേൽ കിടക്കയിൽ
കിടന്നു. അവൻ നേരത്തെ എഴുന്നേറ്റ് യഹോവ
യുടെ ആലയത്തിന്റെ വാതിൽ തുറന്നു. ദർശ
നത്തെപ്പറ്റി ഏലിയോടു പറയാൻ ശമൂവേ
ലിനു ഭയമായിരുന്നു.
16എന്നാൽ ഏലി ശമൂവേലിനെ വിളിച്ചു,
“ശമൂവേലേ, എന്റെ മകനേ!” ശമൂവേൽ വിളി
കേട്ടു “എന്താ പ്രഭോ.” 17ഏലി ചോദിച്ചു,
“യഹോവ നിന്നോട് എന്താണു പറഞ്ഞത്?
എന്നിൽ നിന്നതു മറച്ചു വയ്ക്കരുത്. ദൈവം
നിനക്കു തന്ന സന്ദേശത്തിൽനിന്ന് നീ എന്തെ
ങ്കിലും മറച്ചു വച്ചാൽ ദൈവം നിന്നെ ശിക്ഷി
ക്കും.”
18അതിനാൽ ശമൂവേൽ ഏലിയോട് എല്ലാം
പറഞ്ഞു. അവൻ ഏലിയിൽനിന്ന് ഒന്നും മറച്ചു
വച്ചില്ല. ഏലി പറഞ്ഞു, “അവൻ യഹോവയാ
കുന്നു. ശരിയെന്ന് അവനു തോന്നുന്നത് അവൻ
ചെയ്യട്ടെ.” 19ശമൂവേലിന്റെ വളർച്ചയിൽ
യഹോവ അവനോടൊപ്പമുണ്ടായിരുന്നു. ശമൂ
വേലിന്റെ ഒരു സന്ദേശവും തെറ്റാണെന്നു
വരാൻ യഹോവ ഇടയാക്കിയില്ല. 20അപ്പോൾ
ദാൻ മുതൽ ബേർ-ശേബ വരെയുള്ള എല്ലാ
യിസ്രായേലുകാരും ശമൂവേൽ യഥാർത്ഥ
ത്തിൽ യഹോവയുടെ പ്രവാചകനാണെന്നറി
ഞ്ഞു. 21യഹോവ തുടർന്നും ശീലോവിൽ ശമൂ
വേലിന് പ്രത്യക്ഷപ്പെട്ടു. യഹോവയുടെ വച
നമായി യഹോവ ശമൂവേലിനു തന്നെ വെളി
പ്പെടുത്തിക്കൊടുത്തു.
4 ശമൂവേലിനെപ്പറ്റിയുള്ള വാർത്തകൾ
യിസ്രായേലിലെമ്പാടും പരന്നു. ഏലി
വയോവൃദ്ധനായി. അവന്റെ പുത്രന്മാർ
യഹോവയുടെ മുമ്പിൽ തിന്മകൾ ചെയ്യുന്നതു
തുടർന്നു.

ഫെലിസ്ത്യർ യിസ്രായേലുകാരെ തോല്പിക്കുന്നു

അക്കാലത്ത് ഫെലിസ്ത്യർ യിസ്രായേലു
മായി യുദ്ധത്തിനു സംഘടിച്ചു. യിസ്രായേലു
കാർ ഫെലിസ്ത്യരോട് യുദ്ധത്തിനിറങ്ങി.
യിസ്രായേലുകാർ ഏബെനേസരിൽ തങ്ങളുടെ
പാളയം സ്ഥാപിച്ചു. അഫേക്കിലായിരുന്നു
ഫെലിസ്ത്യരുടെ പാളയം. 2ഫെലിസ്ത്യർ
യിസ്രായേലിനെ ആക്രമിക്കാൻ തയ്യാറായി
രുന്നു. യുദ്ധം തുടങ്ങി.
ഫെലിസ്ത്യർ യിസ്രായേലുകാരെ തോല്പി
ച്ചു. യിസ്രായേൽസേനയിലെ നാലായിരത്തോ
ളം ഭടന്മാരെ വധിച്ചു. 3യിസ്രായേൽഭടന്മാർ
തങ്ങളുടെ പാളയത്തിൽ മടങ്ങിയെത്തി.
യിസ്രായേലിലെ മൂപ്പന്മാർ ചോദിച്ചു, “നമ്മ
ളെ തോല്പിക്കാൻ യഹോവ എന്തിനാണ് ഫെലി
സ്ത്യരെ അനുവദിച്ചത്? നമുക്ക് യഹോവ
യുടെ കരാറിന്റെ പെട്ടകം ശീലോവിൽ
നിന്നും കൊണ്ടുവരാം. അങ്ങനെ യുദ്ധത്തിൽ
ദൈവം നമ്മോടൊപ്പമാകും. അവൻ നമ്മെ ശത്രു
ക്കളിൽനിന്നും രക്ഷിക്കും.” 4അതിനാൽ അവർ
ചിലരെ ശീലോവിലേക്കയച്ചു. സർവ്വശക്ത
നായ യഹോവയുടെ കരാറിന്റെ പെട്ടകം
അവർ മടക്കിക്കൊണ്ടു വന്നു. പെട്ടകത്തിന്റെ
മുകളിൽ കെരൂബുമാലാഖമാരുണ്ട്. യഹോവ
യിരിക്കുന്ന സിംഹാസനം പോലെയായിരുന്നു
അവർ. ഏലിയുടെ രണ്ടു പുത്രന്മാരായ ഹൊ
ഫ്നിയും ഫീനെഹാസും പെട്ടകത്തോടൊപ്പം
വന്നു.
5യഹോവയുടെ കരാറിന്റെ പെട്ടകം പാള
യത്തിലേക്കു വന്നപ്പോൾ യിസ്രായേലുകാർ
ഉച്ചത്തിൽ അട്ടഹസിച്ചു. ആ അട്ടഹാസത്തിൽ

യഹോവ ... സംസാരിച്ചിട്ടുണ്ടായിരുന്നില്ല “യഹോവയുടെ വചനം ഇതുവരെ അവനു വെളിപ്പെടുത്തിക്കൊടുക്കപ്പെട്ടിട്ടില്ല” എന്നർത്ഥം.

ഭൂമി വിറച്ചു. 6യിസ്രായേലിന്റെ അട്ടഹാസം
ഫെലിസ്ത്യർ കേട്ടു. അവർ ചോദിച്ചു.
"എബ്രായപാളയത്തിൽ ജനങ്ങൾ ഇത്രമാത്രം
ഉത്സാഹഭരിതരാകാൻ കാരണമെന്താണ്?"

യഹോവയുടെ വിശുദ്ധപെട്ടകം യിസ്രായേ
ലിന്റെ പാളയത്തിലേക്കു കൊണ്ടുവരപ്പെട്ടു
വെന്ന് ഫെലിസ്ത്യർ മനസ്സിലാക്കി. 7ഫെലി
സ്ത്യർ ഭയന്നു. ഫെലിസ്ത്യർ പറഞ്ഞു,
"ദൈവം അവരുടെ പാളയത്തിലെത്തിയിരി
ക്കുന്നു! നമ്മൾ കുഴപ്പത്തിലായിരിക്കുന്നു.
മുമ്പൊരിക്കലും ഇങ്ങനെയുണ്ടായിട്ടില്ല! 8നമ്മ
ളിപ്പോൾ വ്യാകുലരാണ്. ഈ ശക്തനായ ദൈവ
ത്തിൽനിന്ന് നമ്മെ രക്ഷിക്കാൻ ആർക്കു കഴി
യും? ഈജിപ്തുകാർക്കു മഹാമാരിയും പകർച്ച
വ്യാധികളും നൽകിയ അതേ ദൈവം തന്നെയാ
ണിവനും. 9ഫെലിസ്ത്യരേ, ധൈര്യശാലികളാ
യിരിക്കുക! മനുഷ്യരെപ്പോലെ പോരാടുക!
മുമ്പ് എബ്രായർ നമ്മുടെ അടിമകളായിരുന്നു.
അതിനാൽ ആണുങ്ങളെപ്പോലെ യുദ്ധം ചെയ്യു
ക. അല്ലെങ്കിൽ നിങ്ങൾ അവരുടെ അടിമക
ളാകും!"

10അതിനാൽ ഫെലിസ്ത്യർ കഠിനമായി
യുദ്ധം ചെയ്ത് യിസ്രായേലിനെ തോല്പിച്ചു.
ഓരോ യിസ്രായേൽഭടനും തന്റെ കൂടാരത്തി
ലേക്കു ഓടിപ്പോയി. യിസ്രായേലുകാർക്കു
അതൊരു കനത്ത പരാജയമായിരുന്നു. മുപ്പതി
നായിരം യിസ്രായേൽഭടന്മാർ കൊല്ലപ്പെട്ടു.
11ഫെലിസ്ത്യർ ദൈവത്തിന്റെ വിശുദ്ധപെട്ട
കം എടുക്കുകയും ഏലിയുടെ രണ്ട് പുത്രന്മാ
രായ ഹൊഫ്നിയെയും ഫീനെഹാസിനെയും
വധിക്കുകയും ചെയ്തു.

12അന്ന് യുദ്ധരംഗത്തുനിന്നും ബെന്യാമീൻ
ഗോത്രക്കാരനായ ഒരാൾ ഓടിപ്പോയി. തന്റെ
ദു:ഖം കാണിക്കാൻ അവൻ തന്റെ വസ്ത്രങ്ങൾ
വലിച്ചു കീറുകയും തലയിൽ മണ്ണു വാരിയിടു
കയും ചെയ്തു. 13അയാൾ ശീലോവിലേക്കു
വന്നപ്പോൾ ഏലി നഗരകവാടത്തിനടുത്ത് ഒരു
കസേരയിലിരിക്കുകയായിരുന്നു. ദൈവത്തി
ന്റെ വിശുദ്ധപെട്ടകത്തെപ്പറ്റി വ്യാകുലനായി
രുന്നതിനാലാണ് ഏലി അവിടിരുന്ന് നിരീ
ക്ഷണം നടത്തിയത്. അപ്പോൾ ബെന്യാമീൻ
ഗോത്രക്കാരൻ ശീലോവിലേക്കു വന്ന് ദു:ഖവാ
ർത്ത അറിയിച്ചു. നഗരവാസികളാകെ ഉച്ച
ത്തിൽ കരയാൻ തുടങ്ങി. 14-15ഏലിക്കു തൊണ്ണൂ
റ്റെട്ടു വയസ്സായി. അന്ധനായിത്തീർന്നതി
നാൽ സംഭവിക്കുന്നതൊന്നും കാണാൻ ഏലി
ക്കു കഴിഞ്ഞില്ല. പക്ഷേ ജനങ്ങൾ ഉച്ചത്തിൽ
കരയുന്നതു കേൾക്കാമായിരുന്നു. ഏലി ചോദി
ച്ചു, "എന്തിനാണ് ആളുകൾ ഈ വലിയ ശബ്ദ
മുണ്ടാക്കുന്നത്?"

ബെന്യാമീൻകാരൻ ഏലിയുടെ അടുത്തേ
ക്കോടിയെത്തി ഉണ്ടായതു മുഴുവൻ അവനോടു
പറഞ്ഞു, 16ബെന്യാമീൻകാരൻ ഏലിയോടു
പറഞ്ഞു, "യുദ്ധത്തിൽനിന്ന് ഇപ്പോൾ വന്നയാ
ളാണു ഞാൻ. ഞാനിന്നു യുദ്ധരംഗത്തുനിന്ന്
ഓടിപ്പോയി!" ഏലി ചോദിച്ചു, "എന്തുണ്ടായി
മകനേ?" 17ബെന്യാമീൻകാരൻ മറുപടി പറ
ഞ്ഞു, "യിസ്രായേൽ ഫെലിസ്ത്യരിൽനിന്നും
ഓടിപ്പോയി. യിസ്രായേൽസേനയ്ക്ക് അനേ
കം ഭടന്മാരെ നഷ്ടപ്പെട്ടു. നിന്റെ രണ്ടു പുത്ര
ന്മാരും കൊല്ലപ്പെട്ടു. ഫെലിസ്ത്യർ ദൈവത്തി
ന്റെ വിശുദ്ധപെട്ടകം എടുത്തുകൊണ്ടു
പോയി."

18ബെന്യാമീൻകാരൻ ദൈവത്തിന്റെ
വിശുദ്ധപെട്ടകത്തെപ്പറ്റി സൂചിപ്പിച്ചപ്പോൾ
ഏലി കവാടത്തിനടുത്തു കസേരയിൽനിന്നും
മറിഞ്ഞു വീഴുകയും അയാളുടെ കഴുത്ത് ഒടി
യുകയും ചെയ്തു. വൃദ്ധനും തടിച്ചു കൊഴുത്ത
വനുമായിരുന്നതിനാൽ അയാൾ മരിച്ചു. ഏലി
ഇരുപതു വർഷം യിസ്രായേലിനെ നയിച്ചു.

തേജസ്സ് നഷ്ടപ്പെട്ടു

19ഏലിയുടെ മരുമകളും ഫീനെഹാസിന്റെ
ഭാര്യയുമായിരുന്നവൾ ഗർഭിണിയായിരുന്നു.
അവൾക്ക് പ്രസവസമയമടുത്തിരുന്നു. ദൈവ
ത്തിന്റെ വിശുദ്ധപെട്ടകം എടുത്തുകൊണ്ടു
പോയ കാര്യം അവൾ അറിഞ്ഞു. തന്റെ അമ്മാ
യിയപ്പനായ ഏലിയും ഭർത്താവ് ഫീനെഹാ
സും മരണമടഞ്ഞ വാർത്തയും അവൾ കേട്ടു.
ആ വാർത്ത കേട്ടമാത്രയിൽ തന്നെ അവൾക്കു
വേദന തുടങ്ങുകയും അവൾ പ്രസവിക്കാനാരം
ഭിക്കുകയും ചെയ്തു. 20അവൾ മരിക്കാറായ
പ്പോൾ അവളെ പരിചരിച്ചു കൊണ്ടിരുന്ന
സ്ത്രീകൾ അവളോടു, "വ്യസനിക്കേണ്ട! നീ
യൊരു പുത്രനെ പ്രസവിച്ചിരിക്കുന്നു" എന്നു
പറഞ്ഞു.

ഏലിയുടെ പുത്രഭാര്യ മറുപടി പറയുക
യോ അതു ശ്രദ്ധിക്കുകയോ ചെയ്തില്ല. 21അതി
നാൽ അവൾ കുട്ടിക്ക് ഈഖാബോദ് എന്ന്
പേരിട്ടു. "യിസ്രായേലിന്റെ തേജസ്സ് പോയി
രിക്കുന്നു!" എന്നാണതിനർത്ഥം. അനന്തരം
അവൾ മരിക്കുകയും ചെയ്തു. ദൈവത്തിന്റെ
വിശുദ്ധപെട്ടകം അപഹരിക്കപ്പെട്ടതുകൊണ്ടും
അവളുടെ ഭർത്താവും ഭർത്തൃപിതാവും മരണമ
ടഞ്ഞതു കൊണ്ടുമാണ് അവൾ കുട്ടിക്ക് ആ
പേരിട്ടത്. 22അവൾ പറഞ്ഞു, "യിസ്രായേലി
ന്റെ തേജസ്സ് നഷ്ടപ്പെട്ടു." ഫെലിസ്ത്യർ ദൈ
വത്തിന്റെ വിശുദ്ധപെട്ടകം എടുത്തുകൊണ്ടു
പോയതിനാലാണ് അവളിങ്ങനെ പറഞ്ഞത്.

വിശുദ്ധപെട്ടകം ഫെലിസ്ത്യരെ കുടുക്കുന്നു

5 ഫെലിസ്ത്യർ ദൈവത്തിന്റെ വിശുദ്ധ
പെട്ടകം ഏബെൻ-ഏസെരിൽനിന്നും അസ്
തോദിലേക്കു കൊണ്ടുപോയതിനുശേഷം
2അവർ അതിനെ ദാഗോന്റെ ദേവാലയത്തിൽ
അവന്റെ വിഗ്രഹത്തിനടുത്തു വച്ചു. 3പിറ്റേ
ന്നു പ്രഭാതത്തിൽ അസ്തോദുകാർ എഴുന്നേറ്റ
പ്പോൾ ദാഗോൻ മുഖം നിലത്തടിച്ചു വീണു
കിടക്കുന്നതായി കണ്ടു. യഹോവയുടെ പെട്ടക
ത്തിനു മുന്നിലാണ് ദാഗോൻ വീണു കിടന്നിരു
ന്നത്.

അസ്തോദുകാർ ദാഗോന്റെ വിഗ്രഹത്തെ
യഥാസ്ഥാനത്ത് വീണ്ടും ഉറപ്പിച്ചു. 4പക്ഷേ
പിറ്റേന്ന് അസ്തോദുകാർ ഉണർന്നപ്പോൾ
ദാഗോൻ വീണ്ടും നിലത്തു വീണു കിടക്കുന്ന
താണ് കണ്ടത്! യഹോവയുടെ വിശുദ്ധപെട്ടക
ത്തിനു മുന്നിലായിരുന്നു ദാഗോൻ വീണു കിട
ന്നത്. ഇപ്പോൾ ദാഗോന്റെ തലയും കയ്യും
പൊട്ടി മെതിക്കളത്തിൽ കിടക്കുകയായിരുന്നു.
ദാഗോന്റെ ഉടൽ മാത്രമേ ഒറ്റ കഷണമായിരു
ന്നുള്ളൂ.

5അതിനാലാണ് ഇന്നും ദാഗോന്റെ
ദേവാലയത്തിലേക്കു വരുന്ന അവന്റെ പുരോ
ഹിതരോ മറ്റാളുകളോ മെതിക്കളത്തിൽ കാലുകു
ത്താത്തത്.

6അസ്തോദുകാരുടെയും അയൽക്കാരുടെയും
ജീവിതം ദൈവം ദുഷ്കരമാക്കി. ദൈവം അവ

ർക്കു കൂടുതൽ വിഷമങ്ങളുണ്ടാക്കി. അവൻ അവ
ർക്ക് മുഴകളുണ്ടാക്കി. യഹോവ അവരിലേക്കു
എലികളെയും അയച്ചു. എലികൾ അവരുടെ
കപ്പലുകളിലും സ്ഥലങ്ങളിലും ഓടി നടന്നു.
നഗരവാസികൾ വളരെ ഭയന്നു. 7സംഭവിക്കു
ന്നത് അസ്തോദുകാർ കണ്ടു. അവർ പറഞ്ഞു,
“യിസ്രായേലിൻെറ ദൈവത്തിൻെറ വിശുദ്ധ
പെട്ടകം ഇവിടെ വയ്ക്കരുത്! നമ്മെയും
നമ്മുടെ ദേവനായ ദാഗോനെയും ദൈവം
ശിക്ഷിക്കുകയാണ്.”

8അസ്തോദുകാർ അഞ്ചു ഫെലിസ്ത്യഭരണാ
ധികാരികളെയും വിളിച്ചുകൂട്ടി. അസ്തോദു
കാർ നേതാക്കളോടു ചോദിച്ചു, “യിസ്രായേലി
ൻെറ ദൈവത്തിൻെറ വിശുദ്ധപെട്ടകം നാമെ
ന്തുചെയ്യണം?” നേതാക്കന്മാർ മറുപടി പറ
ഞ്ഞു, “യിസ്രായേലിൻെറ ദൈവത്തിൻെറ
വിശുദ്ധപെട്ടകം ഗത്തിലേക്കു മാറ്റുക.” അതി
നാൽ ഫെലിസ്ത്യർ ദൈവത്തിൻെറ വിശുദ്ധ
പെട്ടകം മാറ്റി. 9പക്ഷേ ഫെലിസ്ത്യർ ദൈവ
ത്തിൻെറ വിശുദ്ധപെട്ടകം ഗത്തിലേക്കു മാറ്റിയ
തിനുശേഷവും യഹോവ ആ നഗരത്തെ ശിക്ഷി
ച്ചു. ജനങ്ങൾ വളരെ ഭയന്നു. യുവാക്കളും വൃദ്ധ
ന്മാരുമടക്കമുള്ള ജനങ്ങൾക്ക് ദൈവം വളരെ കുഴ
പ്പങ്ങളുണ്ടാക്കി. ഗത്തിലെജനങ്ങൾക്ക് ദൈവം
കുരുക്കളുണ്ടാക്കി. 10അതിനാൽ ഫെലിസ്ത്യർ
യിസ്രായേലിൻെറ ദൈവത്തിൻെറ വിശുദ്ധ
പെട്ടകം എക്രോനിലേക്കയച്ചു.

പക്ഷേ ദൈവത്തിൻെറ വിശുദ്ധപെട്ടകം
എക്രോനിലേക്കു വന്നപ്പോൾ എക്രോൻകാർ
പരാതിപ്പെട്ടു. അവർ പറഞ്ഞു, “യിസ്രായേലി
ൻെറ ദൈവത്തിൻെറ പെട്ടകം എന്തിനാണ്
ഞങ്ങളുടെ നഗരമായ എക്രോനിലേക്കു
കൊണ്ടുവന്നത്? ഞങ്ങളേയും ഞങ്ങളുടെ ആളു
കളേയും കൊല്ലാനാണോ നിങ്ങളുടെ ഭാവം?”
11എക്രോൻകാർ സകല ഫെലിസ്ത്യഭരണാധി
പന്മാരെയും വിളിച്ചുകൂട്ടി. അവർ ഭരണാധിപ
ന്മാരോടു പറഞ്ഞു, “യിസ്രായേലിൻെറ ദൈവ
ത്തിൻെറ പെട്ടകം, അതു ഞങ്ങളെയും ഞങ്ങ
ളുടെ ജനത്തെയും വധിക്കുംമുമ്പ് തിരിച്ചയ
യ്ക്കുക.”

എക്രോൻകാർക്ക് ജീവഭയമുണ്ടായിരുന്നു.
ദൈവം അവിടെ അവരെ വല്ലാതെ പീഡിപ്പി
ച്ചു. 12പലരും മരിച്ചു. മരിക്കാത്തവർക്ക് മുഴകളു
ണ്ടായി. എക്രോൻകാർ സ്വർഗ്ഗത്തിലേക്കു
നോക്കി ഉച്ചത്തിൽ കരഞ്ഞു.

ദൈവത്തിൻെറ വിശുദ്ധപെട്ടകം തിരിച്ചയയ്ക്കുന്നു

6 ഫെലിസ്ത്യർ വിശുദ്ധപെട്ടകം ഏഴു മാസം
തങ്ങളുടെ നാട്ടിൽവച്ചു. 2ഫെലിസ്ത്യർ
തങ്ങളുടെ പുരോഹിതന്മാരെയും മാന്ത്രികന്മാ
രെയും വിളിച്ചു. ഫെലിസ്ത്യർ പറഞ്ഞു,
“വിശുദ്ധപെട്ടകം നമ്മളെന്തു ചെയ്യണം? വിശു
ദ്ധപെട്ടകത്തെ എങ്ങനെ അതിൻെറ സ്ഥല
ത്തേക്കു തിരിച്ചയയ്ക്കാമെന്നു പറയുക!”

3പുരോഹിതന്മാരും മാന്ത്രികന്മാരും പറഞ്ഞു,
“യിസ്രായേലിൻെറ ദൈവത്തിൻെറ വിശുദ്ധ
പെട്ടകം നിങ്ങൾ തിരിച്ചയയ്ക്കുന്നുവെങ്കിൽ
അതു ഒഴിഞ്ഞതായിട്ടായിരിക്കരുത്. യിസ്രായേ
ലിൻെറ ദൈവം നിങ്ങളുടെ പാപങ്ങൾ ഇല്ലാ
യ്മ ചെയ്യുന്നതിനുള്ള വഴിപാടുകൾ സഹിതം
വേണം അത് അയയ്ക്കുവാൻ. അപ്പോൾ
നിങ്ങൾ സുഖപ്പെടും. നിങ്ങൾ ശുദ്ധീകരിക്ക
പ്പെടും. ദൈവം നിങ്ങളെ ശിക്ഷിക്കുന്നതവസാ
നിപ്പിക്കാൻ നിങ്ങൾ ഇങ്ങനെ ചെയ്യണം.”
4ഫെലിസ്ത്യർ ചോദിച്ചു, “ഞങ്ങളോടു
ക്ഷമിക്കുന്നതിന് യിസ്രായേലിൻെറ ദൈവ
ത്തിന് എന്തു വഴിപാടുകളാണ് ഞങ്ങൾ കഴി
ക്കേണ്ടത്?” പുരോഹിതന്മാരും മന്ത്രവാദികളും
മറുപടി പറഞ്ഞു, “അഞ്ചു ഫെലിസ്ത്യനേതാ
ക്കന്മാരുണ്ട്. ഓരോ നഗരത്തിന് ഓരോ നേതാ
വുവീതം. നിങ്ങൾക്കും നിങ്ങളുടെ നേതാക്കന്മാ
ർക്കും ഒരേ പ്രശ്നമാണ്. അതിനാൽ അഞ്ചു
കുരുക്കൾ പോലെ അഞ്ചു സ്വർണ്ണമാതൃകകളു
ണ്ടാക്കുക. അഞ്ച് സ്വർണ്ണ എലികളുടെ രൂപങ്ങ
ളും ഉണ്ടാക്കുക. 5അങ്ങനെ രാജ്യത്തെ നശിപ്പി
ക്കുന്ന കുരുക്കളുടെയും എലികളുടെയും രൂപം
ഉണ്ടാക്കുക. ഈ സ്വർണ്ണമാതൃകകൾ യിസ്രായേ
ലിൻെറ ദൈവത്തിന് സമ്മാനിക്കുക. അപ്പോൾ
യിസ്രായേലിൻെറ ദൈവം നിങ്ങളെയും നിങ്ങ
ളുടെ ദേവന്മാരെയും നിങ്ങളുടെ രാജ്യത്തെയും
ശിക്ഷിക്കുന്നത് അവസാനിപ്പിച്ചെന്നുവരാം.
6ഫറവോനെയും ഈജിപ്തുകാരെയും പോലെ
കഠിനഹൃദയരാകരുത്. ഈജിപ്തുകാരെ ദൈവം
ശിക്ഷിച്ചു. അതിനാലാണ് ഈജിപ്തുകാർ
യിസ്രായേലുകാരെ തങ്ങളുടെ നാട്ടിൽനിന്നും
പോകാനനുവദിച്ചത്.

7“നിങ്ങൾ ഒരു പുതിയ വണ്ടിയുണ്ടാക്കുകയും
ഇപ്പോൾ പ്രസവിച്ച രണ്ടു പശുക്കളെ സംഘടി
പ്പിക്കുകയും ചെയ്യുക. ഒരിക്കലും വയലുകളിൽ
പണിയെടുത്തിട്ടില്ലാത്തവ ആയിരിക്കണം
അവ. പശുക്കളെ വണ്ടിവലിക്കാൻ അതിൽ കെ
ട്ടുക. അനന്തരം കുട്ടികളെ അവയുടെ തൊഴു
ത്തിലേക്കു തിരികെ കൊണ്ടുവന്നു കെട്ടുക.
അവയെ അവയുടെ തള്ളകളെ പിന്തുടരാൻ
അനുവദിക്കരുത്.* 8യഹോവയുടെ വിശുദ്ധപെ
ട്ടകം വണ്ടിയിൽ വയ്ക്കുക. നിങ്ങളുടെ പാപ
ങ്ങൾ പൊറുക്കുന്നതിന് ദൈവത്തിനുള്ള വഴി
പാടാണ് സ്വർണ്ണമാതൃകകൾ. വണ്ടിയെ അതി
ൻെറ വഴിയിലൂടെ അയയ്ക്കുക. 9വണ്ടിയെ
നിരീക്ഷിക്കുക. യിസ്രായേലിൻെറ സ്വന്തം
നാടായ ബേത്ത്ശേമെശിന് നേർക്കാണ് വണ്ടി
പോകുന്നതെങ്കിൽ യഹോവ നമുക്ക് മഹാവ്യാ
ധികൾ നൽകിയിരിക്കുന്നു. പക്ഷേ പശു നേരെ
ബേത്ത്ശേമെശിലേക്കു പോകുന്നില്ലെങ്കിൽ
യിസ്രായേലിൻെറ ദൈവം നമ്മെ ശിക്ഷിച്ചത
ല്ലെന്നും നമുക്കറിയാം. നമ്മുടെ രോഗങ്ങൾ
സാധാരണ പോലെ ബാധിച്ചതാവാം.”

10പുരോഹിതരും മാന്ത്രികരും പറഞ്ഞതു
പോലെ ഫെലിസ്ത്യർ ചെയ്തു. അപ്പോൾ
പ്രസവിച്ച, കിടാങ്ങളുള്ള രണ്ടു പശുക്കളെ
ഫെലിസ്ത്യർ കണ്ടെത്തി. ഫെലിസ്ത്യർ പശു
ക്കളെ വണ്ടിയിൽ കെട്ടുകയും കിടാങ്ങളെ
അവയുടെ തൊഴുത്തിലിടുകയും ചെയ്തു.
11അനന്തരം ഫെലിസ്ത്യർ യഹോവയുടെ
വിശുദ്ധപെട്ടകം വണ്ടിയിന്മേൽ വച്ചു. മുഴകളു
ടെയും എലികളുടെയും സ്വർണ്ണരൂപങ്ങളിട്ട
സഞ്ചിയും അവർ വാഹനത്തിൽ വച്ചു.

12പശുക്കൾ നേരെ ബേത്ത്ശേമെശിലേക്കു
പോയി. പശുക്കൾ വഴിയിലൂടെ തന്നെ മുക്രയി
ട്ടു നടന്നു. അവ ഇടം വലം തിരിഞ്ഞില്ല. ബേ
ത്ത്ശേമെശ് നഗരാതിർത്തി വരെ ഫെലിസ്ത്യ
ഭരണാധികാരികൾ പശുക്കളെ പിന്തുടർന്നു.

അവയെ … അനുവദിക്കരുത് പശുക്കൾ കുട്ടികളെ തെരഞ്ഞു പിടിക്കാൻ ശ്രമിക്കുന്നില്ലെങ്കിൽ ദൈവം അവരെ നയിക്കുന്നുവെന്നും അവരുടെ സമ്മാനങ്ങൾ അവൻ സ്വീകരിച്ചുവെന്നാണർത്ഥമെന്നും ഫെലിസ്ത്യർ കരുതുന്നു.

13ബേത്ത്ശേമെശുകാർ താഴ്വരയിൽ തങ്ങ
ളുടെ ഗോതമ്പു കൊയ്യുകയായിരുന്നു. അവർ
മുകളിലേക്കു നോക്കുകയും വിശുദ്ധപെട്ടകം
കാണുകയും ചെയ്തു. പെട്ടകം വീണ്ടും കണ്ട
തിൽ അവർ വളരെ സന്തോഷിച്ചു. അവർ
അതു കിട്ടാനായി ഓടി. 14-15വണ്ടി ബേത്ത്ശേ
മെശിലെ യോശുവയുടെ വയലിലെത്തി. ആ
വയലിൽ ഒരു വലിയ പാറയുടെ അടുത്ത്
വണ്ടി നിന്നു. ബേത്ത്ശേമെശുകാർ വണ്ടി
വെട്ടിക്കീറി. അവർ പശുക്കളെ കൊന്നു. അവർ
പശുക്കളെ യഹോവയ്ക്കു ബലിയർപ്പിച്ചു.
ലേവ്യർ യഹോവയുടെ വിശുദ്ധപെട്ടകം
താഴെയെടുത്തു. സ്വർണ്ണമാതൃകകൾ വച്ചിരുന്ന
സഞ്ചിയും അവരെടുത്തു. യഹോവയുടെ
പെട്ടകവും മാതൃകകളും ലേവ്യർ വലിയ പാറ
മേൽ വച്ചു. അന്ന് ബേത്ത്ശേമെശുകാർ യഹോ
വയ്ക്കു ഹോമയാഗങ്ങളർപ്പിച്ചു.
16ബേത്ത്ശേമെശുകാർ ചെയ്ത ഇക്കാര്യങ്ങ
ളെല്ലാം ഫെലിസ്ത്യരുടെ അഞ്ചു ഭരണാധിപ
ന്മാരും കാണുന്നുണ്ടായിരുന്നു. അനന്തരം അന്നു
തന്നെ ഭരണാധിപന്മാർ എക്രോനിലേക്കു
മടങ്ങി.
17അങ്ങനെ ഫെലിസ്ത്യർ തങ്ങളുടെ പാപ
ങ്ങൾ പൊറുക്കപ്പെടാൻ യഹോവയ്ക്കു വഴി
പാടായി മുഴകളുടെ സ്വർണ്ണമാതൃകകൾ അയ
ച്ചു. ഓരോ ഫെലിസ്ത്യനഗരത്തിനും ഓരോ
സ്വർണ്ണമുഴകൾ വീതം അവരയച്ചു.
അസ്തോദ്, ഗസ്സ, അസ്കലോൻ, ഗത്ത്,
എക്രോൻ എന്നിവയായിരുന്നു ആ ഫെലി
സ്ത്യപട്ടണങ്ങൾ. 18എലികളുടെ സ്വർണ്ണമാതൃ
കകളും ഫെലിസ്ത്യർ അയച്ചിരുന്നു. അഞ്ചു
ഫെലിസ്ത്യഭരണാധിപന്മാരുടെ പട്ടണങ്ങ
ളുടെ എണ്ണത്തിന്റെ അത്ര എലികളുടെ സ്വർ
ണ്ണമാതൃകകളുണ്ടായിരുന്നു ആ പട്ടണങ്ങൾക്കു
ചുറ്റും മതിലുകളുണ്ടായിരുന്നു.
ബേത്ത്ശേമെശുകാർ യഹോവയുടെ വി
ശുദ്ധപെട്ടകം ഒരു പാറമേൽ വച്ചു. പാറ ഇപ്പോ
ഴും ബേത്ത്ശേമെശിലെ യോശുവയുടെ വയ
ലിലാണ്. 19പക്ഷേ ബേത്ത്ശേമെശുകാർ
യഹോവയുടെ വിശുദ്ധപെട്ടകം കണ്ടപ്പോൾ
ഒരു പുരോഹിതനും അവരോടൊപ്പമുണ്ടായിരു
ന്നില്ല. അതിനാൽ ദൈവം എഴുപതു ബേത്ത്
ശേമെശുകാരെ വധിച്ചു. യഹോവ അവരെ
അതിഭീകരമായി ഉപദ്രവിച്ചിരുന്നതിനാൽ
ബേത്ത്ശേമെശുകാർ കരഞ്ഞു. 20അതിനാൽ
ബേത്ത്ശേമെശുകാർ പറഞ്ഞു, "ഈ വിശുദ്ധ
പെട്ടകം പരിപാലിക്കാൻ കഴിയുന്ന പുരോഹി
തൻ എവിടെയാണ്? ഈ പെട്ടകം ഇവിടെ
നിന്നും എങ്ങോട്ടു കൊണ്ടുപോകും?"
21കിര്യത്ത്യെയാരീമിൽ ഒരു പുരോഹിതനു
ണ്ടായിരുന്നു. ബേത്ത്ശേമെശുകാർ കിര്യത്ത്
യെയാരീംകാർക്ക് ഒരു സന്ദേശമയച്ചു. ദൂത ന്മാർ
പറഞ്ഞു, "ഫെലിസ്ത്യർ യഹോവയുടെ വിശു
ദ്ധപെട്ടകം തിരികെ കൊണ്ടുവന്നിരിക്കുന്നു.
ഇറങ്ങി വന്ന് അത് നിങ്ങളുടെ നഗരത്തിലേക്കു
കൊണ്ടു പോവുക."

7 കിര്യത്ത്യെയാരീമിലെ ആളുകൾ വന്ന്
യഹോവയുടെ വിശുദ്ധപെട്ടകം എടുത്തു
കൊണ്ടുപോയി. അവർ ഒരു കുന്നിൽമുകളി
ലുള്ള അബീനാദാബിന്റെ വീട്ടിലേക്കു യഹോ
വയുടെ പെട്ടകം കൊണ്ടുപോയി. യഹോവ
യുടെ പെട്ടകത്തിനു കാവൽ നിൽക്കാൻ അബീ
നാദാബിന്റെ പുത്രൻ എലെയാസാരിനെ
ശുദ്ധീകരിക്കുന്നതിന് അവർ ഒരു വിശേഷ ചട
ങ്ങും നടത്തി. 2പെട്ടകം ദീർഘകാലം, ഇരുപതു
വർഷം കിര്യത്ത് യെയാരീമിലിരുന്നു.

യിസ്രായേലുകാരെ യഹോവ രക്ഷിക്കുന്നു

യിസ്രായേലുകാർ വീണ്ടും യഹോവയെ
പിന്തുടരാൻ തുടങ്ങി. 3ശമൂവേൽ യിസ്രായേൽ
ജനതയോടു പറഞ്ഞു, "നിങ്ങൾ യഥാർത്ഥ
ത്തിൽ യഹോവയിങ്കലേക്കു പൂർണ്ണമനസ്സോ
ടെ മടങ്ങി വരുന്നെങ്കിൽ നിങ്ങൾ നിങ്ങളുടെ
വിദേശദൈവങ്ങളെ ദൂരെക്കളയണം. അസ്തോ
രെത്തിന്റെ വിഗ്രഹങ്ങൾ നിങ്ങൾ ദൂരെയെറി
യണം. നിങ്ങൾ യഹോവയ്ക്കു പൂർണ്ണമായും
ആത്മസമർപ്പണം നടത്തണം. നിങ്ങൾ യഹോ
വയെ മാത്രമേ ശുശ്രൂഷിക്കാവൂ! അപ്പോൾ
യഹോവ നിങ്ങളെ ഫെലിസ്ത്യരിൽനിന്നും
രക്ഷിക്കും."
4അതിനാൽ യിസ്രായേലുകാർ ബാലിന്റെ
യും അസ്തോരെത്തിന്റെയും വിഗ്രഹങ്ങൾ
എറിഞ്ഞുകളഞ്ഞു. യഹോവയെ മാത്രമേ
അവർ ശുശ്രൂഷിച്ചുള്ളൂ. 5ശമൂവേൽ പറഞ്ഞു,
"യിസ്രായേലുകാരെല്ലാം മിസ്പയിൽ സമ്മേ
ളിക്കണം. ഞാൻ നിങ്ങൾക്കായി യഹോവ
യോടു പ്രാർത്ഥിക്കാം."
6യിസ്രായേലുകാർ മിസ്പയിൽ ഒത്തുകൂടി.
അവർക്കു വെള്ളം കിട്ടുകയും അവരത് യഹോ
വയുടെ സവിധത്തിൽ ഒഴിക്കുകയും ചെയ്തു.
അങ്ങനെ അവർ ഉപവാസം തുടങ്ങി. അവർ
അന്ന് ആഹാരം ഒന്നും കഴിക്കാതിരിക്കുകയും
തങ്ങളുടെ പാപങ്ങൾ ഏറ്റുപറയുകയും ചെ
യ്തു. അവർ പറഞ്ഞു, "ഞങ്ങൾ യഹോവ
യ്ക്കെതിരെ പാപം ചെയ്തു." അങ്ങനെ ശമൂ
വേൽ മിസ്പയിൽ യിസ്രായേലുകാർക്ക്
ന്യായാധിപനായി.
7യിസ്രായേലുകാർ മിസ്പയിൽ സമ്മേളി
ക്കുന്ന കാര്യം ഫെലിസ്ത്യർ അറിഞ്ഞു. ഫെലി
സ്ത്യഭരണാധിപന്മാർ യിസ്രായേലുകാരോടു
യുദ്ധത്തിനു പുറപ്പെട്ടു. ഫെലിസ്ത്യർ വരുന്ന
കാര്യം കേട്ട് യിസ്രായേലുകാർ ഭയന്നു. 8യിസ്രാ
യേലുകാർ ശമൂവേലിനോടു പറഞ്ഞു, "നമ്മു
ടെ ദൈവമാകുന്ന യഹോവയോടു ഞങ്ങൾക്കു
വേണ്ടി പ്രാർത്ഥിക്കുന്നത് അവസാനിപ്പിക്ക
രുത്! ഞങ്ങളെ ഫെലിസ്ത്യരിൽനിന്നും രക്ഷി
ക്കുവാൻ അവനോടാവശ്യപ്പെടുക!"
9ശമൂവേൽ ഒരു കുഞ്ഞാടിനെ എടുത്തു. ആ
കുഞ്ഞാടിനെ അവൻ ഒരു പൂർണ്ണ ഹോമബലി
യായി യഹോവയ്ക്കു ഹോമിച്ചു. യിസ്രായേ
ലുകാർക്കുവേണ്ടി ശമൂവേൽ യഹോവയോടു
പ്രാർത്ഥിച്ചു. ശമൂവേലിന്റെ പ്രാർത്ഥനയ്ക്കു
യഹോവ മറുപടി പറഞ്ഞു. 10ശമൂവേൽ ഹോമ
ബലി നടത്തവേ ഫെലിസ്ത്യർ യിസ്രായേലി
നോടു യുദ്ധത്തിനെത്തി. പക്ഷേ യഹോവ
ഫെലിസ്ത്യർക്കടുത്ത് വലിയ ഇടിമുഴക്കം
സൃഷ്ടിച്ചു. അത് ഫെലിസ്ത്യരെ ആശയക്കുഴ
പ്പത്തിലാക്കി. ഇടിമുഴക്കം ഫെലിസ്ത്യരെ ഭയ
പ്പെടുത്തുകയും അവരാകെ കുഴങ്ങുകയും ചെ
യ്തു. അവരുടെ നേതാക്കന്മാർക്ക് അവരെ നിയ
ന്ത്രിക്കാൻ കഴിയാതെ പോയി. അതിനാൽ
യിസ്രായേലുകാർക്ക് യുദ്ധത്തിൽ ഫെലി
സ്ത്യരെ തോല്പിക്കാൻ കഴിഞ്ഞു. 11യിസ്രായേ
ലുകാർ മിസ്പയിൽനിന്നും ഓടിയിറങ്ങി
ഫെലിസ്ത്യരെ ഓടിച്ചു. ബേത്ത്കാർവരെ
അവരെ യിസ്രായേലുകാർ ഓടിച്ചു. വഴിയി
ലെമ്പാടും അവർ ഫെലിസ്ത്യഭടന്മാരെ
വധിച്ചു.

യിസ്രായേലിൽ സമാധാനം

12ഇതിനുശേഷം ശമൂവേൽ ഒരു വിശേഷശില
സ്ഥാപിച്ചു. ദൈവത്തിൻെറ പ്രവൃത്തികൾ ജന
ങ്ങളെ ഓർമ്മിപ്പിക്കാനാണ് അവനതു ചെയ്
തത്. ശമൂവേൽ മിസ്പയ്ക്കും ശേനിനുമിട
യ്ക്കാണു ശില സ്ഥാപിച്ചത്. ശിലയ്ക്ക് “സഹാ
യത്തിൻെറ ശില” എന്നു ശമൂവേൽ പേരിട്ടു.
ശമൂവേൽ പറഞ്ഞു, “ഇവിടം വരെയുള്ള മാർഗ്ഗ
ത്തിലെമ്പാടും യഹോവ നമ്മെ സഹായിച്ചു.”
13ഫെലിസ്ത്യർ പരാജയപ്പെട്ടു. അവർ
യിസ്രായേലിലേക്കു പിന്നെ പ്രവേശിച്ചിട്ടില്ല.
ശമൂവേലിൻെറ ശേഷകാലം മുഴുവൻ യഹോ
വ ഫെലിസ്ത്യർക്കെതിരായിരുന്നു. 14ഫെലി
സ്ത്യർ യിസ്രായേലിൻെറ പട്ടണങ്ങൾ പിടി
ച്ചെടുത്തിരുന്നു. എക്രോൻ മുതൽ ഗത്തു വരെ
യുള്ള പ്രദേശത്തെ പട്ടണങ്ങളാണ് ഫെലി
സ്ത്യർ കയ്യടക്കിയിരുന്നത്. പക്ഷേ യിസ്രായേ
ലുകാർ ആ പട്ടണങ്ങളൊക്കെ തിരിച്ചുപിടി
ച്ചു. ആ പട്ടണങ്ങൾക്കു ചുറ്റുമുള്ള സ്ഥലങ്ങളും
യിസ്രായേൽ തിരിച്ചുപിടിച്ചു. യിസ്രായേ
ലിനും അമോര്യർക്കുമിടയിലും സമാധാനം
പുലർന്നിരുന്നു.
15തൻെറ ജീവിതകാലം മുഴുവനും ശമൂവേൽ
യിസ്രായേലിനെ നയിച്ചു. 16യിസ്രായേൽജന
തയെ വിധിച്ചുകൊണ്ട് ശമൂവേൽ സ്ഥലങ്ങൾ
തോറും സഞ്ചരിച്ചു. ബേഥേൽ, ഗിൽഗാൽ,
മിസ്പാ എന്നിവിടങ്ങളിൽ അവൻ പോയി.
അങ്ങനെ ഈ സ്ഥലങ്ങളിലെല്ലാം അവൻ ജന
ങ്ങളെ വിധിക്കുകയും ഭരിക്കുകയും ചെയ്തു.
17പക്ഷേ ശമൂവേലിൻെറ ഭവനം രാമയിലായി
രുന്നു. അതിനാൽ ശമൂവേൽ എപ്പോഴും
അങ്ങോട്ടു മടങ്ങിപ്പോയിരുന്നു. ശമൂവേൽ രാമ
യിലിരുന്ന് യിസ്രായേലുകാരെ വിധിക്കുകയും
ഭരിക്കുകയും ചെയ്തു. രാമയിൽ ശമൂവേൽ ഒരു
യാഗപീഠം യഹോവയ്ക്കായി പണിയുകയും
ചെയ്തു.

യിസ്രായേൽ ഒരു രാജാവിനെ ആവശ്യപ്പെടുന്നു

8 വൃദ്ധനായപ്പോൾ ശമൂവേൽ തൻെറ പുത്ര
ന്മാരെ യിസ്രായേലിൻെറ ന്യായാധിപന്മാ
രാക്കി. 2ശമൂവേലിൻെറ മൂത്തപുത്രൻെറ പേര്
യോവേൽ എന്നായിരുന്നു. അബീയാവു എന്നാ
യിരുന്നു രണ്ടാമത്തെ പുത്രൻെറ പേര്. ബേർ
ശേബയിലെ ന്യായാധിപന്മാരായിരുന്നു യോ
വേലും അബീയാവും. 3പക്ഷേ ശമൂവേലിൻെറ
പുത്രന്മാർ അവൻ ജീവിച്ചതു പോലെയല്ല
ജീവിച്ചത്. യോവേലും അബീയാവും കൈക്കൂ
ലിവാങ്ങി. അവർ രഹസ്യമായി പണം വാങ്ങു
കയും കോടതിയിൽ തീരുമാനങ്ങൾ മാറ്റുകയും
ചെയ്തുപോന്നു. അവർ ജനങ്ങളെ കോടതി
യിൽ വഞ്ചിച്ചു. 4അതിനാൽ യിസ്രായേലിലെ
മൂപ്പന്മാർ ഒത്തുകൂടി. അവർ ശമൂവേലിനെ
കാണാൻ രാമയിലേക്കു പോയി. 5മൂപ്പന്മാർ
ശമൂവേലിനോടു പറഞ്ഞു, “നിനക്കു വയ
സ്സായി. നിൻെറ മക്കളാകട്ടെ നേരായ വഴിക്കല്ല
ജീവിക്കുന്നതും. അവർ നിന്നെപ്പോലെയല്ല.
ഇനി ഞങ്ങളെ ഭരിക്കാൻ മറ്റു രാജ്യങ്ങളിലേതു
പോലെ ഒരു രാജാവിനെ തരൂ.”
6അങ്ങനെ മൂപ്പന്മാർ അവരെ നയിക്കാൻ ഒരു
രാജാവിനെ ആവശ്യപ്പെട്ടു. അതൊരു മോശ
പ്പെട്ട ആശയമാണെന്ന് ശമൂവേലിനു തോന്നി.
അതിനാൽ ശമൂവേൽ യഹോവയോടു പ്രാർ
ത്ഥിച്ചു. 7യഹോവ ശമൂവേലിനോടു പറഞ്ഞു,
“ജനങ്ങൾ നിന്നോടു പറയുന്നതു പോലെ
ചെയ്യുക. അവർ നിന്നെ തള്ളിക്കളഞ്ഞിട്ടില്ല.
അവർ എന്നെയാണ് തിരസ്കരിച്ചത്! ഞാൻ
അവരുടെ രാജാവായിരിക്കാനല്ല അവരുടെ
ആഗ്രഹം! 8എപ്പോഴും ചെയ്യുമ്പോലെ തന്നെ
യാണവർ ചെയ്യുന്നത്. അവരെ ഞാൻ ഈജി
പ്തിൽനിന്നും പുറത്തേക്കു കൊണ്ടുവന്നു.
പക്ഷേ അവർ എന്നെ വിട്ട് അന്യദൈവങ്ങളെ
ശുശ്രൂഷിച്ചു. നിന്നോടും അവർ അങ്ങനെ
തന്നെ ചെയ്യുന്നു. 9ജനങ്ങൾ പറയുന്നതു കേട്ട്
അവർ ആവശ്യപ്പെടുന്നതു ചെയ്യുക. പക്ഷേ
അവർക്കൊരു മുന്നറിയിപ്പ് നൽകുക. ഒരു
രാജാവ് അവരോടു ചെയ്യുന്ന കാര്യങ്ങൾ അവ
ർക്കു പറഞ്ഞു കൊടുക്കുക! ഒരു രാജാവെങ്ങനെ
ജനങ്ങളെ ഭരിക്കുന്നെന്ന് അവരോടു പറയുക.”
10അവർ ഒരു രാജാവിനെ ആവശ്യപ്പെട്ടു.
അതിനാൽ യഹോവ പറഞ്ഞതെല്ലാം ശമൂ
വേൽ അവരോടു പറഞ്ഞു. 11ശമൂവേൽ പറ
ഞ്ഞു, “നിങ്ങളെ ഭരിക്കാൻ ഒരു രാജാവുണ്ടെ
ങ്കിൽ ഇങ്ങനെയായിരിക്കും അവൻ നിങ്ങളോടു
പെരുമാറുക. അവൻ നിങ്ങളുടെ പുത്രന്മാരെ
പിടിച്ചു കൊണ്ടുപോകും. അവൻ അവരെ നിർ
ബന്ധിച്ച് അവൻെറ സേവകരാക്കും. അവൻ
അവരെ അവൻെറ പട്ടാളക്കാരാക്കും. അവർ
അവൻെറ രഥങ്ങളിലും കുതിരപ്പുറത്തുമിരുന്നു
യുദ്ധം ചെയ്യുന്ന ഭടന്മാരായിത്തീരും. രാജാവി
ൻെറ രഥത്തിനു മുമ്പിലൂടെ ഓടുന്ന കാവൽ
ക്കാരായിത്തീരും നിങ്ങളുടെ പുത്രന്മാർ. 12നിങ്ങ
ളുടെ പുത്രന്മാരെ ഭടന്മാരാക്കാൻ ഒരു രാജാവ്
നിർബന്ധിക്കും. അവരിൽ ചിലർ സഹസ്രാധി
പന്മാരായിരിക്കാം. ചിലർ അർദ്ധശതാധിപന്മാ
രുമായേക്കാം. രാജാവ് നിങ്ങളുടെ പുത്രന്മാരെ
തൻെറ വയലുകളിൽ ഉഴവു നടത്തുന്നതിനും
വിളവു കൊയ്യുന്നതിനും നിയോഗിച്ചേക്കാം.
നിങ്ങളുടെ പുത്രന്മാരിൽ ചിലരെക്കൊണ്ട്
രാജാവ് യുദ്ധത്തിനുള്ള ആയുധങ്ങളുണ്ടാക്കി
ച്ചേക്കാം. തൻെറ രഥത്തിൻെറ സാധനങ്ങളുണ്ടാ
ക്കാനും അവൻ അവരെ നിർബന്ധിക്കും! 13രാജാ
വ് നിങ്ങളുടെ പെൺമക്കളെ പിടിച്ചു കൊണ്ടു
പോകും. നിങ്ങളുടെ പുത്രിമാരിൽ ചിലരെ
ക്കൊണ്ട് അവൻ തനിക്കു സുഗന്ധദ്രവ്യങ്ങളു
ണ്ടാക്കിക്കും. നിങ്ങളുടെ പുത്രിമാരിൽ ചിലരെ
ക്കൊണ്ട് അവൻ പാചകം ചെയ്യിക്കുകയും
ചെയ്യും.
14“നിങ്ങളുടെ നല്ല വയലുകളും മുന്തിരി
ത്തോപ്പുകളും ഒലീവു തോട്ടങ്ങളും രാജാവ്
എടുക്കും. അവൻ അതെല്ലാം നിങ്ങളിൽ നിന്നെ
ടുത്ത് അവൻെറ ഉദ്യോഗസ്ഥന്മാർക്കു നൽകും.
15നിങ്ങളുടെ ധാന്യത്തിൻെറയും മുന്തിരിയു
ടേയും പത്തിലൊന്ന് അവൻ എടുക്കും. ഇതെ
ല്ലാം അവൻ തൻെറ ഉദ്യോഗസ്ഥന്മാർക്കും ഭൃത്യ
ന്മാർക്കും നൽകും. 16നിങ്ങളുടെ ഭൃത്യന്മാരായ
സ്ത്രീപുരുഷന്മാരെ രാജാവ് കൊണ്ടുപോകും.
നിങ്ങളുടെ മികച്ച കാലികളെയും കഴുതക
ളെയും അവൻ കൊണ്ടുപോകും. അവയെ
അവൻ തൻെറ സ്വന്തം ജോലികൾക്കായി ഉപ
യോഗിക്കും. 17നിങ്ങളുടെ കാലിക്കൂട്ടത്തിൻെറ
പത്തിലൊന്ന് അവൻ കൊണ്ടുപോകും.
“നിങ്ങൾ സ്വയം ഈ രാജാവിൻെറ അടിമ
കളായിത്തീരും. 18ആ കാലമാകുമ്പോൾ നിങ്ങൾ
തെരഞ്ഞെടുത്ത രാജാവിനെയോർത്ത് നിങ്ങൾ
വിലപിക്കും. എന്നാൽ അപ്പോൾ നിങ്ങളുടെ
കരച്ചിലിന് യഹോവ മറുപടി നൽകുകയു
മില്ല.”

19പക്ഷേ ജനങ്ങൾ ശമൂവേലിനെ ചെവി
ക്കൊണ്ടില്ല. അവർ പറഞ്ഞു, "വേണ്ട! ഞങ്ങൾ
ക്കു ഞങ്ങളെ ഭരിക്കാനൊരു രാജാവു വേണം.
20അപ്പോൾ ഞങ്ങൾ മറ്റെല്ലാ രാജ്യങ്ങളെയും
പോലെയാകും. നമ്മുടെ രാജാവ് നമ്മെ നയി
ക്കും. അവൻ നമ്മോടൊപ്പം വന്ന് നമ്മുടെ
യുദ്ധങ്ങളിൽ പടവെട്ടും. "21ശമൂവേൽ ജനങ്ങ
ളിൽനിന്നും തിരിഞ്ഞ് യഹോവയോടു അവ
രുടെ വാക്കുകൾ ആവർത്തിച്ചു. 22യഹോവ
മറുപടി പറഞ്ഞു, "നീ അവരെ ചെവിക്കൊ
ള്ളണം! അവർക്ക് ഒരു രാജാവിനെ കൊടു
ക്കുക."
അനന്തരം ശമൂവേൽ യിസ്രായേലുകാരോടു
പറഞ്ഞു, "കൊള്ളാം! നിങ്ങൾക്കൊരു പുതിയ
രാജാവിനെ ലഭിക്കും. ഇപ്പോൾ നിങ്ങളെല്ലാ
വരും വീട്ടിലേക്കു മടങ്ങുക."

ശൌൽ തന്റെ പിതാവിന്റെ കഴുതകളെ തെരയുന്നു

9 ബെന്യാമീന്റെ ഗോത്രത്തിൽനിന്നുള്ള ഒരു
പ്രധാന വ്യക്തിയായിരുന്നു കീശ്. അബീ
യേലിന്റെ പുത്രനായിരുന്നു അവൻ. സെരോ
റിന്റെ പുത്രനായിരുന്നു അബീയേൽ.
ബെഖോറയുടെ പുത്രൻ സെരോർ. ബെന്യാ
മീൻകാരനായ അഫീഹിന്റെ പുത്രൻ ബെ
ഖോറാ. 2കീശിന് ശൌൽ എന്നൊരു പുത്രനു
ണ്ടായിരുന്നു. ശൌൽ സുന്ദരനായൊരു യുവാ
വായിരുന്നു. ശൌലിനെക്കാൾ സുന്ദരനായി
മറ്റൊരാളുണ്ടായിരുന്നില്ല. ശൌൽ യിസ്രായേ
ലിലെ മറ്റാരെയുംകാൾ തലയെടുപ്പുള്ളവനു
മായിരുന്നു.
3ഒരു ദിവസം കീശിന്റെ കഴുതകളെ
കാണാതായി. അതിനാൽ കീശ് തന്റെ പുത്ര
നായ ശൌലിനോടു പറഞ്ഞു, "ഭൃത്യന്മാരിലൊ
രുവനേയും കൂട്ടി കഴുതകളെ തേടിപ്പോവുക."
4ശൌൽ കഴുതകളെ തേടിപ്പോയി. എഫ്രയീ
മിലെ കുന്നിൻപ്രദേശത്തുകൂടി ശൌൽ നടന്നു.
ശാലീശായ്ക്കു ചുറ്റുമുള്ള പ്രദേശത്തു കൂടിയും
ശൌൽ നടന്നു. പക്ഷേ കീശിന്റെ കഴുതകളെ
കണ്ടുപിടിക്കാൻ ശൌലിനും ഭൃത്യനും കഴിഞ്ഞി
ല്ല. അതിനാൽ ശൌലും ഭൃത്യനും ശാലീമിനു
ചുറ്റുമുള്ള പ്രദേശത്തേക്കു പോയി. പക്ഷേ
അവിടെയും കഴുതകളുണ്ടായിരുന്നില്ല. അതി
നാൽ ശൌൽ ബെന്യാമീന്റെ പ്രദേശത്തുകൂടി
സഞ്ചരിച്ചു. പക്ഷേ കഴുതകളെ കണ്ടെത്താൻ
അവനും ഭൃത്യനും അപ്പോഴും കഴിഞ്ഞില്ല.
5അവസാനം ശൌലും ഭൃത്യനും സൂഫ് എന്ന്
പേരായ പട്ടണത്തിലെത്തി. ശൌൽ ഭൃത്യനോടു
പറഞ്ഞു, "നമുക്ക് മടങ്ങിപ്പോകാം. എന്റെ
പിതാവ് കഴുതകളെപ്പറ്റിയുള്ള ആലോചന
നിർത്തി നമ്മളെപ്പറ്റി വ്യാകുലപ്പെട്ടു തുടങ്ങി
യിരിക്കാം." 6പക്ഷേ ഭൃത്യൻ മറുപടി പറഞ്ഞു,
"ഈ പട്ടണത്തിൽ ഒരു ദൈവപുരുഷനുണ്ട്.
ജനങ്ങൾ ആദരിക്കുന്നവനാണയാൾ. അയാൾ
പറയുന്നതെല്ലാം യാഥാർത്ഥ്യമാകാറുണ്ട്.
അതിനാൽ നമുക്കു പട്ടണത്തിലേക്കു പോകാം.
നമ്മൾ ഇനി എങ്ങോട്ട് പോകണമെന്നു പറ
യാൻ ചിലപ്പോൾ ദൈവപുരുഷനു കഴിഞ്ഞേ
ക്കും."
7ശൌൽ തന്റെ ഭൃത്യനോടു ചോദിച്ചു, "തീർ
ച്ചയായും നമുക്കു പട്ടണത്തിലേക്കു പോകാം.
പക്ഷേ നമുക്കു അവനെന്തു നൽകാൻ കഴിയും?
ദൈവപുരുഷനു കൊടുക്കാൻ നമ്മുടെ കൈ
യിൽ ഒന്നുമില്ല. നമ്മുടെ സഞ്ചിയിലെ ഭക്ഷ
ണം പോലും തീർന്നിരിക്കുന്നു. നമ്മൾ അവന്
എന്ത് നൽകും?"
8ഭൃത്യൻ വീണ്ടും ശൌലിനു മറുപടി നൽകി,
"നോക്കൂ എന്റെ കയ്യിൽ കുറച്ചു പണമുണ്ട്.
നമുക്കതു ദൈവപുരുഷനു നൽകാം. അപ്പോൾ
നാം ഇനി എവിടെ പോകണമെന്ന് അവൻ
പറയും."
9-11ശൌൽ തന്റെ ഭൃത്യനോടു പറഞ്ഞു, "നല്ല
ആശയം! നമുക്കു പോകാം! "അതിനാൽ അവർ
ദൈവപുരുഷൻ വസിച്ചിരുന്ന പട്ടണത്തി
ലേക്കു പോയി. അവർ കുന്നുകയറി നടന്ന്
പട്ടണത്തിലേക്കു പോയി. വെള്ളം കോരാൻ
പോയ ചില യുവതികളെ അവർ കണ്ടുമുട്ടി.
അവർ യുവതികളോടു ചോദിച്ചു: "ദർശകൻ
ഇവിടെയുണ്ടോ?" (മുമ്പ് യിസ്രായേലുകാർ
"പ്രവാചകനെ" ദർശകൻ എന്നാണു വിളിച്ചി
രുന്നത്. ദൈവത്തോടു എന്തെങ്കിലും ചോദി
ക്കാനാഗ്രഹിക്കുമ്പോൾ, "നമുക്ക് ഒരു ദർശക
ന്റെയടുത്തേക്കു പോകാം" എന്നാണു പറഞ്ഞി
രുന്നത്.")
12യുവതികൾ മറുപടി പറഞ്ഞു, "ഉവ്വ്, ദർശ
കൻ ഇവിടെയുണ്ട്. ഇന്നാണദ്ദേഹം പട്ടണത്തി
ലേക്കു വന്നത്. ജനങ്ങളിൽ ചിലർ ആരാധന
യ്ക്കുള്ള സ്ഥലത്ത് ഒരു സമാധാനബലി പങ്കു
വയ്ക്കാൻ ഒത്തുകൂടുകയാണ്. 13പട്ടണത്തി
ലേക്കു പോവുക. നിങ്ങൾക്കവനെ കാണാൻ
കഴിയും. നിങ്ങൾക്കു ധൃതിയുണ്ടെങ്കിൽ അവൻ
ആരാധനാസ്ഥലത്ത് ഭക്ഷണത്തിനു കയറും
മുമ്പ് അവനെ കാണാം. പ്രവാചകൻ ബലിയെ
അനുഗ്രഹിക്കുന്നു. അതിനാൽ അവൻ അവിടെ
യെത്തുംവരെ ജനങ്ങൾ ഒന്നും കഴിച്ചു തുടങ്ങ
രുത്. അതിനാൽ നിങ്ങൾക്കു ധൃതിയുണ്ടെങ്കിൽ
പ്രവാചകനെ കാണാം."
14ശൌലും ഭൃത്യനും മലകയറി പട്ടണത്തിലേ
ക്കുള്ള യാത്രയാരംഭിച്ചു. അവർ മലകയറിച്ചെ
ന്നപ്പോൾ ശമൂവേൽ തങ്ങളുടെയടുത്തേക്കു
നടന്നു വരുന്നതു കണ്ടു. ശമൂവേൽ പട്ടണ
ത്തിൽനിന്നും ആരാധനാസ്ഥലത്തേക്കു പോകു
ന്ന വഴിയായിരുന്നു അത്.
15മുൻദിവസം യഹോവ ശമൂവേലിനോടു
പറഞ്ഞു, 16"നാളെ ഈ സമയത്ത് ഞാനൊ
രാളെ നിന്റെയടുത്തേക്കു അയയ്ക്കും. അവൻ
ബെന്യാമീൻഗോത്രക്കാരനായിരിക്കും. അവനെ
നീ യിസ്രായേലിലെ എന്റെ ജനതയുടെ
നേതാവായി അഭിഷേകം കഴിക്കണം. അയാൾ
എന്റെ ജനതയെ ഫെലിസ്ത്യരിൽനിന്നും
രക്ഷിക്കും. എന്റെ ജനത യാതനയനുഭവിക്കു
ന്നതു ഞാൻ കണ്ടു. എന്റെ ജനതയുടെ നില
വിളി ഞാൻ കേട്ടു."
17ശമൂവേൽ ശൌലിനെ കാണുകയും
യഹോവ അവനോടിങ്ങനെ പറയുകയും
ചെയ്തു. "ഇയാളെപ്പറ്റിയാണ് ഞാൻ പറ
ഞ്ഞത്. എന്റെ ജനതയ്ക്കുമേൽ അവൻ ഭരി
ക്കും." 18ശൌൽ കവാടത്തിങ്കൽ ശമൂവേലിന്റെ
അടുത്തേക്കു വന്നു. ശൌൽ ചോദിച്ചു, "ദർശക
ന്റെ വീടേതാണ്?"
19ശമൂവേൽ മറുപടി പറഞ്ഞു, "ഞാനാണ്
ദർശകൻ. എനിക്കു മുമ്പേ ആരാധനാസ്ഥല
ത്തേക്കു പോവുക. നീയും നിന്റെ ഭൃതനും
ഇന്ന് എന്നോടൊപ്പം ഭക്ഷണം കഴിക്കണം.
നിങ്ങളെ നാളെ വീട്ടിലേക്കു പോകാൻ ഞാൻ
അനുവദിക്കാം. നിങ്ങളുടെ ചോദ്യങ്ങൾക്കൊ
ക്കെ ഞാൻ ഉത്തരം നൽകാം. 20മൂന്നു ദിവസം
മുമ്പു നഷ്ടപ്പെട്ട കഴുതകളെയോർത്ത് വ്യാകു

ലപ്പെടേണ്ട. അവ കണ്ടെടുക്കപ്പെട്ടു കഴിഞ്ഞു.
ഇപ്പോൾ യിസ്രായേലുകാർക്ക് നിന്നെ ആവ
ശ്യമുണ്ട്. നിന്നെയും നിന്റെ പിതാവിന്റെ
കുടുംബക്കാരെയും അവർക്കാവശ്യമുണ്ട്."
21ശൌൽ മറുപടി പറഞ്ഞു, "പക്ഷേ ഞാൻ
ബെന്യാമീന്റെ ഗോത്രത്തിലെ ഒരംഗമാണ്.
യിസ്രായേലിലെ ഏറ്റവും ചെറിയ ഗോത്രമാ
ണിത്. ബെന്യാമീൻ ഗോത്രത്തിലെ ഏറ്റവും
ചെറിയ കുടുംബവും എന്റേതാണ്. പിന്നെ
ന്താണ് യിസ്രായേലിന് എന്നെ വേണമെന്ന്
അങ്ങു പറഞ്ഞത്?"
22അനന്തരം ശമൂവേൽ, ശൌലിനെയും അവ
ന്റെ ഭൃത്യനെയും ഊണ് മുറിയിലേക്കു കൊണ്ടു
പോയി. മുപ്പതോളം പേരെ ഭക്ഷണം കഴി
ക്കാനും ബലി പങ്കുവയ്ക്കാനും ക്ഷണിച്ചിരുന്നു.
ശമൂവേൽ ശൌലിനും ഭൃത്യനും മേശയിൽ ഏറ്റ
വും പ്രധാന സ്ഥാനം തന്നെ നൽകി. 23ശമൂ
വേൽ പാചകക്കാരനോടു പറഞ്ഞു, "ഞാൻ
നിന്നെയേല്പിച്ച മാംസം കൊണ്ടുവരിക.
സൂക്ഷിച്ചുവയ്ക്കാൻ നിന്നോടു ഞാൻ പറഞ്ഞ
വീതമാണത്."
24പരിചാരകൻ തുടയെടുത്ത് ശൌലിന്റെ
മുമ്പിൽ മേശമേൽ വച്ചു. ശമൂവേൽ പറഞ്ഞു,
"ഇതാണ് ഞാൻ നിനക്കുവേണ്ടി സൂക്ഷിച്ച
മാംസം. ഈ വിശിഷ്ട സമ്മേളനത്തിൽ നിനക്കു
തരാൻവേണ്ടി ഒരുക്കിയതാകയാൽ അതു തിന്നു
ക." അതിനാൽ ശൌൽ ശമൂവേലിനോടൊപ്പം
അന്നു ഭക്ഷിച്ചു.
25അവർ ഭക്ഷണം കഴിച്ചതിന്റെശേഷം ആരാ
ധനാലയത്തിൽനിന്നും പുറത്തിറങ്ങി പട്ടണ
ത്തിലേക്കു മടങ്ങിപ്പോയി. ശമൂവേൽ, ശൌ
ലിന് മച്ചിൽ ഒരു കിടക്കയൊരുക്കിയിട്ട് ഉറ
ങ്ങാൻ പോയി. 26പിറ്റേന്ന് അതിരാവിലെ ശമൂ
വേൽ മച്ചിലുള്ള ശൌലിനോട് ഉച്ചത്തിൽ പറ
ഞ്ഞു, "എഴുന്നേൽക്കൂ. നിങ്ങളെ ഞാൻ നിങ്ങ
ളുടെ വഴിയെ അയയ്ക്കാം." ശൌൽ എഴുന്നേറ്റ്
ശമൂവേലിനോടൊപ്പം വീട്ടിൽ നിന്നിറങ്ങി.
27ശൌൽ, അവന്റെ ഭൃത്യൻ, ശമൂവേൽ എന്നി
വർ ഒരുമിച്ച്, പട്ടണത്തിന്റെ ഓരത്തുകൂടി
നടക്കുകയായിരുന്നു. ശമൂവേൽ ശൌലിനോടു
പറഞ്ഞു, "നമുക്കു മുമ്പേ പോകാൻ നിന്റെ
ഭൃത്യനോടു പറയുക. എനിക്ക്, നിനക്കു തരാൻ
ദൈവത്തിൽനിന്നൊരു സന്ദേശമുണ്ട്." അതി
നാൽ ഭൃത്യൻ അവർക്കു മുമ്പേ നടന്നു.

ശമൂവേൽ ശൌലിനെ അഭിഷേകം ചെയ്യുന്നു

10 ശമൂവേൽ വിശുദ്ധതൈലത്തിന്റെ ഭര
ണിയെടുത്തു. ശമൂവേൽ തൈലം ശൌ
ലിന്റെ തലയിൽ ഒഴിച്ചു. ശമൂവേൽ ശൌലി
നെ ചുംബിച്ചിട്ടു പറഞ്ഞു, "അവന്റെ ജന
തയെ നയിക്കാൻ യഹോവ നിന്നെ അഭിഷേകം
ചെയ്തിരിക്കുന്നു. യഹോവയുടെ ജനതയെ നീ
നിയന്ത്രിക്കും. അവർക്കു ചുറ്റുമുള്ള ശത്രുക്കളിൽ
നിന്നും നീ അവരെ രക്ഷിക്കും. യഹോവ
നിന്നെ അവരുടെ ഭരണാധിപനായി അഭിഷേ
കം ചെയ്തിരിക്കുന്നു. ഇത് സത്യമാണെന്നതിന്
ഒരടയാളമിതാ: 2നീ ഇന്ന് എന്നെ വിട്ടുപോകു
മ്പോൾ സെൽസഹിൽ ബെന്യാമീന്റെ അതിർ
ത്തിയിലുള്ള റാഹേലിന്റെ ശവകുടീരത്തിന
ടുത്തുവച്ച് രണ്ടുപേരെ കാണും. അവരിരുവരും
നിന്നോടു പറയും, 'നീ തിരയുന്ന കഴുതകളെ
ആരോ കണ്ടു. നിന്റെ പിതാവ് കഴുതകളെപ്പറ്റി
വിഷമിക്കുന്നതവസാനിപ്പിച്ചു. ഇപ്പോഴവൻ
നിന്നെപ്പറ്റിയാണ് വേവലാതിപ്പെടുന്നത്.
അവൻ പറയുന്നു: എന്റെ മകന്റെ കാര്യ
ത്തിൽ ഞാനിനി എന്തു ചെയ്യും?'"
3ശമൂവേൽ പറഞ്ഞു, "അനന്തരം നീ താബോ
രിലെ ഭീമൻ ഓക്കുമരം വരെ പോകണം. അവി
ടെ മൂന്നു പേർ നിന്നെ കാണും. അവർ ബേഥേ
ലിൽ ദൈവത്തെ ആരാധിക്കാൻ പോകുകയാ
യിരിക്കും. ഒരാളുടെ കയ്യിൽ മൂന്നു കുഞ്ഞാടു
കളുണ്ടായിരിക്കും. രണ്ടാമന്റെ കയ്യിൽ മൂന്ന്
അപ്പക്കഷണങ്ങളും. മൂന്നാമന്റെ കയ്യിൽ ഒരു
കുപ്പി വീഞ്ഞും ഉണ്ടായിരിക്കും. 4ഇവർ മൂന്നു
പേരും നിന്നെ അഭിവാദ്യം ചെയ്യും. അവർ
നിനക്ക് രണ്ട് അപ്പക്കഷണങ്ങൾ തരും. നീ അവ
രിൽനിന്ന് ആ രണ്ട് അപ്പക്കഷണങ്ങൾ വാങ്ങ
ണം. 5അനന്തരം നീ ഗിബെയാത്ത് ഏലോഹി
മിലേക്കു പോകണം. അവിടെ ഫെലിസ്ത്യ
രുടെ ഒരു കോട്ടയുണ്ട്. നീ ആ പട്ടണത്തിലേ
ക്കെത്തുമ്പോൾ ഒരു സംഘം പ്രവാചകർ പുറ
ത്തുവരും. ആരാധനാ സ്ഥലത്തുനിന്നുമാണ് ആ
പ്രവാചകർ പുറത്തു വരുന്നത്. അവർ പ്രവചി
ക്കുകയായിരിക്കും. അവർ സാരംഗി, തംബുരു,
ഓടക്കുഴൽ, വിപഞ്ചി എന്നിവ വായിക്കുന്നു
ണ്ടായിരിക്കും. 6അപ്പോൾ യഹോവയുടെ
ആത്മാവ് നിന്നിൽ മഹാശക്തിയോടെ വരും.
നീ പ്രവാചകന്മാരോടൊത്തു പ്രവചിച്ചു തുട
ങ്ങും. നിനക്കു മാറ്റം സംഭവിക്കും. പ്രവചനം
നടത്തുമ്പോൾ നീ തികച്ചും വ്യത്യസ്തനായി
ത്തീരും. 7ഈ അടയാളങ്ങളൊക്കെ സംഭവിച്ച
തിനുശേഷം നിനക്കിഷ്ടമുള്ളതു ചെയ്യാം. കാര
ണം, ദൈവം നിന്നോടൊപ്പമാണ്.
8"എനിക്കു മുമ്പേ ഗിൽഗാലിലേക്കു പോ
കുക. അപ്പോൾ ഞാൻ നിന്റെയടുത്തേക്ക
വിടെ വരും. ഞാൻ നിനക്കു ഹോമയാഗങ്ങളും
സമാധാനബലികളും നൽകും. പക്ഷേ നീ ഏഴു
ദിവസം കാത്തിരിക്കണം. അപ്പോൾ ഞാൻ
വന്ന് എന്തു ചെയ്യണമെന്നു നിന്നോടു
പറയാം."

ശൌൽ പ്രവാചകരെപ്പോലെയാകുന്നു

9ശൌൽ ശമൂവേലിന്റെയടുത്തുനിന്നും പോ
കാനൊരുങ്ങിയപ്പോൾ ദൈവം ശൌലിന്റെ
ജീവിതമാകെ തിരിച്ചു. ആ അടയാളങ്ങളെല്ലാം
അന്നു തന്നെ സംഭവിച്ചു. 10ശൌലും ഭൃത്യനും
ഗിബെയാത്ത് ഏലോഹിമിലേക്കു പോയി.
അവിടെവച്ച് ശൌൽ ഒരു സംഘം പ്രവാചകരെ
കണ്ടുമുട്ടി. ദൈവത്തിന്റെ ആത്മാവ് മഹാശ
ക്തിയോടെ ശൌലിൽ വന്നു നിറയുകയും
ശൌൽ പ്രവാചകന്മാരോടൊപ്പം പ്രവചനം
നടത്തുകയും ചെയ്തു. 11ശൌലിനെ മുമ്പ്
അറിയാവുന്നവർ, അവൻ പ്രവാചകന്മാരോ
ടൊപ്പം നിന്ന് പ്രവചിക്കുന്നതു കണ്ടു. അവർ
പരസ്പരം ചോദിച്ചു, "കീശിന്റെ പുത്രന്
എന്തു സംഭവിച്ചു? ശൌലും പ്രവാചകന്മാരി
ലൊരുവനാണോ?"
12ഗിബെയാത്ത് ഏലോഹിമിൽ താമസിക്കു
ന്ന ഒരുവൻ പറഞ്ഞു, "അതേ, അവൻ അവ
രുടെ നേതാവാണെന്ന് തോന്നുന്നുണ്ട്." അതിനാ
ലാണ് ഇത് ഒരു പ്രസിദ്ധമായ വചനമായത്,
"ശൌലും പ്രവാചകരിലൊരാളായോ?"

ശൌൽ വീട്ടിലെത്തുന്നു

13പ്രവചനത്തിനുശേഷം ശൌൽ തന്റെ
വീടിനടുത്തുള്ള ആരാധനാസ്ഥലത്തെത്തി.

14ശൌലിന്റെ ഇളയപ്പന്‍ ശൌലിനോടും
അവന്റെ ഭൃത്യനോടും ചോദിച്ചു, “നിങ്ങള്‍
എവിടെയായിരുന്നു?” ശൌല്‍ പറഞ്ഞു,
“ഞങ്ങള്‍ കഴുതകളെ അന്വേഷിക്കുകയായി
രുന്നു. ഞങ്ങള്‍ക്കവയെ കണ്ടെത്താന്‍ കഴി
യാതെ വന്നപ്പോള്‍ ഞങ്ങള്‍ ശമൂവേലിനെ
കാണാന്‍ പോയി.” 15ശൌലിന്റെ ഇളയപ്പന്‍
ചോദിച്ചു, “ദയവായി എന്നോടു പറയുക,
ശമൂവേല്‍ നിന്നോടെന്തു പറഞ്ഞു?” 16ശൌല്‍
മറുപടി പറഞ്ഞു, “കഴുതകള്‍
കണ്ടുപിടിക്കപ്പെട്ടു കഴി ഞ്ഞുവെന്ന് ശമൂവേല്‍
ഞങ്ങളോടു പറഞ്ഞു.” ശൌല്‍ തന്റെ
ഇളയപ്പനോടു എല്ലാ കാര്യ ങ്ങളും പറഞ്ഞില്ല.
രാഷ്ട്രത്തെപ്പറ്റി ശമൂവേല്‍
പറഞ്ഞതെല്ലാമൊന്നും ശൌല്‍ പറഞ്ഞില്ല.

ശമൂവേല്‍ ശൌലിനെ രാജാവായി പ്രഖ്യാപിക്കുന്നു

17യിസ്രായേല്‍ജനത മുഴുവന്‍ മിസ്പയില്‍
യഹോവയോടൊപ്പം ഒത്തുചേരാന്‍ ശമൂവേല്‍
എല്ലാവരോടും പറഞ്ഞു. 18ശമൂവേല്‍ യിസ്രാ
യേല്‍ജനതയോടു പറഞ്ഞു, “യിസ്രായേലി
ന്റെ ദൈവമാകുന്ന യഹോവ പറയുന്നു,
‘യിസ്രായേലിനെ ഞാന്‍ ഈജിപ്തില്‍നിന്നും
നയിച്ചു. ഈജിപ്തിന്റെ നിയന്ത്രണത്തില്‍
നിന്നും നിങ്ങളെ അടിച്ചമര്‍ത്താന്‍ ശ്രമിച്ച മറ്റു
രാഷ്ട്രങ്ങളില്‍നിന്നും നിങ്ങളെ ഞാന്‍ രക്ഷി
ച്ചു.’ 19പക്ഷേ ഇന്നു നിങ്ങള്‍ നിങ്ങളുടെ ദൈവ
ത്തെ തള്ളിപ്പറഞ്ഞു. നിങ്ങളുടെ എല്ലാ കുഴപ്പ
ങ്ങളില്‍നിന്നും എല്ലാ പ്രശ്നങ്ങളില്‍നിന്നും
നിങ്ങളുടെ ദൈവം നിങ്ങളെ രക്ഷിച്ചു. പക്ഷേ
നിങ്ങള്‍ പറഞ്ഞു, ‘വേണ്ട, ഞങ്ങള്‍ക്കു ഞങ്ങളെ
ഭരിക്കാന്‍ ഒരു രാജാവിനെ വേണം.’ ഇനി, വരൂ
നിങ്ങള്‍ കുടുംബങ്ങളും ഗോത്രങ്ങളുമായി
യഹോവയുടെ സവിധത്തില്‍ നില്‍ക്കുക.”

20ശമൂവേല്‍ യിസ്രായേലിലെ എല്ലാ ഗോത്ര
ങ്ങളെയും അടുത്തു കൊണ്ടുവന്നു. അനന്തരം
ശമൂവേല്‍ പുതിയ രാജാവിനെ തെരഞ്ഞെടു
ക്കാന്‍ തുടങ്ങി. ആദ്യം ബെന്യാമീന്‍ ഗോത്രം
തെരഞ്ഞെടുക്കപ്പെട്ടു. 21ബെന്യാമീന്‍ ഗോത്ര
ത്തിലെ എല്ലാ കുടുംബങ്ങളോടും കടന്നു
പോകാന്‍ ശമൂവേല്‍ പറഞ്ഞു. മത്രിയുടെ
കുടുംബം തെരഞ്ഞെടുക്കപ്പെട്ടു. മത്രി കുടുംബ
ത്തിലെ ഓരോരുത്തരോടും നടന്നു പോകാന്‍
ശമൂവേല്‍ പറഞ്ഞു. കീശിന്റെ പുത്രനായ
ശൌല്‍ തെരഞ്ഞെടുക്കപ്പെട്ടു.

പക്ഷേ യിസ്രായേല്‍ജനത ശൌലിനെ തെര
ഞ്ഞെടുത്തെങ്കിലും അവര്‍ക്കവനെ കണ്ടുപിടി
ക്കാന്‍ കഴിഞ്ഞില്ല. 22അപ്പോള്‍ അവര്‍ യഹോ
വയോടു ചോദിച്ചു, “ശൌല്‍ ഇനിയും വരാത്ത
തെന്ത്?”

യഹോവ പറഞ്ഞു, “ആഹാരപദാര്‍ത്ഥങ്ങ
ള്‍ക്കു പിന്നില്‍ ഒളിച്ചിരിക്കുകയാണ് ശൌല്‍.”
23ജനങ്ങള്‍ ഓടിച്ചെന്ന് ശൌലിനെ ആഹാര
പദാര്‍ത്ഥങ്ങള്‍ക്കു പിന്നില്‍നിന്നും പിടിച്ചു.
ശൌല്‍ ജനങ്ങള്‍ക്കിടയില്‍ വന്നു നിന്നു. മറ്റേ
തൊരാളെക്കാളും തലയെടുപ്പുണ്ടായിരുന്നു
ശൌലിന്.

24ശമൂവേല്‍ എല്ലാവരോടുമായി പറഞ്ഞു,
“യഹോവ തെരഞ്ഞെടുത്തവനെ കാണുക.
ശൌലിനെപ്പോലെ മറ്റൊരാള്‍ ജനങ്ങള്‍ക്കിടയി
ലില്ല. ”അപ്പോള്‍ ജനങ്ങള്‍ വിളിച്ചു പറഞ്ഞു,
“രാജാവ് നീണാള്‍ വാഴട്ടെ.” 25രാജത്വത്തിന്റെ
ചട്ടങ്ങള്‍ ശമൂവേല്‍ ജനങ്ങള്‍ക്കു വിവരിച്ചു
കൊടുത്തു. ചട്ടങ്ങള്‍ അവന്‍ ഒരു പുസ്തകത്തി
ലെഴുതിവെച്ചു. അവന്‍ പുസ്തകം യഹോവ
യുടെ സമക്ഷത്തില്‍ വച്ചു. അനന്തരം വീട്ടി
ലേക്കു പൊയ്ക്കൊള്ളാന്‍ ശമൂവേല്‍ പറഞ്ഞു.

26ശൌലും ഗിബെയയിലുള്ള തന്റെ വീട്ടി
ലേക്കു പോയി. ദൈവം ധൈര്യശാലികളുടെ
ഹൃദയത്തില്‍ സ്പര്‍ശിക്കുകയും അവര്‍ ശൌ
ലിനെ പിന്തുടരാനാരംഭിക്കുകയും ചെയ്തു.
27എന്നാല്‍ ചില കുഴപ്പക്കാര്‍ പറഞ്ഞു, “ഇയാള്‍
ക്കെങ്ങനെ നമ്മെ രക്ഷിക്കാനാവും?” അവര്‍
ശൌലിനെ ദുഷിച്ചു സംസാരിക്കുകയും
അവനു സമ്മാനങ്ങള്‍ കൊണ്ടുവരാന്‍ വിസമ്മ
തിക്കുകയും ചെയ്തു. പക്ഷേ ശൌല്‍ ഒന്നും
പറഞ്ഞില്ല.

നാഹാശ്, അമ്മോന്യരുടെ രാജാവ്

അമ്മോന്യരുടെ രാജാവായ നാഹാശ്, ഗാദി
ന്റെയും രൂബേന്റെയും ഗോത്രക്കാരെ ഉപദ്രവി
ച്ചിരുന്നു. നാഹാശ് ഓരോരുത്തരുടെയും വലതു
കണ്ണ് തുരന്നെടുത്തിരുന്നു. അവരെ സഹായി
ക്കാന്‍ നാഹാശ് ആരെയും അനുവദിച്ചുമില്ല.
യോര്‍ദ്ദാന്‍നദിക്കു കിഴക്കുള്ള എല്ലാ യിസ്രായേ
ലുകാരുടേയും വലതു കണ്ണ് അമ്മോന്യരുടെ
രാജാവായ നാഹാശ് തുരന്നെടുത്തു. പക്ഷേ,
ഏഴായിരം യിസ്രായേലുകാര്‍ അമ്മോന്യരില്‍
നിന്നും ഓടിയകന്ന് യാബേശ്-ഗിലെയാദില്‍
എത്തി.

11 ഏകദേശം ഒരു മാസം കഴിഞ്ഞപ്പോള്‍
അമ്മോന്യനായ നാഹാശ് തന്റെ സൈ
ന്യവുമായി യാബേശ്-ഗിലെയാദ് വളഞ്ഞു.
യാബേശുകാര്‍ മുഴുവന്‍ നാഹാശിനോടു പറ
ഞ്ഞു, “ഞങ്ങളുമായി നീ ഒരു കരാറുണ്ടാക്കി
യാല്‍ ഞങ്ങള്‍ നിന്നെ സേവിക്കാം.”

2പക്ഷേ അമ്മോന്യനായ നാഹാശ് പറഞ്ഞു,
“നിങ്ങളോരോരുത്തരുടേയും വലതു കണ്ണു പറി
ച്ചെടുക്കാന്‍ എന്നെ അനുവദിച്ചാല്‍ മാത്രം
ഞാന്‍ നിങ്ങളുമായി ഒരു കരാറുണ്ടാക്കാം.
അപ്പോള്‍ എല്ലാ യിസ്രായേലുകാരും ലജ്ജി
ക്കും!” 3യാബേശിലെ നേതാക്കന്മാര്‍ നാഹാശി
നോടു പറഞ്ഞു, “ഞങ്ങള്‍ക്ക് ഏഴു ദിവസം
തരിക. ഞങ്ങള്‍ യിസ്രായേലിലെമ്പാടും ദൂത
ന്മാരെ അയയ്ക്കും. ആരും ഞങ്ങളെ സഹായി
ക്കാന്‍ വന്നില്ലെങ്കില്‍ ഞങ്ങള്‍ നിന്റെ മുമ്പില്‍
വന്ന് കീഴടങ്ങാം.”

ശൌല്‍ യാബേശ്-ഗിലെയാദിനെ രക്ഷിക്കുന്നു

4ശൌല്‍ വസിച്ചിരുന്ന ഗിബെയയില്‍ ദൂത
ന്മാരെത്തി. അവര്‍ ജനങ്ങളോടു ഈ വാര്‍ത്ത
പറഞ്ഞു. ജനങ്ങള്‍ ഉച്ചത്തില്‍ കരഞ്ഞു,
5ശൌല്‍ വയലില്‍ പശുക്കളോടൊപ്പമായി
രുന്നു. വയലിന്റെ മുമ്പില്‍ വന്ന ശൌല്‍ ജന
ങ്ങള്‍ നിലവിളിക്കുന്നതു കേട്ടു. ശൌല്‍ ചോദി
ച്ചു, “ആളുകള്‍ക്കെന്തു പറ്റി? അവരെന്താണു
കരയുന്നത്?”

അപ്പോള്‍ യാബേശില്‍നിന്നും വന്ന ദൂത
ന്മാര്‍ പറഞ്ഞത് അവര്‍ ശൌലിനോടു പറ
ഞ്ഞു. 6അവരുടെ കഥ ശൌല്‍ കേട്ടു. ദൈവ
ത്തിന്റെ ആത്മാവ് മഹാശക്തിയോടെ ശൌലി
ലേക്കു വന്നു. ശൌലിന് കടുത്ത കോപമു
ണ്ടായി. 7ഒരു ജോടി പശുക്കളെ ശൌല്‍ കഷണ
ങ്ങളാക്കി. അനന്തരം അവന്‍ ആ കഷണങ്ങള്‍
ദൂതന്മാര്‍ക്കു നല്‍കി. ആ കഷണങ്ങള്‍ യിസ്രാ
യേലിലെമ്പാടും കൊണ്ടുനടക്കാന്‍ ശൌല്‍
അവരോടു കല്പിച്ചു. യിസ്രായേല്‍ജനതയ്ക്കു

ള്ള ഈ സന്ദേശം അവർക്കു നൽകുവാനും
അവൻ പറഞ്ഞു. “വരൂ, ശൌലിനെയും ശമൂവേ
ലിനെയും പിന്തുടരുക. വന്ന് അവരെ സഹാ
യിക്കുകയും ചെയ്യാത്തവരുടെ പശുക്കൾക്കും
ഇങ്ങനെ തന്നെ സംഭവിക്കും!”

യഹോവയിൽനിന്നൊരു മഹാഭീതി ജനങ്ങ
ളിലേക്കു വന്നു. അവർ ഒറ്റ വ്യക്തിയെന്ന
പോലെ ഒരുമിച്ചു ചേർന്നു. 8ശൌൽ ജനങ്ങളെ
ബേസെക്കിൽ വിളിച്ചു കൂട്ടി. യിസ്രായേലിൽ
നിന്നും മൂന്നു ലക്ഷം പേരും യെഹൂദയിൽനിന്ന്
മുപ്പതിനായിരം പേരും ഉണ്ടായിരുന്നു. 9യാബേ
ശിൽനിന്നുള്ള ദൂതന്മാരോടു ശൌലും ഭടന്മാരും
പറഞ്ഞു, “ഗിലെയാദിലെ യാബേശുകാരോടു,
നാളെ ഉച്ചയോടെ അവർ രക്ഷപ്പെടുമെന്നു
പറയുക.”

ദൂതന്മാർ യാബേശുകാരോടു ശൌലിൻെറ
സന്ദേശം പറഞ്ഞു. യാബേശുകാർക്ക് വലിയ
സന്തോഷമായി. 10അപ്പോൾ യാബേശുകാർ
അമ്മോന്യനായ നാഹാശിനോടു പറഞ്ഞു,
“നാളെ ഞങ്ങൾ നിൻെറ അടുത്തു വരും.
അപ്പോൾ നിനക്കിഷ്ടമുള്ളത് ഞങ്ങളോടു ചെ
യ്തു കൊള്ളുക.”

11പിറ്റേന്നു രാവിലെ ശൌൽ തൻെറ സേന
യെ മൂന്നു സംഘങ്ങളാക്കി തിരിച്ചു. സൂര്യോദ
യത്തിൽ ശൌലും അവൻെറ ഭടന്മാരും അമ്മോ
ന്യരുടെ പാളയത്തിലെത്തി. പ്രഭാതത്തിൽ
അവർ കാവൽക്കാരെ മാറ്റിക്കൊണ്ടിരുന്നപ്പോൾ
ശൌൽ അവരെ ആക്രമിച്ചു. ഉച്ചയ്ക്കു മുമ്പ്
ശൌലും ഭടന്മാരും അമ്മോന്യരെ തോല്പിച്ചു.
അവശേഷിച്ചിരുന്ന അമ്മോന്യഭടന്മാർ വ്യത്യ
സ്ത ദിശകളിലേക്കു ചിതറിയോടി. രണ്ടു ഭട
ന്മാരെ ഒരുമിച്ചു കാണാൻ കൂടിയുണ്ടായില്ല.
12അനന്തരം ജനങ്ങൾ ശമൂവേലിനോടു പറ
ഞ്ഞു, “ശൌലിനെ രാജാവായി വേണ്ടെന്നു
പറഞ്ഞവരെവിടെ? അവരെ ഇവിടെ കൊണ്ടു
വരിക. ഞങ്ങൾക്കവരെ കൊല്ലണം!” 13എന്നാൽ
ശൌൽ പറഞ്ഞു, “വേണ്ട! ഇന്ന് ആരെയും
കൊല്ലേണ്ട! യഹോവ മാത്രമാണിന്ന് യിസ്രാ
യേലിനെ രക്ഷിച്ചത്!”

14അപ്പോൾ ശമൂവേൽ ജനങ്ങളോടു പറഞ്ഞു,
“വരൂ, നമുക്കു ഗിൽഗാലിലേക്കു പോകാം. ഗിൽ
ഗാലിൽവച്ച് നമുക്കു ശൌലിനെ വീണ്ടും രാജാ
വാക്കാം.” 15എല്ലാവരും ഗിൽഗാലിലേക്കു
പോയി. അവിടെ, യഹോവയ്ക്കു മുമ്പിൽ ജന
ങ്ങൾ ശൌലിനെ രാജാവാക്കി. അവർ യഹോവ
യ്ക്കു സമധാനബലികളർപ്പിച്ചു. ശൌലിനും
എല്ലാ യിസ്രായേലുകാർക്കും അതൊരു മഹോ
ത്സവമായിരുന്നു.

രാജാവിനെപ്പറ്റി ശമൂവേൽ സംസാരിക്കുന്നു

12 ശമൂവേൽ യിസ്രായേലുകാരോടു പറ
ഞ്ഞു, “നിങ്ങളെന്നോടാവശ്യപ്പെട്ടതെ
ല്ലാം ഞാൻ ചെയ്തു. നിങ്ങൾക്കുമേൽ
ഞാനൊരു രാജാവിനെ വാഴിച്ചു. 2ഇപ്പോൾ
നിങ്ങളെ നയിക്കാൻ നിങ്ങൾക്കൊരു രാജാവു
ണ്ടായിരിക്കുന്നു. എനിക്കു വയസ്സായി നരച്ചു.
പക്ഷേ എൻെറ പുത്രന്മാരിവിടെ നിങ്ങളോടൊ
പ്പമുണ്ട്. ഞാൻ കൊച്ചുകുട്ടിയായിരുന്ന കാലം
തൊട്ട് നിങ്ങളുടെ നേതാവായിരുന്നു. 3ഞാനി
താ ഇവിടെയുണ്ട്. ഞാൻ നിങ്ങളോടു തെറ്റെ
ന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ നിങ്ങളത്
യഹോവയോടും നിങ്ങളുടെ തെരഞ്ഞെടുക്ക
പ്പെട്ട രാജാവിനോടും പറയുക. ഞാനാരുടെ
യെങ്കിലും പശുവിനേയോ കഴുതയേയോ
മോഷ്ടിച്ചിട്ടുണ്ടോ? ഞാനാരെയെങ്കിലും ഉപദ്ര
വിക്കുകയോ വഞ്ചിക്കുകയോ ചെയ്തിട്ടുണ്ടോ?
ആരുടെയെങ്കിലും നിയമലംഘനത്തിനു നേർ
ക്കു കണ്ണടയ്ക്കാൻ ഞാൻ കൈക്കൂലി വാങ്ങി
യിട്ടുണ്ടോ? ഞാനെന്തെങ്കിലും തെറ്റു ചെയ്തി
ട്ടുണ്ടെങ്കിൽ തിരുത്താം!”

4യിസ്രായേലുകാർ മറുപടി പറഞ്ഞു, “ഇല്ല!
നീയൊരിക്കലും ഒരു തിന്മയും ഞങ്ങളോടു
ചെയ്തിട്ടില്ല. നീയൊരിക്കലും ഞങ്ങളെ വഞ്ചി
ക്കുകയോ ഞങ്ങളുടെ സാധനങ്ങൾ മോഷ്ടിക്കു
കയോ ചെയ്തിട്ടില്ല!” 5ശമൂവേൽ യിസ്രായേ
ലുകാരോടു പറഞ്ഞു, “യഹോവയും അവ
ൻെറ തെരഞ്ഞെടുക്കപ്പെട്ട രാജാവും ഇന്നു
സാക്ഷികളാണ്. നിങ്ങൾ പറഞ്ഞത് അവർ
കേട്ടിട്ടുണ്ട്. എന്നിൽ ഒരു തെറ്റും കണ്ടെത്താൻ
നിങ്ങൾക്കു കഴിഞ്ഞിട്ടില്ലെന്നവർ അറിയുന്നു.
”ജനങ്ങൾ മറുപടി പറഞ്ഞു, “അതേ! യഹോവ
സാക്ഷിയാകുന്നു!”

6അപ്പോൾ ശമൂവേൽ ജനങ്ങളോടു പറഞ്ഞു,
“സംഭവിച്ചതെല്ലാം യഹോവ കണ്ടിട്ടുണ്ട്.
മോശെയെയും അഹരോനെയും തെരഞ്ഞെടു
ത്തത് യഹോവയാണ്. നിങ്ങളുടെ പൂർവ്വിക
ന്മാരെ ഈജിപ്തിൽനിന്നും കൊണ്ടുവന്നതും
അവനാണ്. 7ഇനി അവിടെ നിൽക്കുക. യഹോ
വ നിങ്ങളോടും നിങ്ങളുടെ പൂർവ്വികരോടും
ചെയ്ത നന്മകളെപ്പറ്റി ഞാൻ പറയാം.
8യാക്കോബ് ഈജിപ്തിലേക്കു പോയി.
പിന്നീട് ഈജിപ്തുകാർ അവൻെറ പിൻഗാമി
കളുട ജീവിതം ദുഷ്കരമാക്കി. അതിനാലവർ
യഹോവയോട് സഹായത്തിനായി നിലവി
ളിച്ചു. യഹോവ മോശെയേയും അഹരോനെ
യും അയച്ചു. മോശെയും അഹരോനും നിങ്ങ
ളുടെ പിതാക്കന്മാരെ ഈജിപ്തിൽനിന്നും നയി
ക്കുകയും അവരെ ഇവിടെ താമസിക്കാനായി
നയിക്കുകയും ചെയ്തു.

9“പക്ഷേ നിങ്ങളുടെ പൂർവ്വികന്മാർ അവ
രുടെ ദൈവമാകുന്ന യഹോവയെ മറന്നു. അതി
നാൽ യഹോവ അവരെ സീസെരയുടെ അടി
മകളാക്കി. ഹാസോരിൻെറ സേനാനായകനായി
രുന്നു സീസെരാ. അനന്തരം യഹോവ അവരെ
ഫെലിസ്ത്യരുടേയും മോവാബിലെ രാജാവി
ൻെറയും അടിമകളാക്കി. അവരെല്ലാം നിങ്ങ
ളുടെ പൂർവ്വികരോട് യുദ്ധം ചെയ്തു. 10പക്ഷേ
നിങ്ങളുടെ പൂർവ്വികന്മാർ സഹായത്തിനു
യഹോവയോടു കരഞ്ഞു. അവർ പറഞ്ഞു,
‘ഞങ്ങൾ പാപം ചെയ്തു. ഞങ്ങൾ യഹോ
വയെ വെടിയുകയും വ്യാജദൈവങ്ങളായ
ബാലിനെയും അസ്തോരെത്തിനേയും ആരാ
ധിക്കുകയും ചെയ്തു. പക്ഷേ ഇപ്പോൾ ഞങ്ങ
ളെ ഞങ്ങളുടെ ശത്രുക്കളിൽനിന്നും രക്ഷിക്കൂ.
ഞങ്ങൾ അങ്ങയെ ശുശ്രൂഷിക്കുകയും ചെയ്യാം!’

11“അതിനാൽ യഹോവ യെരൂബ്ബാലെന്ന
ഗിദെയോനെയും ബാരാക്കിനെയും യിഫ്താ
ഹിനെയും ശമൂവേലിനെയും അയച്ചു. യഹോ
വ നിങ്ങളെ നിങ്ങൾക്കു ചുറ്റുമുള്ള ശത്രുക്കളിൽ
നിന്നും രക്ഷിച്ചു. നിങ്ങൾ സുരക്ഷിതരായി
ജീവിക്കുകയും ചെയ്തു. 12പിന്നെ അമ്മോന്യ
രുടെ രാജാവായ നാഹാശ് നിങ്ങളെ ആക്രമി
ക്കാൻ വരുന്നതാണ് നിങ്ങൾ കണ്ടത്. നിങ്ങൾ
പറഞ്ഞു, ‘വേണ്ട!’ ഞങ്ങളെ ഭരിക്കാൻ ഒരു
രാജാവിനെയാണ് ഞങ്ങൾക്കു ആവശ്യം!’ നിങ്ങ
ളുടെ ദൈവമാകുന്ന യഹോവ നിങ്ങളുടെ
രാജാവാണെങ്കിലും നിങ്ങൾ അങ്ങനെ പറ
ഞ്ഞു! 13ഇപ്പോഴിതാ നിങ്ങൾ തെരഞ്ഞെടുത്ത

രാജാവ്. യഹോവ ഈ രാജാവിനെ നിങ്ങ
ളുടെമേൽ വെച്ചു. 14നിങ്ങളുടെ ദൈവമാകുന്ന
യഹോവ തുടർന്നും നിങ്ങളെ രക്ഷിക്കും. പക്ഷേ
നിങ്ങൾ ഇതൊക്കെ ചെയ്തെങ്കിലേ ദൈവം
നിങ്ങളെ രക്ഷിക്കൂ. നിങ്ങൾ യഹോവയെ ആദ
രിക്കുകയും അവനെ ശുശ്രൂഷിക്കുകയും വേണം.
അവന്റെ കല്പനകൾക്കെതിരെ നിങ്ങൾ പോരാ
ടരുത്. നിങ്ങളും നിങ്ങളെ ഭരിക്കുന്ന രാജാവും
നിങ്ങളുടെ ദൈവമാകുന്ന യഹോവയെ പിന്തു
ടരണം. അങ്ങനെയൊക്കെ ചെയ്താൽ നിങ്ങ
ളുടെ ദൈവമാകുന്ന യഹോവ നിങ്ങളെ രക്ഷി
ക്കും. 15എന്നാൽ നിങ്ങൾ യഹോവയെ അനു
സരിക്കാതിരിക്കുകയും അവന്റെ കല്പനകൾ
ക്കെതിരെ കലാപം കൂട്ടുകയും ചെയ്താൽ
അവൻ നിങ്ങളുടെ പൂർവ്വികർക്കെതിരെ തിരി
ഞ്ഞതുപോലെതന്നെ നിങ്ങൾക്കുമെതിരാകും.
യഹോവ നിങ്ങളേയും നിങ്ങളുടെ രാജാവി
നേയും നശിപ്പിക്കും.

16“ഇപ്പോൾ അനങ്ങാതെ നിന്ന് നിങ്ങളുടെ
കൺമുമ്പിൽ യഹോവ ചെയ്യാൻ പോകുന്ന
മഹാകാര്യങ്ങൾ കാണുക. 17ഇപ്പോൾ ഗോതമ്പി
ന്റെ കൊയ്ത്തു കാലമാണ്. ഞാൻ യഹോവ
യോടു പ്രാർത്ഥിക്കും. ഇടിയും മഴയും ഉണ്ടാ
ക്കാൻ ഞാൻ യഹോവയോടാവശ്യപ്പെടും.
അപ്പോൾ, ഒരു രാജാവിനെ ആവശ്യപ്പെടുക
വഴി എത്ര വലിയ ഒരു തിന്മയാണ് നിങ്ങൾ
യഹോവയ്ക്കെതിരെ ചെയ്തതെന്ന് നിങ്ങ
ൾക്കു ബോദ്ധ്യമാകും.

18അതിനാൽ ശമൂവേൽ യഹോവയോടു
പ്രാർത്ഥിച്ചു. അന്നുതന്നെ യഹോവ ഇടിയും
മഴയും അയച്ചു. അപ്പോൾ ജനങ്ങൾ യഹോവ
യെയും ശമൂവേലിനെയും വല്ലാതെ ഭയന്നു.
19ജനങ്ങളെല്ലാവരും ശമൂവേലിനോടു പറഞ്ഞു,
“നിന്റെ ദൈവമാകുന്ന യഹോവയോടു
നിന്റെ ഭൃത്യന്മാരായ ഞങ്ങൾക്കുവേണ്ടി പ്രാർ
ത്ഥിക്കുക. ഞങ്ങളെ ചാകാൻ അനുവദിക്കരുതേ!
ഞങ്ങൾ പലവട്ടം പാപം ചെയ്തു. ഇപ്പോൾ
രാജാവിനെ ആവശ്യപ്പെടുക എന്ന പാപം
കൂടി ഞങ്ങൾ അതിനോടൊപ്പം ചേർത്തു.”

20ശമൂവേൽ മറുപടി പറഞ്ഞു, “ഭയപ്പെ
ടേണ്ട. ഇതു സത്യമാണ്! നിങ്ങൾ എല്ലാ തിന്മ
കളും ചെയ്തു. പക്ഷേ യഹോവയെ പിന്തുടരു
ന്നത് നിർത്തരുത്. നിങ്ങളുടെ ഹൃദയം നിറഞ്ഞ്
യഹോവയെ ശുശ്രൂഷിക്കുക. 21വിഗ്രഹങ്ങൾ
വെറും പ്രതിമകളാണ്. അവയ്ക്കു നിങ്ങളെ
സഹായിക്കാനാവില്ല! അതിനാൽ അവയെ
ആരാധിക്കരുത്. വിഗ്രഹങ്ങൾക്കു നിങ്ങളെ
സഹായിക്കാനോ രക്ഷിക്കാനോ ആവില്ല. അവ
ഒന്നുമല്ല!

22“എന്നാൽ യഹോവ അവന്റെ ജനതയെ
കൈവെടിയുകയില്ല. ഇല്ല. യഹോവ നിങ്ങളെ
അവന്റെ സ്വന്തം ജനതയാക്കാൻ സന്തുഷ്ട
നായിരിക്കുന്നു. അതിനാൽ അവന്റെ തന്നെ
നല്ല നാമത്താൽ അവൻ നിങ്ങളെ കൈവെടി
യുകയില്ല! 23എന്നെ സംബന്ധിച്ചാണെങ്കിൽ
ഞാനൊരിക്കലും നിങ്ങൾക്കായുള്ള പ്രാർത്ഥന
ഉപേക്ഷിക്കുകയുമില്ല. നിങ്ങൾക്കായുള്ള പ്രാർ
ത്ഥന ഞാൻ അവസാനിപ്പിച്ചാൽ ഞാൻ
യഹോവയ്ക്കെതിരെ പാപം ചെയ്യുകയായി
രിക്കും. നല്ല ജീവിതം നയിക്കാനുള്ള നേരായ
മാർഗ്ഗം ഞാൻ നിങ്ങളെ പഠിപ്പിച്ചു കൊണ്ടേ
യിരിക്കും. 24പക്ഷേ നിങ്ങൾ യഹോവയെ ആദ
രിക്കണം. നിങ്ങൾ നിങ്ങളുടെ പൂർണ്ണഹൃദയ
ത്തോടെ സത്യത്തിൽ യഹോവയെ ശുശ്രൂഷി
ക്കണം. അവൻ നിങ്ങൾക്കായി ചെയ്ത അത്ഭു
തങ്ങൾ ഓർമ്മിക്കുക! 25പക്ഷേ നിങ്ങൾ കഠിന
ഹൃദയരാകുകയും തിന്മ ചെയ്യുകയും ചെയ്
താൽ ദൈവം നിങ്ങളെയും നിങ്ങളുടെ രാജാ
വിനെയും ചൂലുകൊണ്ട് ചവറടിച്ചുകളയു
മ്പോലെ നശിപ്പിക്കും.”

ശൌൽ ആദ്യത്തെ വീഴ്ച വരുത്തുന്നു

13 അന്ന് ശൌൽ രാജാവായിട്ട് ഒരു വർഷ
മായി. ശൌലിന്റെ രണ്ടു ഭരണവർഷ
ങ്ങൾ കഴിഞ്ഞപ്പോൾ, 2അവൻ യിസ്രായേലിൽ
നിന്ന് മൂവായിരം പേരെ തെരഞ്ഞെടുത്തു.
അവനോടൊപ്പം ബേഥേലിലെ മലമ്പ്രദേശ
ത്തുള്ള മിക്മാസിൽ ഉണ്ടായിരുന്ന രണ്ടായിരം
പുരുഷന്മാർ അതിലുണ്ടായിരുന്നു. ബെന്യാമീ
നിലെ ഗിബെയയിൽ യോനാഥാനോടൊത്ത്
താമസിച്ചിരുന്ന ആയിരം പേരും അതിലുണ്ടാ
യിരുന്നു. സൈന്യത്തിലെ മറ്റുള്ളവരെ ശൌൽ
വീട്ടിലേക്കു മടക്കി അയച്ചു.

3യോനാഥാൻ ഫെലിസ്ത്യരുടെ സർവ്വ
സൈന്യാധിപനെ അവരുടെ പാളയമായ
ഗേബയിൽ വെച്ചു തോല്പിച്ചു. ഫെലിസ്ത്യർ
ഇതേപ്പറ്റി കേട്ടു. അവർ പറഞ്ഞു, “എബ്രായർ
എതിർത്തിരിക്കുന്നു.” ശൌൽ പറഞ്ഞു, “സംഭ
വിച്ചത് എബ്രായർ കേൾക്കട്ടെ” അതിനാൽ
യിസ്രായേലിലെമ്പാടും കാഹളം മുഴക്കാൻ
ശൌൽ ആളുകളോടു പറഞ്ഞു. 4യിസ്രായേലു
കാരെല്ലാം ഈ വാർത്ത കേട്ടു, അവർ പറ
ഞ്ഞു, “ശൌൽ ഫെലിസ്ത്യനേതാവിനെ വധി
ച്ചിരിക്കുന്നു. ഇപ്പോൾ ഫെലിസ്ത്യർ യഥാർ
ത്ഥത്തിൽ യിസ്രായേലുകാരെ വെറുക്കുന്നു!”

ശൌലിനോടൊപ്പം ഗിൽഗാലിൽ ഒത്തു
ചേരാൻ യിസ്രായേൽജനത വിളിക്കപ്പെട്ടു.
5യിസ്രായേലിനോടേറ്റുമുട്ടാൻ ഫെലിസ്ത്യർ
ഒത്തു ചേർന്നു. ഫെലിസ്ത്യർക്ക് മൂവായിരം
രഥങ്ങളും ആറായിരം കുതിരപ്പടയാളികളു
മുണ്ടായിരുന്നു. കടല്പുറത്തെ മണൽത്തരികൾ
പോലെ ഫെലിസ്ത്യഭടന്മാരും ഉണ്ടായിരുന്നു.
ബേത്ത്-ആവേനു കിഴക്കുള്ള മിക്മാസിലായി
രുന്നു ഫെലിസ്ത്യർ പാളയമടിച്ചിരുന്നത്.
6തങ്ങൾ കുഴപ്പത്തിലായെന്ന് യിസ്രായേലു
കാർ കണ്ടു. കെണിയിലകപ്പെട്ടതായി അവർ
ക്കുതോന്നി. ഗുഹകളിലും പാറകളിലെ വിള്ള
ലുകളിലും ഒളിക്കാൻ അവർ ഓടി. പാറകൾ,
കിണറുകൾ, ഭൂമിയിലെ മറ്റു വിള്ളലുകൾ ഇവ
യിലൊക്കെ അവർ ഒളിച്ചു. 7ചില എബ്രായർ
യോർദ്ദാൻനദി കടന്ന് ഗാദിന്റെയും ഗിലെ
യാദിന്റെയും ദേശത്തേക്കു പോലും പോയി.
ശൌൽ അപ്പോഴും ഗിൽഗാലിലായിരുന്നു.
അവന്റെ സൈന്യത്തിലെ എല്ലാവരും ഭയം
കൊണ്ട് വിറയ്ക്കുന്നുണ്ടായിരുന്നു.

8ഗിൽഗാലിൽ വച്ച് ശൌലിനെ കണ്ടുകൊ
ള്ളാമെന്ന് ശമൂവേൽ പറഞ്ഞിരുന്നു. ശൌൽ
അവിടെ ഏഴു ദിവസം കാത്തു നിന്നു. എന്നി
ട്ടും ശമൂവേൽ ഗിൽഗാലിലെത്തിയില്ല. ഭടന്മാർ
ശൌലിനെ വിട്ടുപോകാനും തുടങ്ങി. 9അതി
നാൽ ശൌൽ പറഞ്ഞു, “ഹോമയാഗങ്ങളും
സമാധാനബലികളും കൊണ്ടുവരിക.” അന
ന്തരം ശൌൽ ഹോമയാഗമർപ്പിച്ചു. 10ശൌൽ
വഴിപാട് ബലിയർപ്പിച്ചു കഴിഞ്ഞയുടനെ ശമൂ
വേൽ എത്തി. ശൌൽ അവനെ കാണാൻ പുറ
ത്തേക്കു പോയി. 11ശമൂവേൽ ചോദിച്ചു, “നീ
എന്താണ് ചെയ്തത്?” ശൌൽ മറുപടി പറ

ഞ്ഞു, “ഭടന്മാർ എന്നെ വിട്ടു പോകുന്നത്
ഞാൻ കണ്ടു. അങ്ങ് സമയത്ത് എത്തിയില്ല.
ഫെലിസ്ത്യർ മിക്മാസിൽ സംഘടിക്കുകയു
മായിരുന്നു. 12ഫെലിസ്ത്യർ വരികയും ഗിൽഗാ
ലിൽവച്ച് അവരെന്നെ ആക്രമിക്കുകയും ചെയ്യു
മെന്ന് ഞാൻ സ്വയം കരുതി. ഞാനാകട്ടെ
സഹായത്തിന് ഇതുവരെ യഹോവയോട്
അപേക്ഷിക്കുകയും ചെയ്തില്ല! അതിനാൽ
ഹോമയാഗമർപ്പിക്കാൻ ഞാൻ ധൈര്യപ്പെട്ടു.”*
13ശമൂവേൽ പറഞ്ഞു, “നീ ഒരു വിഡ്ഢിത്തം
ചെയ്തു! നീ നിന്റെ ദൈവമാകുന്ന യഹോ
വയെ അനുസരിച്ചില്ല! നീ ദൈവത്തിന്റെ
കല്പന അനുസരിച്ചിരുന്നെങ്കിൽ എക്കാലവും
യിസ്രായേൽ ഭരിക്കുവാൻ നിന്റെ കുടുംബ
ത്തെ അവൻ അനുവദിക്കുമായിരുന്നു. 14പക്ഷേ
നിന്റെ രാജ്യം ഇപ്പോൾ നിത്യമായിരിക്കില്ല.
യഹോവ തന്നെ അനുസരിക്കുന്ന ഒരുവനെ
തെരയുകയാണ്! യഹോവ അയാളെ കണ്ടെ
ത്തി. തന്റെ ജനതയുടെ പുതിയ നേതാവാ
കാൻ യഹോവ അവനെ തെരഞ്ഞെടുക്കുകയു
മാണ്. യഹോവയുടെ കല്പനയെ അനുസരിക്കാ
ത്തതുകൊണ്ടാണ് അവൻ പുതിയ ഒരു നേതാ
വിനെ തെരഞ്ഞെടുക്കുന്നത്.” 15അനന്തരം ശമൂ
വേൽ എഴുന്നേറ്റ് ഗിൽഗാൽ വിട്ടു.

മിക്മാസിലെ യുദ്ധം

ശൌലും അവന്റെ സൈന്യത്തിന്റെ
ബാക്കിയും ഗിൽഗാൽ വിട്ടു. അവർ ബെന്യാമീ
നിലെ ഗിബെയയിലേക്കു പോയി. തന്നോ
ടൊപ്പം അപ്പോഴും ഉണ്ടായിരുന്നവരെ ശൌൽ
എണ്ണിനോക്കി. അവർ അറുനൂറോളം പേരുണ്ടാ
യിരുന്നു. 16ശൌൽ, അവന്റെ പുത്രൻ യോനാ
ഥാൻ, ഭടന്മാർ എന്നിവർ ബെന്യാമീനിലെ
ഗിബെയയിലേക്കു പോയി. ഫെലിസ്ത്യർ
മിക്മാസിൽ പാളയമടിച്ചിരുന്നു. 17ആ പ്രദേശ
ത്തു വസിച്ചിരുന്ന യിസ്രായേലുകാരെ ശിക്ഷി
ക്കാൻ ഫെലിസ്ത്യർ തീരുമാനിച്ചു. അതിനാൽ
അവരുടെ മികച്ച ഭടന്മാർ ആക്രമണം ആരം
ഭിച്ചു. ഫെലിസ്ത്യസേന മൂന്നു സംഘങ്ങളായി
തിരിക്കപ്പെട്ടിരുന്നു. ഒരു സംഘം ശൌലിനടു
ത്തുള്ള ഒഫ്രയിലേക്കുള്ള വഴിയേ വടക്കോട്ടു
പോയി. 18രണ്ടാമത്തെ സംഘം ബേത്ത്ഹോ
രോനിലേക്കുള്ള വഴിയേ തെക്കുകിഴക്കോട്ടു
പോയി. മൂന്നാമത്തെ സംഘം അതിർത്തിയി
ലേക്കുള്ള വഴിയേ കിഴക്കോട്ടും പോയി. ആ
വഴി സെബോയിം താഴ്വരയ്ക്ക് അഭിമുഖ
മായി മരുഭൂയിലേക്കുള്ളതായിരുന്നു.
19യിസ്രായേലുകാർക്ക് ഇരുമ്പുസാധനങ്ങൾ
ഉണ്ടാക്കാൻ കഴിയുമായിരുന്നില്ല. യിസ്രായേ
ലിൽ കൊല്ലന്മാരുമുണ്ടായിരുന്നില്ല. യിസ്രായേ
ലുകാർ ഇരുമ്പുവാളുകളും കുന്തങ്ങളും ഉണ്ടാ
ക്കുമോ എന്ന് ഭയന്നതിനാൽ ഫെലിസ്ത്യർ
യിസ്രായേലുകാരെ ഇരുമ്പു സാധനങ്ങളുണ്ടാ
ക്കാനുള്ള വിദ്യ പഠിപ്പിച്ചതുമില്ല. 20ഫെലിസ്
ത്യർക്കു മാത്രമേ ഇരുമ്പായുധങ്ങൾക്കു മൂർച്ച
വരുത്താൻ കഴിഞ്ഞിരുന്നുള്ളൂ. അതിനാൽ
യിസ്രായേലുകാരെല്ലാം കലപ്പ, കൂന്താലി, മഴു,
അരിവാൾ എന്നിവയൊക്കെ മൂർച്ചപ്പെടു
ത്തേണ്ടി വരുമ്പോൾ ഫെലിസ്ത്യരെയാണ്
സമീപിച്ചിരുന്നത്. 21ഫെലിസ്ത്യയിലെ കൊ
ല്ലന്മാർ കലപ്പ, കൂന്താലി എന്നിവ മൂർച്ച
കൂട്ടുന്നതിന് മൂന്നിലൊന്ന് ഔൺസ് വെള്ളി
കൂലിയായി വാങ്ങിയിരുന്നു. കൂന്താലി, മഴു,
കാളത്തോട്ടിയുടെ ഇരുമ്പറ്റം എന്നിവ മൂർച്ച
കൂട്ടുന്നതിന് ആറിലൊന്ന് ഔൺസ് വെള്ളിയും
അവർ കൂലിയായി വാങ്ങിയിരുന്നു. 22അതി
നാൽ യുദ്ധദിവസം ശൌലിനോടൊപ്പമുണ്ടാ
യിരുന്ന യിസ്രായേൽഭടന്മാർക്കാർക്കും ഇരുമ്പു
വാളുകളോ കുന്തങ്ങളോ ഉണ്ടായിരുന്നില്ല. ശൌ
ലിനും അവന്റെ പുത്രൻ യോനാഥാനും
മാത്രമേ ഇരുമ്പായുധങ്ങൾ ഉണ്ടായിരുന്നുള്ളൂ.
23മിക്മാസിലെ ചുരത്തിൽ ഒരു സംഘം ഫെലി
സ്ത്യഭടന്മാർ കാവൽ നിന്നിരുന്നു.

ഫെലിസ്ത്യരെ യോനാഥാൻ ആക്രമിക്കുന്നു

14 അന്ന് ശൌലിന്റെ പുത്രനായ യോനാ
ഥാൻ തന്റെ ആയുധങ്ങൾ ചുമന്നിരുന്ന
യുവാവുമായി സംസാരിക്കുകയായിരുന്നു.
യോനാഥാൻ പറഞ്ഞു, “നമുക്കു താഴ്വരയുടെ
മറ്റേ വശത്തുകൂടി ഫെലിസ്ത്യപാളയത്തിലേ
ക്കു പോകാം.” എന്നാൽ യോനാഥാൻ ഇക്കാര്യം
തന്റെ പിതാവിനോടു പറഞ്ഞില്ല.
2ശൌൽ കുന്നിന്റെ അരികിലുള്ള മിഗ്രോനി
ലെ മാതളനാരകത്തിന്റെ ചുവട്ടിലിരിക്കുകയാ
യിരുന്നു. അവിടത്തെ മെതിക്കളത്തിനടുത്താ
യിരുന്നു അത്. അറുനൂറോളം പേർ ശൌലിനോ
ടൊപ്പമുണ്ടായിരുന്നു. 3അഹീയാവ് എന്നായി
രുന്നു ഒരാളുടെ പേര്. ഏലി ശീലോവിൽ
യഹോവയുടെ പുരോഹിതനായിരുന്നു. അന്ന്
അഹീയാവായിരുന്നു പുരോഹിതൻ. അഹീ
യാവ് അപ്പോൾ ഏഫോദ് ധരിച്ചിരുന്നു. ഈഖാ
ബോദിന്റെ സഹോദരനായ അഹീതൂബിന്റെ
ഒരു പുത്രനായിരുന്നു അഹീയാവ്. ഈഖാ
ബോദ് ഫീനെഹാസിന്റെ പുത്രൻ. ഫീനെ
ഹാസ് ഏലിയുടെ പുത്രൻ. യോനാഥാൻ
പോയിക്കഴിഞ്ഞിരുന്നുവെന്ന് ഭടന്മാർ മനസ്സി
ലാക്കിയില്ല.
4ചുരത്തിന്റെ ഇരുവശത്തും ഓരോ വലിയ
പാറയുണ്ടായിരുന്നു. ആ ചുരത്തിലൂടെ ഫെലി
സ്ത്യരുടെ പാളയത്തിലേക്കു പോകാനായി
രുന്നു യോനാഥാന്റെ പരിപാടി. ബോസേസ്
എന്നായിരുന്നു ഒരു വശത്തുള്ള വലിയ പാറ
യുടെ പേര്. മറ്റേ വശത്തുള്ള പാറയുടെ പേര്
സേനെ എന്നും 5ഒരു പാറ വടക്ക് മിക്മാസിനു,
ലേക്കു നോക്കി നിന്നിരുന്നു. മറ്റേത് തെക്ക്
ഗിബെയയ്ക്കും അഭിമുഖമായിരുന്നു.
6യോനാഥാൻ തന്റെ ആയുധങ്ങൾ ചുമന്നി
രുന്ന തന്റെ യുവസഹായിയോടു പറഞ്ഞു,
“വരൂ നമുക്ക് ആ വിദേശികളുടെ പാളയത്തി
ലേക്കു പോകാം. നമ്മളെ കൊണ്ടായിരിക്കാം
യഹോവ ഇവരെ തോല്പിക്കുന്നത്! യഹോവയെ
തടയാൻ ഒന്നിനുമാവില്ല. നമുക്ക് അനേകം ഭട
ന്മാരുണ്ടോ അതോ കുറച്ചു പേരെയുള്ളോ
എന്നത് പ്രശ്നമല്ല.” 7യോനാഥാന്റെ ആയുധ
ങ്ങൾ ചുമന്നിരുന്ന യുവാവ് അവനോടു പറ
ഞ്ഞു, “നല്ലതെന്ന് അങ്ങയ്ക്കു തോന്നുന്നതു
ചെയ്യൂക. ഞാൻ അങ്ങയോടൊപ്പമുണ്ട്.”
8യോനാഥാൻ പറഞ്ഞു, “നമുക്കു പോകാം!
നമുക്കു താഴ്വര കടന്ന് ആ ഫെലിസ്ത്യകാവ
ൽക്കാരുടെ അടുത്തേക്കു പോകാം. അവർ നമ്മെ
കാണുവാൻ നമുക്കനുവദിക്കാം. 9‘ഞങ്ങൾ
നിങ്ങളുടെ അടുത്തുവരും വരെ അവിടെ നിൽ
ക്കുക’ എന്നവർ നമ്മോടു പറഞ്ഞാൽ നമുക്ക്
നമ്മൾ നിൽക്കുന്നിടത്തു നിൽക്കാം. നമ്മൾ
അവരുടെ അടുത്തേക്കു പോകേണ്ട. 10‘പക്ഷേ

അതിനാൽ ... ധൈര്യപ്പെട്ടു പുരോഹിതനായ
ശമൂവേലിന്റെ സ്ഥാനത്തു നിന്ന് ബലിയർപ്പി
ക്കാൻ ശൌലിന് അവകാശമുണ്ടായിരുന്നില്ല.

ഇങ്ങോട്ടു വരൂ,' എന്ന് ആ ഫെലിസ്ത്യർ
നമ്മോടു പറഞ്ഞാൽ നമ്മൾ അവരുടെ അടു
ത്തേക്കു കയറിച്ചെല്ലണം. കാരണം അത് ദൈവ
ത്തിൽനിന്നുള്ള ഒരടയാളമായിരിക്കും. അവരെ
തോല്പിക്കാൻ യഹോവ നമ്മെ അനുവദിക്കുന്നു
എന്നാണതിനർത്ഥം."
11അതിനാൽ യോനാഥാനും അവന്റെ സഹാ
യിയും ഫെലിസ്ത്യർ കാൺകെ ചെന്നുനിന്നു.
ഫെലിസ്ത്യകാവൽക്കാർ പറഞ്ഞു, "നോക്കൂ!
എബ്രായർ അവർ ഒളിച്ചിരുന്ന ദ്വാരങ്ങളിൽ
നിന്നും ഇതാ വരുന്നു!" 12കോട്ടയിലുണ്ടായി
രുന്ന ഫെലിസ്ത്യർ യോനാഥാനോടും അവ
ന്റെ സഹായിയോടും വിളിച്ചു പറഞ്ഞു,
"ഇങ്ങോട്ട് കയറി വരിക, ഞങ്ങൾ നിങ്ങളെ
ഒരു പാഠം പഠിപ്പിക്കും!"
യോനാഥാൻ തന്റെ സഹായിയോടു പറ
ഞ്ഞു, "എനിക്കു പിന്നാലെ കുന്നു കയറുക.
ഫെലിസ്ത്യരെ തോല്പിക്കാൻ യഹോവ യിസ്രാ
യേലിനെ അനുവദിക്കുകയാണ്."
13-14അതിനാൽ യോനാഥാൻ തന്റെ കൈ
കളും കാലുകളും ഉപയോഗിച്ച് കുന്നിൻമുകളി
ലേക്കു കയറി. അവന്റെ ഭൃത്യൻ അവനു തൊട്ടു
പിന്നാലെയുണ്ടായിരുന്നു. യോനാഥാനും അവ
ന്റെ സഹായിയും ആ ഫെലിസ്ത്യരെ ആക്ര
മിച്ചു. ആദ്യത്തെ ആക്രമണത്തിൽ അവർ അര
ഏക്കർ സ്ഥലത്തിനുള്ളിൽ ഇരുപതു ഫെലി
സ്ത്യരെ കൊന്നു. മുന്നിൽ നിന്നാക്രമിച്ചവരെ
യോനാഥാൻ നേരിട്ടു. യോനാഥാന്റെ സഹാ
യി അവന് തൊട്ട് പിന്നാലെ ചെന്ന് മുറിവേ
റ്റവരെയൊക്കെ വധിച്ചു.
15യുദ്ധക്കളത്തിലും പാളയത്തിലും കോട്ടയി
ലുമുള്ള ഫെലിസ്ത്യഭടന്മാരെല്ലാം ഭയന്നു.
ധൈര്യശാലികളായ ഭടന്മാർ പോലും ഭയന്നു.
നിലം വിറയ്ക്കാൻ തുടങ്ങിയത് യഥാർത്ഥ
ത്തിൽ ഫെലിസ്ത്യഭടന്മാരെ ഭയപ്പെടുത്തി!
16ബെന്യാമീന്റെ ദേശത്തെ ഗിബെയയി
ലുള്ള ശൌലിന്റെ കാവൽക്കാർ ഫെലിസ്ത്യ
ഭടന്മാർ നാനാഭാഗത്തേക്കു ചിതറി ഓടുന്നതു
കണ്ടു. 17ശൌൽ തന്നോടൊപ്പമുണ്ടായിരുന്ന
സൈന്യത്തോടു പറഞ്ഞു, "നമ്മുടെ ആളുകളെ
എണ്ണുക. ആരാണ് പാളയം വിട്ടുപോയതെന്ന്
എനിക്കറിയണം." അവർ ആളുകളെ എണ്ണി.
യോനാഥാനും അവന്റെ സഹായിയുമാണ്
പോയത്.
18ശൌൽ അഹീയാവിനോടു പറഞ്ഞു, "ദൈ
വത്തിന്റെ വിശുദ്ധപെട്ടകം കൊണ്ടുവരിക!"
(അപ്പോൾ ദൈവത്തിന്റെ വിശുദ്ധപെട്ടകം
യിസ്രായേലുകാരോടൊപ്പമുണ്ടായിരുന്നു.)
19ശൌൽ പുരോഹിതനായ അഹീയാവിനോടു
സംസാരിക്കുകയായിരുന്നു. ശൌൽ ദൈവത്തി
ൽനിന്ന് ഉപദേശത്തിനു കാത്തിരിക്കുകയായി
രുന്നു. എന്നാൽ ഫെലിസ്ത്യപാളയത്തിലെ
ശബ്ദവും ആശയക്കുഴപ്പവും വളർന്നുവന്നു
കൊണ്ടിരുന്നു. ശൌൽ അക്ഷമനാകുകയായി
രുന്നു. അവസാനം ശൌൽ പുരോഹിതനായ
അഹീയാവിനോടു പറഞ്ഞു, "മതി! നിന്റെ
കൈ താഴ്ത്തിയിട്ടു പ്രാർത്ഥിക്കുന്നതു നിർ
ത്തുക!"
20ശൌൽ തന്റെ സൈന്യത്തെ വിളിച്ചു കൂട്ടി
യുദ്ധത്തിനു പുറപ്പെട്ടു. ഫെലിസ്ത്യഭടന്മാർ
യഥാർത്ഥത്തിൽ ആശയക്കുഴപ്പത്തിലായിരു
ന്നു! അവർ തങ്ങളുടെ വാളുകൾ കൊണ്ട് പര
സ്പരം പോരടിക്കുകപോലും ചെയ്തു. 21മുമ്പ്
ഫെലിസ്ത്യരെ സേവിച്ചിരുന്നവരും ഫെലി
സ്ത്യപാളയത്തിൽ താമസിച്ചിരുന്നവരുമായ
എബ്രായരും ഇക്കൂട്ടത്തിലുണ്ടായിരുന്നു. എന്നാ
ലിപ്പോൾ ഈ എബ്രായർ ശൌലിനോടും
യോനാഥാനോടുമൊപ്പം യിസ്രായേലുകാ
രോടു ചേർന്നു. 22എഫ്രയീമിലെ കുന്നിൻപ്രദേ
ശത്ത് ഒളിച്ചിരുന്ന യിസ്രായേലുകാർ ഫെലി
സ്ത്യഭടന്മാർ ഓടിപ്പോകുന്നുവെന്നു കേട്ടു.
അതിനാൽ ഈ യിസ്രായേലുകാരും യുദ്ധ
ത്തിൽ ചേരുകയും ഫെലിസ്ത്യരെ ഓടിക്കാൻ
തുടങ്ങുകയും ചെയ്തു.
23അങ്ങനെ യഹോവ അന്ന് യിസ്രായേ
ലിനെ രക്ഷിച്ചു. യുദ്ധം ബേത്ത്-ആവെന് അപ്പു
റത്തേക്കും പരന്നു. ശൌലിനോടൊപ്പം സൈ
ന്യം മുഴുവനുമുണ്ടായിരുന്നു- ഏകദേശം പതി
നായിരം പേർ. എഫ്രയീമിലെ മലമ്പ്രദേശത്തെ
എല്ലാ നഗരങ്ങളിലും യുദ്ധം വ്യാപിച്ചു.

ശൌൽ മറ്റൊരു വീഴ്ചകൂടി വരുത്തുന്നു

24പക്ഷേ ശൌൽ അന്നൊരു വലിയ വീഴ്ച
വരുത്തി. യിസ്രായേലുകാർക്ക് ക്ഷീണവും
വിശപ്പുമുണ്ടായി. ശൌൽ അവരെക്കൊണ്ട് ഈ
പ്രതിജ്ഞ എടുപ്പിച്ചതുകൊണ്ടാണത്. ശൌൽ
പറഞ്ഞു, "വൈകുന്നേരത്തിനു മുമ്പും ഞാൻ
ശത്രുക്കളെ മുഴുവൻ തോല്പിക്കുന്നതിനു മുമ്പും
ഭക്ഷണം കഴിക്കുന്നവൻ ശിക്ഷിക്കപ്പെടും!"
അതിനാൽ യിസ്രായേൽ ഭടന്മാരിലൊരുവനും
ഒന്നും കഴിച്ചില്ല.
25-26യുദ്ധം മൂലം ജനങ്ങൾ കാട്ടിലേക്കു
പോയി. അവിടെ അവർ ഒരു തേനട കണ്ടു.
അവർ തേനടയുടെ അടുത്തേക്കു ചെന്നെ
ങ്കിലും ഒന്നും കഴിച്ചില്ല. പ്രതിജ്ഞ ലംഘിക്കാൻ
അവർക്കു ഭയമായിരുന്നു. 27എന്നാൽ യോനാ
ഥാന് ആ പ്രതിജ്ഞയെപ്പറ്റി അറിയില്ലായി
രുന്നു. തന്റെ പിതാവ് ജനങ്ങളെക്കൊണ്ട് പ്രതി
ജ്ഞ എടുപ്പിക്കുന്നത് യോനാഥാൻ കേട്ടില്ല.
യോനാഥാന്റെ കയ്യിൽ ഒരു വടിയുണ്ടായി
രുന്നു. അവൻ വടിയുടെ തുമ്പ് തേനടയിൽ
കുത്തി കുറച്ചു തേൻ വലിച്ചെടുത്തു. അവൻ
തേൻ കുടിക്കുകയും അവന്റെ ക്ഷീണം മാറാൻ
തുടങ്ങുകയും ചെയ്തു.
28ഭടന്മാരിലൊരുവൻ യോനാഥാനോടു പറ
ഞ്ഞു, "നിന്റെ പിതാവ് ഭടന്മാരെക്കൊണ്ട് നിർ
ബന്ധിച്ച് ഒരു പ്രതിജ്ഞയെടുപ്പിച്ചിട്ടുണ്ട്.
ഇന്ന് ഭക്ഷണം കഴിക്കുന്ന ഏതൊരുവനും ശിക്ഷി
ക്കപ്പെടുമെന്നാണ് നിന്റെ പിതാവു പറഞ്ഞത്!
അതിനാലവർ ഒന്നും കഴിച്ചില്ല. അതിനാലാ
ണവർ ക്ഷീണിതരായിരിക്കുന്നത്."
29യോനാഥാൻ പറഞ്ഞു, "എന്റെ പിതാവ്
രാജ്യത്തിന് ഒരുപാടു കുഴപ്പങ്ങൾ വരുത്തി!
ഇതിലല്പം തേൻ കഴിച്ചപ്പോൾ എന്റെ സ്ഥിതി
എത്രമാത്രം മെച്ചപ്പെട്ടുവെന്ന് നോക്കുക! 30ശത്രു
ക്കളിൽനിന്നും അവരിന്നു പിടിച്ചെടുത്ത ഭക്ഷ
ണം കഴിക്കാൻ അവരെ അനുവദിച്ചിരുന്നെ
ങ്കിൽ വളരെ നന്നായിരുന്നു. നമുക്കു കൂടുതൽ
ഫെലിസ്ത്യരെ വധിക്കാൻ കഴിയുമായിരുന്നു!"
31അന്ന് യിസ്രായേലുകാർ ഫെലിസ്ത്യരെ
തോല്പിച്ചു. മിക്മാസ് മുതൽ അയ്യാലോൻ
വരെ അവർ ഫെലിസ്ത്യരോടു യുദ്ധം
ചെയ്തു. അതിനാൽ ഭടന്മാർ വളരെ ക്ഷീണിക്കു
കയും അവർക്കു നന്നായി വിശക്കുകയും
ചെയ്തു. 32അവർ ഫെലിസ്ത്യരിൽനിന്നും
ആടുകൾ, പശുക്കൾ, കിടാവുകൾ എന്നിവയെ
പിടിച്ചെടുത്തിരുന്നു. ഇപ്പോൾ യിസ്രായേലു
കാർ വല്ലാതെ വിശന്നപ്പോൾ മൃഗങ്ങളെ നില

ത്തു വച്ചുതന്നെ കൊല്ലുകയും തിന്നുകയും ചെ
യ്തു. രക്തം മുഴുവനും വാർന്നു പോകാത്ത
മാംസമാണവർ തിന്നത്!
33ഒരാൾ ശൌലിനോടു പറഞ്ഞു, “നോക്കൂ!
അവർ യഹോവയ്ക്കെതിരെ പാപം ചെയ്യുന്നു.
രക്തമുള്ള മാംസമാണവർ തിന്നുന്നത്!”
ശൌൽ പറഞ്ഞു, “നിങ്ങൾ പാപം ചെയ്തി
രിക്കുന്നു! ഇപ്പോൾ തന്നെ ഒരു വലിയ കല്ല്
ഇവിടെ ഉരുട്ടിക്കൊണ്ടു വരിക!” 34അനന്തരം
ശൌൽ പറഞ്ഞു, “ഓരോരുത്തരും അവരവരുടെ
കാളയേയും ആടിനേയും എൻെറയടുത്തു
കൊണ്ടുവരാൻ അവരോടു പോയിപ്പറയുക.
അതിനുശേഷം അവർ തങ്ങളുടെ കാളയേയും
ആടിനേയും ഇവിടെ വച്ചുതന്നെ കൊല്ലണം.
യഹോവയ്ക്കെതിരെ പാപം ചെയ്യരുത്! രക്തം
ഉള്ള മാംസം തിന്നരുത്.”
ആ രാത്രി എല്ലാവരും തങ്ങളുടെ മൃഗങ്ങളെ
കൊണ്ടുവന്ന് അവിടെ വച്ച് കൊന്നു. 35അന
ന്തരം ശൌൽ യഹോവയ്ക്കു ഒരു യാഗപീഠം
പണിതു. ശൌൽ സ്വയമാണ് യഹോവയ്ക്കുള്ള
ആ യാഗപീഠം പണിതത്!
36ശൌൽ പറഞ്ഞു, “നമുക്കിന്നു രാത്രി ഫെലി
സ്ത്യരെ പിന്തുടരാം. നമുക്ക് അവരുടെ എല്ലാ
സാധനങ്ങളും എടുക്കാം! നമുക്കവരെയെല്ലാം
വധിക്കാം!” സൈന്യം മറുപടി പറഞ്ഞു, “നല്ല
തെന്ന് അങ്ങയ്ക്കു തോന്നുന്നതു ചെയ്യുക.”
എന്നാൽ പുരോഹിതൻ പറഞ്ഞു, “നമുക്ക് ദൈ
വത്തോടു ചോദിക്കാം.”
37അതിനാൽ ശൌൽ ദൈവത്തോടു ചോദി
ച്ചു, “ഞാൻ ഫെലിസ്ത്യരെ പിന്തുടരേണ്ടതു
ണ്ടോ? ഫെലിസ്ത്യരെ തോല്പിക്കാൻ അങ്ങ്
ഞങ്ങളെ അനുവദിക്കുമോ?” എന്നാൽ അന്ന്
ദൈവം ശൌലിനു മറുപടി നൽകിയില്ല.
38അതിനാൽ ശൌൽ പറഞ്ഞു, “എല്ലാ നേതാക്ക
ന്മാരെയും എൻെറയടുത്തേക്കു കൊണ്ടുവരിക!
ആരാണിന്നു പാപം ചെയ്തതെന്നു നമ്മളറി
യട്ടെ. 39യിസ്രായേലിൻെറ രക്ഷകനായ യഹോ
വയാണെ സത്യം പാപം ചെയ്തത് എൻെറ
പുത്രനായ യോനാഥാനാണെങ്കിൽപ്പോലും
വധിക്കപ്പെടണം.” ആരും ഒരക്ഷരം പോലുമുരി
യാടിയില്ല.
40അനന്തരം ശൌൽ യിസ്രായേൽജനതയോ
ടാകെ പറഞ്ഞു, “നിങ്ങൾ ഈ വശത്തു നിൽ
ക്കുക. ഞാനും എൻെറ പുത്രൻ യോനാഥാനും
മറുവശത്തും നിൽക്കാം.” ഭടന്മാർ മറുപടി പറ
ഞ്ഞു, “പ്രഭോ, അങ്ങയുടെ ഇഷ്ടം പോലെ!”
41അനന്തരം ശൌൽ പ്രാർത്ഥിച്ചു, “യിസ്രാ
യേലിൻെറ ദൈവമാകുന്ന യഹോവേ, അങ്ങെ
ന്താണിന്ന് അങ്ങയുടെ ഭൃത്യൻെറ ചോദ്യത്തിന്
മറുപടി പറയാത്തത്? ഞാനോ എൻെറ പുത്രൻ
യോനാഥാനോ പാപം ചെയ്തിട്ടുണ്ടെങ്കിൽ
യിസ്രായേലിൻെറ ദൈവമാകുന്ന യഹോവേ
ഊറീം തരിക. യിസ്രായേൽജനതയാണു പാപം
ചെയ്തതെങ്കിൽ തുമ്മീം തരിക.” ശൌലും
യോനാഥാനും തെരഞ്ഞെടുക്കപ്പെട്ടു. യിസ്രാ
യേൽജനത സ്വതന്ത്രരാക്കപ്പെട്ടു. 42ശൌൽ പറ
ഞ്ഞു, “ഞാനാണോ എൻെറ പുത്രൻ യോനാ
ഥാനാണോ പാപം ചെയ്തത് എന്നറിയാൻ
എറിയുക.” യോനാഥാൻ തെരഞ്ഞെടുക്കപ്പെട്ടു.
43ശൌൽ യോനാഥാനോടു ചോദിച്ചു,
“പറയൂ, നീ എന്താണു ചെയ്തത്?” യോനാ
ഥാൻ ശൌലിനോടു പറഞ്ഞു, “എൻെറ വടി
യുടെ തുമ്പു കൊണ്ട് ഞാനല്പം തേൻ രുചിക്കു
കയേ ചെയ്തിട്ടുള്ളൂ. അങ്ങനെ ചെയ്തതിന്
ഞാൻ മരിക്കേണ്ടതുണ്ടോ?” 44ശൌൽ പറഞ്ഞു,
“ഞാനെൻെറ പ്രതിജ്ഞ നിറവേറ്റിയില്ലെങ്കിൽ
എന്നെ ശിക്ഷിക്കാൻ ഞാൻ ദൈവത്തോടു
പ്രാർത്ഥിക്കുന്നു! യോനാഥാൻ മരിക്കണം!”
45പക്ഷേ ഭടന്മാർ ശൌലിനോടു പറഞ്ഞു,
“യോനാഥാൻ യിസ്രായേലിനെ ഇന്ന് ഒരു മഹാ
വിജയത്തിലേക്കു നയിച്ചു. യോനാഥാൻ മരി
ക്കണമെന്നോ? ഒരിക്കലുമില്ല! യോനാഥാനെ
ആരെങ്കിലും ഉപദ്രവിക്കാനോ അവൻെറ തല
യിൽ നിന്നൊരു മുടിയിഴ താഴെ വീഴാനോ
ജീവിക്കുന്ന ദൈവമാണെ സത്യം ഞങ്ങൾ അനു
വദിക്കില്ല! ഫെലിസ്ത്യർക്കെതിരെയുള്ള ഇന്ന
ത്തെ യുദ്ധത്തിൽ ദൈവം യോനാഥാനെ
സഹായിച്ചു!” അതിനാൽ ജനങ്ങൾ യോനാ
ഥാനെ രക്ഷിച്ചു. അവനെ വധിച്ചില്ല. 46ശൌൽ
ഫെലിസ്ത്യരെ പിന്തുടർന്നില്ല. ഫെലിസ്ത്യർ
അവരുടെ സ്ഥലത്തേക്കു മടങ്ങി.

യിസ്രായേലിൻെറ ശത്രുക്കളോടു ശൌൽ ഏറ്റുമുട്ടുന്നു

47ശൌൽ യിസ്രായേലിൻെറ പൂർണ്ണനിയന്ത്ര
ണം ഏറ്റെടുക്കുകയും താനാണു രാജാവെന്നു
കാട്ടിക്കൊടുക്കുകയും ചെയ്തു. യിസ്രായേ
ലിനു ചുറ്റും വസിച്ചിരുന്ന എല്ലാ ശത്രുക്ക
ളോടും ശൌൽ യുദ്ധം ചെയ്തു. മോവാബ്,
അമ്മോന്യർ, എദോം, സോബാഹിലെ രാജാവ്,
ഫെലിസ്ത്യർ എന്നിവരോടെല്ലാം ശൌൽ
യുദ്ധം ചെയ്തു. പോയിടത്തൊക്കെ ശൌൽ
യിസ്രായേലിൻെറ ശത്രുക്കളെ തോല്പിച്ചു.
48ശൌൽ വളരെ ധൈര്യശാലിയായിരുന്നു.
യിസ്രായേലുകാരുടെ സാധനങ്ങൾ മോഷ്ടി
ക്കാൻ ശ്രമിച്ച എല്ലാ ശത്രുക്കളിൽനിന്നും ശൌൽ
യിസ്രായേലിനെ രക്ഷിച്ചു. അമാലേക്യരെ
പ്പോലും ശൌൽ തോല്പിച്ചു.
49യോനാഥാൻ, യിശ്വി, മൽക്കീശൂവാ എന്നി
വരായിരുന്നു ശൌലിൻെറ പുത്രന്മാർ. ശൌ
ലിൻെറ മൂത്തപുത്രിയുടെ പേര് മേരബ് എന്നാ
യിരുന്നു. ശൌലിൻെറ ഇളയ പുത്രിയുടെ പേര്
മീഖൾ എന്നും ആയിരുന്നു. 50അഹീനോവം
എന്നായിരുന്നു ശൌലിൻെറ ഭാര്യയുടെ പേര്.
അഹീമാസിൻെറ പുത്രിയായിരുന്നു അഹീ
നോവം. ശൌലിൻെറ ഇളയപ്പനായിരുന്ന നേരി
ൻെറ പുത്രനായ അബ്നേർ ആയിരുന്നു ശൌ
ലിൻെറ സൈന്യാധിപൻ. 51ശൌലിൻെറ
പിതാവായ കീശും അബ്നേരിൻെറ പിതാ
വായ നേരും അബീയേലിൻെറ പുത്രന്മാരായി
രുന്നു. 52ശൌൽ തൻെറ ജീവിതത്തിലുടനീളം
ധീരത കാട്ടി. ഫെലിസ്ത്യർക്കെതിരെ അവൻ
ശക്തമായി പോരടിച്ചു. ശക്തനും ധൈര്യശാ
ലിയുമായ ആരെയെങ്കിലും കണ്ടാൽ ശൌൽ
അവനെ രാജാവിനടുത്തു തങ്ങുന്ന സേനയിൽ
ചേർത്ത് അവനെ സംരക്ഷിച്ചു പോന്നു.

ശൌൽ അമാലേക്യരെ നശിപ്പിക്കുന്നു

15 ഒരു ദിവസം ശമൂവേൽ ശൌലിനോടു
പറഞ്ഞു, “യിസ്രായേൽജനതയ്ക്കുമേൽ
നിന്നെ രാജാവായി അഭിഷേകം ചെയ്യാൻ
യഹോവ എന്നെ അയച്ചതാണ്. ഇപ്പോൾ
യഹോവയുടെ സന്ദേശം ശ്രദ്ധിക്കുക. 2സർവ്വ
ശക്തനായ യഹോവ പറയുന്നു, ‘യിസ്രായേലു
കാർ ഈജിപ്തിൽനിന്നും വന്നപ്പോൾ അവർ
കനാനിലേക്കു പോകുന്നതു തടയാൻ അമാലേ
ക്യർ ശ്രമിച്ചു. അമാലേക്യർ എന്താണു ചെയ്ത
തെന്ന് ഞാൻ കണ്ടു. 3ഇപ്പോൾ പോയി അമാ

ലേക്യരോടു യുദ്ധം ചെയ്യുക. അമാലേക്യരെ
യും അവരുടെ വസ്തുവകകളെയും നിങ്ങൾ
പൂർണ്ണമായും നശിപ്പിക്കണം. ഒന്നും ജീവ
നോടെ അവശേഷിക്കരുത്. എല്ലാ സ്ത്രീപുരുഷ
ന്മാരെയും അവരുടെ കുട്ടികളെയും കൊച്ചു
കുഞ്ഞുങ്ങളെപ്പോലും വധിക്കണം. അവരുടെ
മുഴുവൻ പശുക്കളെയും ആടുകളെയും കഴുത
കളെയും ഒട്ടകങ്ങളെയും നിങ്ങൾ കൊല്ലണം.'”
4തെലായീമിൽ ശൌൽ സൈന്യത്തെ സംഘ
ടിപ്പിച്ചു. രണ്ടുലക്ഷം കാലാൾപടയും പതി
നായിരം മറ്റുള്ളവരുമുണ്ടായിരുന്നു. യെഹൂദ
യിൽനിന്നുള്ളവരും അതിലുൾപ്പെടും. 5അന
ന്തരം ശൌൽ അമാലേക്യരുടെ നഗരത്തിലേക്കു
പോകുകയും താഴ്വരയിൽ കാത്തുനിൽക്കു
കയും ചെയ്തിരുന്നു. 6ശൌൽ, കെനിയരോടു
പറഞ്ഞു, “അമാലേക്യരെ വിട്ട് ദൂരെപോകുക.
അപ്പോൾ അമാലേക്യരോടൊപ്പം നിങ്ങളെ
നശിപ്പിക്കാതിരിക്കാൻ എനിക്കു കഴിയും.
യിസ്രായേലുകാർ ഈജിപ്തിൽനിന്നും വന്ന
പ്പോൾ നിങ്ങൾ അവരോടു ദയ കാട്ടി.” അതി
നാൽ കെനിയർ അമാലേക്യരെ വിട്ടുപോയി.
7ശൌൽ അമാലേക്യരെ തോല്പിച്ചു. അവർ
അവരോടു യുദ്ധം ചെയ്ത് അവരെ ഹവീല
യിൽനിന്നും ഈജിപ്തിന്റെ അതിർത്തിയി
ലുള്ള ശൂർ വരെ ഓടിച്ചു. 8ആഗാഗ് ആയിരുന്നു
അമാലേക്യരുടെ രാജാവ്. ശൌൽ, ആഗാഗിനെ
ജീവനോടെ പിടിച്ചു. അവൻ ആഗാഗിനെ
കൊല്ലാതെ വിട്ടെങ്കിലും അമാലേക്യരിൽ അവ
ശേഷിച്ചവരെ മുഴുവനും കൊന്നു. 9എല്ലാം നശി
പ്പിക്കുന്നതു ശരിയല്ലെന്ന് ശൌലിനും യിസ്രാ
യേലുകാർക്കും തോന്നി. അതിനാലാണ് അവർ
ആഗാഗിനെ ജീവനോടെ വിട്ടത്. കൊഴുത്ത
പശുക്കളെയും നല്ല ആടുകളെയും കുഞ്ഞാടുക
ളെയും അവർ കൊന്നില്ല. പ്രയോജനമുള്ള
തെല്ലാം അവർ സൂക്ഷിച്ചുവച്ചു. അവയൊന്നും
അവർ നശിപ്പിച്ചില്ല. സൂക്ഷിച്ചതുകൊണ്ട്
യാതൊരു പ്രയോജനവുമില്ലാത്ത സാധന
ങ്ങൾ മാത്രമേ അവർ നശിപ്പിച്ചുള്ളൂ.

ശമൂവേൽ ശൌലിനോട് അവന്റെ പാപത്തെപ്പറ്റി പറയുന്നു

10അപ്പോൾ ശമൂവേലിന് യഹോവയിൽ
നിന്നും ഒരു സന്ദേശം ലഭിച്ചു. 11യഹോവ പറ
ഞ്ഞു, “ശൌൽ എന്നെ പിന്തുടരുന്നതു നിർത്തി
യിരിക്കുന്നു. അതിനാൽ ശൌലിനെ രാജാവാ
ക്കിയതിൽ ഞാൻ ദു:ഖിക്കുന്നു. ഞാൻ പറയു
ന്നതല്ല അവൻ അനുസരിക്കുന്നത്.” ശമൂവേ
ലിനു ദേഷ്യമുണ്ടായി. അവൻ രാത്രി മുഴുവൻ
കരയുകയും യഹോവയോടു പ്രാർത്ഥിക്കു
കയും ചെയ്തു.
12പിറ്റേന്ന് അതിരാവിലെ എഴുന്നേറ്റ് ശമൂ
വേൽ ശൌലിനെ കാണാൻ പോയി. എന്നാൽ
ജനങ്ങൾ ശമൂവേലിനോടു പറഞ്ഞു, “ശൌൽ
യെഹൂദയിലെ കർമ്മേൽ എന്ന സ്ഥലത്തേക്കു
പോയി. തനിക്കു തന്നെ ഒരു ബഹുമാനസ്മാര
കമായി ഒരു ശില സ്ഥാപിക്കാനാണവൻ
പോയത്. ഒരുപാടു സ്ഥലങ്ങൾ ചുറ്റിക്കറങ്ങി
യിട്ടായിരിക്കും അവൻ ഗിൽഗാലിലേക്കു
പോകുക.”
അതിനാൽ ശമൂവേൽ ശൌൽ പോയിരുന്ന
സ്ഥലത്തേക്കു പോയി. അമാലേക്യരിൽനിന്നും
താൻ പിടിച്ചെടുത്ത സാധനങ്ങളുടെ ആദ്യ
ഭാഗം അവനപ്പോൾ വഴിപാടർപ്പിച്ചതേയുള്ളൂ.
ഹോമയാഗമായിട്ടായിരുന്നു അവനതു യഹോ
വയ്ക്കർപ്പിച്ചിരുന്നത്. 13ശമൂവേൽ ശൌലിന്റെ
അടുത്തെത്തിയപ്പോൾ ശൌൽ അവനെ അഭി
വാദ്യം ചെയ്തു. ശൌൽ പറഞ്ഞു, “യഹോവ
അങ്ങയെ അനുഗ്രഹിക്കട്ടെ! യഹോവയുടെ
കല്പനകൾ ഞാൻ അനുസരിച്ചു.” 14പക്ഷേ ശമൂ
വേൽ പറഞ്ഞു, “അപ്പോൾ ഞാൻ കേൾക്കുന്ന
ആ ശബ്ദമോ? ആടുകളും പശുക്കിടാങ്ങളും
കരയുന്നതു ഞാൻ കേൾക്കുന്നല്ലോ?”
15ശൌൽ പറഞ്ഞു, “ഭടന്മാർ അവയെ അമാ
ലേക്യരിൽനിന്നും പിടിച്ചെടുത്തതാണ്. ഏറ്റ
വും മികച്ച ആടുകളെയും കന്നുകാലികളെയും
നിന്റെ ദൈവമാകുന്ന യഹോവയ്ക്ക് ഹോമ
ബലിയർപ്പിക്കാനായി രക്ഷിച്ചതാണ്. പക്ഷേ
മറ്റുള്ളതെല്ലാം ഞങ്ങൾ നശിപ്പിച്ചു.”
16ശമൂവേൽ ശൌലിനോടു പറഞ്ഞു, “നിർ
ത്ത്! കഴിഞ്ഞ രാത്രി യഹോവ എന്നോടു പറ
ഞ്ഞതെന്താണെന്നു നിനക്കു കേൾക്കണോ?”
ശൌൽ പറഞ്ഞു, “കൊള്ളാം, അവനെന്താണു
പറഞ്ഞതെന്നു പറയുക.”
17ശമൂവേൽ പറഞ്ഞു, “മുമ്പ് നീ പ്രമാണിയാ
ണെന്നു നീ കരുതിയിരുന്നില്ല. അപ്പോൾ നീ
യിസ്രായേൽഗോത്രങ്ങളുടെ നേതാവായി.
യഹോവ നിന്നെ യിസ്രായേലിനുമേൽ രാജാ
വായി തെരഞ്ഞെടുത്തു. 18ഒരു പ്രത്യേകദൌത്യ
ത്തിനു യഹോവ നിന്നെ അയച്ചു. യഹോവ
പറഞ്ഞു, ‘പോയി അമാലേക്യരെ മുഴുവൻ
നശിപ്പിക്കുക. അവർ ദുഷ്ടന്മാരാണ്. അവരെ
മുഴുവൻ നശിപ്പിക്കുക! അവർ പൂർണ്ണമായും
നശിപ്പിക്കപ്പെടുംവരെ യുദ്ധം ചെയ്യുക!’
19പക്ഷേ നീ യഹോവയെ വകവച്ചില്ല! ആ
സാധനങ്ങൾ സൂക്ഷിക്കാൻ നീ ആഗ്രഹിച്ചു.
അതിനാൽ യഹോവ തിന്മയെന്നു കല്പിച്ചത്
നീ ചെയ്തു!”
20ശൌൽ പറഞ്ഞു, “പക്ഷേ ഞാൻ യഹോ
വയെ അനുസരിച്ചല്ലോ! യഹോവ എന്നെ
അയച്ചിടത്തേക്കു ഞാൻ പോയി. അമാലേ
ക്യരെ മുഴുവൻ ഞാൻ നശിപ്പിച്ചു! അവരുടെ
രാജാവായ ആഗാഗിനെ മാത്രമേ ഞാൻ
കൊണ്ടുവന്നുള്ളൂ. 21ഭടന്മാർ ഗിൽഗാലിൽ
നിന്റെ ദൈവമാകുന്ന യഹോവയ്ക്കു ബലി
യർപ്പിക്കുന്നതിന് നല്ല ആടുകളെയും കാലിക
ളെയും കൊണ്ടുവന്നു എന്നു മാത്രം!”
22പക്ഷേ ശമൂവേൽ മറുപടി പറഞ്ഞു,
“ഹോമയാഗങ്ങളും ബലികളുമാണോ യഹോവ
യുടെ കല്പനകളനുസരിക്കുന്നതാണോ യഹോ
വയെ കൂടുതൽ സന്തുഷ്ടനാക്കുന്നത്? ദൈവ
ത്തിന് ബലികളർപ്പിക്കുന്നതിലും നല്ലത്
അവനെ അനുസരിക്കുകയാണ്. ആണാടുക
ളുടെ കൊഴുപ്പ് അർപ്പിക്കുന്നതിലും ഭേദം ദൈവ
ത്തെ ചെവിക്കൊള്ളുകയാണ്. 23നിഷേധിക്കു
ന്നത് മന്ത്രവാദത്തെക്കാൾ കൊടിയ പാപ
മാണ്. കഠിനഹൃദയനായിരിക്കുകയും തോന്നി
യതു പോലെ പ്രവർത്തിക്കുകയും ചെയ്യുന്നത്
വിഗ്രഹാരാധന പോലെയൊരു പാപമാണ്.
യഹോവയുടെ കല്പനകളനുസരിക്കാൻ നീ
വിസമ്മതിച്ചു. അതിനാൽ നിന്നെ ഇപ്പോൾ
രാജാവായി സ്വീകരിക്കാൻ യഹോവ വിസമ്മ
തിക്കുന്നു.”
24അപ്പോൾ ശൌൽ ശമൂവേലിനോടു പറ
ഞ്ഞു, “ഞാൻ പാപം ചെയ്തു. യഹോവയുടെ
കല്പനകൾ ഞാൻ അനുസരിക്കുന്നില്ല. അങ്ങ്
എന്നോടു പറഞ്ഞതുപോലെ ഞാൻ ചെയ്ത
തുമില്ല. ഞാൻ ജനങ്ങളെ ഭയക്കുകയും അവർ
ആവശ്യപ്പെട്ടതുപോലെ പ്രവർത്തിക്കുകയും

ചെയ്തു. 25ഇപ്പോൾ ഞാനങ്ങയോടപേക്ഷി
ക്കുന്നു, എൻ്റെ പാപങ്ങൾക്ക് എന്നോടു പൊറു
ത്താലും. എൻ്റെ കൂടെ വന്നാലും, അങ്ങനെ
ഞാൻ യഹോവയെ ആരാധിക്കട്ടെ."
26പക്ഷേ ശമൂവേൽ ശൌലിനോടു പറഞ്ഞു,
"ഞാൻ നിന്നോടൊപ്പം മടങ്ങിവരില്ല. യഹോ
വയുടെ കല്പനകൾ നീ നിരസിച്ചതിനാൽ
യിസ്രായേലിൻ്റെ രാജാവെന്ന നിലയിൽ
യഹോവയിപ്പോൾ നിന്നെയും നിരസിക്കുന്നു."
27ശമൂവേൽ പോകാൻ തിരിഞ്ഞപ്പോൾ
ശൌൽ അവൻ്റെ കുപ്പായത്തിൽ കയറിപ്പി
ടിച്ചു. കുപ്പായം കീറി. 28ശമൂവേൽ ശൌലി
നോടു പറഞ്ഞു, "നീ എൻ്റെ കുപ്പായം കീറി.
അതേ രീതിയിൽ യഹോവയിന്ന് നിന്നിൽ
നിന്ന് യിസ്രായേൽരാജ്യം കീറിയെടുത്തിരി
ക്കുന്നു. യഹോവ നിൻ്റെ സുഹൃത്തുക്കളിലൊ
രാൾക്കു രാജ്യം നൽകിയിരിക്കുന്നു. അയാളാണു
നിന്നേക്കാൾ ഭേദം. 29യഹോവ യിസ്രായേ
ലിൻ്റെ ദൈവമാകുന്നു. യഹോവ നിത്യനാ
കുന്നു. യഹോവ നുണ പറയുകയോ മനസ്സു
മാറുകയോ ചെയ്യില്ല. മനസ്സു മാറുന്ന ഒരു
മനുഷ്യനെപ്പോലെയല്ല യഹോവ."
30ശൌൽ മറുപടി പറഞ്ഞു, "ശരി, ഞാൻ
പാപം ചെയ്തു! പക്ഷേ ദയവു ചെയ്ത്
എന്നോടൊപ്പം തിരിച്ചുവന്നാലും. നേതാക്ക
ൾക്കും യിസ്രായേലുകാർക്കും മുമ്പിൽ വച്ച്
എന്നോടല്പം ആദരവു കാണിക്കൂ. എനിക്ക്
അങ്ങയുടെ ദൈവമാകുന്ന യഹോവയെ ആരാ
ധിക്കത്തക്കവിധം എന്നോടൊപ്പം മടങ്ങിവരൂ."
31ശമൂവേൽ ശൌലിനോടൊപ്പം മടങ്ങിപ്പോകു
കയും ശൌൽ യഹോവയെ ആരാധിക്കുകയും
ചെയ്തു.
32ശമൂവേൽ പറഞ്ഞു, "അമാലേക്യരുടെ
രാജാവായ ആഗാഗിനെ എൻ്റെ മുമ്പിലേക്കു
കൊണ്ടുവരിക." ആഗാഗ് ശമൂവേലിൻ്റെ
മുമ്പിലെത്തി. ആഗാഗിനെ ചങ്ങല കൊണ്ട്
ബന്ധിച്ചിരുന്നു. ആഗാഗ് ചിന്തിച്ചു, "തീർച്ച
യായും അവനെന്നെ വധിക്കില്ല." 33പക്ഷേ
ശമൂവേൽ ആഗാഗിനോടു പറഞ്ഞു, "നിൻ്റെ
വാൾ കുഞ്ഞുങ്ങളെ അമ്മമാരിൽനിന്നും എടു
ത്തു. അതിനാലിപ്പോൾ നിൻ്റെ അമ്മയ്ക്ക്
കുഞ്ഞുങ്ങളില്ലാതാകട്ടെ." അതിനാൽ ശമൂവേൽ
ഗിൽഗാലിൽ യഹോവയ്ക്കു മുമ്പിൽ ആഗാ
ഗിനെ കഷണങ്ങളാക്കി. 34അനന്തരം ശമൂവേൽ
അവിടെനിന്നും രാമയിലേക്കു പോയി. ശൌൽ
ഗിബെയയിലെ തൻ്റെ വസതിയിലേക്കു കയ
റിപ്പോകുകയും ചെയ്തു. 35അതിനുശേഷം ശമൂ
വേൽ തൻ്റെ ജീവിതത്തിലൊരിക്കലും ശൌ
ലിനെ കാണുകയുണ്ടായില്ല. ശൌലിൻ്റെ
കാര്യത്തിൽ ശമൂവേലിന് വളരെ ദു:ഖമു
ണ്ടായി. ശൌലിനെ യിസ്രായേലിൻ്റെ രാജാ
വാക്കിയതിൽ യഹോവയും വളരെ ദു:ഖിച്ചു.

ശമൂവേൽ ബേത്ത്ലേഹെമി ലേക്കു പോകുന്നു

16 യഹോവ ശമൂവേലിനോടു പറഞ്ഞു,
"നിനക്കു എത്രകാലം ഇങ്ങനെ ശൌലി
നെപ്പറ്റി വ്യസനമുണ്ടാകും? ശൌലിനെ യിസ്രാ
യേലിൻ്റെ രാജസ്ഥാനത്തുനിന്നും ഞാൻ തള്ളി
ക്കളഞ്ഞിരിക്കുന്നുവെന്ന് ഞാൻ നിന്നോടു പറ
ഞ്ഞശേഷവും നീ ശൌലിനെപ്പറ്റിയോർത്ത്
വ്യസനിക്കുന്നു! നിൻ്റെ കൊമ്പിൽ എണ്ണ
നിറച്ച് ബേത്ത്ലേഹെമിലേക്കു പോകുക.
യിശ്ശായി എന്നു പേരായ ഒരുവൻ്റെയടുത്തേ
ക്കാണു ഞാൻ നിന്നെ അയയ്ക്കുന്നത്. ബേത്ത്
ലേഹെമിലാണ് യിശ്ശായി താമസിക്കുന്നത്.
അവൻ്റെ പുത്രന്മാരിലൊരാളെ പുതിയ രാജാ
വാകാൻ ഞാൻ തെരഞ്ഞെടുത്തിരിക്കുന്നു."
2എന്നാൽ ശമൂവേൽ പറഞ്ഞു, "ഞാൻ
പോയാൽ ശൌൽ ആ വാർത്തയറിയും.
അപ്പോൾ അവനെന്നെ കൊല്ലാൻ ശ്രമിക്കും."
യഹോവ പറഞ്ഞു, "ബേത്ത്ലേഹെമിലേക്കു
പോവുക. ഒരു പശുക്കുട്ടിയെയും കൂടെ കൊണ്ടു
പോവുക. 'ഞാൻ യഹോവയ്ക്ക് ഒരു ബലിയർ
പ്പിക്കാൻ വന്നതാണ്.' എന്നു പറയുക. 3യിശ്ശാ
യിയെ ബലിക്കു ക്ഷണിക്കുക. അപ്പോൾ
എന്താണു ചെയ്യേണ്ടതെന്നു ഞാൻ നിനക്കു
കാണിച്ചുതരാം. ഞാൻ കാണിച്ചുതരുന്നയാളെ
നീ അഭിഷേകം ചെയ്യണം. 4യഹോവ ചെയ്യാൻ
പറഞ്ഞത് ശമൂവേൽ ചെയ്തു. ശമൂവേൽ
ബേത്ത്ലേഹെമിലേക്കു പോയി. ബേത്ത്ലേ
ഹെമിലെ നേതാക്കളായ മൂപ്പന്മാർ ഭയംകൊണ്ടു
വിറച്ചു. അവർ ശമൂവേലിനെ കണ്ടുവിറച്ചു.
അവർ അവനോടു ചോദിച്ചു, "സമാധാനത്തി
ലാണോ നിൻ്റെ വരവ്?"
5ശമൂവേൽ പറഞ്ഞു, "അതേ ഞാൻ സമാ
ധാനത്തിൽ വരുന്നു. യഹോവയ്ക്ക് ഒരു ബലി
യർപ്പിക്കാൻ ഞാൻ വരുന്നു. സ്വയം തയ്യാറെ
ടുത്ത് എന്നോടൊപ്പം ബലിക്കു വരിക." യിശ്ശാ
യിയെയും അവൻ്റെ പുത്രന്മാരെയും ശമൂ
വേൽ ഒരുക്കി. അനന്തരം ശമൂവേൽ അവരെ
വന്ന് ബലിയിൽ പങ്കുകൊള്ളാൻ ക്ഷണിച്ചു.
6യിശ്ശായിയും അവൻ്റെ പുത്രന്മാരും എത്തി
യപ്പോൾ, ശമൂവേൽ എലീയാബിനെ കണ്ടു.
ശമൂവേൽ ചിന്തിച്ചു, "യഹോവ തെരഞ്ഞെ
ടുത്തവൻ തീർച്ചയായും ഇയാളായിരിക്കും!"
7എന്നാൽ യഹോവ ശമൂവേലിനോടു പറ
ഞ്ഞു, "എലീയാബ് ഉയരമുള്ളവനും സുന്ദരനു
മാണ്. പക്ഷേ കാര്യങ്ങൾ അങ്ങനെ ചിന്തിക്ക
രുത്. മനുഷ്യൻ കാണുന്നതല്ല ദൈവം കാണു
ന്നത്. ഒരു വ്യക്തിയുടെ പുറം മാത്രമേ മനുഷ്യൻ
കാണുന്നുള്ളു. പക്ഷേ യഹോവ അവൻ്റെ ഹൃദ
യത്തിലേക്കു നോക്കുന്നു. എലീയാബല്ല ശരി
യായ വ്യക്തി."
8അനന്തരം യിശ്ശായി തൻ്റെ രണ്ടാമത്തെ
പുത്രനായ അബീനാദാബിനെ വിളിച്ചു.
അബീനാദാബ് ശമൂവേലിൻ്റെ അടുത്തു കൂടെ
പോയി. പക്ഷേ ശമൂവേൽ പറഞ്ഞു, "അല്ല,
ഇയാളല്ല യഹോവ തെരഞ്ഞെടുത്തവൻ."
9അനന്തരം ശമൂവേലിൻ്റെ അടുത്തു കൂടെ
കടന്നുപോകാൻ യിശ്ശായി ശമ്മയോടു പറ
ഞ്ഞു. പക്ഷേ ശമൂവേൽ പറഞ്ഞു, "അല്ല, ഇയാ
ളെയുമല്ല യഹോവ തെരഞ്ഞെടുത്തത്."
10തൻ്റെ പുത്രന്മാരിൽ ഏഴു പേരെയും
യിശ്ശായി ശമൂവേലിനു കാട്ടിക്കൊടുത്തു.
എന്നാൽ ശമൂവേൽ പറഞ്ഞു, "ഇവരിലാരെയു
മല്ല യഹോവ തെരഞ്ഞെടുത്തിരിക്കുന്നത്."
11അനന്തരം ശമൂവേൽ യിശ്ശായിയോടു ചോദി
ച്ചു, "നിനക്ക് ഇത്രയും പുത്രന്മാരേ ഉള്ളോ?"
യിശ്ശായി മറുപടി പറഞ്ഞു, "അല്ല എനിക്കു
മറ്റൊരു പുത്രൻ കൂടിയുണ്ട്- എൻ്റെ ഇളയ
പുത്രൻ, അവൻ ആടുകളെ പരിപാലിക്കാൻ
പുറത്തു പോയിരിക്കുന്നു." ശമൂവേൽ പറഞ്ഞു,
"അവനെ വിളിക്കുക. അവനെ ഇവിടെ
കൊണ്ടുവരിക. അവൻ എത്തുംവരെ നമ്മൾ
ആഹാരം കഴിക്കില്ല."
12തൻ്റെ ഇളയപുത്രനെ വിളിച്ചുകൊണ്ടു
വരാൻ യിശ്ശായി ചിലരെ അയച്ചു. ആ പുത്രൻ

സുന്ദരനും ചുമന്ന മുടിയുള്ളവനുമായൊരു
യുവാവായിരുന്നു. അവൻ അതീവ സുന്ദരനാ
യിരുന്നു. യഹോവ ശമൂവേലിനോടു പറഞ്ഞു,
“എഴുന്നേറ്റ് അവനെ അഭിഷേകം ചെയ്യുക.
അവനാണ് തെരഞ്ഞെടുക്കപ്പെട്ടവൻ.” 13ശമൂ
വേൽ എണ്ണ നിറച്ച കൊമ്പ് എടുത്തു. ആ
വിശുദ്ധതൈലം അവൻ യിശ്ശായിയുടെ ഇളയ
പുത്രന്റെമേൽ അവന്റെ സഹോദരന്മാർ
നോക്കി നിൽക്കവേ അഭിഷേകം ചെയ്തു.
യഹോവയുടെ ആത്മാവ് ദാവീദിന്റെമേൽ
അന്നുമുതൽ മഹാശക്തിയോടെ വന്നു. അന
ന്തരം ശമൂവേൽ രാമയിലേക്കു മടങ്ങി.

ശൌലിനെ ഒരു ദുരാത്മാവ് പീഡിപ്പിക്കുന്നു

14യഹോവയുടെ ആത്മാവ് ശൌലിനെ വിട്ടു.
അനന്തരം യഹോവ ഒരു ദുരാത്മാവിനെ
ശൌലിന്റെയടുത്തേക്കയച്ചു. അത് അവന്
വളരെ കുഴപ്പങ്ങളുണ്ടാക്കി. 15ശൌലിന്റെ ഭൃത്യ
ന്മാർ അവനോടു പറഞ്ഞു, “ദൈവത്തിൽ
നിന്നൊരു ദുരാത്മാവ് നിന്നെ ബാധിച്ചിരി
ക്കുന്നു. 16കിന്നരം വായിക്കാൻ കഴിയുന്ന
ഒരാളെ കണ്ടുപിടിക്കാൻ ഞങ്ങൾക്കു കല്പന
തന്നാലും. യഹോവയിൽനിന്നുള്ള ദുരാത്മാവ്
അങ്ങയുടെ അടുത്തു വന്നാൽ അയാൾ അങ്ങ
യ്ക്കായി ഗാനമാലപിക്കും. അപ്പോൾ ദുരാ
ത്മാവ് അങ്ങയെ വിട്ടുപോവുകയും അങ്ങയ്ക്കു
സുഖം തോന്നുകയും ചെയ്യും.”
17അതിനാൽ ശൌൽ തന്റെ ഭൃത്യന്മാരോടു
പറഞ്ഞു, “നന്നായി കിന്നരം വായിക്കുന്ന
ഒരാളെ കണ്ടുപിടിച്ച് എന്റെയടുത്തു കൊണ്ടു
വരിക.”
18ഭൃത്യന്മാരിൽ ഒരുവൻ പറഞ്ഞു, “ബേത്ത്
ലേഹെമിൽ യിശ്ശായി എന്നൊരാൾ വസിക്കു
ന്നുണ്ട്. യിശ്ശായിയുടെ പുത്രനെ ഞാൻ കണ്ടു.
അവന് കിന്നരം വായിക്കാൻ നന്നായിട്ടറിയാം.
അവൻ വളരെ ധൈര്യശാലിയും നല്ലൊരു
യോദ്ധാവും കൂടിയാണ്. അവൻ വാക്ചാതുര്യ
മുള്ളവനും സുന്ദരനുമാണ്. യഹോവയും അവ
നോടൊപ്പമുണ്ട്.” 19അതിനാൽ ശൌൽ യിശ്ശാ
യിയുടെ അടുത്തേക്കു ദൂതന്മാരെ അയച്ചു.
അവർ യിശ്ശായിയോടു പറഞ്ഞു, “അങ്ങയ്ക്ക്
ദാവീദ് എന്നൊരു പുത്രനുണ്ടല്ലോ. അങ്ങയുടെ
ആടുകളെ മേയ്ക്കുന്നവൻ. അവനെ ഞങ്ങളോ
ടൊപ്പമയയ്ക്കുക.”
20അതിനാൽ യിശ്ശായി, ശൌലിന് ഏതാനും
സമ്മാനങ്ങൾ സംഘടിപ്പിച്ചു. ഒരു കഴുതയെ
യും കുറെ അപ്പവും ഒരു കുപ്പി വീഞ്ഞും ഒരു
കുഞ്ഞാടും യിശ്ശായി സംഘടിപ്പിച്ചു. ആ
സാധനങ്ങളും ഏല്പിച്ച് ദാവീദിനെ യിശ്ശായി
ശൌലിന്റെ അടുത്തേക്കു അയച്ചു. 21അങ്ങനെ
ദാവീദ് ശൌലിന്റെയടുത്തെത്തി അവന്റെ
മുമ്പിൽ നിന്നു. ശൌൽ ദാവീദിനെ വളരെ
സ്നേഹിച്ചു. ദാവീദ് ശൌലിന്റെ ആയുധ
ങ്ങളേന്തുന്ന സഹായിയായി. 22ശൌൽ യിശ്ശാ
യിയ്ക്ക് ഒരു സന്ദേശമയച്ചു, “ദാവീദ് എന്നോ
ടൊപ്പം നിന്ന് എന്നെ സേവിക്കട്ടെ. ഞാന
വനെ വളരെ സ്നേഹിക്കുന്നു.”
23ദൈവത്തിൽനിന്നുള്ള ദുരാത്മാവ് ശൌലി
ന്റെമേൽ വന്നപ്പോഴൊക്കെ ദാവീദ് തന്റെ
കിന്നരമെടുത്തു വായിച്ചിരുന്നു. ദുരാത്മാവ്
ശൌലിനെ വിട്ടുപോവുകയും അയാൾക്കു
സുഖം തോന്നുകയും ചെയ്തിരുന്നു.

യിസ്രായേലിനെ ഗോല്യാത്ത് വെല്ലുവിളിക്കുന്നു

17 ഫെലിസ്ത്യർ തങ്ങളുടെ സേനകളെ
യുദ്ധത്തിനായി വിളിച്ചുകൂട്ടി. അവർ
സോഖോവിൽ ഒത്തുകൂടി. അവർ സോഖോ
വിനും അസേക്കെയ്ക്കും ഇടയിൽ ഏഫെസ്
ദമ്മീം എന്ന സ്ഥലത്ത് പാളയമടിച്ചു.
2ശൌലും യിസ്രായേൽഭടന്മാരും സംഘടിച്ചു.
ഏലാതാഴ്വരയിലായിരുന്നു അവരുടെ പാള
യം. ശൌലിന്റെ ഭടന്മാർ വരിവരിയായി നിന്ന്
ഫെലിസ്ത്യരോടു യുദ്ധത്തിനു തയ്യാറായി.
3ഫെലിസ്ത്യർ ഒരു കുന്നിൻ മുകളിലായിരുന്നു.
യിസ്രായേലുകാർ മറ്റൊരു കുന്നിൻമുകളിലും.
അവയ്ക്കിടയിലായിരുന്നു താഴ്വര.
4ഫെലിസ്ത്യർക്ക് ഗൊല്യാത്ത് എന്നു
പേരായ ഒരു മല്ലനുണ്ടായിരുന്നു. ഗഥുകാരനാ
യിരുന്നു ഗൊല്യാത്ത്. ഗൊല്യാത്തിന് ഒൻപ
തടിയിലധികം ഉയരമുണ്ടായിരുന്നു. ഗൊല്യാ
ത്ത് ഫെലിസ്ത്യപാളയത്തിൽനിന്നും ഇറങ്ങി
വന്നു. 5അവന്റെ തലയിൽ ഓടുകൊണ്ടുള്ള
ഒരു ശിരസ്ത്രമുണ്ടായിരുന്നു. മീനിന്റെ ചെതു
മ്പലുകൾ പോലെ നിർമ്മിച്ച ഒരു ഓട്ടുകവചം
അയാൾ ധരിച്ചിരുന്നു. അതിന് നൂറ്റിയിരുപ
ത്തഞ്ചു പൌണ്ട് തൂക്കമുണ്ടായിരുന്നു. 6ഓട്ടു
കാൽച്ചട്ടകളും ഗൊല്യാത്ത് ധരിച്ചിരുന്നു. അവ
ന്റെ പിന്നിൽ ഓടു കൊണ്ടുള്ള ഒരു വേൽ
കെട്ടിയിരുന്നു. 7ഗൊല്യാത്തിന്റെ കുന്തത്തി
ന്റെ കൈപ്പിടി നെയ്ത്തുതടിക്കു തുല്യം വലു
പ്പമുള്ളതായിരുന്നു. കുന്തമുനയ്ക്ക് പതിനഞ്ചു
പൌണ്ട് ഭാരമുണ്ടായിരുന്നു. ഗൊല്യാത്തിന്റെ
സഹായി ഗൊല്യാത്തിന്റെ പരിചയുമെടു
ത്തുകൊണ്ട് അവനു മുമ്പേ നടന്നിരുന്നു.
8ഓരോ ദിവസവും ഗൊല്യാത്ത് പുറത്തു
വന്ന് യിസ്രായേൽഭടന്മാരെ വെല്ലുവിളിക്കുമാ
യിരുന്നു. അവൻ പറയുമായിരുന്നു, “നിങ്ങളെ
ല്ലാവരുമെന്തിനാണു യുദ്ധത്തിനൊരുങ്ങി വരി
യായി നിൽക്കുന്നത്? നിങ്ങൾ ശൌലിന്റെ
ദാസന്മാർ. ഞാനൊരു ഫെലിസ്ത്യൻ. അതി
നാൽ ഒരാളെ തെരഞ്ഞെടുത്ത് എനിക്കെതിരെ
മല്ലിനയയ്ക്കുക. 9അയാൾ എന്നെ വധിച്ചാൽ
ഞങ്ങൾ ഫെലിസ്ത്യർ നിങ്ങളുടെ അടിമക
ളാകും. പക്ഷേ ഞാൻ നിങ്ങളുടെ ആളെ കൊ
ന്നാൽ, അതായത് ഞാൻ ജയിച്ചാൽ നിങ്ങൾ
ഞങ്ങളുടെ അടിമകളാകുകയും ചെയ്യും.
നിങ്ങൾ ഞങ്ങളെ സേവിക്കേണ്ടി വരും!”
10ഫെലിസ്ത്യൻ ഇത്രയും കൂടി പറഞ്ഞു,
“ഇന്നു ഞാൻ യിസ്രായേൽസൈന്യത്തെ
പരിഹസിക്കുന്നു. നിങ്ങളിൽ നിന്നൊരുവനെ
എന്റെ അടുത്തയച്ച് പോരുനടത്താൻ നിങ്ങ
ളെ ഞാൻ വെല്ലുവിളിക്കുന്നു!” 11ഗൊല്യാത്തു
പറഞ്ഞതൊക്കെ ശൌലും യിസ്രായേൽഭടന്മാ
രും കേട്ടു. അവർ വളരെ ഭയക്കുകയും ചെയ്
തിരുന്നു.

ദാവീദ് യുദ്ധമുന്നണിയിലേക്കു പോകുന്നു

12യിശ്ശായിയുടെ പുത്രനായിരുന്നു ദാവീദ്.
യെഹൂദയിലെ ബേത്ത്ലേഹെമിലെ എഫ്രാത്യ
കുടുംബക്കാരനായിരുന്നു യിശ്ശായി. യിശ്ശാ
യിക്ക് എട്ടു പുത്രന്മാരുണ്ടായിരുന്നു. ശൌലി
ന്റെ കാലത്ത് യിശ്ശായി ഒരു വൃദ്ധനായിരുന്നു.
13യിശ്ശായിയുടെ മൂത്ത മൂന്നു പുത്രന്മാർ
ശൌലിനോടൊപ്പം യുദ്ധത്തിനു പോയിരുന്നു.

എലീയാബായിരുന്നു മൂത്ത പുത്രൻ. രണ്ടാ
മത്തെ പുത്രൻ അബീനാദാബും. ശമ്മാ ആയി
രുന്നു മൂന്നാമത്തെ പുത്രൻ. 14ദാവീദായിരുന്നു
ഇളയ പുത്രൻ. മൂത്ത മൂന്നു പുത്രന്മാരും ശൌ
ലിൻെറ സൈന്യത്തിലായിരുന്നു. 15പക്ഷേ
ദാവീദ് ബേത്ത്‌ലേഹെമിൽ തൻെറ പിതാ
വിൻെറ ആടുകളെ നോക്കാൻ കാലാകാലങ്ങ
ളിൽ ശൌലിനെ വിട്ടു പോയും വന്നുമിരുന്നു.
16എല്ലാ പ്രഭാതത്തിലും സായാഹ്നത്തിലും
ഫെലിസ്ത്യനായ ഗൊല്യാത്ത് പുറത്തുവന്ന്
യിസ്രായേൽസൈന്യത്തിൻെറ മുമ്പിൽ നിന്നി
രുന്നു. ഇങ്ങനെ നാല്പതു ദിവസം ഗൊല്യാത്ത്
യിസ്രായേൽസേനയെ പരിഹസിച്ചു.
17ഒരു ദിവസം യിശ്ശായി, തൻെറ പുത്രനായ
ദാവീദിനോടു പറഞ്ഞു, "മലരു നിറച്ച ഈ
കൂടയും പത്ത് അപ്പക്കഷണങ്ങളുമെടുത്ത് പാള
യത്തിലുള്ള നിൻെറ സഹോദരന്മാരുടെയടു
ത്തേക്കു പോവുക. 18ഈ പത്തു കഷണം പാൽ
ക്കട്ടികളുമെടുത്ത് സഹോദരന്മാരെ നയിക്കുന്ന
സഹസ്രാധിപനു കൊണ്ടുകൊടുക്കുക. നിൻെറ
സഹോദരന്മാർക്കു സുഖമാണോയെന്നു നോ
ക്കുക. നിൻെറ സഹോദരന്മാർ ശരിയായതു
ചെയ്യുന്നുണ്ടോ എന്നതിനു തെളിവു കൊണ്ടു
വരിക. 19നിൻെറ സഹോദരന്മാർ, ശൌലി
നോടും യിസ്രായേൽഭടന്മാരോടുമൊപ്പം ഏലാ
യിലെ താഴ്‌വരയിലാണ്. ഫെലിസ്ത്യരോടു
യുദ്ധം ചെയ്യാനാണവർ അവിടെ പോയിരിക്കു
ന്നത്."
20അതിരാവിലെ തന്നെ, ആടുകളെ നോക്കു
ന്ന ചുമതല ദാവീദ് മറ്റൊരു ഇടയനെ ഏല്പിച്ചു.
ഭക്ഷണമെടുത്ത് യിശ്ശായി പറഞ്ഞതുപോലെ
ദാവീദ് പുറപ്പെട്ടു. ദാവീദ് അവരുടെ വാഹനം
പാളയത്തിലേക്കോടിച്ചു. ദാവീദെത്തിയ
പ്പോൾ ഭടന്മാർ തങ്ങളുടെ യുദ്ധസ്ഥാനങ്ങളി
ലേക്കു പുറപ്പെടുകയായിരുന്നു. അവർ പോർ
വിളി നടത്തുകയായിരുന്നു. 21യിസ്രായേലു
കാരും ഫെലിസ്ത്യരും യുദ്ധത്തിനടുത്തു.
22കലവറ സൂക്ഷിപ്പുകാരെ ഭക്ഷണം ഏല്പിച്ച
ശേഷം ദാവീദു പുറപ്പെട്ടു. ദാവീദ് യിസ്രാ
യേൽഭടന്മാരുടെയടുത്തേക്കോടി. അവൻ
തൻെറ സഹോദരന്മാരെപ്പറ്റി അന്വേഷിച്ചു.
23അവൻ തൻെറ സഹോദരന്മാരോടു സംസാരി
ക്കാൻ തുടങ്ങി.
അപ്പോൾ ഗഥിൽനിന്നുള്ള മല്ലനായ ഗൊല്യാ
ത്ത് എന്ന ഫെലിസ്ത്യൻ ഫെലിസ്ത്യസൈ
ന്യത്തിൽനിന്നും പുറത്തു വന്നു. ഗൊല്യാത്ത്
പതിവു പോലെ യിസ്രായേലിനെതിരെ
ആക്രോശിച്ചു. അവൻ പറഞ്ഞത് ദാവീദു
കേട്ടു. 24ഗൊല്യാത്തിനെ കണ്ട യിസ്രായേൽ
ഭടന്മാർ ഓടിപ്പോയി. അവർക്കെല്ലാം ഗൊല്യാ
ത്തിനെ ഭയമായിരുന്നു.
25യിസ്രായേലുകാരിൽ ഒരുവൻ പറഞ്ഞു,
"അവനെ നീ കാണുന്നില്ലേ? അവനെ നോക്ക്!
ഗൊല്യാത്ത് പുറത്തുവന്ന് യിസ്രായേലുകാരെ
വീണ്ടും വീണ്ടും പരിഹസിക്കുന്നു. അവനെ
കൊല്ലുന്നവന് ധാരാളം സമ്പത്തു ലഭിക്കും!
ശൌൽ രാജാവ് അവനു ധാരാളം പണം നൽ
കും. ഗൊല്യാത്തിനെ കൊല്ലുന്നവന് ശൌൽ
തൻെറ പുത്രിയെ വിവാഹം കഴിച്ചു കൊടു
ക്കുകയും ചെയ്യും. അയാളുടെ കുടുംബത്തെ
ശൌൽ യിസ്രായേലിൽ സ്വതന്ത്രരാക്കുകയും
ചെയ്യും."
26ദാവീദ് തനിക്കടുത്തു നിന്നയാളോടു
ചോദിച്ചു, "അവനെന്താണു പറഞ്ഞത്? ഈ
ഫെലിസ്ത്യനെ കൊന്ന് യിസ്രായേലിൻെറ
അപമാനം നീക്കുന്നവന് എന്താണു സമ്മാനം?
ആരാണ് ഈ ഗൊല്യാത്ത്? അവൻ പരിച്ഛേ
ദനം ഏറ്റിട്ടില്ലാത്ത ഒരു ഫെലിസ്ത്യൻ മാത്രം.
ജീവിക്കുന്ന ദൈവത്തിൻെറ സൈന്യത്തിനെ
തിരെ തനിക്കു സംസാരിക്കാനാകുമെന്ന് അവ
നെന്തു കൊണ്ടാണു കരുതുന്നത്?"
27അതിനാൽ ആ യിസ്രായേലുകാരൻ
ഗൊല്യാത്തിനെ കൊന്നാൽ ലഭിക്കുന്ന പ്രതി
ഫലത്തെപ്പറ്റി ദാവീദിനു പറഞ്ഞു കൊടുത്തു.
28ദാവീദ് ഭടന്മാരുമായി സംസാരിക്കുന്നത് ദാവീ
ദിൻെറ മൂത്തസഹോദരൻ എലീയാബ് കേട്ടു.
എലീയാബിന് കോപമുണ്ടായി. എലീയാബ്
ദാവീദിനോടു ചോദിച്ചു, "നീയെന്തിനാണ്
ഇവിടെ വന്നത്? മരുഭൂമിയിൽ ആടുകളെ
നോക്കാൻ നീ ആരെയാണ് ഏല്പിച്ചത്? നീയെ
ന്തിനാണിവിടെ വന്നതെന്ന് എനിക്കറിയാം.
നിന്നോടു ചെയ്യാൻ പറഞ്ഞതു ചെയ്യാൻ
നിനക്കു താല്പര്യമില്ല. യുദ്ധം കാണാൻ വേണ്ടി
മാത്രമാണ് നീ ഇവിടെ വന്നത്!"
29ദാവീദു പറഞ്ഞു, "ഞാനിപ്പോൾ എന്താണു
ചെയ്തത്? ഞാൻ തെറ്റൊന്നും ചെയ്തില്ല!
ഞാൻ വെറുതേ സംസാരിക്കുകയായിരുന്നു."
30ദാവീദ് മറ്റു ചിലരുടെ നേരെ തിരിഞ്ഞും
ഇതേ ചോദ്യങ്ങൾ ചോദിച്ചു. അവർ ദാവീ
ദിന് മുമ്പത്തെ മറുപടി തന്നെ നൽകി.
31ദാവീദ് സംസാരിക്കുന്നത് ചിലർ കേട്ടു.
അവർ ദാവീദിനെ ശൌലിൻെറയടുത്തേക്കു
കൊണ്ടുപോകുകയും ദാവീദു പറഞ്ഞത് അവ
നോടു പറയുകയും ചെയ്തു. 32ദാവീദ് ശൌലി
നോടു പറഞ്ഞു, "ഗൊല്യാത്ത് അവരെ നിരു
ത്സാഹപ്പെടുത്തുവാൻ അനുവദിക്കരുത്. ഞാൻ
അങ്ങയുടെ ഭൃത്യൻ. ഫെലിസ്ത്യനോടു പോര
ടിക്കാൻ ഞാൻ പോകാം!"
33ശൌൽ മറുപടി പറഞ്ഞു, "നിനക്കു
പോയി ആ ഫെലിസ്ത്യനായ ഗൊല്യാത്തി
നോടു യുദ്ധം ചെയ്യാൻ പറ്റില്ല. നീ ഒരു ഭടൻ
പോലുമല്ല. കുട്ടിക്കാലം മുതൽക്കേ യുദ്ധം
ചെയ്യുന്നവനാണു ഗൊല്യാത്ത്."
34എന്നാൽ ദാവീദ് ശൌലിനോടു പറഞ്ഞു,
"അങ്ങയുടെ ഭൃത്യനായ ഞാൻ എൻെറ പിതാ
വിൻെറ ആടുകളെ പരിപാലിക്കുകയായി
രുന്നു. ഒരു സിംഹവും കരടിയും വന്ന് ആട്ടിൻ
പറ്റത്തിൽനിന്ന് ഓരോ ആടുകളെ പിടിച്ചു
കൊണ്ടുപോയി. 35ആ വന്യമൃഗത്തെ ഞാൻ
പിന്തുടർന്നു. അതിനെ ആക്രമിച്ച് ഞാൻ അതി
ൻെറ വായിൽനിന്നും ആടിനെ പിടിച്ചെടു ത്തു.
മൃഗം എൻെറമേൽ ചാടിവീണെങ്കിലും ഞാനതി
ൻെറ താടിക്കു പിടിച്ചു. എന്നിട്ട് അതിനെ
അടിച്ചു കൊന്നു. 36ഒരു സിംഹത്തെയും ഒരു
കരടിയെയും ഞാൻ കൊന്നു. അവയപ്പോലെ
തന്നെ വിദേശിയായ ആ ഗൊല്യത്തിനെയും
ഞാൻ കൊല്ലും. ജീവിക്കുന്ന ദൈവത്തിൻെറ
സൈന്യത്തെ പരിഹസിച്ചതിനാൽ ഗൊല്യാ
ത്ത് മരിക്കും. 37സിംഹത്തിൽനിന്നും കരടിയിൽ
നിന്നും യഹോവയാണ് എന്നെ രക്ഷിച്ചത്. ഈ
ഫെലിസ്ത്യനിൽനിന്നും യഹോവ എന്നെ
രക്ഷിക്കും."
ശൌൽ ദാവീദിനോടു പറഞ്ഞു, "പോകൂ,
യഹോവ നിന്നോടൊപ്പമായിരിക്കട്ടെ."
38ശൌൽ തൻെറ സ്വന്തം വസ്ത്രങ്ങൾ ദാവീ
ദിനെ അണിയിച്ചു. ശൌൽ ഒരു ഓട്ടുശിരസ്ത്രം
ദാവീദിൻെറ തലയിൽ ചാർത്തുകയും ഓടു
കൊണ്ടുള്ള ഒരു അങ്കി അവനെ അണിയിക്കുക

യും ചെയ്തു. 39വാളും ധരിച്ച് ദാവീദ് ചുറ്റും
നടന്നു നോക്കി. ശൌലിന്റെ വസ്ത്രാദികള
ണിഞ്ഞു നടക്കാൻ ശ്രമിച്ച ദാവീദിന് അതിനു
കഴിഞ്ഞില്ല. ആ ഭാരിച്ച വസ്തുക്കൾ അവന്
അപരിചിതമായിരുന്നു.
ദാവീദ് ശൌലിനോടു പറഞ്ഞു, "ഇവ
യൊക്കെ ധരിച്ചുകൊണ്ട് യുദ്ധം ചെയ്യാൻ എനി
ക്കു കഴിയില്ല. ഇവ എനിക്കു ശീലമുള്ളവയല്ല."
അതിനാൽ ദാവീദ് അതെല്ലാം ഊരി മാറ്റി.
40ജലപ്രവാഹത്തിൽനിന്നും മിനുസമുള്ള
അഞ്ചു കല്ലുകളെടുക്കുന്നതിന് ദാവീദ് തന്റെ
ഊന്നുവടിയുമായി പുറപ്പെട്ടു. ആ കല്ലുകൾ
അവൻ തന്റെ ആട്ടിടയസഞ്ചിയിലിടുകയും
തന്റെ തെറ്റാലി കയ്യിലെടുക്കുകയും ചെയ്തു
അനന്തരം അവൻ ഫെലിസ്ത്യനെ കാണാൻ
പോയി.

ദാവീദ് ഗൊല്യാത്തിനെ വധിക്കുന്നു

41ഫെലിസ്ത്യനായ ഗൊല്യാത്ത് മെല്ലെ നട
ന്ന് ദാവീദിനോടടുത്തു. ഗൊല്യാത്തിന്റെ കവ
ചവാഹകൻ അവനു മുമ്പെ നടക്കുന്നുണ്ടായി
രുന്നു. 42ഗൊല്യാത്ത് ദാവീദിനെ നോക്കി ചിരി
ച്ചു. ദാവീദ് സുന്ദരനും ചുവന്ന മുടിയുള്ളവു
ന്നുമായ ഒരു യുവാവു മാത്രം. 43ഗൊല്യാത്ത്
ദാവീദിനോടു പറഞ്ഞു, "ആ വടി എന്തിനാ
ണ്? ഒരു പട്ടിയെപ്പോലെ എന്നെ ഓടിക്കാ
നാണോ നീ വന്നത്?" അനന്തരം ഗൊല്യാത്ത്
തന്റെ ദേവന്മാരോടു ദാവീദിനെ ശപിക്കാൻ
പ്രാർത്ഥിച്ചു. 44ഗൊല്യാത്ത് ദാവീദിനോടു പറ
ഞ്ഞു, "വരൂ, നിന്റെ ശരീരം ഞാൻ പക്ഷിക
ൾക്കും കാട്ടുമൃഗങ്ങൾക്കും തിന്നാൻ കൊടുക്കു
ന്നുണ്ട്!"
45ദാവീദ് ഗൊല്യാത്തിനോടു പറഞ്ഞു, "നീ
എനിക്കെതിരെ വാള്, കുന്തം, വേൽ എന്നിവയു
മായി വരുന്നു, പക്ഷേ ഞാൻ സർവ്വശക്ത
നായ യഹോവയുടെ, യിസ്രായേൽസൈന്യ
ത്തിന്റെ ദൈവമാകുന്ന യഹോവയുടെ നാമ
ത്തിൽ വരുന്നു! നീ അവനെതിരെ നിന്റെ
അനാദരവു മുഴുവൻ പ്രകടിപ്പിച്ചതുകൊണ്ട്
46ഇന്ന് നിന്നെ തോല്പിക്കാൻ യഹോവ എന്നെ
അനുവദിക്കും! ഞാൻ നിന്നെ കൊല്ലും. ഇന്നു
ഞാൻ നിന്റെ തല അരിയുകയും നിന്റെ
ശരീരത്തെ പക്ഷികൾക്കും കാട്ടു മൃഗങ്ങൾക്കും
ഭക്ഷണമാക്കുകയും ചെയ്യുന്നുണ്ട്. എല്ലാ ഫെലി
സ്ത്യരോടും ഞങ്ങൾ അതു തന്നെ ചെയ്യും.
അപ്പോൾ യിസ്രായേലിൽ ഒരു ദൈവമുള്ള
തായി ലോകം മുഴുവൻ അറിയും! 47ജനങ്ങളെ
രക്ഷിക്കാൻ യഹോവയ്ക്ക് വാളോ കുന്തമോ
വേണ്ടെന്ന് ജനങ്ങൾ കാണും. യുദ്ധം യഹോവ
യുടേതാണ്! നിങ്ങൾ ഫെലിസ്ത്യരെ മുഴുവൻ
തോല്പിക്കാൻ യഹോവ ഞങ്ങളെ സഹായിക്കു
കയും ചെയ്യും!"
48ഫെലിസ്ത്യനായ ഗൊല്യാത്ത് ദാവീദിനെ
ആക്രമിക്കാൻ എഴുന്നേറ്റു. ഗൊല്യാത്ത് മെല്ലെ
അടുത്തടുത്തു വന്നു. അപ്പോൾ ദാവീദ്
ഗൊല്യാത്തിന്റെ അടുത്തേക്കോടി. 49തന്റെ
സഞ്ചിയിൽനിന്നും ദാവീദ് ഒരു കല്ലെടുത്തു.
അത് തന്റെ കവണയിൽ വച്ച് തെറ്റിച്ചു. കല്ല്
കവണയിൽനിന്നും പറന്ന് ഗൊല്യാത്തിന്റെ
നെറ്റിയിൽ പതിച്ചു. കല്ല് അവന്റെ തലയിലേ
ക്കാഴ്ന്നിറങ്ങുകയും ഗൊല്യാത്ത് നിലത്ത് മുഖ
മടിച്ചു വീഴുകയും ചെയ്തു.
50അങ്ങനെ ദാവീദ് ഒരു കവണയും ഒരു കല്ലും
മാത്രമുപയോഗിച്ച് ഫെലിസ്ത്യനെ പരാജയ
പ്പെടുത്തി! അവൻ ഫെലിസ്ത്യനെ അടിച്ചു
കൊന്നു. ദാവീദിന് ഒരു വാളുപോലുമുണ്ടായി
രുന്നില്ല! 51അതിനാൽ അവൻ ഓടി ഫെലി
സ്ത്യന്റെ അടുത്തു ചെന്ന് ഗൊല്യാത്തിന്റെ
തന്നെ വാൾ അവന്റെ വാളുറയിൽനിന്നും
എടുത്ത് അവന്റെ തല വെട്ടിമാറ്റി. അങ്ങനെ
യാണ് ദാവീദ് ആ ഫെലിസ്ത്യനെ വധിച്ചത്.
തങ്ങളുടെ നേതാവ് മരിച്ചെന്നു കണ്ടപ്പോൾ
മറ്റു ഫെലിസ്ത്യർ തിരിഞ്ഞോടി. 52യിസ്രായേ
ലിന്റെയും യെഹൂദയുടെയും ഭടന്മാർ ആക്രോ
ശിച്ചുകൊണ്ട് ഫെലിസ്ത്യരെ പിന്തുടർന്നു.
ഗത്തിന്റെ നഗരാതിർത്തി വരെയും എക്രോ
നിന്റെ കവാടം വരെയും യിസ്രായേലുകാർ
ഫെലിസ്ത്യരെ ഓടിച്ചു. ഫെലിസ്ത്യരില
ധികം പേരെയും അവർ വധിച്ചു. ഗത്തിലേക്കും
എക്രോനിലേക്കുമുള്ള ശയരയീം മാർഗ്ഗത്തിലൂ
ടെ അവരുടെ മൃതശരീരങ്ങൾ ചിതറിക്കിടന്നു.
53ഫെലിസ്ത്യരെ ഓടിച്ചതിനുശേഷം ഫെലി
സ്ത്യരുടെ പാളയത്തിലേക്കു മടങ്ങി വന്ന
യിസ്രായേലുകാർ അവിടെ നിന്നും അനേകം
സാധനങ്ങളെടുത്തു. 54ഫെലിസ്ത്യന്റെ തല
ദാവീദ് യെരൂശലേമിലേക്കു കൊണ്ടുപോയി.
ഫെലിസ്ത്യന്റെ ആയുധങ്ങൾ ദാവീദ് കൈ
വശം വയ്ക്കുകയും അവ തന്റെ സ്വന്തം കൂടാര
ത്തിൽ തന്നെ വയ്ക്കുകയും ചെയ്തു.

ശൌൽ ദാവീദിനെ ഭയന്നു തുടങ്ങുന്നു

55ദാവീദ് ഗൊല്യാത്തിനെ നേരിടാൻ പോകു
ന്നത് ശൌൽ നിരീക്ഷിച്ചു. ശൌൽ തന്റെ സൈ
ന്യാധിപനായ അബ്നേരിനോടു സംസാരിച്ചു.
"അബ്നേർ, ആരാണ് ആ ചെറുപ്പക്കാരന്റെ
പിതാവ്?" അബ്നേർ മറുപടി പറഞ്ഞു, "തീർ
ച്ചയായും എനിക്കറിയില്ല പ്രഭോ." 56ശൌൽ
രാജാവു പറഞ്ഞു, "ആ യുവാവിന്റെ പിതാ
വാരാണെന്നു കണ്ടുപിടിക്കുക."
57ഗൊല്യാത്തിനെ കൊന്നതിനുശേഷം
ദാവീദ് എത്തിയപ്പോൾ അബ്നേർ അവനെ
ശൌലിന്റെയടുത്തേക്കു കൊണ്ടുവന്നു. ദാവീദ്
അപ്പോഴും ഫെലിസ്ത്യന്റെ തല കയ്യിലേന്തി
യിരുന്നു. 58ശൌൽ അവനോടു ചോദിച്ചു,
"യുവാവേ, ആരാണ് നിന്റെ പിതാവ്?" ദാവീദ്
മറുപടി പറഞ്ഞു, "അങ്ങയുടെ ദാസ നായ
ബേത്ത്ലേഹെംകാരനായ യിശ്ശായി യുടെ
പുത്രനാണു ഞാൻ."

ദാവീദും യോനാഥാനും ഉറ്റ ചങ്ങാതിമാരാകുന്നു

18 ദാവീദും ശൌലുമായുള്ള സംഭാഷണം
അവസാനിച്ചപ്പോൾ യോനാഥാന് ദാവീ
ദിനോടു വളരെ അടുപ്പമുണ്ടായി. തന്നെത്ത
ന്നെയെന്നപോലെ യോനാഥാൻ ദാവീദിനെ
സ്നേഹിച്ചു.
2ആ ദിവസം മുതൽ ശൌൽ ദാവീദിനെ
തന്നോടൊപ്പം താമസിപ്പിച്ചു. ദാവീദിനെ
തന്റെ പിതാവിന്റെയടുത്തേക്കു മടങ്ങിപ്പോ
കാൻ ശൌൽ അനുവദിച്ചില്ല. 3യോനാഥാൻ
ദാവീദിനെ വളരെയധികം സ്നേഹിച്ചു.
യോനാഥാൻ ദാവീദുമായി ഒരു കരാറുണ്ടാക്കി.
4താൻ ധരിച്ചിരുന്ന മേലങ്കി അഴിച്ച് യോനാ
ഥാൻ ദാവീദിനു നൽകി. തന്റെ പടച്ചട്ടയും
യോനാഥാൻ ദാവീദിനു കൊടുത്തു. തന്റെ
വില്ല്, വാള്, അരപ്പട്ട എന്നിവ പോലും യോനാ
ഥാൻ ദാവീദിനു നൽകി.

ദാവീദിന്റെ വിജയം ശൌൽ ശ്രദ്ധിക്കുന്നു

5പലപല യുദ്ധങ്ങളിൽ പങ്കെടുക്കാൻ
ശൌൽ ദാവീദിനെ അയച്ചു. ദാവീദ് വളരെ
വിജയിയുമായി. അനന്തരം ശൌൽ ദാവീദിനെ
ഭടന്മാരുടെ ചുമതലക്കാരനാക്കി. ഇത് ശൌലി
ന്റെ ഉദ്യോഗസ്ഥന്മാരടക്കം എല്ലാവരെയും
സന്തുഷ്ടരാക്കി! 6ദാവീദ് ഫെലിസ്ത്യർക്കെ
തിരെയുള്ള യുദ്ധത്തിനു പോയി. യുദ്ധാന
ന്തരം അവൻ മടങ്ങിവരവെ, യിസ്രായേലിലെ
എല്ലാ നഗരങ്ങളിലുമുള്ള സ്ത്രീകൾ ദാവീദി
നെ കാണാനിറങ്ങി വന്നു. അവർ ചിരിക്കുക
യും നൃത്തം വയ്ക്കുകയും ചെണ്ട കൊട്ടുകയും
കിന്നരം വായിക്കുകയും ചെയ്തു. ശൌലിന്റെ
തൊട്ടുമുമ്പിൽ വച്ചാണ് അവരിതു ചെയ്തത്!
7സ്ത്രീകൾ പാടി,

“ശൌൽ ആയിരം ശത്രുക്കളെ കൊന്നു.
എന്നാൽ ദാവീദ് പതിനായിരം ശത്രുക്കളെ
കൊന്നു!”

8സ്ത്രീകളുടെ ഗാനം ശൌലിനെ കോപാകു
ലനാക്കി. “ദാവീദ് പതിനായിരക്കണക്കിനു
ശത്രുക്കളെ കൊന്നെന്നും ഞാൻ ആയിരക്കണ
ക്കിനു ശത്രുക്കളെയേ കൊന്നുള്ളൂവെന്നും അവർ
പറയുന്നു. രാജത്വത്തിലുപരി മറ്റെന്താണിനി
ദാവീദിനു ലഭിക്കുക?” എന്ന് ശൌൽ സ്വയം
കരുതി.
9അതിനാൽ അന്നു മുതൽ ശൌൽ ദാവീ
ദിനെ വളരെ സൂക്ഷ്മതയോടെ നിരീക്ഷിച്ചു.

ശൌൽ ദാവീദിനെ ഭയക്കുന്നു

10പിറ്റേന്ന് ദൈവത്തിൽനിന്നുള്ള ഒരു ദുരാ
ത്മാവ് ശൌലിന്റെ നിയന്ത്രണം ഏറ്റെടുത്തു.
ശൌൽ തന്റെ ഭവനത്തിൽ ഉന്മാദാവസ്ഥയി
ലായി. ദാവീദ് പതിവുപോലെ തന്റെ കിന്നരം
വായിച്ചു. 11പക്ഷേ ശൌലിന്റെ കയ്യിൽ ഒരു
കുന്തമുണ്ടായിരുന്നു. ശൌൽ ചിന്തിച്ചു, “ദാവീ
ദിനെ ഞാൻ ഭിത്തിയോടു ചേർത്ത് തറയ്ക്കും.”
ശൌൽ രണ്ടു തവണ കുന്തം എറിഞ്ഞു. പക്ഷേ
രണ്ടു പ്രാവശ്യവും ദാവീദ് രക്ഷപ്പെട്ടു.
12യഹോവ ദാവീദിനോടൊപ്പമായിരുന്നു.
യഹോവ ശൌലിനെ വിട്ടു പോവുകയും
ചെയ്തു. അതിനാൽ ശൌൽ ദാവീദിനെ
ഭയന്നു. 13ശൌൽ ദാവീദിനെ തന്നിൽ നിന്നും
അകറ്റി. ശൌൽ ദാവീദിനെ ഒരു സഹസ്രാധി
പനാക്കി. ദാവീദ് യുദ്ധത്തിൽ സൈന്യത്തെ
നയിച്ചു. 14യഹോവ ദാവീദിനോടൊപ്പമായി
രുന്നു. അതിനാൽ ദാവീദ് എല്ലാക്കാര്യങ്ങളിലും
വിജയം വരിച്ചു. 15ദാവീദ് വിജയിയാകുന്നത്
ശൌൽ കണ്ടു. ശൌൽ ദാവീദിനെ കൂടുതൽ
കൂടുതൽ ഭയന്നു തുടങ്ങുകയും ചെയ്തു.
16പക്ഷേ യിസ്രായേലിലും യെഹൂദയിലു
മുള്ള എല്ലാവരും ദാവീദിനെ സ്നേഹിച്ചു.
അവൻ അവരെ യുദ്ധത്തിൽ നയിക്കുകയും
അവരോടൊപ്പം യുദ്ധം ചെയ്യുകയും ചെയ്ത
തിനാലാണ് അവരവനെ ഇഷ്ടപ്പെട്ടത്.

ശൌൽ തന്റെ പുത്രിയെക്കൊണ്ട് ദാവീദിനെ വിവാഹം കഴിപ്പിക്കാൻ ആഗ്രഹിക്കുന്നു

17പക്ഷേ ദാവീദിനെ കൊല്ലാൻ ശൌൽ ആഗ്ര
ഹിച്ചു. അതിനാൽ ദാവീദിനെ കുരുക്കാൻ
ശൌൽ ഒരു തന്ത്രം ആലോചിച്ചു. ശൌൽ
ദാവീദിനോടു പറഞ്ഞു, “ഇതാ എന്റെ മൂത്ത
പുത്രിയായ മേരബ്. അവളെ വിവാഹം കഴി
ക്കാൻ ഞാൻ നിന്നെ അനുവദിക്കാം. അപ്പോൾ
നിനക്കൊരു ശക്തനായ ഭടനായിത്തീരാം. നീ
എനിക്കൊരു പുത്രനെപ്പോലെയായിത്തീരും!”
അതൊരു തന്ത്രമായിരുന്നു. “ഇപ്പോൾ ഞാൻ
ദാവീദിനെ വധിക്കില്ല. എനിക്കുവേണ്ടി ഫെലി
സ്ത്യർ അവനെ വധിക്കട്ടെ” എന്നായിരുന്നു
ശൌലിന്റെ ഉള്ളിലിരിപ്പ്.
18എന്നാൽ ദാവീദു പറഞ്ഞു, “എനിക്കു
കുടുംബമഹിമയില്ല! ഞാനും അത്ര പ്രമാണി
യൊന്നുമല്ല! രാജപുത്രിയെ വിവാഹം കഴി
ക്കാൻ എനിക്കാവില്ല.” 19അതിനാൽ ശൌലി
ന്റെ പുത്രിയായ മേരബിനെ ദാവീദിനു
കൊടുക്കേണ്ടിയിരുന്ന നേരത്ത്, ശൌൽ
അവളെ മെഹോലാക്കാരനായ അദ്രിയേലിനു
വിവാഹം കഴിച്ചുകൊടുത്തു. 20ശൌലിന്റെ
മറ്റൊരു പുത്രിയായ മീഖൾ ദാവീദിനെ സ്നേ
ഹിച്ചു. മീഖൾ ദാവീദിനെ സ്നേഹിക്കുന്ന
കാര്യം ജനങ്ങൾ ശൌലിനോടു പറഞ്ഞു. അത്
ശൌലിനെ സന്തോഷിപ്പിച്ചു. 21“മീഖളിനെ
ഉപയോഗിച്ചു ഞാൻ ദാവീദിനെ കുരുക്കും.
ദാവീദിനെ വിവാഹം കഴിക്കാൻ ഞാൻ മീഖ
ളിനെ അനുവദിക്കും. അനന്തരം ഫെലിസ്ത്യർ
അവനെ വധിക്കും” എന്ന് ശൌൽ കരുതി. അതി
നാൽ ശൌൽ രണ്ടാം തവണ ദാവീദിനോടു
പറഞ്ഞു, “നിനക്കിന്നു തന്നെ എന്റെ
പുത്രിയെ വിവാഹം കഴിക്കാം.”
22ശൌൽ തന്റെ ഉദ്യോഗസ്ഥന്മാർക്ക് ഒരു
ഉത്തരവ് നൽകി. ശൌൽ അവരോടു പറഞ്ഞു,
“ദാവീദിനോടു സ്വകാര്യ സംഭാഷണം നട
ത്തുക. അവനോടു പറയുക, ‘നോക്കൂ രാജാവ്
നിന്നെ ഇഷ്ടപ്പെടുന്നു. അവന്റെ ഉദ്യോഗ
സ്ഥന്മാരും നിന്നെ ഇഷ്ടപ്പെടുന്നു. നീ അവ
ന്റെ പുത്രിയെ വിവാഹം കഴിക്കണം.’”
23ശൌലിന്റെ ഉദ്യോഗസ്ഥന്മാർ അക്കാര്യ
ങ്ങൾ ദാവീദിനോടു പറഞ്ഞു. എന്നാൽ ദാവീദ്
മറുപടി പറഞ്ഞു, “രാജാവിന്റെ ജാമാതാവാ
കുക എന്നത് എളുപ്പമാണെന്നാണോ നിങ്ങൾ
കരുതുന്നത്? രാജാവിനു പെൺപണം നൽകാ
നുള്ളത്ര ധനം എനിക്കില്ല. ഞാൻ ഒരു പാവ
പ്പെട്ട സാധാരണക്കാരൻ മാത്രം.”
24ശൌലിന്റെ ഉദ്യോഗസ്ഥന്മാർ ദാവീദ്
എന്താണു പറഞ്ഞതെന്ന് ശൌലിനോടു പറ
ഞ്ഞു, 25ശൌൽ അവരോടു പറഞ്ഞു, “അവനോ
ടിങ്ങനെ പറയുക, ‘ദാവീദേ, രാജാവ് നിന്നോടു
പെൺപണം ആവശ്യപ്പെടുന്നില്ല! ശത്രുക്കളോ
ടുള്ള ജയമാണവനു വേണ്ടത്. അതിനാൽ
അവന്റെ പുത്രിയെ വിവാഹം കഴിക്കാനുള്ള
പെൺപണം നൂറു ഫെലിസ്ത്യരുടെ അഗ്രചർ
മ്മമാണ്.’” ശൌലിന്റെ രഹസ്യപദ്ധതിയായി
രുന്നു അത്. ഫെലിസ്ത്യർ ദാവീദിനെ വധിച്ചു
കൊള്ളുമെന്ന് ശൌൽ കരുതി.
26ശൌലിന്റെ ഉദ്യോഗസ്ഥന്മാർ അക്കാര്യ
മെല്ലാം ദാവീദിനോടു പറഞ്ഞു. രാജാവിന്റെ
ജാമാതാവാകുകയെന്ന ആശയം ഇഷ്ടപ്പെട്ടതി
നാൽ ദാവീദ് അടിയന്തിരമായി ചിലതു
ചെയ്തു. 27ദാവീദും അവന്റെയാളുകളും
ഫെലിസ്ത്യരോടു യുദ്ധം ചെയ്യാൻ ഇറങ്ങി
പുറപ്പെട്ടു. അവർ ഇരുന്നൂറു ഫെലിസ്ത്യരെ
വധിച്ചു. ദാവീദ് ഫെലിസ്ത്യരുടെ അഗ്രചർമ്മ
മെടുത്ത് ശൌലിനു സമർപ്പിച്ചു. രാജാവിന്റെ
ജാമാതാവാകുന്നതിനു വേണ്ടിയാണ് ദാവീദ്
അതു ചെയ്തത്.

തൻെറ പുത്രിയായ മീഖളിനെ വിവാഹം
കഴിക്കാൻ ദാവീദിനെ അനുവദിച്ചു. **28**യഹോവ
ദാവീദിനോടൊപ്പമായിരുന്നുവെന്ന് ശൌൽ
മനസ്സിലാക്കി. തൻെറ പുത്രിയായ മീഖൾ ദാവീ
ദിനെ സ്നേഹിച്ചിരുന്നുവെന്നും ശൌൽ മന
സ്സിലാക്കി. **29**അതിനാൽ ശൌൽ ദാവീദിനെ
കൂറേക്കൂടി ഭയപ്പെടുകയാണുണ്ടായത്. അപ്പോ
ഴൊക്കെ ശൌൽ ദാവീദിനെതിരായിരുന്നു.
30ഫെലിസ്ത്യസേനാനായകന്മാർ തുടർന്നും
യിസ്രായേലിനെ ആക്രമിച്ചു. പക്ഷേ
എപ്പോഴും ദാവീദ് അവരെ പരാജയപ്പെടുത്തി.
ശൌലിൻെറ ഏറ്റവും വിജയിയായ ഉദ്യോഗ
സ്ഥനായിരുന്നു ദാവീദ്! ദാവീദ് പ്രസിദ്ധനാ
കുകയും ചെയ്തു.

യോനാഥാൻ ദാവീദിനെ സഹായിക്കുന്നു

19 ശൌൽ തൻെറ പുത്രനായ യോനാഥാ
നോടും തൻെറ ഉദ്യോഗസ്ഥന്മാരോടും
ദാവീദിനെ കൊല്ലാൻ കല്പിച്ചു. എന്നാൽ
യോനാഥാൻ ദാവീദിനെ വളരെ അധികം
ഇഷ്ടപ്പെട്ടിരുന്നു. **2-3**യോനാഥാൻ ദാവീദിനു
മുന്നറിയിപ്പു കൊടുത്തു, "സൂക്ഷിച്ചിരിക്കുക!
നിന്നെ വധിക്കാൻ ഒരവസരം പാർത്തിരിക്കുക
യാണ് ശൌൽ. പ്രഭാതത്തിൽ വയലിലേക്കു
പോയി ഒളിച്ചിരിക്കുക. വയലിൽ ഞാനെൻെറ
പിതാവുമായി ഇറങ്ങിവരാം. നീ ഒളിച്ചിരി
ക്കുന്നിടത്ത് ഞങ്ങൾ വന്നു നിൽക്കാം. ഞാനെ
ൻെറ പിതാവുമായി നിന്നെപ്പറ്റി സംസാ
രിക്കാം. എന്നിട്ട് നിന്നെപ്പറ്റി ഞാൻ മനസ്സി
ലാക്കുന്നതു ഞാൻ പറയാം."
4യോനാഥാൻ തൻെറ പിതാവായ ശൌലു
മായി സംസാരിച്ചു. യോനാഥാൻ ദാവീദിനെ
പ്പറ്റി നല്ലതു പറഞ്ഞു. യോനാഥാൻ പറഞ്ഞു,
"അങ്ങു രാജാവാകുന്നു. ദാവീദ് അങ്ങയുടെ
ഭൃത്യനും. ദാവീദ് അങ്ങയോടു തെറ്റൊന്നും
ചെയ്തില്ല. അതിനാൽ അവനോടു തെറ്റൊന്നും
ചെയ്യരുത്. അങ്ങയോടു ദാവീദ് എന്നും നല്ലതേ
ചെയ്തിട്ടുള്ളൂ. **5**ഫെലിസ്ത്യനായ ഗൊല്യാ
ത്തിനെ വധിച്ചപ്പോൾ അവൻ സ്വന്തം ജീവൻ
പണയപ്പെടുത്തുകയായിരുന്നു. യിസ്രായേ
ലിനു മുഴുവനുമായി യഹോവ ഒരു മഹാവി
ജയം നേടി. അങ്ങ് അതു കാണുകയും സന്തോ
ഷിക്കുകയും ചെയ്തു. ദാവീദിനെ അങ്ങെന്തി
നാണ് ഉപദ്രവിക്കുന്നത്? അവൻ നിഷ്കളങ്ക
നാണ് അവനെ കൊല്ലാൻ ഒരു കാരണവുമില്ല!"
6ശൌൽ യോനാഥാനെ ശ്രവിച്ചു. ശൌൽ
ഒരു പ്രതിജ്ഞ ചെയ്തു. ശൌൽ പറഞ്ഞു,
"യഹോവ ജീവിക്കുന്നതുപോലെ സത്യമായും
ദാവീദിനെ കൊല്ലാനനുവദിക്കില്ല." **7**അതി
നാൽ യോനാഥാൻ ദാവീദിനെ വിളിച്ച് സംസാ
രിച്ച കാര്യങ്ങളെല്ലാം പറഞ്ഞു. അനന്തരം
യോനാഥാൻ ദാവീദിനെ ശൌലിൻെറയടുത്തേ
ക്കു കൊണ്ടുചെന്നു. അങ്ങനെ ദാവീദ് പഴയതു
പോലെ ശൌലിനോടൊപ്പമായി.

ശൌൽ ദാവീദിനെ കൊല്ലാൻ വീണ്ടും ശ്രമിക്കുന്നു

8യുദ്ധം വീണ്ടും ആരംഭിക്കുകയും ദാവീദ്
ഫെലിസ്ത്യരോടേറ്റുമുട്ടാൻ പോവുകയും
ചെയ്തു. ദാവീദ് ഫെലിസ്ത്യരെ തോല്പിക്കു
കയും അവർ ഓടിപ്പോവുകയും ചെയ്തു.
9പക്ഷേ യഹോവയിൽനിന്ന് ഒരു ദുരാത്മാവ്
ശൌലിൻെറമേൽ വന്നു. ശൌൽ തൻെറ വീട്ടി
ലിരിക്കുകയായിരുന്നു. ശൌലിൻെറ കയ്യിൽ
അവൻെറ കുന്തമുണ്ടായിരുന്നു. ദാവീദ് തൻെറ
കിന്നരം വായിക്കുകയായിരുന്നു. **10**തൻെറ
കുന്തം ദാവീദിൻെറ മേൽ എറിഞ്ഞ് ദാവീ
ദിൻെറ ശരീരത്തെ ഭിത്തിയിൽ തറയ്ക്കാൻ
ശൌൽ ശ്രമിച്ചു. പക്ഷേ ദാവീദ് ഒഴിഞ്ഞുമാറി.
കുന്തം ദാവീദിൽനിന്നു തെറ്റി ഭിത്തിയിൽ
തറച്ചു. അന്നുരാത്രി ദാവീദ് ഓടിയകന്നു.
11ശൌൽ ദാവീദിൻെറ വീട്ടിലേക്കു ആൾ
ക്കാരെ അയച്ചു. അവർ ദാവീദിൻെറ വീട്
നിരീക്ഷിച്ചു. അവർ രാത്രി മുഴുവൻ അവിടെ
തങ്ങി. പ്രഭാതത്തിൽ ദാവീദിനെ വധിക്കാൻ
കാത്തുനിൽക്കുകയായിരുന്നു അവർ. എന്നാൽ
ദാവീദിൻെറ പത്നി മീഖൾ അവനു മുന്നറി
യിപ്പു കൊടുത്തു. അവൾ പറഞ്ഞു, "അങ്ങ്
ഇന്നു രാത്രി തന്നെ ഓടിപ്പോയി ജീവൻ രക്ഷി
ക്കണം. അല്ലാത്ത പക്ഷം നാളെ അങ്ങ് കൊല്ല
പ്പെടും." **12**അനന്തരം മീഖൾ ദാവീദിനെ ജനാല
യിലൂടെ താഴേക്കിറക്കി, ദാവീദ് രക്ഷപ്പെട്ട് ഓടി
പ്പോയി. **13**മീഖൾ പരദേവതാവിഗ്രഹമെടുത്ത്
അതിന്മേൽ വസ്ത്രങ്ങളിട്ടു. എന്നിട്ട് ആ പ്രതിമ
അവൾ കിടക്കയിലിട്ടു. അതിൻെറ തലയിൽ
അവൾ ആട്ടിൻ രോമവും എടുത്തുവച്ചു.
14ദാവീദിനെ തടവുകാരനായി പിടിക്കുന്ന
തിന് ശൌൽ ദൂതന്മാരെ വിട്ടു. എന്നാൽ മീഖൾ
പറഞ്ഞു, "ദാവീദിനു സുഖമില്ല." **15**ദൂതന്മാർ
മടങ്ങിച്ചെന്ന് ശൌലിനോടക്കാര്യം പറഞ്ഞു
വെങ്കിലും ശൌൽ അവരെ മടക്കി അയച്ചു.
ശൌൽ അവരോടു പറഞ്ഞു, "ദാവീദിനെ
കൊണ്ടുവരിക. നിങ്ങൾക്കാകുമെങ്കിൽ അവ
നെ കട്ടിലോടെ എടുത്തുകൊണ്ടുവരണം! അവ
നെ ഞാൻ കൊല്ലും." **16**ദൂതന്മാർ ദാവീദിൻെറ
വീട്ടിലേക്കു പോയി. അവർ ദാവീദിനെ പിടി
ക്കാൻ അകത്തേക്കു കയറിയെങ്കിലും അവിടെ
ഒരു പ്രതിമ കിടക്കുന്നതായാണവർ കണ്ടത്.
അതിൻെറ മുടി വെറും ആട്ടിൻ രോമമാണെന്നും
അവർ കണ്ടു.
17ശൌൽ മീഖളിനോടു പറഞ്ഞു, "എന്തി
നാണ് നീയെന്നെ ഇങ്ങനെ ചതിച്ചത്? എൻെറ
ശത്രുവിനെ രക്ഷപ്പെടാൻ നീ അനുവദിച്ചു!
ദാവീദ് ഓടിപ്പോയി!" മീഖൾ മറുപടി പറഞ്ഞു,
"രക്ഷപ്പെടാൻ ഞാൻ അനുവദിച്ചില്ലെങ്കിൽ
എന്നെ കൊല്ലുമെന്ന് അവൻ പറഞ്ഞു!"

ദാവീദ് രാമയിലെ പാളയങ്ങളിലേക്കു പോകുന്നു

18ദാവീദ് രക്ഷപ്പെട്ട് രാമയിൽ ശമൂവേലി
ൻെറയടുത്തേക്ക് ഓടിപ്പോയി. ശൌൽ
തന്നോടു ചെയ്ത കാര്യങ്ങളൊക്കെ ദാവീദ്
ശമൂവേലിനോടു പറഞ്ഞു. അനന്തരം ദാവീദും
ശമൂവേലും പ്രവാചകന്മാർ താമസിക്കുന്ന
പാളയങ്ങളിലേക്കു പോയി. ദാവീദ് അവിടെ
തങ്ങി.
19ദാവീദ് രാമയ്ക്കടുത്തുള്ള പാളയങ്ങളിലു
ണ്ടെന്ന് ശൌൽ കേട്ടു. **20**ദാവീദിനെ പിടി
കൂടാൻ ശൌൽ ആളുകളെ അയച്ചു. എന്നാൽ
അവർ പാളയത്തിലെത്തിയപ്പോൾ ഒരു സംഘം
പ്രവാചകന്മാർ പ്രവചിക്കുന്നുണ്ടായിരുന്നു.
ശമൂവേൽ അവിടെനിന്ന് ആ സംഘത്തെ
നയിക്കുകയായിരുന്നു. ദൈവത്തിൻെറ
ആത്മാവ് ശൌലിൻെറ ദൂതന്മാരുടെമേൽ
വരികയും അവർ പ്രവചിക്കാൻ ആരംഭിക്കു
കയും ചെയ്തു.
21ഇതേപ്പറ്റി കേട്ട ശൌൽ മറ്റു ദൂതന്മാരെ
അയച്ചു. പക്ഷേ അവരും പ്രവചനം നടത്താൻ

തുടങ്ങി. അതിനാൽ ശൌൽ മൂന്നാമതൊരു
സംഘം ദൂതന്മാരെക്കൂടി അയച്ചു. അവരും പ്രവ
ചിക്കാൻ തുടങ്ങി. 22ഒടുവിൽ ശൌൽ സ്വയം
രാമയിലേക്കു പോയി. ശൌൽ സേക്കൂവിലുള്ള
മെതിക്കളത്തിനടുത്തുള്ള വലിയ കിണറ്റിലേക്കു
വന്നു. ശൌൽ ചോദിച്ചു, “ശമൂവേലും ദാവീദും
എവിടെ?”

ജനങ്ങൾ മറുപടി പറഞ്ഞു, “രാമയ്ക്കടു
ത്തുള്ള പാളയങ്ങളിൽ.” 23അനന്തരം ശൌൽ
രാമയ്ക്കടുത്തുള്ള പാളയങ്ങളിലേക്കു പോയി.
ദൈവത്തിന്റെ ആത്മാവ് ശൌലിനെ ബാധി
ക്കുകയും അവൻ പ്രവചനം ആരംഭിക്കുകയും
ചെയ്തു. രാമയിലെ പാളയങ്ങളിലേക്കുള്ള
വഴിയിൽ ശൌൽ കൂടുതൽ കൂടുതൽ പ്രവ
ചനം നടത്തി. 24അനന്തരം ശൌൽ തന്റെ
വസ്ത്രങ്ങളൂരി. ശമൂവേലിന്റെ മുമ്പിലും
ശൌൽ പ്രവചിച്ചു. രാത്രി മുഴുവൻ അവൻ
അവിടെ നഗ്നനായി കിടന്നു. അതിനാലാണ്
“ശൌലും പ്രവാചകന്മാരിലൊരാളായോ?”
എന്ന് ജനങ്ങൾ ചോദിക്കുന്നത്.

ദാവീദും യോനാഥാനും ഒരു കരാറുണ്ടാക്കുന്നു

20 ദാവീദ് രാമയ്ക്കടുത്തുള്ള പാളയങ്ങളിൽ
നിന്നും ഓടിപ്പോയി. ദാവീദ് യോനാഥാ
ന്റെ അടുത്തെത്തി അവനോടു ചോദിച്ചു,
“ഞാനെന്തു തെറ്റാണു ചെയ്തത്? എന്താണെ
ന്റെ കുറ്റം? നിന്റെ പിതാവ് എന്തുകൊണ്ടാ
ണെന്നെ കൊല്ലാൻ ശ്രമിക്കുന്നത്?”

2യോനാഥാൻ മറുപടി പറഞ്ഞു, “അത്
അസംഭവ്യമാണ്! എന്റെ പിതാവ് നിന്നെ
കൊല്ലാൻ ശ്രമിക്കുന്നില്ല! ആദ്യം എന്നോടു പറ
യാതെ എന്റെ പിതാവ് ഒന്നും ചെയ്യില്ല. അതു
പ്രധാനപ്പെട്ടതോ വെറും ചെറിയ കാര്യങ്ങളോ
ആകട്ടെ, എന്റെ പിതാവ് എല്ലായ്പ്പോഴും
അവ എന്നോടു പറയാറുണ്ട്. പിന്നെ നിന്നെ
കൊല്ലുന്ന കാര്യം എന്നോടു പറയാൻ അദ്ദേഹം
എന്തുകൊണ്ട് മടിക്കുന്നു? ഇല്ല, അങ്ങനെയുണ്ടാ
വില്ല!”

3എന്നാൽ ദാവീദു പറഞ്ഞു, “ഞാൻ നിന്റെ
സുഹൃത്താണെന്ന് നിന്റെ പിതാവിനു നന്നാ
യറിയാം. നിന്റെ അപ്പൻ സ്വയം പറഞ്ഞു,
‘യോനാഥാൻ ഇതേപ്പറ്റി അറിയാനിടയായാൽ
അവന്റെ മനസ്സ് വ്യസനം കൊണ്ടു നിറയു
കയും അവൻ ദാവീദിനോടു പറയുകയും
ചെയ്യും.’ പക്ഷേ ഞാൻ മരണത്തോടടുത്തുവെ
ന്നത് നിന്നെപ്പോലെയും ജീവിക്കുന്ന യഹോ
വയെപ്പോലെയും സത്യമാണ്!” 4യോനാഥാൻ
ദാവീദിനോടു പറഞ്ഞു, “നീ എന്നോടു
ചെയ്യാൻ പറയുന്നതെന്തും ഞാൻ ചെയ്യാം.”

5അനന്തരം ദാവീദു പറഞ്ഞു, “നോക്കൂ, നാളെ
യാണ് അമാവാസിസദ്യ. ഞാൻ രാജാവിനോ
ടൊപ്പം ആഹാരം കഴിക്കേണ്ടവനാണ്. പക്ഷേ
ഞാൻ വൈകുന്നേരം വരെ വയലിൽ ഒളിച്ചിരി
ക്കട്ടെ. 6ഞാൻ പോയതായി നിന്റെ പിതാവ്
കണ്ടാൽ അദ്ദേഹത്തോടു പറയുക, ‘ദാവീദ്
ബേത്ത്ലേഹെമിലെ വസതിയിലേക്കു പോ
കാൻ ആഗ്രഹിക്കുന്നു. അവന്റെ കുടുംബത്തിന്
ഈ മാസബലിയുടെ സദ്യയുണ്ട്. താൻ താഴെ
തന്റെ കുടുംബത്തോടൊപ്പം ചേരാൻ ബേത്ത്
ലേഹെമിലേക്കു പോകട്ടേയെന്ന് ദാവീദ്
എന്നോടു ചോദിച്ചിരുന്നു.’ 7നിന്റെ പിതാവ്,
‘ശരി’ എന്നു പറഞ്ഞാൽ ഞാൻ സുരക്ഷിത
നാണ്. പക്ഷേ നിന്റെ പിതാവിന് കോപമു
ണ്ടായാൽ അദ്ദേഹം എന്നെ ഉപദ്രവിക്കാൻ
പോവുകയാണെന്നു നിനക്കുറപ്പിക്കാം. 8യോ
നാഥാനേ, എന്നോടു ദയയുണ്ടാകണേ. ഞാൻ
നിന്റെ ഭൃത്യനാണ്. നീ യഹോവയ്ക്കു മുമ്പിൽ
എന്നോടു ഒരു കരാറുണ്ടാക്കിയിട്ടുണ്ട്. ഞാൻ
കുറ്റവാളിയാണെങ്കിൽ നീ നേരിട്ട് എന്നെ
വധിക്കുക! പക്ഷേ എന്നെ നിന്റെ പിതാവി
ന്റെയടുത്തേക്കു കൊണ്ടുപോകരുത്.”

9യോനാഥാൻ മറുപടി പറഞ്ഞു, “ഇല്ല ഒരിക്ക
ലുമില്ല! എന്റെ പിതാവ് നിന്നെ ഉപദ്രവി
ക്കാൻ പരിപാടിയിട്ടാൽ ഞാൻ നിനക്കു മുന്ന
റിയിപ്പ് നൽകാം.” 10ദാവീദു പറഞ്ഞു, “എനി
ക്കെതിരെ നിന്റെ പിതാവ് നിന്നോടു പറ
ഞ്ഞാൽ ആര് എനിക്കു മുന്നറിയിപ്പ് തരും?”
11അപ്പോൾ യോനാഥാൻ പറഞ്ഞു, “വരൂ,
നമുക്കു വയലിലേക്കു പോകാം.” അതിനാൽ
യോനാഥാനും ദാവീദും വയലിലേക്കു പോയി.
12യോനാഥാൻ ദാവീദിനോടു പറഞ്ഞു,
“യിസ്രായേലിന്റെ ദൈവമാകുന്ന യഹോവ
യ്ക്കു മുമ്പിൽ ഞാൻ ഈ പ്രതിജ്ഞയെടു
ക്കുന്നു. എന്റെ പിതാവിന് നിന്നെപ്പറ്റിയുള്ള
അഭിപ്രായം ഞാനറിയും. നിന്നെപ്പറ്റി നല്ലതോ
നല്ലതല്ലാത്തതോ എന്റെ പിതാവ് ചിന്തിക്കു
ന്നത് എന്തെന്ന് ഞാനറിയും. അപ്പോൾ മൂന്നു
ദിവസത്തിനകം ഞാൻ നിന്നെ വയലിൽ വിവ
രമറിയിക്കാം. 13എന്നാൽ നിന്നെ ഉപദ്രവിക്കാ
നാണ് എന്റെ പിതാവിന് പരിപാടിയെങ്കിൽ
ഞാനതു നിന്നെ അറിയിക്കാം. നിന്നെ ഞാൻ
സുരക്ഷിതനായി അയയ്ക്കുകയും ചെയ്യാം.
ഞാനിങ്ങനെ ചെയ്യാത്ത പക്ഷം യഹോവ
എന്നെ ശിക്ഷിക്കട്ടെ. എന്റെ പിതാവിനോടൊ
പ്പമായിരുന്നതു പോലെ യഹോവ നിന്നോ
ടൊപ്പവുമായിരിക്കട്ടെ. 14ഞാൻ ജീവിക്കുന്നത്ര
കാലം എന്നോടു കാരുണ്യം കാട്ടുക. ഞാൻ
മരിച്ചതിനു ശേഷം, 15എന്റെ കുടുംബത്തോടു
കരുണ കാട്ടുന്നത് നീ ഒരിക്കലും അവസാനി
പ്പിക്കരുത്. യഹോവ നിന്റെ ശത്രുക്കളെ മുഴു
വൻ ഭൂമിയിൽനിന്നും നശിപ്പിക്കും. 16അതി
നാൽ “ദാവീദിന്റെ ശത്രുക്കളെ യഹോവ
ശിക്ഷിക്കട്ടെ” എന്നു പറഞ്ഞുകൊണ്ട് ദാവീ
ദിന്റെ വസതിയുമായി യോനാഥാൻ ഒരുട
മ്പടി ഉണ്ടാക്കി.

17തന്നോടുള്ള സ്നേഹപ്രതിജ്ഞ ആവർത്തി
ക്കാൻ യോനാഥാൻ ദാവീദിനോടാവശ്യപ്പെട്ടു.
യോനാഥാൻ തന്നേത്തന്നെയെന്നപോലെയാ
ണ് ദാവീദിനെ സ്നേഹിച്ചത് എന്നതുമൂലമാ
ണ് യോനാഥാൻ അങ്ങനെ ചെയ്തത്.

18യോനാഥാൻ ദാവീദിനോടു പറഞ്ഞു,
“നാളെയാണ് അമാവാസിസദ്യ. നിന്റെ ഇരി
പ്പിടം ഒഴിഞ്ഞിരിക്കുമ്പോൾ, നീ പോയിരിക്കു
മെന്ന് എന്റെ പിതാവ് കരുതും. 19മൂന്നാം ദിവ
സം, ഈ കുഴപ്പങ്ങളാരംഭിച്ചപ്പോൾ നീ ഒളിച്ചി
രുന്നിടത്തേക്കു തന്നെ പോകുക. ആ മലയിൽ
കാത്തുനിൽക്കുക. 20മൂന്നാം ദിവസം ഞാൻ ആ
മലയിലെത്തി ഒരു ലക്ഷ്യത്തിലേക്കു അമ്പെ
യ്യുന്നതായി നടിക്കാം. ഏതാനും അമ്പുകൾ
ഞാൻ എയ്യും. 21എന്നിട്ട് അമ്പുകൾ കണ്ടെ
ത്താൻ ഒരു ബാലനോടു ഞാൻ പറയും. എല്ലാം
നേരെചൊവ്വായാണെങ്കിൽ ബാലനോടു ഞാൻ
പറയും, ‘നീ വളരെ ദൂരം പോയി. അമ്പുകൾ
എന്റെ അടുത്താണ്. മടങ്ങിവന്ന് അവ പെറു
ക്കുക.’ ഞാൻ അങ്ങനെയാണു പറയുന്നതെ
ങ്കിൽ നിനക്കു ഒളിവിൽനിന്നും പുറത്തു വരാം.
യഹോവ ജീവിക്കുന്നതുപോലെ നീ സുരക്ഷി

തനാണെന്നതു സത്യമാണ്. ഒരപകടവുമില്ല.
22എന്നാൽ എന്തെങ്കിലും കുഴപ്പമുണ്ടെങ്കിൽ
ബാലനോടു ഞാൻ പറയും, 'അമ്പുകൾ വളരെ
ദൂരെയാണ്. പോയി എടുത്തു കൊണ്ടുവരിക.'
ഞാനങ്ങനെയാണ് പറയുന്നതെങ്കിൽ നീ ദൂരെ
പോകണം. യഹോവ നിന്നെ ദൂരേക്കയയ്ക്കുക
യാണ്. 23നിനക്കും എനിക്കുമിടയിലുള്ള ഈ
കരാർ ഓർമ്മിക്കുക. യഹോവ നമ്മുടെ നിത്യ
സാക്ഷിയാകുന്നു!"
24അനന്തരം ദാവീദ് വയലിൽ ഒളിച്ചു.

സദ്യാവേളയിലെ ശൌലിൻെറ മനോഭാവം

അമാവാസിസദ്യ ആയപ്പോൾ രാജാവ് ഭക്ഷ
ണത്തിനിരുന്നു. 25ഭിത്തിയോടു ചേർന്ന് പതി
വായിരിക്കാറുള്ളിടത്താണ് രാജാവിരുന്നത്.
ശൌലിൻെറ നേരേ എതിർവശത്താണ് യോനാ
ഥാൻ ഇരുന്നത്. ശൌലിൻെറ തൊട്ടടുത്ത്
അബ്നേർ ഇരുന്നു. എന്നാൽ ദാവീദിൻെറ
സ്ഥലം ശൂന്യമായിരുന്നു. 26അന്ന് ശൌൽ ഒന്നും
പറ ഞ്ഞില്ല. "എന്തെങ്കിലും സംഭവിച്ച് ദാവീദ്
അശുദ്ധനായിരിക്കാം" എന്ന് ശൌൽ കരുതി.
27പിറ്റേന്ന്, മാസത്തിൻെറ രണ്ടാം ദിവസവും
ദാവീദിൻെറ ഇടം ഒഴിഞ്ഞുകിടന്നു. അപ്പോൾ
ശൌൽ യോനാഥാനോടു ചോദിച്ചു, "അമാവാ
സിസദ്യയ്ക്ക് ഇന്നലെയോ ഇന്നോ യിശ്ശായി
യുടെ മകൻ വരാഞ്ഞതെന്താണ്?"

28യോനാഥാൻ മറുപടി പറഞ്ഞു, "ബേത്ത്
ലേഹെമിലേക്കു പോകാൻ ദാവീദ് എന്നോടു
അനുവാദം ചോദിച്ചു. 29അവൻ പറഞ്ഞു,
'എന്നെ പോകാൻ അനുവദിക്കൂ. ഞങ്ങളുടെ
കുടുംബം ബേത്ത്ലേഹെമിൽ ഒരു ബലിയർപ്പി
ക്കുന്നുണ്ട്. ഞാനിവിടെയുണ്ടാകണമെന്ന്
എൻെറ സഹോദരൻ കല്പിച്ചു. ഇപ്പോൾ ഞാൻ
അങ്ങയുടെ സുഹൃത്താണ്, ദയവായി എന്നെ
പോകാനും എൻെറ സഹോദരന്മാരെ കാണാ
നും അനുവദിച്ചാലും.' അതിനാലാണ് ദാവീദ്,
രാജാവിൻെറ മേശയിൽ വരാഞ്ഞത്."

30ശൌലിന് വളരെ ദേഷ്യം വന്നു. അയാൾ
യോനാഥാനോടു പറഞ്ഞു, "നിഷേധിയായ
അടിമപ്പെണ്ണിൻെറ മകനേ, നീയും അവളെ
പ്പോലെ തന്നെ. നീ ദാവീദിൻെറ പക്ഷക്കാര
നാണെന്നെനിക്കറിയാം! നീ നിനക്കും നിൻെറ
അമ്മയ്ക്കും അപമാനം വരുത്തിവച്ചിരിക്കുന്നു.
31യിശ്ശായിയുടെ പുത്രൻ ജീവിച്ചിരിക്കുന്നത്ര
കാലം നിനക്കു രാജാവാകാനും നിനക്കൊരു
രാജ്യമുണ്ടാക്കാനും ഇടയില്ല. ഇപ്പോൾ ദാവീ
ദിനെ എൻെറയടുക്കൽ കൊണ്ടുവരിക! അവൻ
വധിക്കപ്പെടണം!"

32യോനാഥാൻ തൻെറ പിതാവിനോടു
ചോദിച്ചു, "ദാവീദ് എന്തിനാണ് വധിക്കപ്പെ
ടേണ്ടത്? അവൻ എന്തു തെറ്റാണു ചെയ്തത്?"

33എന്നാൽ ശൌൽ യോനാഥാനെ കുന്തമെ
റിഞ്ഞു കൊല്ലാൻ ശ്രമിച്ചു. അതിനാൽ, തൻെറ
പിതാവിന് ദാവീദിനെ വധിക്കാൻ വളരെ
താല്പര്യമുണ്ടെന്ന് യോനാഥാൻ മനസ്സിലാക്കി.
34യോനാഥാൻ വളരെ ദേഷ്യപ്പെട്ട് ഊണുമേശ
യിൽനിന്നും ഇറങ്ങിപ്പോയി. യോനാഥാൻെറ
മനസ്സു വളരെ കലങ്ങുകയും തൻെറ പിതാവി
നോടു വളരെ ദേഷ്യമുണ്ടാകുകയും ചെയ്തതി
നാൽ അവൻ വിരുന്നിൻെറ രണ്ടാം ദിവസം
ഒന്നും കഴിക്കാതെ ഇറങ്ങിപ്പോയി. ശൌൽ
തന്നെ അപമാനിച്ചതുകൊണ്ടും ശൌൽ ദാവീ
ദിനെ കൊല്ലാൻ വെമ്പുന്നതു കൊണ്ടുമാണ്
യോനാഥാന് കോപമുണ്ടായത്.

ദാവീദും യോനാഥാനും വഴിപിരിയുന്നു

35പിറ്റേന്നു രാവിലെ യോനാഥാൻ വഴിയി
ലേക്കിറങ്ങി. അവൻ പറഞ്ഞിരുന്ന സ്ഥലത്ത്
ദാവീദിനെ കാണാൻ പോയി. യോനാഥാൻ
തന്നോടൊപ്പം ഒരു ബാലനേയും കൂട്ടിയിരുന്നു.
36യോനാഥാൻ ബാലനോടു പറഞ്ഞു, "ഓടി
പ്പോയി ഞാൻ എയ്ത അമ്പുകൾ കണ്ടുപിടി
ക്കുക." ബാലൻ ഓടിപ്പോകുകയും യോനാ
ഥാൻ അവൻെറ തലയ്ക്കു മുകളിലൂടെ അമ്പെ
യ്യുകയും ചെയ്തു. 37ബാലൻ അമ്പുകൾ വീണി
ടത്തേക്കോടി. എന്നാൽ യോനാഥാൻ വിളിച്ചു
പറഞ്ഞു, "അമ്പുകൾ ഇനിയും അകലെയാണ്!"
38അനന്തരം യോനാഥാൻ വിളിച്ചു പറഞ്ഞു,
"വേഗമാകട്ടെ! പോയി അവ കൊണ്ടുവരിക!
അവിടെത്തന്നെ നിൽക്കാതെ!" ബാലൻ അമ്പു
കൾ പെറുക്കി തിരികെ യോനാഥാനെ ഏല്പി
ച്ചു. 39സംഭവിക്കുന്നതിനെപ്പറ്റി ബാലൻ ഒന്നും
അറിഞ്ഞില്ല. യോനാഥാനും ദാവീദും മാത്രമേ
അതറിഞ്ഞുള്ളൂ. 40യോനാഥാൻ തൻെറ വില്ലും
അമ്പുകളും ബാലനെ ഏല്പിച്ചു. എന്നിട്ട്
യോനാഥാൻ അവനോടു പറഞ്ഞു, "പട്ടണ
ത്തിലേക്കു മടങ്ങിപ്പോവുക." 41ബാലൻ
പോവുകയും ദാവീദ് മലയുടെ മറുവശത്തുള്ള
ഒളിവിൽനിന്നും പുറത്തുവരികയും ചെയ്തു.
ദാവീദ് യോനാഥാന് മുമ്പിൽ മൂന്നു തവണ
നമസ്കരിച്ചു. അനന്തരം ദാവീദും യോനാ
ഥാനും പരസ്പരം ചുംബിച്ചു. അവരിരുവരും
ഒരുമിച്ചു കരഞ്ഞു. പക്ഷേ ദാവീദ് യോനാഥാ
നേക്കാൾ കരഞ്ഞു.

42യോനാഥാൻ ദാവീദിനോടു പറഞ്ഞു,
"സമാധാനത്തിൽ പോവുക. നമ്മൾ യഹോവ
യുടെ നാമത്തിൽ സുഹൃത്തുക്കളായിരിക്കാ
മെന്ന് പ്രതിജ്ഞ ചെയ്തു. നമുക്കും നമ്മുടെ
പിൻഗാമികൾക്കും യഹോവ നിത്യസാക്ഷിയാ
യിരിക്കുമെന്നും നമ്മൾ പറഞ്ഞു."

ദാവീദ് പുരോഹിതനായ അഹീമേലെക്കിനെ കാണാൻ പോകുന്നു

21 അനന്തരം ദാവീദ് ദൂരത്തേക്കു പോയി.
യോനാഥാൻ പട്ടണത്തിലേക്കു മടങ്ങു
കയും ചെയ്തു. 2പുരോഹിതനായ അഹീമേ
ലെക്കിനെ കാണാൻ നോബുപട്ടണത്തിലേ
ക്കാണ് ദാവീദ് പോയത്. ദാവീദിനെ കാണാൻ
അഹീമേലെക്ക് ഇറങ്ങിവന്നു. അഹീമേലെക്ക്
ഭയം കൊണ്ട് വിറയ്ക്കുകയായിരുന്നു. അഹീമേ
ലെക്ക് ദാവീദിനോടു ചോദിച്ചു, "നീയെ
ന്താണു ഒറ്റയ്ക്ക് വന്നത്? നിൻെറ കൂടെ ആരും
ഇല്ലാത്തതെന്ത്?" 3ദാവീദ് അഹീമേലെക്കി
നോടു പറഞ്ഞു, "രാജാവ് എനിക്കൊരു വിശേ
ഷ ഉത്തരവ് തന്നു. അവൻ പറഞ്ഞു, 'ഈ
ദൗത്യത്തെപ്പറ്റി ആരും അറിയരുത്. ഞാൻ
നിന്നോടു പറഞ്ഞത് ആരും അറിയരുത്.'
എന്നെ എവിടെ വച്ചു കാണണമെന്ന് എൻെറ
യാളുകളോടു ഞാൻ പറഞ്ഞു. 4ഇപ്പോൾ
നിൻെറ പക്കൽ ഏതു ഭക്ഷണമാണുള്ളത്?
അഞ്ച് അപ്പക്കഷണങ്ങളോ അങ്ങയുടെ പക്ക
ലുള്ള മറ്റേതെങ്കിലും ഭക്ഷണമോ എനിക്കു
തരിക." 5പുരോഹിതൻ ദാവീദിനോടു പറ
ഞ്ഞു, "എൻെറ കൈയിൽ സാധാരണ അപ്പ
മൊന്നുമില്ല. ഏതാനും വിശുദ്ധ അപ്പം എൻെറ
കൈയിലുണ്ട്. നിൻെറ ഉദ്യോഗസ്ഥന്മാർക്ക്,
അവർ ഒരു സ്ത്രീയുമായും ലൈംഗികവേഴ്ച
യിൽ ഏർപ്പെട്ടിട്ടില്ലെങ്കിൽ, ഇതു തിന്നാം."

6ദാവീദ് പുരോഹിതനോടു മറുപടി പറ
ഞ്ഞു, "ഞങ്ങൾ ഏതെങ്കിലും സ്ത്രീകളോ
ടൊപ്പം ആയിരുന്നില്ല. ഞങ്ങൾ യുദ്ധത്തിനും
സാധാരണ ദൗത്യത്തിനു പോകുമ്പോഴും ശരീ
രശുദ്ധി പാലിക്കുന്നവരാണ്. ഇപ്പോൾ ഞങ്ങ
ളുടേത് ഒരു വിശുദ്ധ ജോലിയായതിനാൽ ഇതു
പ്രത്യേകം സത്യമാണ്." 7വിശുദ്ധ അപ്പമല്ലാതെ
മറ്റൊരു അപ്പവും അവിടെ ഉണ്ടായിരുന്നില്ല.
അതിനാൽ പുരോഹിതൻ ആ അപ്പം ദാവീ
ദിനു നൽകി. അത് യഹോവയുടെ മുമ്പിൽ
വിശുദ്ധമേശമേൽ പുരോഹിതൻ വയ്ക്കുന്ന
അപ്പമായിരുന്നു. ഓരോ ദിവസവും അവർ ആ
അപ്പം എടുക്കുകയും പുതിയതു വയ്ക്കുകയും
ചെയ്യും.
8ശൌലിന്റെ ഉദ്യോഗസ്ഥന്മാരിലൊരാൾ
അന്നവിടെയുണ്ടായിരുന്നു. അയാൾ എദോമ്യ
നായ ദോവേഗ് ആയിരുന്നു. ശൌലിന്റെ ഇട
നായകനായിരുന്നു അയാൾ. അയാളെ യഹോ
വയുടെ സന്നിധിയിൽ തടഞ്ഞുവച്ചിരുന്നു.
9ദാവീദ് അഹീമേലെക്കിനോടു ചോദിച്ചു,
"ഇവിടെ ഒരു വാളോ കുന്തമോ ഉണ്ടോ? രാജാ
വിന്റെ നിയോഗം പരമപ്രധാനമാണ്. എനി
ക്കു വേഗം പുറപ്പെടേണ്ടിവന്നതിനാൽ ഞാനെ
ന്റെ വാളോ മറ്റായുധങ്ങളോ എടുത്തില്ല."
10പുരോഹിതൻ മറുപടി പറഞ്ഞു, "ഫെലി
സ്ത്യനായ ഗൊല്യാത്തിന്റെ വാൾ മാത്രമേ
ഇവിടെയുള്ളു. ഇത് ഏലാതാഴ്വരയിൽ വച്ച്
നീ അവനെ കൊന്ന് നേടിയ വാളാണ്. അത്
ഏഫോദിനു പിന്നിൽ ഒരു തുണിയിൽ പൊതി
ഞ്ഞിരിപ്പുണ്ട്. വേണമെങ്കിൽ നിനക്കതെടു
ക്കാം" ദാവീദു പറഞ്ഞു, "അതെനിക്കു തരിക.
ഗൊല്യാത്തിന്റെ വാളുപോലെ മറ്റൊരു വാളു
മില്ല!"

ഗത്തിലെ ശത്രുക്കളുടെ നേർക്ക് ദാവീദ് ഓടുന്നു

11അന്ന് ദാവീദ് ശൌലിൽനിന്നും ഓടിയ
കന്നു. ദാവീദ് ഗത്തിലെ രാജാവായ ആഖീശി
ന്റെയടുത്തേക്കു പോയി. 12ആഖീശിന്റെ
ഉദ്യോഗസ്ഥന്മാർക്ക് അതിഷ്ടമായില്ല. അവർ
പറഞ്ഞു, "യിസ്രായേൽദേശത്തെ രാജാവായ
ദാവീദാണിത്. അവനെപ്പറ്റിയാണ് യിസ്രായേ
ലുകാർ പാടുന്നത്. അവനെപ്പറ്റിയുള്ള ഈ
ഗാനം പാടി അവർ നൃത്തം വയ്ക്കുന്നു:

"ശൌൽ ആയിരം ശത്രുക്കളെ കൊന്നു.
എന്നാൽ ദാവീദ് പതിനായിരം ശത്രുക്കളെ
കൊന്നു!"

13അവർ പറഞ്ഞത് ദാവീദ് നന്നായി ശ്രദ്ധി
ച്ചു. ദാവീദിന് ഗത്തിലെ രാജാവായ ആഖീ
ശിനെ ഭയമായിരുന്നു. 14അതിനാൽ ദാവീദ്
ആഖീശിനും അവന്റെ ഉദ്യോഗസ്ഥന്മാർക്കും
മുമ്പിൽ ഭ്രാന്തഭിനയിച്ചു. അവരോടൊപ്പമു
ണ്ടായിരുന്നപ്പോളൊക്കെ ദാവീദ് ഭ്രാന്തഭിന
യിച്ചു. അവൻ കവാടങ്ങളിൽ തുപ്പി. തന്റെ
താടിയിലും തുപ്പൽ വീഴിച്ചു. 15ആഖീശ് തന്റെ
ഉദ്യോഗസ്ഥന്മാരോടു പറഞ്ഞു, "അയാളെ
നോക്ക്! ഭ്രാന്തൻ! നിങ്ങളെന്തിനാണ് അവനെ
എന്റെയടുത്തു കൊണ്ടുവന്നത്? 16എനിക്ക്
ആവശ്യത്തിന് ഭ്രാന്തന്മാരുണ്ട്. എന്റെ മുമ്പിൽ
ഈ ഭ്രാന്തനെ നിങ്ങൾ കൊണ്ടുവരേണ്ടിയിരു
ന്നില്ല! മേലിൽ ഇയാളെ എന്റെ ഭവനത്തിൽ
കയറാനനുവദിക്കരുത്!"

ദാവീദ് പല സ്ഥലങ്ങളിൽ പോകുന്നു

22 ദാവീദ് ഗത്ത് വിട്ടു. അദുല്ലാംഗുഹയിൽ
അവൻ അഭയം പ്രാപിച്ചു. ദാവീദ് അദു
ല്ലാമിലുണ്ടെന്ന് ദാവീദിന്റെ സഹോദരന്മാരും
ബന്ധുക്കളും കേട്ടു. അവർ ദാവീദിനെ
കാണാൻ അവിടെയെത്തി. 2അനേകംപേർ
ദാവീദിനോടു ചേർന്നു. പലതരം കുഴപ്പങ്ങളിൽ
പ്പെട്ടവരും അക്കൂട്ടത്തിലുണ്ടായിരുന്നു. വലിയ
കടബാധ്യതകളുള്ളവരും ഉണ്ടായിരുന്നു. ജീവിത
ത്തിൽ തൃപ്തി വരാത്തവരുമുണ്ടായിരുന്നു.
അത്തരമാളുകളെല്ലാം ദാവീദിനോടു ചേരു
കയും ദാവീദ് അവരുടെ നേതാവാകുകയും
ചെയ്തു. ഏകദേശം നാനൂറോളം പേർ ദാവീദി
നോടൊപ്പമുണ്ടായിരുന്നു.
3ദാവീദ് അദുല്ലാം വിട്ട് മോവാബിലെ മിസ്
പയിലേക്കു പോയി. മോവാബിലെ രാജാവി
നോടു ദാവീദു പറഞ്ഞു, "ദൈവം എന്നോടെ
ന്താണു ചെയ്യാൻ പോകുന്നതെന്ന് ഞാൻ അറി
യുംവരെ എന്റെ മാതാപിതാക്കൾ അങ്ങയോ
ടൊത്തു കഴിയാൻ അനുവദിച്ചാലും." 4അതി
നാൽ ദാവീദ് തന്റെ മാതാപിതാക്കളെ
മോവാബുരാജാവിനെ ഏല്പിച്ച് പുറത്തേക്കിറ
ങ്ങി വന്നു. ദാവീദ് കോട്ടയിലായിരുന്നത്രയും
കാലം അവന്റെ മാതാപിതാക്കൾ രാജാവിനോ
ടൊപ്പം കഴിഞ്ഞു.
5എന്നാൽ പ്രവാചകനായ ഗാദ് ദാവീദി
നോടു പറഞ്ഞു, "കോട്ടയിൽ തങ്ങരുത്. യെഹൂ
ദയിലേക്കു പോകുക." അതിനാൽ ദാവീദ്
അവിടം വിട്ട് ഹേരെത്ത് വനത്തിലേക്കു
പോയി.

അഹീമേലെക്കിന്റെ കുടുംബത്തെ ശൌൽ തകർക്കുന്നു

6ജനങ്ങൾ ദാവീദിനെയും അവന്റെയാളുക
ളെയുംപറ്റി അറിഞ്ഞതായി ശൌൽ കേട്ടു.
അവൻ ഗിബെയയിലെ കുന്നിൻപുറത്ത് ഒരു
മരച്ചുവട്ടിൽ ഇരിക്കുകയായിരുന്നു. ശൌലി
ന്റെ കയ്യിൽ അവന്റെ കുന്തവും ഉണ്ടായി
രുന്നു. അവന്റെ ഉദ്യോഗസ്ഥന്മാരെല്ലാം അവ
ന്റെ ചുറ്റുമുണ്ടായിരുന്നു. 7തനിക്കു ചുറ്റും
നിന്നിരുന്ന ഉദ്യോഗസ്ഥന്മാരോടു ശൌൽ പറ
ഞ്ഞു, "ബെന്യാമീൻകാരേ, ശ്രദ്ധിക്കുക! യിശ്ശാ
യിയുടെ പുത്രനായ ദാവീദ് നിങ്ങൾക്കു വയ
ലുകളും മുന്തിരിത്തോപ്പുകളും തരുമെന്ന്
നിങ്ങൾ കരുതുന്നുണ്ടോ? ദാവീദ് നിങ്ങളെ
സ്ഥാനക്കയറ്റം തന്ന് ശതാധിപന്മാരും സഹസ്രാ
ധിപന്മാരുമാക്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ?
8നിങ്ങൾ എനിക്കെതിരെ ഗൂഢാലോചന നട
ത്തുകയാണ്! നിങ്ങൾ രഹസ്യപദ്ധതികളിട്ടു.
നിങ്ങളിലാരും എന്റെ പുത്രൻ യോനാഥാനെ
പ്പറ്റി എന്നോടു പറഞ്ഞില്ല. യിശ്ശായിയുടെ
പുത്രനുമായി അവൻ ഒരു കരാറുണ്ടാക്കിയ
കാര്യവും നിങ്ങൾ എന്നോടു പറഞ്ഞില്ല! നിങ്ങ
ളിലൊരുത്തനും എന്നെക്കുറിച്ച് ദു:ഖമില്ല.
എന്റെ പുത്രൻ യോനാഥാൻ ദാവീദിനെ
പ്രോത്സാഹിപ്പിച്ചിരുന്നുവെന്ന് നിങ്ങളിലാരും
എന്നോടു പറഞ്ഞില്ല. ഒളിച്ചിരുന്ന് എന്നെ
ആക്രമിക്കാൻ യോനാഥാൻ എന്റെ ഭൃത്യനായ
ദാവീദിനോടു പറഞ്ഞു! ദാവീദ് ഇപ്പോൾ
ചെയ്യുന്നതും അതു തന്നെ!"
9എദോമ്യനായ ദോവേഗ് ശൌലിന്റെ ഉദ്യോ
ഗസ്ഥന്മാരോടൊപ്പം ഉണ്ടായിരുന്നു. ദോവേഗ്
പറഞ്ഞു, "യിശ്ശായിയുടെ പുത്രനായ ദാവീ
ദിനെ ഞാൻ നോബിൽ കണ്ടു. അഹീതൂബി

ൻെറ പുത്രനായ അഹീമേലെക്കിനെ കാണാൻ
വന്നതാണ് ദാവീദ്. 10അഹീമേലെക്ക് ദാവീ
ദിനുവേണ്ടി യഹോവയോടു പ്രാർത്ഥിച്ചു.
അഹീമേലെക്ക് ദാവീദിനു ഭക്ഷണം കൊടുത്തു.
ഫെലിസ്ത്യനായ ഗൊല്യാത്തിൻെറ വാളും
അഹീമേലെക്ക് ദാവീദിനു നൽകി."

11അനന്തരം പുരോഹിതനെ തൻെറ മുമ്പിൽ
കൊണ്ടുവരാൻ ശൌൽ ഉത്തരവിട്ടു. അഹീതൂ
ബിൻെറ പുത്രനായ അഹീമേലെക്കിനേയും
അവൻെറ മുഴുവൻ ബന്ധുക്കളേയും പിടിച്ചു
കൊണ്ടുവരണമെന്നായിരുന്നു ശൌലിൻെറ
കല്പന. അഹീമേലെക്കിൻെറ ബന്ധുക്കൾ
നോബിലെ പുരോഹിതന്മാരായിരുന്നു. അവ
രെല്ലാം രാജാവിൻെറ മുമ്പിലെത്തി. 12ശൌൽ
അഹീമേലെക്കിനോടു പറഞ്ഞു, "അഹീതൂബി
ൻെറ പുത്രാ ശ്രദ്ധിക്കുക." അഹീമേലെക്ക് മറു
പടി പറഞ്ഞു, "ശരി പ്രഭോ."

13ശൌൽ അഹീമേലെക്കിനോടു പറഞ്ഞു,
"നീയും യിശ്ശായിയുടെ പുത്രനായ ദാവീദും
എന്തിനാണ് എനിക്കെതിരെ ഗൂഢാലോചന
നടത്തുന്നത്? നീ ദാവീദിന് അപ്പവും വാളും
നൽകി! നീ അവനുവേണ്ടി ദൈവത്തോടു
പ്രാർത്ഥിച്ചു. ഇപ്പോൾ ദാവീദ് എന്നെ ആക്രമി
ക്കാൻ കാത്തിരിക്കുന്നു!"

14അഹീമേലെക്ക് മറുപടി പറഞ്ഞു, "ദാവീദ്
അങ്ങയോട് വളരെ വിശ്വാസമുള്ളവനാണ്.
അങ്ങയുടെ മറ്റൊരുദ്യോഗസ്ഥനും അങ്ങയോട്
ഇത്ര വിശ്വാസമുള്ളവനായിട്ടില്ല. ദാവീദ് അങ്ങ
യുടെ സ്വന്തം ജാമാതാവാണ്. അങ്ങയുടെ
അംഗരക്ഷകരുടെ നായകനാണ് ദാവീദ്. അങ്ങ
യുടെ കുടുംബക്കാർ ദാവീദിനെ ആദരിക്കു
ന്നുണ്ട്. 15ആദ്യമായല്ല ദാവീദിനുവേണ്ടി ഞാൻ
ദൈവത്തോടു പ്രാർത്ഥിച്ചത്. മാത്രവുമല്ല
എന്നെയോ എൻെറ ബന്ധുക്കളിലാരെയുമോ
കുറ്റപ്പെടുത്തരുത്. ഞങ്ങൾ അങ്ങയുടെ ദാസ
ന്മാർ. എന്താണ് സംഭവിക്കുന്നതെന്ന് എനിക്കറി
വില്ല."

16പക്ഷേ രാജാവു പറഞ്ഞു, "അഹീമേലെക്ക്,
നീയും നിൻെറ എല്ലാ ബന്ധുക്കളും മരിക്കണം!"
17അനന്തരം തൻെറ വശത്തു നിന്ന കാവൽക്കാ
രോടു രാജാവു പറഞ്ഞു, "യഹോവയുടെ
പുരോഹിതന്മാരെ കൊല്ലുക. അവർ ദാവീ
ദിൻെറ പക്ഷക്കാരായതിനാലാണങ്ങനെ
ചെയ്യേണ്ടത്. ദാവീദ് ഓടിപ്പോവുകയാണെന്ന
റിയാമായിരുന്നിട്ടും അവരത് എന്നോടു പറ
ഞ്ഞില്ല!" എന്നാൽ യഹോവയുടെ പുരോഹിത
ന്മാരെ ഉപദ്രവിക്കാൻ രാജാവിൻെറ ഉദ്യോഗ
സ്ഥന്മാർ വിസമ്മതിച്ചു. 18അതിനാൽ രാജാവ്
ദോവേഗിനോടു കല്പിച്ചു, "ദോവേഗ്, പുരോ
ഹിതന്മാരെ നീ കൊല്ലുക." അതിനാൽ എദോ
മ്യനായ ദോവേഗ് പോയി പുരോഹിതന്മാരെ
വധിച്ചു. അന്ന് ദോവേഗ് എൺപത്തഞ്ചു
പുരോഹിതന്മാരെ വധിച്ചു. 19നോബായിരുന്നു
പുരോഹിതന്മാരുടെ നഗരം. ദോവേഗ് തൻെറ
വാളുകൊണ്ട് സ്ത്രീപുരുഷന്മാരെയും കുട്ടിക
ളെയും ശിശുക്കളെയും വധിച്ചു. അവരുടെ പശു
ക്കളെയും കഴുതകളെയും ആടുകളെയും
ദോവേഗ് വധിച്ചു.

20പക്ഷേ അഹീമേലെക്കിൻെറ പുത്രനായ
അബ്യാഥാർ രക്ഷപ്പെട്ടു. അവൻ ഓടിപ്പോയി
ദാവീദിനോടു ചേർന്നു. 21യഹോവയുടെ
പുരോഹിതന്മാരെ ശൌൽ കൊന്നതായി
അബ്യാഥാർ ദാവീദിനോടു പറഞ്ഞു. 22അ
പ്പോൾ ദാവീദ് അവനോടു പറഞ്ഞു, "എദോ
മ്യനായ ദോവേഗിനെ ഞാൻ നോബിൽ കണ്ടി
രുന്നു. അവൻ ശൌലിനോടു പറയുമെന്ന്
ഞാനറിഞ്ഞു. നിൻെറ കുടുംബക്കാരുടെ മരണ
ത്തിന് ഞാനാണ് ഉത്തരവാദി. 23നിങ്ങളെ
കൊല്ലാൻ ശ്രമിച്ചവന് എന്നെയും കൊല്ലണ
മെന്നാണ് ആഗ്രഹം. എന്നോടൊപ്പം കഴിയുക.
ഭയപ്പെടേണ്ട, നീ എന്നോടൊപ്പം സുരക്ഷിത
നായിരിക്കും."

ദാവീദ് കെയീലയിൽ

23 ജനങ്ങൾ ദാവീദിനോടു പറഞ്ഞു, "ഇതാ
ഫെലിസ്ത്യർ കെയീലയ്ക്കെതിരെ
യുദ്ധം ചെയ്യുന്നു. മെതിക്കളത്തിൽനിന്നും
അവർ നെല്ലു കവരുകയാണ്."

2ദാവീദ് യഹോവയോടു ചോദിച്ചു, "ഞാൻ
പോയി ഈ ഫെലിസ്ത്യരോടു യുദ്ധം ചെയ്യ
ണോ?" യഹോവ ദാവീദിനോടു മറുപടി പറ
ഞ്ഞു, "വേണം, പോയി ഫെലിസ്ത്യരെ ആക്ര
മിക്കുക. കെയീലയെ രക്ഷിക്കുക."

3പക്ഷേ ദാവീദിൻെറ ആളുകൾ അവനോടു
പറഞ്ഞു, "നമ്മൾ ഇവിടെ യെഹൂദയിൽ വളരെ
ഭയന്നു കഴിയുകയാണ്. ഫെലിസ്ത്യസൈന്യം
ഉള്ളിടത്തേക്കു പോയാൽ നമ്മൾ എത്രമാത്രം
ഭയക്കുമെന്നൊന്നു ചിന്തിച്ചുനോക്കൂ."

4ദാവീദ് വീണ്ടും യഹോവയോടു ചോദിച്ചു.
യഹോവ ദാവീദിനോടു മറുപടി പറഞ്ഞു,
"കെയീലയിലേക്കിറങ്ങിച്ചെല്ലൂ. ഫെലിസ്ത്യ
രെ തോല്പിക്കാൻ ഞാൻ നിന്നെ സഹായിക്കാം."
5അതിനാൽ ദാവീദും സൈന്യവും കെയീല
യിലേക്കു പോയി. ദാവീദിൻെറ സൈന്യം
ഫെലിസ്ത്യരോടേറ്റുമുട്ടി. അവർ ഫെലി
സ്ത്യരെ തോല്പിച്ച് അവരുടെ കന്നുകാലികളെ
പിടിച്ചെടുത്തു. അങ്ങനെ ദാവീദ് കെയീല
ക്കാരെ രക്ഷിച്ചു. 6(ദാവീദിൻെറയടുത്തേക്കോടി
പ്പോയപ്പോൾ അബ്യാഥാർ ഒരു ഏഫോദും
കൈയിലെടുത്തിരുന്നു.)

7ദാവീദ് ഇപ്പോൾ കെയീലയിലുണ്ടെന്ന
കാര്യം ജനങ്ങൾ ശൌലിനോടു പറഞ്ഞു.
ശൌൽ പറഞ്ഞു, "ദാവീദിനെ എനിക്കു ദൈവം
കൊണ്ടുതന്നതാണ്! ദാവീദ് സ്വയം കുരുക്കിലാ
യിരിക്കുന്നു. കവാടങ്ങളും സാക്ഷകളുമുള്ള ഒരു
പട്ടണത്തിലേക്കാണവൻ പോയിരിക്കുന്നത്."
8ശൌൽ തൻെറ സൈന്യത്തെ ഒരു യുദ്ധത്തി
നായി വിളിച്ചുകൂട്ടി. അവർ കെയീലയിലേക്കി
റങ്ങിച്ചെന്ന് ദാവീദിനെയും സൈന്യത്തെയും
ആക്രമിക്കാൻ തയ്യാറായി. 9ശൌൽ തനിക്കെ
തിരെ പദ്ധതികളിടുകയാണെന്ന് ദാവീദ് മന
സ്സിലാക്കി. അപ്പോൾ ദാവീദ് പുരോഹിതനായ
അബ്യാഥാരോടു പറഞ്ഞു, "ഏഫോദ് കൊണ്ടു
വരൂ."

10ദാവീദ് പ്രാർത്ഥിച്ചു, "യിസ്രായേലിൻെറ
ദൈവമാകുന്ന യഹോവേ, ശൌൽ കെയീലയി
ലേക്കു വന്ന് ഞാൻ മൂലം ഈ നഗരം നശിപ്പി
ക്കാനൊരുങ്ങുന്നതായി ഞാൻ അറിയുന്നു.
11ശൌൽ കെയീലയിലേക്കു വരുമോ? കെയീല
ക്കാർ എന്നെ ശൌലിനു കൊടുക്കുമോ? യിസ്രാ
യേലിൻെറ ദൈവമാകുന്ന യഹോവേ, ഞാൻ
അവിടുത്തെ ദാസൻ! ദയവായി എന്നോടു
പറഞ്ഞാലും!" യഹോവ മറുപടി പറഞ്ഞു,
"ശൌൽ വരും."

12ദാവീദ് വീണ്ടും ചോദിച്ചു, "കെയീലയിലെ
ജനങ്ങൾ എന്നെയും എൻെറയാളുകളെയും
ശൌലിന് കൊടുക്കുമോ?" യഹോവ മറുപടി
പറഞ്ഞു, "അവർ ചെയ്യും." 13അതിനാൽ

ദാവീദും അവൻെറയാളുകളും കെയീലാ വിട്ടു.
ദാവീദിനോടൊപ്പം അറുന്നൂറു പേരോളം
പോയിരുന്നു. അവർ ഓരോ സ്ഥലങ്ങളിലേ
ക്കും നീങ്ങിക്കൊണ്ടിരിക്കുകയായിരുന്നു. ദാവീദ്
കെയീലയിൽനിന്നും രക്ഷപ്പെട്ടതായി ശൌൽ
മനസ്സിലാക്കി. അതിനാൽ ശൌൽ ആ നഗര
ത്തിലേക്കു പോയില്ല.

ശൌൽ ദാവീദിനെ ഓടിക്കുന്നു

14ദാവീദ് മരുഭൂമിയിലേക്കു പോകുകയും
അവിടെയുള്ള കോട്ടയിൽ തങ്ങുകയും
ചെയ്തു. സീഫ് മരുഭൂമിയിലെ കുന്നിൻപ്രദേ
ശത്തേക്കും ദാവീദ് പോയി. ഓരോ ദിവസവും
ശൌൽ ദാവീദിനെ അന്വേഷിച്ചു. എന്നാൽ
ദാവീദിനെ പിടിക്കാൻ യഹോവ ശൌലിനെ
അനുവദിച്ചില്ല.
15സീഫ് മരുഭൂമിയിലെ ഹോരേശിലായിരുന്നു
ദാവീദ്. ശൌൽ തന്നെ കൊല്ലാൻ വരുന്നെന്ന്
അവൻ ഭയന്നു. 16പക്ഷേ ശൌലിൻെറ പുത്ര
നായ യോനാഥാൻ ദാവീദിനെ കാണാൻ
ഹോരെശിലേക്കു പോയി. യോനാഥാൻ ദാവീ
ദിൽ ശക്തമായ ദൈവവിശ്വാസമുണ്ടാകാൻ
സഹായിച്ചു. 17യോനാഥാൻ ദാവീദിനോടു
പറഞ്ഞു, "ഭയപ്പെടേണ്ട, എൻെറ പിതാവ്
ശൌലിന് നിന്നെ മുറിവേല്പിക്കാൻ കഴിയുക
യില്ല. നീ യിസ്രായേലിൻെറ രാജാവായി
ത്തീരും. ഞാൻ നിൻെറ രണ്ടാമനുമാകും. എൻെറ
പിതാവിനുപോലും ഇതറിയാം." 18യോനാഥാ
നും ദാവീദും യഹോവയുടെ മുമ്പിൽ ഒരു കരാ
റുണ്ടാക്കി. അനന്തരം യോനാഥാൻ വീട്ടിലേക്കു
പോയി. ദാവീദ് ഹോരേശിൽ തങ്ങി.

സീഫുകാർ ശൌലിനോടു ദാവീദിനെപ്പറ്റി പറയുന്നു

19സീഫുകാർ ഗിബെയയിൽ ശൌലിൻെറയ
ടുത്തു വന്നു. അവർ ശൌലിനോടു പറഞ്ഞു,
"ദാവീദ് ഞങ്ങളുടെ ദേശത്ത് പാത്തിരിപ്പുണ്ട്.
കോട്ടയ്ക്കുള്ളിലാണവൻ. യെശിമോൻെറ
തെക്ക് ഹഖീലാകുന്നിൽ ഹോരേശിലാണ് ആ
കോട്ട. 20രാജാവേ, ഇഷ്ടമുള്ളപ്പോൾ അങ്ങ് ഇറ
ങ്ങിവന്നാലും. ദാവീദിനെ അങ്ങേയ്ക്ക്
പിടിച്ചു തരേണ്ടത് ഞങ്ങളുടെ കടമയാണ്."
21ശൌൽ മറുപടി പറഞ്ഞു, "എന്നെ സഹാ
യിക്കുന്നതിന് യഹോവ നിങ്ങളെ അനുഗ്രഹി
ക്കട്ടെ. 22പോയി അവനെപ്പറ്റി കൂടുതൽ അറി
യുക. ദാവീദ് എവിടെയാണ് തങ്ങുന്നതെന്ന്
അറിയുക. ദാവീദ് അവിടെ ആരെയൊക്കെ
കാണുന്നു എന്നും അറിയുക. ശൌൽ കരുതി,
'ദാവീദ് മിടുക്കനാണ്. അവൻ എന്നെ കുടു
ക്കാൻ ശ്രമിക്കുകയാണ്.' 23ദാവീദ് ഉപയോഗി
ക്കുന്ന എല്ലാ ഒളിസങ്കേതങ്ങളും കണ്ടുപിടി
ക്കുക. അനന്തരം എൻെറ അടുത്തു മടങ്ങിവന്ന്
എന്നോടെല്ലാം പറയുക. അപ്പോൾ ഞാൻ
നിങ്ങളോടൊപ്പം വരാം. ദാവീദ് അവിടെയു
ണ്ടെങ്കിൽ, സകല യെഹൂദാകുടുംബക്കാർക്കിട
യിൽ തെരഞ്ഞാണെങ്കിലും ഞാൻ അവനെ
പിടിക്കും."
24അനന്തരം സീഫുകാർ സീഫിലേക്കു മട
ങ്ങിപ്പോയി. ശൌൽ പിന്നീട് അങ്ങോട്ടു
പോയി.
ദാവീദും അവൻെറയാളുകളും മാവോൻ മരു
ഭൂമിയിലായിരുന്നു. യെശിമോൻെറ തെക്കുള്ള
മരുപ്രദേശത്തായിരുന്നു അവർ. 25ശൌലും
അവൻെറയാൾക്കാരും ദാവീദിനെ തിരക്കിയി
റങ്ങി. പക്ഷേ ജനങ്ങൾ ദാവീദിനു മുന്നറിയി
പ്പു കൊടുത്തു. ശൌൽ അവനെ തെരയുന്നു
ണ്ടെന്ന് അവർ അവനോടു പറഞ്ഞു. അപ്പോൾ
ദാവീദ് മാവോൻ മരുഭൂമിയിലുള്ള "പാറ"യി
ലേക്കു ഇറങ്ങിച്ചെന്നു. ദാവീദ് മാവോൻ മരു
ഭൂമിയിലേക്കു പോയിട്ടുണ്ടെന്ന് ശൌൽ അറി
ഞ്ഞു. അതിനാൽ ദാവീദിനെ കണ്ടുപിടിക്കാൻ
ശൌൽ അങ്ങോട്ടു പോയി.
26ശൌൽ മലയുടെ ഒരു വശത്തായിരുന്നു.
ദാവീദും ആൾക്കാരും അതേ മലയുടെ മറുവശ
ത്തും. ദാവീദ് തിടുക്കത്തിൽ ശൌലിൽനിന്നും
ഓടിപ്പോവുകയായിരുന്നു. ശൌലും അവൻെറ
ഭടന്മാരും ദാവീദിനെയും അവൻെറ ആൾക്കാ
രെയും പിടിയ്ക്കാൻ മലയ്ക്കു ചുറ്റും പോയി.
27അപ്പോൾ ശൌലിന് ഒരു സന്ദേശം ലഭിച്ചു.
ദൂതൻ പറഞ്ഞു, "വേഗം വരിക! ഫെലിസ്ത്യർ
നമ്മെ ആക്രമിക്കുന്നു!" 28അതിനാൽ ദാവീ
ദിനെ പിടിക്കാനുള്ള ശ്രമം ഉപേക്ഷിച്ച് ശൌൽ
ഫെലിസ്ത്യരെ നേരിടാൻ പോയി. അതിനാ
ലാണ് ആ സ്ഥലത്തെ ജനങ്ങൾ "തെന്നുന്ന
പാറ" എന്നു വിളിക്കുന്നത്. 29ദാവീദ് മാവോൻ
മരുഭൂമി വിട്ട് ഏൻഗെദിയിലെ കോട്ടയിലേക്കു
പോയി.

ദാവീദ് ശൌലിനെ നാണം കെടുത്തുന്നു

24 ശൌൽ ഫെലിസ്ത്യരെ ഓടിക്കുകയാ
യിരുന്നപ്പോൾ ജനങ്ങൾ ശൌലിനോടു
പറഞ്ഞു, "ഏൻഗെദിക്കടുത്തുള്ള ഒരു മരുഭൂമി
യിൽ ദാവീദുണ്ട്."
2അതിനാൽ ശൌൽ യിസ്രായേലിൽനിന്നും
മൂവായിരം പേരെ തെരഞ്ഞെടുത്തു. അവരെ
യും കൂട്ടി ശൌൽ ദാവീദിനെയും സംഘ
ത്തെയും തെരയാൻ തുടങ്ങി. അവർ കാട്ടാട്ടിൻ
പാറയ്ക്കടുത്ത് അന്വേഷിച്ചു. 3പാതയോടു
ചേർന്നുള്ള ആട്ടിൻകൂട്ടിലേക്കു ശൌൽ പ്രവേ
ശിച്ചു. അവിടെ അടുത്ത് ഒരു ഗുഹ ഉണ്ടായി
രുന്നു. ശൌൽ വിസർജ്ജനത്തിനായി ആ ഗുഹ
യ്ക്കുള്ളിലേക്കു കയറി. ഗുഹയുടെ ഏറ്റവും
പിന്നിലായി ദാവീദും അവൻെറ ആളുകളും
ഒളിച്ചിരിപ്പുണ്ടായിരുന്നു. 4കൂടെയുള്ളവർ ദാവീ
ദിനോടു പറഞ്ഞു, "യഹോവ പറഞ്ഞ ദിവ
സം ഇന്നാണ്! യഹോവ നിന്നോടു പറഞ്ഞു,
'നിൻെറ ശത്രുക്കളെ ഞാൻ നിന്നെ ഏല്പിക്കും.
അപ്പോൾ നിനക്കു നിൻെറ ശത്രുവിനോട്
ഇഷ്ടമുള്ളതു ചെയ്യാം.'"
അനന്തരം ദാവീദ് ഇഴഞ്ഞ് ശൌലിനോടു
കൂടുതൽ അടുത്തു. ശൌലിൻെറ കുപ്പായ
ത്തിൻെറ മൂല ദാവീദ് മുറിച്ചു. ശൌൽ ദാവീ
ദിനെ കണ്ടില്ല. 5പിന്നീട് ദാവീദിന് അങ്ങനെ
ചെയ്തതിൽ ദു:ഖം തോന്നി. 6ദാവീദ് തൻെറ
ആളുകളോടു പറഞ്ഞു, "ശൌലിനെതിരെ
അങ്ങനെ എന്തെങ്കിലും ചെയ്യുന്നതിൽനിന്നും
യഹോവ എന്നെ തടഞ്ഞെങ്കിൽ! ശൌൽ
യഹോവയുടെ തെരഞ്ഞെടുക്കപ്പെട്ട രാജാവാ
ണ്. ഞാൻ ശൌലിനെ ഒന്നും ചെയ്യാൻ പാടില്ല.
അദ്ദേഹം യഹോവയുടെ തെരഞ്ഞെടുക്കപ്പെട്ട
രാജാവാണ്" 7തൻെറ ആളുകളെ തടയാനാണ്
ദാവീദ് ഇങ്ങനെ പറഞ്ഞത്. ശൌലിനെ ഉപ
ദ്രവിക്കാൻ ദാവീദ് അവരെ അനുവദിച്ചില്ല.
ശൌൽ ഗുഹയിൽനിന്നിറങ്ങി തൻെറ വഴി
യേ പോയി. 8ദാവീദ് ഗുഹയിൽനിന്നും പുറത്തു
വന്നു. ദാവീദ് ശൌലിനെ വിളിച്ചു, "എൻെറ
യജമാനനായ രാജാവേ!" ശൌൽ പുറകോട്ടു
തിരിഞ്ഞുനോക്കി. ദാവീദ് തൻെറ മുഖം

കുനിച്ചു നമസ്കരിച്ചു. 9ദാവീദ്, ശൌലി
നോടു പറഞ്ഞു, "'ദാവീദ് അങ്ങയെ ഉപദ്രവി
ക്കാനാലോചിക്കുന്നു' എന്നു ആളുകൾ പറയു
ന്നതിന് അങ്ങ് എന്തിനാണ് കാതുകൊടുക്കു
ന്നത്? 10ഞാൻ അങ്ങയെ ഉപദ്രവിക്കില്ല! അങ്ങ
യ്ക്കത് അങ്ങയുടെ കണ്ണുകൊണ്ട് തന്നെ
കാണാം! യഹോവ ഇന്ന് ഗുഹയിൽ അങ്ങയെ
പിടിക്കാൻ എനിക്കവസരം തന്നു! പക്ഷേ
അങ്ങയെ കൊല്ലാൻ ഞാൻ തയ്യാറായില്ല. ഞാൻ
അങ്ങയോടു കാരുണ്യം കാട്ടി! ഞാൻ പറഞ്ഞു,
'ഞാൻ എന്റെ യജമാനനെ ഉപദ്രവിക്കില്ല.
ശൌൽ യഹോവയുടെ തെരഞ്ഞെടുക്കപ്പെട്ട
രാജാവാണ്!' 11എന്റെ കൈയിലുള്ള ഒരു തുണി
ക്കഷണത്തിലേക്കു നോക്കുക. അങ്ങയുടെ മേല
ങ്കിയുടെ ഒരു മൂല ഞാൻ മുറിച്ചെടുത്തു.
എനിക്ക് അങ്ങയെ കൊല്ലാമായിരുന്നു. പക്ഷേ
ഞാൻ അത് ചെയ്തില്ല! ഇപ്പോൾ അങ്ങയെ
ഇതു മനസ്സിലാക്കിത്തരാൻ ഞാനാഗ്രഹി
ക്കുന്നു! ഞാൻ അങ്ങയ്ക്കെതിരായി ഒരു പാപ
വും ചെയ്തില്ല എന്നെനിക്കു തെളിയിക്കണ
മായിരുന്നു! ഞാൻ അങ്ങയോടു ഒരു തെറ്റും
ചെയ്തിട്ടില്ല! പക്ഷേ അങ്ങ് എന്നെ വേട്ടയാടി
കൊല്ലാൻ ശ്രമിക്കുന്നു. 12യഹോവ ന്യായവിധി
നടത്തട്ടെ! അങ്ങ് എന്നോടു ചെയ്ത തെറ്റിന്
യഹോവ അങ്ങയെ ശിക്ഷിക്കട്ടെ! പക്ഷേ ഞാൻ
അങ്ങയോടു ഏറ്റുമുട്ടുകയില്ല. 13ഒരു പഴഞ്ചൊ
ല്ലുണ്ട്: 'ദുഷ്ടന്മാരിൽ നിന്നേ ദുഷ്ടതകൾ വരൂ!'
ഞാനൊരു തിന്മയും ചെയ്തിട്ടില്ല!
ഞാനൊരു ചീത്തയാളല്ല! ഞാൻ അങ്ങയെ ഉപ
ദ്രവിക്കില്ല. 14ആരെയാണ് അങ്ങ് പിന്തുടരു
ന്നത്? ആർക്കെതിരെ യുദ്ധം ചെയ്യാനാണ്
യിസ്രായേൽരാജാവ് വരുന്നത്? അങ്ങയെ മുറി
വേല്പിക്കുന്ന ഒരുവനെയല്ല അങ്ങ് ഓടിക്കുന്നത്.
ചത്ത ഒരു പട്ടിയേയോ ചെള്ളിനേയോ ഓടിക്കു
മ്പോലെയാണത്. 15യഹോവ ന്യായധിപനാ
യിരിക്കട്ടെ. അങ്ങയ്ക്കും എനിക്കുമിടയിൽ
യഹോവ നിശ്ചയിക്കട്ടെ. യഹോവ എന്നെ
പിന്തുണയ്ക്കുകയും എന്റെ ഭാഗം ശരിയാ
ണെന്ന് കാണിക്കുകയും ചെയ്യും. യഹോവ
എന്നെ അങ്ങയിൽനിന്നും രക്ഷിക്കും."
16ദാവീദ് സംസാരിക്കുന്നതു നിർത്തി. ശൌൽ
ചോദിച്ചു, "അതു നിന്റെ ശബ്ദമാണോ
എന്റെ പുത്രനായ ദാവീദേ?" അനന്തരം
ശൌൽ വളരെയധികം കരയാൻ തുടങ്ങി.
ശൌൽ വളരെയധികം കരഞ്ഞു. 17ശൌൽ പറ
ഞ്ഞു, "നീയാണു ശരി; ഞാൻ തെറ്റും. നീ
എന്നോടു നന്മ കാട്ടി. ഞാൻ നിന്നോടു തിന്മ
യാണ് കാട്ടിയത്. 18നിന്റെ സദ്പ്രവൃത്തികളെ
പ്പറ്റി നീ എന്നോടു പറഞ്ഞു. യഹോവയാണ്
എന്നെ നിന്റെ അടുത്തേക്കു കൊണ്ടുവന്നത്.
പക്ഷേ നീ എന്നെ കൊന്നില്ല. 19ഞാൻ നിന്റെ
ശത്രുവല്ലെന്ന് ഇതു കാണിക്കുന്നു. ആരും തന്റെ
ശത്രുവിനെ പിടിച്ചിട്ട് വെറുതെ വിടുകയില്ല!
അവൻ തന്റെ ശത്രുവിനോടു നന്മ കാട്ടുക
യില്ല. ഇന്ന് എന്നോടു നന്മ കാട്ടിയതിന്
യഹോവ നിനക്കു പ്രതിഫലം തരുമെന്ന് ഞാൻ
ആശിക്കുന്നു. 20നീ പുതിയ രാജാവാകുമെന്ന്
എനിക്കറിയാം. യിസ്രായേലിനെ നീ ഭരിക്കും.
21ഇപ്പോൾ നീ എന്നോടു ഒരു പ്രതിജ്ഞ
ചെയ്യുക. എന്റെ പിൻഗാമികളെ കൊല്ലുക
യില്ലെന്ന് യഹോവയുടെ നാമത്തിൽ പ്രതി
ജ്ഞ ചെയ്യുക. എന്റെ നാമം എന്റെ പിതൃ
ഗോത്രത്തിൽനിന്നും ഉന്മൂലനം ചെയ്യുകയില്ലെ
ന്ന് ഉറപ്പു തരിക."

22അതിനാൽ ദാവീദ് ശൌലിനോടു പ്രതി
ജ്ഞ ചെയ്തു. ശൌലിന്റെ കുടുംബത്തെ വധി
ക്കുകയില്ലെന്ന് ദാവീദ് വാഗ്ദാനം ചെയ്തു.
അനന്തരം ശൌൽ വീട്ടിലേക്കു മടങ്ങി. ദാവീദും
ആൾക്കാരും കോട്ടയിലേക്കും മടങ്ങി.

ദാവീദും നാബാൽ എന്ന ദുഷ്ടനും

25 ശമൂവേൽ മരിച്ചു. യിസ്രായേലുകാർ
എല്ലാവരും ഒത്തുകൂടി ശമൂവേലിന്റെ
മരണത്തിൽ ദു:ഖം പ്രകടിപ്പിച്ചു. അവർ ശമൂ
വേലിനെ രാമയിൽ അവന്റെ ഭവനത്തിന
ടുത്ത് അടക്കി. അനന്തരം ദാവീദ് പാരാൻ മരു
ഭൂമിയിലേക്കു പോയി.
2മാവോനിൽ ധനികനായ ഒരാൾ ജീവിച്ചി
രുന്നു. അയാൾക്ക് മൂവായിരം ചെമ്മരിയാടു
കളും ആയിരം കോലാടുകളും ഉണ്ടായിരുന്നു.
അയാൾ കർമ്മേലിൽ ചില വ്യാപാരങ്ങൾ നട
ത്തുകയായിരുന്നു. അയാൾ തന്റെ ചെമ്മരിയാ
ടുകളുടെ രോമം മുറിക്കാൻ കർമ്മേലിലേക്കു
പോയി. 3നാബാൽ എന്നായിരുന്നു അയാളുടെ
പേര്. കാലേബിന്റെ കുടുംബക്കാരനായിരുന്നു
അയാൾ അബീഗയിൽ എന്നായിരുന്നു നാബാ
ലിന്റെ ഭാര്യയുടെ പേര്. അവൾ വിവേക
ശാലിയും സുന്ദരിയുമായിരുന്നു. പക്ഷേ
നാബാൽ ഒരു മുശടനും ദുഷ്ടനുമായിരുന്നു.
4നാബാൽ തന്റെ ചെമ്മരിയാടുകളുടെ
രോമം മുറിക്കുകയാണെന്ന് ദാവീദ് മരുഭൂമി
യിൽ വെച്ച് കേട്ടു. 5നാബാലിനോടു സംസാ
രിക്കാൻ ദാവീദ് പത്തു യുവാക്കളെ അയച്ചു.
ദാവീദ് അവരോടു പറഞ്ഞു, "കർമ്മേലിലേക്കു
പോകുക. നാബാലിനെ കണ്ട് എനിക്കുവേണ്ടി
അവനെ അഭിവാദ്യം ചെയ്യുക." 6ദാവീദ്,
നാബാലിനുള്ള ഈ സന്ദേശം അവരുടെ വശം
കൊടുത്തയച്ചു, "അങ്ങയ്ക്കും കുടുംബത്തിനും
ക്ഷേമമെന്നു കരുതട്ടെ. അങ്ങയ്ക്കുള്ളതെല്ലാം
നന്നായിരിക്കുമെന്നു കരുതട്ടെ. 7അങ്ങ് അങ്ങ
യുടെ ചെമ്മരിയാടുകളുടെ രോമം മുറിയ്ക്കുക
യാണെന്ന് ഞാൻ കേട്ടു. അങ്ങയുടെ ഇടയ
ന്മാർ കുറച്ചു നേരം ഞങ്ങളോടൊപ്പമുണ്ടായി
രുന്നു. ഞങ്ങൾ അവരോടു തെറ്റൊന്നും ചെയ്തു
മില്ല. അവർ കർമ്മേലിലായിരുന്നപ്പോൾ അങ്ങ
യുടെ ഇടയന്മാരിൽനിന്നും ഞങ്ങൾ ഒന്നും എടു
ത്തതുമില്ല. 8അങ്ങയുടെ ഭൃത്യന്മാരോടു ചോദി
ച്ചാൽ ഇത് സത്യമാണെന്ന് അവർ പറയും.
ദയവായി എന്റെ യുവാക്കളോടു ദയ കാട്ടിയാ
ലും. ഞങ്ങൾ ഈ ആഹ്ലാദവേളയിൽ അങ്ങ
യുടെ അടുത്തേക്കു വരുന്നു. അങ്ങയ്ക്കു കഴിയു
ന്നത് ഈ ചെറുപ്പക്കാർക്കു നൽകിയാലും. അങ്ങ
യുടെ സ്നേഹിതനായ ദാവീദിനു വേണ്ടി ഇതു
ചെയ്താലും."
9ദാവീദിന്റെയാൾക്കാർ നാബാലിന്റെ അടു
ത്തേക്കു പോയി. അവർ നാബാലിന് ദാവീ
ദിന്റെ സന്ദേശം നൽകി. 10പക്ഷേ നാബാൽ
അവരോടു മുരടത്തം കാട്ടി. നാബാൽ പറഞ്ഞു,
"ആരാണ് ദാവീദ്? ആരാണ് യിശ്ശായിയുടെ
ഈ പുത്രൻ? ഇക്കാലത്ത് തങ്ങളുടെ യജമാന
ന്റെയടുത്തുനിന്നും ഓടിപ്പോയ ധാരാളം അടി
മകളുണ്ട്! 11എന്റെ കയ്യിൽ അപ്പവും വെള്ള
വുമുണ്ട്. എന്റെ ചെമ്മരിയാടുകളുടെ രോമം
മുറിയ്ക്കുന്ന ഭൃത്യന്മാർക്കു നൽകാൻ ഞാൻ
കൊന്ന മൃഗങ്ങളുടെ ഇറച്ചിയുമുണ്ട്. പക്ഷേ
ആ മാംസം ഞാനറിയാത്തവർക്ക് ഞാൻ നൽകു
കയില്ല!"

12ദാവീദിന്റെ ആൾക്കാർ മടങ്ങി വന്ന്
നാബാൽ പറഞ്ഞതെല്ലാം ദാവീദിനോടു പറ
ഞ്ഞു. **13**അപ്പോൾ ദാവീദ് അവരോടു പറഞ്ഞു,
“നിങ്ങളുടെ വാളുകൾ ധരിക്കുക!” അങ്ങനെ
ദാവീദും അവന്റെയാളുകളും തങ്ങളുടെ വാളു
കൾ ധരിച്ചു. നാനൂറോളം പേർ ദാവീദിനോ
ടൊപ്പം പോയി. ഇരുനൂറു പേർ ഭക്ഷണസാധ
നങ്ങളുടെയടുത്തു നിന്നു.

അബീഗയിൽ കുഴപ്പം തടയുന്നു

14നാബാലിന്റെ ഭൃത്യന്മാരിലൊരാൾ നാബാ
ലിന്റെ ഭാര്യയായ അബീഗയിലിനോടു
സംസാരിച്ചു. ഭൃത്യൻ പറഞ്ഞു, “ദാവീദ്,
നമ്മുടെ യജമാനനായ നാബാലിന്റെയടു
ത്തേക്കു മരുഭൂമിയിൽനിന്നും ദൂതന്മാരെ അയ
ച്ചു. എന്നാൽ ദാവീദിന്റെ ദൂതന്മാരോടു
നാബാൽ മുരടത്തരം കാട്ടി. **15**അവർ ഞങ്ങ
ളോടു വളരെ കാരുണ്യം കാട്ടിയവരാണ്.
ഞങ്ങൾ പുറത്തു വയലിൽ ആടുകളോടൊപ്പ
മായിരുന്നു. മുഴുവൻ സമയവും ദാവീദിന്റെ
യാളുകൾ ഞങ്ങളോടൊപ്പമുണ്ടായിരുന്നു.
അവർ ഒരിക്കലും ഞങ്ങളോടു തെറ്റൊന്നും
ചെയ്തതുമില്ല! അപ്പോഴൊന്നും അവർ ഞങ്ങ
ളിൽനിന്ന് ഒന്നും മോഷ്ടിച്ചില്ല! **16**രാത്രിയിലും
പകലും ദാവീദിന്റെയാൾക്കാർ ഞങ്ങളെ സംര
ക്ഷിച്ചു! അവർ ഞങ്ങൾക്കു ചുറ്റും ഒരു ഭിത്തി
പോലെയായിരുന്നു. അവരോടൊപ്പം ഞങ്ങൾ
ആടുകളെ നോക്കിയിരുന്നപ്പോൾ അവർ ഞങ്ങ
ളെ സംരക്ഷിച്ചു. **17**ഇനി നിനക്കതിൽ എന്തു
ചെയ്യാനാകുമെന്ന് ആലോചിച്ച് തീരുമാനി
ക്കുക. അവന്റെ മനസ്സു മാറ്റാമെന്നു കരുതി
സംസാരിക്കാൻ കൂടി കഴിയാത്തത്ര ദുഷ്ടനാണ്
നാബാൽ. നമ്മുടെ യജമാനന്റെ കുടുംബ
ത്തിനും കൊടുംകുഴപ്പങ്ങൾ സംഭവിക്കും.”

18അബീഗയിൽ ധൃതിയിൽ ഇരുന്നൂറ് അപ്പ
ങ്ങളും നിറഞ്ഞ രണ്ടു വീഞ്ഞുസഞ്ചികളും
പാകം ചെയ്ത അഞ്ച് ആടുകളും അഞ്ചുപറ
മലരും നൂറ് ഉണക്കമുന്തിരിക്കുലകളും ഇരുന്നൂറ്
അത്തിയടയും എടുത്തു. അവൾ അവ കഴുത
പ്പുറത്തു കയറ്റി. **19**അനന്തരം അബീഗയിൽ
തന്റെ ഭൃത്യന്മാരോടു പറഞ്ഞു, “പുറപ്പെടൂ,
ഞാൻ നിങ്ങൾക്കു പിന്നാലെ വരാം.” പക്ഷേ
അവൾ അതൊന്നും തന്റെ ഭർത്താവിനോടു
പറഞ്ഞില്ല.

20അബീഗയിൽ കഴുതകളെ തെളിച്ച് മല
യുടെ മറുവശത്തേക്കിറങ്ങി. എതിർദിശയിൽ
വരുന്ന ദാവീദിനെയും അവന്റെയാളുകളെയും
അവൾ കണ്ടുമുട്ടി.

21അബീഗയിലിനെ കാണുന്നതിനു മുമ്പ്,
ദാവീദ് ഇങ്ങനെ പറയുന്നുണ്ടായിരുന്നു, “മരുഭൂ
മിയിൽ ഞാൻ നാബാലിന്റെ സ്വത്ത് സംര
ക്ഷിച്ചു. അവന്റെ ആടുകളിലൊന്നു പോലും
നഷ്ടപ്പെടാതെ ഞാൻ സൂക്ഷിച്ചു. ഒന്നിനും
വേണ്ടിയായിരുന്നില്ല ഇതൊക്കെ ചെയ്തത്!
ഞാനവന് നന്മകൾ ചെയ്തു. പക്ഷേ അവനെ
ന്നോടു മോശമായി പെരുമാറി. **22**നാളെ
രാവിലെ വരെ ജീവിക്കാൻ നബാലിന്റെ കുടും
ബത്തിലെ ഒരുവനെയെങ്കിലും ഞാനനുവ
ദിച്ചാൽ ദൈവം എന്നെ ശിക്ഷിക്കും.”

23അപ്പോൾത്തന്നെ അബീഗയിൽ എത്തി.
അബീഗയിൽ ദാവീദിനെ കണ്ടയുടനെ കഴു
തകളെ വിട്ടു. അവൾ ദാവീദിനു മുമ്പിൽ നമ
സ്കരിച്ചു. **24**അബീഗയിൽ ദാവീദിന്റെ പാദ
ങ്ങളിൽ കിടന്ന് ഇങ്ങനെ പറഞ്ഞു, “പ്രഭോ,
അങ്ങയോടു സംസാരിക്കാൻ എന്നെ അനുവ
ദിച്ചാലും. എനിക്കു പറയാനുള്ളതു കേൾക്കൂ.
സംഭവിച്ചതിന്റെയൊക്കെ കുറ്റം എന്റെ മേലാ
കട്ടെ. **25**അങ്ങ് അയച്ചവരെ ഞാൻ കണ്ടില്ല.
പ്രഭോ നീചനായ നാബാലിനെ ശ്രദ്ധിക്കരുതേ.
അവന്റെ പേര് അവനു ചേരുന്നതു തന്നെ
യാണ്. ‘ദുഷ്ടൻ’ എന്നാണ് ആ പേരിന്റെ
അർത്ഥം. അവൻ ശരിക്കും ഒരു വിഡ്ഢി
തന്നെ. **26**നിഷ്കളങ്കരെ കൊല്ലുന്നതിൽനിന്ന്
യഹോവ അങ്ങയെ തടഞ്ഞിട്ടുണ്ട്. യഹോവ
ജീവിക്കുന്നതുപോലെ, അങ്ങ് ജീവിക്കുന്നതു
പോലെ സത്യമായും അങ്ങയെ ഉപദ്രവിക്കാൻ
ശ്രമിക്കുന്ന അങ്ങയുടെ ശത്രുക്കളും മറ്റുള്ളവരും
നാബാലിനെപ്പോലെയാകട്ടെ. **27**ഇപ്പോൾ ഈ
സമ്മാനം ഞാൻ അങ്ങയ്ക്കായി കൊണ്ടുവ
രുന്നു. ഈ സാധനങ്ങളെല്ലാം ദയവായി അങ്ങ
യുടെ ആളുകൾക്കു നൽകിയാലും. **28**എന്റെ
തെറ്റുകൾ പൊറുക്കുക. യഹോവ അങ്ങയുടെ
കുടുംബത്തെ ശക്തമാക്കുമെന്ന് എനിക്കറിയാം.
അനേകം രാജാക്കന്മാർ അങ്ങയുടെ കുടുംബ
ത്തിൽ നിന്നുണ്ടാകും! യഹോവയുടെ യുദ്ധ
ങ്ങൾ നീ ചെയ്തതിനാലാണ് അവനിങ്ങനെ
ചെയ്യുന്നത്. അങ്ങ് ജീവിച്ചിരിക്കുന്നത്ര കാലം
ജനങ്ങൾ അങ്ങയിൽ ഒരു വീഴ്ചയും കണ്ടെ
ത്തുകയോ ദുഷിച്ചുപറയുകയോ ചെയ്യാതിരി
ക്കട്ടെ! **29**ആരെങ്കിലും അങ്ങയെ പിന്തുടർന്നു
കൊല്ലാൻ ശ്രമിച്ചാൽ അങ്ങയുടെ ദൈവമാ
കുന്ന യഹോവ അങ്ങയുടെ ജീവൻ രക്ഷിക്കും!
പക്ഷേ ശത്രുക്കളുടെ ജീവിതത്തെ യഹോവ
ദൂരെയെറിയുകയും ചെയ്യും. ഒരു കവണയിൽ
നിന്നും കല്ലെന്നതു പോലെ. **30**അങ്ങയ്ക്ക് അനേ
കം നന്മകൾ ചെയ്യാമെന്നു യഹോവ വാഗ്ദാനം
ചെയ്തിട്ടുണ്ട്. യഹോവ തന്റെ വാക്കു പാലി
ക്കുകയും ചെയ്യും! ദൈവം അങ്ങയെ യിസ്രായേ
ലിന്റെ നേതാവാക്കും. **31**നിഷ്കളങ്കരെ കൊല്ലു
ന്ന കുറ്റം അങ്ങയ്ക്കു ണ്ടാകുകയുമില്ല. ആ ചതി
യിൽ അങ്ങ് വീഴുകയില്ല. യഹോവ അങ്ങയ്ക്കു
വിജയം നൽകുമ്പോൾ എന്നെയും ഓർമ്മി
ക്കുക.”

32ദാവീദ് അബീഗയിലിനോടു മറുപടി പറ
ഞ്ഞു, “യിസ്രായേലിന്റെ ദൈവമാകുന്ന
യഹോവ വാഴ്ത്തപ്പെട്ടവൻ. നിന്നെ എന്റെ
യടുത്തേക്കയച്ച ദൈവം വാഴ്ത്തപ്പെട്ടവൻ.
33നിന്റെ വിവേചനബോധത്തിന് ദൈവം
നിന്നെ അനുഗ്രഹിക്കട്ടെ. നിഷ്കളങ്കരെ കൊല്ലു
ന്നതിൽനിന്നും നീയെന്നെ തടഞ്ഞു. **34**യിസ്രാ
യേലിന്റെ ദൈവമാകുന്ന യഹോവയാണെ
സത്യം, നീ പെട്ടെന്ന് എന്നെ വന്നു കണ്ടില്ലാ
യിരുന്നുവെങ്കിൽ നാബാലിന്റെ കുടുംബ
ത്തിലെ ആരും നാളെ പ്രാഭാതം വരെ ജീവി
ച്ചിരിക്കുമായിരുന്നില്ല.”

35അനന്തരം ദാവീദ് അബീഗയിലിന്റെ
സമ്മാനങ്ങൾ സ്വീകരിച്ചു. ദാവീദ് അവളോടു
പറഞ്ഞു, “സമാധാനത്തോടെ വീട്ടിലേക്കു
പോകുക. ഞാൻ നിന്റെ അഭ്യർത്ഥന കേട്ടു.
നീ ആവശ്യപ്പെട്ടത് ഞാൻ ചെയ്യാം.”

നാബാലിന്റെ മരണം

36അബീഗയിൽ നാബാലിന്റെ അടുത്തേക്കു
മടങ്ങി. നാബാൽ വീട്ടിലുണ്ടായിരുന്നു.
അയാൾ ഒരു രാജാവിനെപ്പോലെ ഭക്ഷിക്കുക
യായിരുന്നു. അയാൾ കുടിച്ചു മദിച്ചിരിക്കുക
യായിരുന്നു. അതിനാൽ അബീഗയിൽ പ്രഭാതം
വരെ നാബാലിനോടു ഒന്നും പറഞ്ഞില്ല.

37പിറ്റേന്ന് രാവിലെ നാബാൽ സുബോധ
ത്തിലായി. അതിനാൽ ഭാര്യ അവനോടു
എല്ലാം പറഞ്ഞു. നാബാലിന് ഒരു ഹൃദയാഘാ
തമുണ്ടാകുകയും അയാൾ ഒരു പാറപോലെ
ഉറച്ചുപോകുകയും ചെയ്തു! 38പത്തു ദിവസ
ത്തോളം കഴിഞ്ഞപ്പോൾ യഹോവ നാബാ
ലിനെ മരിക്കാനിടയാക്കി.

39നാബാൽ മരിച്ച വിവരം ദാവീദ് അറിഞ്ഞു.
ദാവീദു പറഞ്ഞു, “യഹോവ വാഴ്ത്തപ്പെ
ട്ടവൻ! നാബാൽ എന്നെ ദുഷിച്ചു പറഞ്ഞു.
പക്ഷേ യഹോവ എന്നെ പിന്തുണച്ചു.
യഹോവ എന്നെ തെറ്റു ചെയ്യുന്നതിൽനിന്നും
തടഞ്ഞു. നാബാലിനെ അവൻെറ തെറ്റു മൂലം
യഹോവ മരിക്കാനിടയാക്കുകയും ചെയ്തു.

അനന്തരം ദാവീദ് അബീഗയിലിന് ഒരു
സന്ദേശമയച്ചു. അയാൾ അബീഗയിലിനെ
തൻെറ ഭാര്യയായിരിക്കാൻ ക്ഷണിച്ചു. 40ദാവീ
ദിൻെറ ഭൃത്യന്മാർ കർമ്മേലിലെത്തി അബീ
ഗയിലിനോടു പറഞ്ഞു, “നിന്നെ കാണാൻ
ദാവീദയച്ചവരാണു ഞങ്ങൾ. നിന്നെ അവൻെറ
ഭാര്യയാക്കാൻ ദാവീദ് ആഗ്രഹിക്കുന്നു.”

41അബീഗയിൽ മുഖം നിലത്തമർത്തി നമ
സ്കരിച്ചു. അവൾ പറഞ്ഞു, “ഞാൻ അങ്ങ
യുടെ ഭൃത്യയാണ്. അങ്ങയെ ശുശ്രൂഷിക്കാൻ
ഞാൻ തയ്യാറാണ്. എൻെറ യജമാനനായ ദാവീ
ദിൻെറ ഭൃത്യന്മാരുടെ പാദം കഴുകാനും ഞാൻ
തയ്യാറാണ്.” 42അബീഗയിൽ വേഗം ഒരു കഴു
തപ്പുറത്തു കയറി ദാവീദിൻെറ ദൂതന്മാരോ
ടൊപ്പം പോയി. അവൾ അഞ്ചു പരിചാരിക
മാരെയും കൂട്ടിയായിരുന്നു വന്നത്. അവൾ
ദാവീദിൻെറ ഭാര്യയായി. 43യിസ്രായേലിലെ
അഹീനോവമിനെയും ദാവീദ് വിവാഹം കഴി
ച്ചിരുന്നു. അഹിനോവമും അബീഗയിലും
ദാവീദിൻെറ ഭാര്യമാരായി. 44ദാവീദ് ശൌലി
ൻെറ പുത്രിയായ മീഖളിനെയും വിവാഹം കഴി
ച്ചിരുന്നു. പക്ഷേ ശൌൽ അവളെ അവനിൽ
നിന്നും വേർപെടുത്തി ലയീശിൻെറ പുത്ര
നായ ഫൽതിക്കു നൽകിയിരുന്നു. ഗല്ലീംകാര
നായിരുന്നു ഫൽതി.

ദാവീദും അബീശായിലും ശൌലിൻെറ പാളയത്തിൽ

26 സീഫുകാർ ശൌലിനെ കാണാൻ
ഗിബെയയിലേക്കു പോയി. അവർ
ശൌലിനോടു പറഞ്ഞു, “ദാവീദ് ഹഖീലാ
പർവ്വത്തിൽ ഒളിച്ചിരിക്കുന്നു. ആ മലയെ
ശിമോൻെറ എതിർവശത്താണ്.”

2ശൌൽ സീഫ് മരുഭൂമിയിലേക്കിറങ്ങി
ച്ചെന്നു. യിസ്രായേലിൽനിന്നും തെരഞ്ഞെടു
ത്ത മൂവായിരം ഭടന്മാരും ശൌലിനോടൊപ്പം
ഉണ്ടായിരുന്നു. ശൌലും അവരും സീഫ് മരുഭൂമി
യിൽ ദാവീദിനെ തെരഞ്ഞു. 3ശൌൽ തൻെറ
പാളയം ഹഖീലാപർവ്വതത്തിൽ സ്ഥാപിച്ചു.
പാതവക്കിലായിരുന്നു പാളയം.

ദാവീദ് മരുഭൂമിയിൽ തങ്ങിയിരിക്കുകയായി
രുന്നു. ശൌൽ തന്നെ പിന്തുർന്ന് അവിടെ
യെത്തിയിട്ടുണ്ടെന്ന് ദാവീദ് മനസ്സിലാക്കി.
4അതിനാൽ ദാവീദ് ചാരന്മാരെ അയച്ചു.
ശൌൽ ഹഖീലായിലെത്തിയെന്നു ദാവീദ് അറി
ഞ്ഞു. 5അനന്തരം ദാവീദ് ശൌൽ പാളയമടിച്ചി
രിക്കുന്നിടത്തേക്കു പോയി. ശൌലും അവൻെറ
സൈന്യാധിപനായ നേരിൻെറ പുത്രൻ അബ്
നേരും ഉറങ്ങുന്നിടം ദാവീദു കണ്ടു. പാളയ
ത്തിൻെറ നടുക്കായിരുന്നു ശൌൽ ഉറങ്ങിയിരു
ന്നത്. സൈന്യം ശൌലിനു ചുറ്റിലുമായി കിട
ന്നിരുന്നു.

6ദാവീദ് ഹിത്യനായ അഹീമേലെക്കുമായും
സെരൂയയുടെ പുത്രനും യോവാബിൻെറ
സഹോദരനുമായ അബീശായിയുമായും
സംസാരിച്ചു. അവൻ അവരോടു ചോദിച്ചു,
“ആരാണ് എന്നോടൊപ്പം ശൌലിൻെറ പാളയ
ത്തിലേക്കിറങ്ങിവരുന്നത്?” അബീശായി മറു
പടി പറഞ്ഞു, “ഞാൻ അങ്ങയോടൊപ്പം
വരാം.” 7രാത്രിയായപ്പോൾ ദാവീദും അബീശാ
യിയും ശൌലിൻെറ പാളയത്തിലേക്കു
പോയി. ശൌൽ പാളയത്തിൻെറ മദ്ധ്യത്തിൽ
ഉറങ്ങുകയായിരുന്നു. അവൻെറ കുന്തം അവ
ൻെറ തലയ്ക്കടുത്ത് തറയിൽ കുത്തിയിരുന്നു.
അബ്നേരും മറ്റു ഭടന്മാരും ശൌലിനു ചുറ്റും
കിടന്നുറങ്ങുകയായിരുന്നു. 8അബീശായി
ദാവീദിനോടു പറഞ്ഞു, “ഇന്ന് നിൻെറ ശത്രു
വിനെ തോല്പിക്കാൻ ദൈവം നിന്നെ അനുവദി
ച്ചിരിക്കുന്നു. ശൌലിനെ ഞാൻ അവൻെറ
കുന്തം കൊണ്ട് തറയിൽ ചേർത്തു തറയ്ക്കട്ടെ.
ഒന്നേ ഞാൻ കുത്തുകയുള്ളു!”

9എന്നാൽ ദാവീദ് അബീശായിയോടു പറ
ഞ്ഞു, “ശൌലിനെ കൊല്ലേണ്ട! യഹോവയുടെ
തെരഞ്ഞെടുക്കപ്പെട്ട രാജാവിനെ ഉപദ്രവിക്കു
ന്നവൻ ശിക്ഷിക്കപ്പെടും! 10യഹോവ ജീവിക്കു
ന്നതു പോലെ സത്യമായും യഹോവ തന്നെ
ശൌലിനെ ശിക്ഷിക്കും. ശൌൽ സ്വാഭാവിക
മായോ യുദ്ധത്തിലോ മരിക്കാം. 11എന്നാൽ
യഹോവയുടെ തെരഞ്ഞെടുക്കപ്പെട്ട രാജാ
വിനെ ഉപദ്രവിക്കാൻ യഹോവ എന്നെ ഒരി
ക്കലും അനുവദിക്കരുതെന്ന് ഞാൻ പ്രാർത്ഥി
ക്കുന്നു. ഇനി ശൌലിൻെറ തലയ്ക്കലുള്ള
കുന്തവും ജലപാത്രവും നമുക്ക് എടുത്തു
കൊണ്ടുപോകാം.”

12അതിനാൽ ദാവീദ് ശൌലിൻെറ തലയ്ക്ക
ലിരുന്ന കുന്തവും ജലപാത്രവും എടുത്തു.
അനന്തരം ദാവീദും അബീശായിയും ശൌലി
ൻെറ പാളയം വിട്ടു. സംഭവിച്ചതൊന്നും ആരും
അറിഞ്ഞില്ല! ആരും അതു കണ്ടില്ല. ആരും ഉണ
രുകയുണ്ടായില്ല. യഹോവ അവരെ ഗാഢനി
ദ്രയിലാഴ്ത്തിയതിനാൽ ശൌലും അവൻെറ
ഭടന്മാരും നന്നായി ഉറങ്ങി.

ദാവീദ് വീണ്ടും ശൌലിനെ അപമാനിക്കുന്നു

13ദാവീദ് താഴ്വരയുടെ മറുവശത്തേക്കു
കടന്നു. ശൌലിൻെറ പാളയത്തിനെതിരെയുള്ള
പർവ്വതത്തിൻെറ മുകളിൽ ദാവീദ് കയറി
നിന്നു. ദാവീദിൻെറ പാളയവും ശൌലിൻെറ
പാളയവും പരസ്പരം വളരെയകലെയായി
രുന്നു. 14ദാവീദ് സൈന്യത്തോടും നേരിൻെറ
പുത്രനായ അബ്നേരിനോടും വിളിച്ചുപറ
ഞ്ഞു, “അബ്നേർ, എനിക്കു മറുപടി തരിക!”
അബ്നേർ മറുപടി നൽകി, “ആരാണു നീ?
നീ എന്തിനാണ് രാജാവിനെ വിളിയ്ക്കുന്നത്?”
15ദാവീദു ചോദിച്ചു, “നീ ഒരു പുരുഷനല്ലേ?
നീ മറ്റേതൊരു യിസ്രായേലുകാരെനേയും
കാൾ ശ്രേഷ്ടനുമാണ്. അതു ശരിയല്ലേ?
പിന്നെ എന്തുകൊണ്ടാണ് നീ നിൻെറ രാജാ
വായ യജമാനന് കാവൽ നിൽക്കാഞ്ഞത്?
നിൻെറ യജമാനനായ രാജാവിനെ കൊല്ലാൻ
ഒരു സാധാരണക്കാരൻ വന്നു. 16നീ മോശപ്പെട്ട
ഒരു കാര്യം ചെയ്തു! യഹോവ ജീവിക്കു
മ്പോലെ സത്യമായും നീയും നിൻെറയാള്ളു

കളും മരിക്കണം! കാരണം നിങ്ങൾ നിങ്ങളുടെ
യജമാനനായ യഹോവയുടെ തെരഞ്ഞെടുക്ക
പ്പെട്ട രാജാവിനെ സംരക്ഷിച്ചില്ല. ശൌലിൻെറ
തലയ്ക്കലിരുന്ന രാജാവിൻെറ കുന്തവും ജല
പാത്രവും നോക്കുക. അവ എവിടെ?"
17ശൌൽ ദാവീദിൻെറ ശബ്ദം തിരിച്ചറി
ഞ്ഞു. ശൌൽ ചോദിച്ചു, "മകനേ ദാവീദേ,
ഇതു നിൻെറ ശബ്ദമാണോ?" ദാവീദ് മറുപടി
പറഞ്ഞു, "അതേ, അതെൻെറ ശബ്ദമാണ്
എൻെറ യജമാനനും രാജാവുമായവനേ."
18ദാവീദ് തുടർന്നു, "പ്രഭോ, അങ്ങെന്തിനാ
ണെന്നെ പിന്തുടരുന്നത്? ഞാനെന്തു തെറ്റാണു
ചെയ്തത്? ഞാനെന്തു കുറ്റക്കാരനാണ്?
19എൻെറ യജമാനനും രാജാവുമായവനേ,
എന്നെ ശ്രവിച്ചാലും! യഹോവ അങ്ങയ്ക്ക്
എന്നോടു കോപമുണ്ടാക്കിയെങ്കിൽ അവൻ ഒരു
ബലി സ്വീകരിക്കട്ടെ. പക്ഷേ മനുഷ്യരാണ്
അങ്ങയെ എനിക്കെതിരെ തിരിച്ചതെങ്കിൽ
യഹോവ അവർക്കു ദുരിതങ്ങൾ നൽകട്ടെ.
യഹോവ എനിക്കു നൽകിയ നാട്ടിൽനിന്നും
മനുഷ്യരാണ് എന്നെ ഓടിച്ചത്. അവർ എന്നോ
ടു പറഞ്ഞു, 'പോയി വിദേശികളോടൊപ്പം
വസിക്കുക. പോയി അന്യദൈവങ്ങളെ ആരാ
ധിക്കുക.' 20ഇപ്പോഴെന്നെ യഹോവയുടെ
സാന്നിദ്ധ്യത്തിൽനിന്നും വളരെയകലെ വച്ചു
മരിക്കാൻ ഇടയാക്കരുത്. യിസ്രായേൽരാജാവ്
ഒരു കീടത്തെ വേട്ടയാടാനിറങ്ങി. പർവ്വതങ്ങ
ളിലെ കാട്ടുകോഴിയെ വേട്ടയാടാൻ ഇറങ്ങിയ
വനെപ്പോലെയാണു അങ്ങ്!"
21അപ്പോൾ ശൌൽ പറഞ്ഞു, "ഞാൻ പാപം
ചെയ്തിരിക്കുന്നു. മടങ്ങിവരൂ ദാവീദേ, എൻെറ
കുഞ്ഞേ. എൻെറ ജീവിതം നിനക്കു പ്രധാനമാ
ണെന്നു നീ ഇന്നെനിക്കു കാട്ടിത്തന്നു. അതി
നാൽ ഞാൻ നിന്നെ ഉപദ്രവിക്കാൻ ശ്രമിക്ക
യില്ല. ഞാൻ വങ്കത്തം കാട്ടി. ഞാനൊരു വലിയ
തെറ്റു ചെയ്തു."
22ദാവീദ് മറുപടി പറഞ്ഞു, "രാജാവിൻെറ
കുന്തമിതാ, അങ്ങയുടെ യുവാക്കളിലാരെ
ങ്കിലും വന്ന് ഇതു കൊണ്ട് പൊയ്ക്കോട്ടെ.
23ഓരോരുത്തർക്കും അവരവരുടെ പ്രവൃത്തിക്കു
ള്ളത് യഹോവ നൽകുന്നു. നന്മ ചെയ്താൽ
സമ്മാനവും തിന്മ ചെയ്താൽ ശിക്ഷയും നൽ
കുന്നു. ഇന്ന് അങ്ങയെ തോല്പിക്കാൻ യഹോവ
എന്നെ അനുവദിച്ചു. പക്ഷേ യഹോവയുടെ
അഭിഷിക്തന് ഞാൻ ഒരു ഉപദ്രവവും ചെയ്യില്ല.
24അങ്ങയുടെ ജീവിതം എനിക്കു പ്രധാനമാ
ണെന്നു ഞാനിന്ന് അങ്ങയ്ക്കു കാട്ടിത്തന്നു!
അതേപോലെ എൻെറ ജീവിതം അവനു പ്രധാ
നമാണെന്ന് യഹോവയും കാണിച്ചു തരട്ടെ!
യഹോവ എന്നെ എല്ലാ കുഴപ്പങ്ങളിൽനിന്നും
രക്ഷിക്കും."
25അനന്തരം ശൌൽ, ദാവീദിനോടു പറഞ്ഞു,
"എൻെറ മകനേ ദാവീദേ, ദൈവം നിന്നെ
അനുഗ്രഹിക്കട്ടെ, നീ മഹാകാര്യങ്ങൾ ചെയ്യു
കയും വിജയിയാകുകയും ചെയ്യും" ദാവീദ്
തൻെറ വഴിക്കും ശൌൽ വീട്ടിലേക്കും പോയി.

ദാവീദ് ഫെലിസ്ത്യരോടൊപ്പം താമസിക്കുന്നു

27 ദാവീദ് സ്വയം കരുതി, "ശൌൽ എന്നെ
എന്നെങ്കിലും പിടിക്കും. ഫെലിസ്ത്യ
രുടെ നാട്ടിലേക്കു രക്ഷപ്പെടുകയാണ് എനിക്കു
ചെയ്യാൻ കഴിയുന്ന ഏറ്റവും നല്ല മാർഗ്ഗം.
അപ്പോൾ യിസ്രായേലിൽ എന്നെ തിരയുന്നത്
ശൌൽ അവസാനിപ്പിക്കും. അങ്ങനെ എനിക്കു
ശൌലിൽനിന്നും രക്ഷപ്പെടാം."
2അതിനാൽ ദാവീദും അവൻെറ കൂട്ടരായ
അറുനൂറുപേരും യിസ്രായേൽ വിട്ടു. മാവോ
ക്കിൻെറ പുത്രനായ ആഖീശിൻെറ അടുത്തേ
ക്കാണവർ പോയത്. ഗത്തിലെ രാജാവായി
രുന്നു ആഖീശ്. 3ദാവീദും അവൻെറ കൂട്ടാളി
കളും അവരുടെ കുടുംബവും ഗത്തിൽ ആഖീ
ശിനോടൊപ്പമുണ്ടായിരുന്നു. അഹീനോവാം
എന്ന യിസ്രായേലുകാരിയും അബീഗയിൽ
എന്ന കർമ്മേലുകാരിയുമായിരുന്നു അവർ.
നാബാലിൻെറ വിധവയായിരുന്നു അബീഗ
യിൽ. 4ദാവീദ്, ഗത്തിലേക്കു ഓടിപ്പോയകാര്യം
ജനങ്ങൾ ശൌലിനെ അറിയിച്ചു. അതിനാൽ
ശൌൽ അവനെ തിരയുന്നതവസാനിപ്പിച്ചു.
5ദാവീദ് ആഖീശിനോടു പറഞ്ഞു, "അങ്ങ
യ്ക്ക് എന്നോടു ദയയുണ്ടെങ്കിൽ നാട്ടിൻപുറ
ത്ത് എനിക്കൊരിടം തരിക. ഞാൻ അങ്ങയുടെ
ദാസൻ മാത്രം. അങ്ങയുടെ ഈ രാജകീയ നഗര
ത്തിലല്ല; അവിടെ ഞാൻ ജീവിച്ചോളാം."
6അന്ന് ആഖീശ്, ദാവീദിന് സിക്ലാഗ് നഗരം
നൽകി. എക്കാലവും യെഹൂദാരാജാക്കന്മാരുടേ
തായിരുന്നു സിക്ലാഗ്. 7ദാവീദ് അവിടെ ഫെലി
സ്ത്യർക്കിടയിൽ ഒരു വർഷവും നാലു
മാസവും വസിച്ചു.

ദാവീദ് ആഖീശ്‌രാജാവിനെ ചതിക്കുന്നു

8ദാവീദും അവൻെറ ആളുകളും ഈജിപ്തി
ലേക്കുള്ള വഴിയിൽ ശൂരിനടുത്തുള്ള തെലാം
മുതലുള്ള പ്രദേശത്തു വസിച്ചിരുന്ന അമാ
ലേക്യരോടും ഗെശൂര്യരോടും ഗിസ്രീയരോടും
ഏറ്റുമുട്ടാൻ പോയി. ദാവീദിൻെറയാൾക്കാർ
അവരെ തോല്പിക്കുകയും അവരുടെ സ്വത്ത്
ഏറ്റെടുക്കുകയും ചെയ്തു. 9ദാവീദ് ആ
പ്രദേശത്തുള്ളവരെ തോല്പിച്ചു. ദാവീദ് അവ
രുടെ മുഴുവൻ ആടുകൾ, കാലികൾ, കഴുതകൾ,
ഒട്ടകങ്ങൾ വസ്ത്രങ്ങൾ എന്നിവയെല്ലാം എടു
ത്ത് അവ ആഖീശിലേക്കു തിരികെ കൊണ്ടു
വന്നു. ദാവീദ് അവരെയൊന്നും കൊല്ലാതെ
വിട്ടില്ല.
10ഇത് ദാവീദ് പലവട്ടം ചെയ്തു. ഓരോ
തവണയും എവിടെയാണു യുദ്ധത്തിനു
പോയി ഈ സാധനങ്ങൾ കൊണ്ടുവരുന്ന
തെന്ന് ആഖീശ് അവനോടു ചോദിച്ചിരുന്നു.
"യെഹൂദയുടെ തെക്കൻപ്രദേശവുമായാണ്
ഞാൻ യുദ്ധം ചെയ്തത്" അല്ലെങ്കിൽ "യെര
ഹ്മേലിൻെറ തെക്കൻപ്രദേശങ്ങളുമായാണ്
ഞാൻ യുദ്ധം ചെയ്തത്" എന്നും "കെനിസ്യ
രുടെ തെക്കൻപ്രദേശങ്ങളുമായാണ് ഞാൻ
യുദ്ധം ചെയ്തത്" എന്നും ദാവീദു പറഞ്ഞി
രുന്നു. 11ഗത്തിലേക്കു ഒരു സ്ത്രീയേയോ പുരുഷ
നേയോ ദാവീദ് ജീവനോടെ കൊണ്ടുവന്നിരു
ന്നില്ല. ദാവീദ് കരുതി, "നമ്മൾ ആരെയെങ്കിലും
കൊല്ലാതെ വിട്ടാൽ ഞാനെന്താണ് യഥാർത്ഥ
ത്തിൽ ചെയ്തതെന്ന് അയാൾ ആഖീശിനോടു
പറയും!"
ഫെലിസ്ത്യയിൽ ജീവിച്ചിരുന്ന കാലമത്ര
യും ദാവീദ് ഇങ്ങനെ ചെയ്തിരുന്നു. 12ആഖീശ്
ദാവീദിനെ വിശ്വസിക്കാൻ തുടങ്ങി. ആഖീശ്
സ്വയം പറഞ്ഞു, "ഇപ്പോൾ ദാവീദിൻെറ
സ്വന്തക്കാർ അവനെ വെറുക്കുന്നു. യിസ്രായേ
ലുകാർ ദാവീദിനെ വളരെ വെറുക്കുന്നു. ഇനി
ദാവീദ് എക്കാലവും എന്നെ സേവിക്കും."

ഫെലിസ്ത്യർ യുദ്ധത്തിനൊരുങ്ങുന്നു

28 പിന്നീട് ഫെലിസ്ത്യർ യിസ്രായേലു
കാർക്കെതിരെ സൈന്യത്തെ സംഘടി
പ്പിച്ചു. ആഖീശ് ദാവീദിനോടു പറഞ്ഞു,
“യിസ്രായേലിനെതിരെയുള്ള യുദ്ധത്തിൽ
നീയും നിന്റെയാളുകളും എന്നോടൊപ്പം വര
ണം. മനസ്സിലായില്ലേ?”
2ദാവീദ്, മറുപടി പറഞ്ഞു, “തീർച്ചയായും!
അപ്പോൾ എനിക്കെന്തു ചെയ്യാനാകുമെന്നു
അങ്ങയ്ക്കു നേരിട്ടു കാണാം!”
ആഖീശു പറഞ്ഞു, “കൊള്ളാം. ഞാൻ നിന്നെ
എന്റെ അംഗരക്ഷകനാക്കും. നീ എക്കാലവും
എന്നെ സംരക്ഷിക്കണം.”

ശൌലും ഏൻദോരിലെ സ്ത്രീയും

3ശമൂവേൽ മരിച്ചു. ശമൂവേലിന്റെ മരണ
ത്തിൽ യിസ്രായേലുകാരെല്ലാം ദു:ഖിച്ചു.
അവർ ശമൂവേലിനെ അവന്റെ സ്വന്തം സ്ഥല
മായ രാമയിൽ സംസ്കരിച്ചു. മുമ്പ് ശൌൽ
വെളിച്ചപ്പാടന്മാരെയും ഭാവി പറയുന്നവ
രെയും യിസ്രായേലിൽനിന്നും തുരത്തിയി
രുന്നു.
4ഫെലിസ്ത്യർ യുദ്ധത്തിനൊരുങ്ങി. അവർ
ശൂനേമിലെത്തി അവിടെ പാളയമടിച്ചു.
ശൌൽ യിസ്രായേലുകാരെ മുഴുവൻ സംഘ
ടിപ്പിക്കുകയും ഗിൽബോവയിൽ പാളയമടി
ക്കുകയും ചെയ്തു. 5ഫെലിസ്ത്യസേനയെ
കണ്ട ശൌൽ വല്ലാതെ ഭയന്നു. അവന്റെ
ഹൃദയം പേടികൊണ്ടു തുടിച്ചു. 6ശൌൽ യഹോ
വയോടു പ്രാർത്ഥിച്ചുവെങ്കിലും അവന്റെ
പ്രാർത്ഥനയ്ക്കു ദൈവം മറുപടിയൊന്നും
നൽകിയില്ല. ദൈവം ശൌലിനോടു സ്വപ്ന
ത്തിൽ സംസാരിച്ചുമില്ല. അവനൊരു മറുപടി
നൽകാൻ ഊറീമും ഉപയോഗിച്ചില്ല. ശൌലി
നോടു സംസാരിക്കാൻ ദൈവം പ്രവാചകന്മാ
രെയും ഉപയോഗിച്ചില്ല. 7അവസാനം ശൌൽ
തന്റെ ഉദ്യോഗസ്ഥന്മാരോടു പറഞ്ഞു,
“എനിക്കു ഒരു വെളിച്ചപ്പാടത്തിയെ കണ്ടു
പിടിച്ചു തരിക. ഈ യുദ്ധത്തിന്റെ ഫലമെ
ന്തായിരിക്കുമെന്ന് എനിക്കു അവളോടു ചോദി
ച്ചറിയാമല്ലോ.”
അവന്റെ ഉദ്യോഗസ്ഥന്മാർ മറുപടി പറ
ഞ്ഞു. “ഏൻദോരിൽ ഒരു വെളിച്ചപ്പാടത്തി
യുണ്ട്.”
8തന്നെ ആരും തിരിച്ചറിയാതിരിക്കാൻ
ശൌൽ വ്യത്യസ്ത വസ്ത്രങ്ങൾ ധരിച്ചു. ആ
രാത്രിയിൽ ശൌലും അവന്റെ രണ്ട് ആളുകളും
ആ സ്ത്രീയെ കാണാൻ പോയി. ശൌൽ അവ
ളോടു പറഞ്ഞു, “ഭാവിയിലെന്താണു സംഭവി
ക്കുക എന്നു പറയുന്നതിന് മരിച്ച ഒരാളുടെ
ആത്മാവിനെ നീ കൊണ്ടുവരണം. ഞാൻ നിർ
ദ്ദേശിക്കുന്നവന്റെ ആത്മാവിനെ നീ വരുത്ത
ണം.” 9എന്നാൽ അവൾ ശൌലിനോടു പറ
ഞ്ഞു, “ശൌൽ ചെയ്തതെന്താണെന്നു നിനക്ക
റിയില്ലേ! യിസ്രായേലിൽനിന്നും അവനെല്ലാ
വെളിച്ചപ്പാടന്മാരെയും ഭാവി പറയുന്നവരെ
യും പുറത്താക്കി. നീ എന്നെ ചതിച്ചു കൊല്ലാ
നാണു ശ്രമിക്കുന്നത്.”
10ശൌൽ യഹോവയുടെ നാമത്തിൽ ആ
സ്ത്രീയ്ക്ക് ഒരു വാഗ്ദാനം ചെയ്തു. അവൻ
പറഞ്ഞു, “യഹോവ ജീവിച്ചിരിക്കുന്നതു
പോലെ സത്യമായും അങ്ങനെ ചെയ്യുന്നതു
കൊണ്ട് നീ ശിക്ഷിക്കപ്പെടുകയില്ല.” 11അവൾ
ചോദിച്ചു, “ആരെയാണു ഞാൻ നിനക്കു
വേണ്ടി കൊണ്ടുവരേണ്ടത്? ”ശൌൽ പറഞ്ഞു,
“ശമൂവേലിനെ കൊണ്ടുവരിക.” 12അങ്ങനെ
സംഭവിക്കുകയും ചെയ്തു! ശമൂവേലിനെ
കണ്ട് അവൾ നിലവിളിച്ചു. അവൾ ശൌലി
നോടു പറഞ്ഞു, “നീയെന്നെ വഞ്ചിച്ചിരിക്കു
ന്നു! നീ ശൌലാണ്.” 13രാജാവ് സ്ത്രീയോടു
പറഞ്ഞു, “ഭയപ്പെടരുത്! നീയെന്താണു കാണു
ന്നത്?”
അവൾ പറഞ്ഞു, “നിലത്തുനിന്ന് ഒരാത്മാവ്
ഉയർന്നു വരുന്നതു ഞാൻ കാണുന്നു.” 14ശൌൽ
ചോദിച്ചു, “അവൻ എന്തുപോലെയാണിരി
ക്കുന്നത്?” അവൾ മറുപടി പറഞ്ഞു, “ഒരു
വിശേഷ നീളൻകുപ്പായമണിഞ്ഞ വയസ്സനെ
പ്പോലെ.” അനന്തരം അത് ശമൂവേലായിരുന്നു
വെന്ന് ശൌലിനു മനസ്സിലായി. ശൌൽ നമ
സ്കരിച്ചു. അവന്റെ മുഖം നിലത്തു സ്പർ
ശിച്ചു. 15ശമൂവേൽ ശൌലിനോടു ചോദിച്ചു,
“നീയെന്തിനാണെന്നെ കഷ്ടപ്പെടുത്തിയത്?
നീയെന്തിനാണ് എന്നെ വിളിച്ചുവരുത്തി
യത്?”
ശൌൽ മറുപടി പറഞ്ഞു, “ഞാനാകെ കുഴ
പ്പത്തിലാണ്! ഫെലിസ്ത്യർ എനിക്കെതിരെ
യുദ്ധത്തിനു വന്നിരിക്കുന്നു. ദൈവം എന്നെ
കൈവെടിയുകയും ചെയ്തിരിക്കുന്നു. ദൈവം
ഇനിയെന്നോടു മറുപടി പറയില്ല. എന്നോട്
മറുപടി പറയാൻ അവൻ പ്രവാചകന്മാ
രെയോ സ്വപ്നങ്ങളെയോ ഉപയോഗിക്കുന്നു
മില്ല. അതിനാലാണ് ഞാൻ അങ്ങയെ വിളി
ച്ചത്. എന്തു ചെയ്യണമെന്ന് അങ്ങ് എന്നെ
ഉപദേശിക്കണം!”
16ശമൂവേൽ പറഞ്ഞു, “യഹോവ നിന്നെ
കൈവിട്ടു. ദാവീദാകട്ടെ നിന്റെ അയൽക്കാര
നോടൊപ്പവുമാണ്. അതുകൊണ്ട് നീയെന്തിനാ
ണെന്നെ ബുദ്ധിമുട്ടിക്കുന്നത്? 17തന്റെ താല്പര്യ
ങ്ങൾ നിന്നോടു പറയാൻ യഹോവ എന്നെ
ഉപയോഗിച്ചിട്ടുണ്ട്. യഹോവ ചെയ്യുമെന്നു
പറഞ്ഞതു പോലെ ചെയ്യുകയാണിപ്പോൾ.
യഹോവ നിന്നിൽനിന്നും രാജ്യം വലിക്കുക
യാണ്. രാജ്യം നിന്റെ അയൽക്കാരിൽ ഒരുവന്
യഹോവ നൽകാൻ പോവുകയാണ്. ദാവീദാ
ണ് ആ അയൽക്കാരൻ. 18നീ യഹോവയെ
അനുസരിച്ചില്ല. നീ അമാലേക്യരെ നശിപ്പിക്കു
കയോ അവരോടു യഹോവ എത്രമാത്രം
കോപിച്ചിട്ടുണ്ടെന്ന് അവരെ ബോധ്യപ്പെടു
ത്തുകയോ ചെയ്തില്ല. അതുകൊണ്ടാണ്
യഹോവയിന്ന് നിന്നോടിങ്ങനെ ചെയ്യുന്നത്.
19ഇന്ന് യിസ്രായേൽസേനയേയും നിന്നെയും
തോല്പിക്കാൻ യഹോവ ഫെലിസ്ത്യരെ അനു
വദിക്കും. നാളെ നീയും നിന്റെ പുത്രന്മാരും
ഇവിടെ എന്നോടൊപ്പമാകും!”
20ശൌൽ വേഗത്തിൽ തറയിൽ വീഴുകയും
അവിടെ കിടക്കുകയും ചെയ്തു. ശമൂവേൽ
പറഞ്ഞ കാര്യങ്ങൾ കൊണ്ട് ശൌൽ വളരെ
ഭയന്നിരുന്നു. ആ രാത്രിയും പകലും ഒന്നും
കഴിക്കാത്തതുകൊണ്ട് ശൌൽ വളരെ ക്ഷീണിത
നായിരുന്നു.
21ആ സ്ത്രീ ശൌലിന്റെയടുത്തു വന്നു.
ശൌൽ യഥാർത്ഥത്തിൽ ഭയന്നിരുന്നുവെന്ന്
അവൾ മനസ്സിലാക്കി. അവൾ പറഞ്ഞു,
“നോക്കൂ, ഞാൻ അങ്ങയുടെ ഭൃത്യ. ഞാൻ അങ്ങ
യെ അനുസരിച്ചു. എന്റെ ജീവൻ പണയം
വച്ചും അങ്ങ് ആവശ്യപ്പെട്ടതു ഞാൻ ചെയ്തു.
22ഇനി ദയവായി ഞാൻ പറയുന്നതു കേട്ടാ
ലും. ഞാൻ അങ്ങയ്ക്കു കുറച്ച് ആഹാരം നൽക

ട്ടെ. അങ്ങ് അതു തിന്നണം. അപ്പോൾ അങ്ങ
യുടെ വഴിക്കു നീങ്ങാൻ അങ്ങയ്ക്ക് മതിയായ
ശക്തി ലഭിക്കും."
23എന്നാൽ ശൌൽ അതു നിരസിച്ചു അവൻ
പറഞ്ഞു, "ഞാൻ ഭക്ഷിക്കില്ല." ശൌലിൻെറ
ഉദ്യോഗസ്ഥന്മാർ അവളോടു ചേർന്ന് ആഹാരം
കഴിക്കാൻ അവനെ നിർബന്ധിച്ചു. ഒടുവിൽ
ശൌൽ അവർ പറഞ്ഞതു കേട്ടു. അവൻ നില
ത്തുനിന്നും എഴുന്നേറ്റ് കട്ടിലിലിരുന്നു. 24ആ
സ്ത്രീയുടെ വീട്ടിൽ ഒരു കൊഴുത്തകാളക്കുട്ടി
യുണ്ടായിരുന്നു. അവൾ വേഗം കാളക്കുട്ടിയെ
കൊന്നു. അവൾ കുറച്ചു മാവെടുത്തു കൈയിൽ
വെച്ച് പരത്തി. എന്നിട്ടവൾ പുളിമാവു
ചേർക്കാത്ത അപ്പമുണ്ടാക്കി. 25അവൾ ഭക്ഷണം
ശൌലിൻെറയും ഉദ്യോഗസ്ഥന്മാരുടെയും
മുമ്പിൽ വയ്ക്കുകയും ചെയ്തു. ശൌലും അവ
ൻെറ ഉദ്യോഗസ്ഥന്മാരും ഭക്ഷിച്ചു. ആ രാത്രിയി
ൽത്തന്നെ അവരെഴുന്നേറ്റ് അവിടം വിടുകയും
ചെയ്തു.

"ദാവീദ് ഞങ്ങളോടൊപ്പം വരരുത്!"

29 ഫെലിസ്ത്യർ തങ്ങളുടെ ഭടന്മാരെ മുഴു
വൻ അഫേക്കിൽ സംഘടിപ്പിച്ചു.
യിസ്രായേലുകാർ യിസ്രെയേലിൽ ഉള്ള ജല
ധാരയ്ക്കടുത്തു പാളയമടിച്ചു. 2ഫെലിസ്ത്യ
ഭരണാധികാരികൾ തങ്ങളുടെ ഭടശതങ്ങ
ളോടും ഭടസഹസ്രങ്ങളോടുമൊപ്പം നീങ്ങുക
യായിരുന്നു. ദാവീദും അവൻെറയാളുകളും
ഏറ്റവും പിന്നിൽ ആഖീശിനോടൊപ്പമായി
രുന്നു നീങ്ങിക്കൊണ്ടിരുന്നത്.
3ഫെലിസ്ത്യനായകന്മാർ ചോദിച്ചു, "ഈ
എബ്രായർ ഇവിടെ എന്താണു ചെയ്യുന്നത്?"
ആഖീശ് ആ നായകന്മാരോടു പറഞ്ഞു, "ഇതാ
ശൌലിൻെറ ഉദ്യോഗസ്ഥന്മാരിലൊരുവനാ
യിരുന്ന ദാവീദ്. വളരെക്കാലമായി ദാവീദ്
എന്നോടൊപ്പമാണ്. ശൌലിനെ വിട്ട് എൻെറ
യടുത്തു വന്നതിനുശേഷം അവനെ കുറ്റം പറയ
ത്തക്കതായി ഞാൻ ഒന്നും കണ്ടിട്ടില്ല."
4പക്ഷേ ഫെലിസ്ത്യനായകന്മാർക്ക് ആഖീ
ശിനോടു വളരെ ദേഷ്യമുണ്ടായി. അവർ പറ
ഞ്ഞു, "ദാവീദിനെ തിരിച്ചയയ്ക്കുക! അങ്ങ്
അവന് കൊടുത്ത നഗരത്തിലേക്കു ദാവീദ്
മടങ്ങിപ്പോകണം. അവൻ ഞങ്ങളോടൊപ്പം
യുദ്ധത്തിനു വരുവാൻ പാടില്ല. അവൻ ഇവിടെ
യുണ്ടായാൽ നമുക്ക് നമ്മുടെ പാളയത്തിൽ
ത്തന്നെ ശത്രു എന്ന ഗതിയാകും. നമ്മുടെയാ
ളുകളെ കൊന്ന് അവൻ അവൻെറ രാജാവായ
ശൌലിനെ സന്തോഷിപ്പിക്കും. 5യിസ്രായേലു
കാർ ഈ പാട്ടിലൂടെ, സ്തുതിക്കുന്ന അതേ
യാളു തന്നെയാണ് ദാവീദ്,

"ശൌൽ ആയിരം ശത്രുക്കളെ കൊന്നു.
എന്നാൽ ദാവീദ് പതിനായിരം ശത്രുക്കളെ
കൊന്നു!"

6അതിനാൽ ആഖീശ് ദാവീദിനെ വിളിച്ചു
പറഞ്ഞു, "യഹോവ ജീവിക്കുമ്പോലെ സത്യ
മായും നീ എനിക്കു വിശ്വസ്തനാണ്. നീ
എൻെറ സേനയിൽ സേവനം അനുഷ്ഠിക്കുന്ന
തിൽ എനിക്കു സന്തോഷമേയുള്ളൂ. നീ എൻെറ
യടുത്തു വന്നതിനുശേഷം നിന്നിൽ ഞാനൊരു
കുറ്റവും കണ്ടിട്ടില്ല. എന്നാൽ ഫെലിസ്ത്യ
ഭരണാധിപന്മാർ നിന്നെ ഒരു നല്ലവനായി
അംഗീകരിക്കുന്നില്ല. 7സമാധാനത്തിൽ മടങ്ങി
പ്പോവുക. ഫെലിസ്ത്യഭരണാധിപന്മാർക്കെ
തിരായി ഒന്നും ചെയ്യരുത്."
8ദാവീദു ചോദിച്ചു, "ഞാൻ എന്തു തെറ്റാണു
ചെയ്തത്? ഞാൻ അങ്ങയുടെ അടുത്തു വന്നതു
മുതൽ ഇപ്പോൾ വരെ ഞാൻ എന്തു തിന്മ
യാണു ചെയ്തത്? എൻെറ രാജാവാകുന്ന
യഹോവയ്ക്കുവേണ്ടി ശത്രുക്കളെ നേരിടാൻ
അങ്ങ് എന്തുകൊണ്ടാണ് എന്നെ അനുവദിക്കാ
ത്തത്."
9ആഖീശ് മറുപടി പറഞ്ഞു, "നീയൊരു നല്ല
മനുഷ്യനാണെന്നെനിക്കറിയാം. നീ ദൈവത്തി
ൻെറ ഒരു ദൂതനെപ്പോലെയാണ്. പക്ഷേ ഫെലി
സ്ത്യനായകന്മാർ 'ദാവീദ് നമ്മോടൊപ്പം യുദ്ധ
ത്തിനു വരേണ്ട' എന്ന് ഇപ്പോഴും പറയുന്നു.
10അതിരാവിലെ തന്നെ നീയും നിൻെറയാളുക
ളും മടങ്ങിപ്പോകണം. ഞാൻ നിങ്ങൾക്കു തന്ന
നഗരത്തിലേക്കു മടങ്ങുക. നായകന്മാർ നിന്നെ
പ്പറ്റി പറയുന്ന തിന്മകളൊന്നും ചെവിക്കൊള്ള
രുത്. നീ നല്ലവനാണ്. സൂര്യൻ ഉദിക്കുന്നതോടെ
സ്ഥലം വിടുക." 11അതിനാൽ ദാവീദും അവ
ൻെറയാളുകളും അതിരാവിലെ തന്നെ എഴുന്നേ
റ്റ് ഫെലിസ്ത്യരുടെ രാജ്യത്തേക്കുപോയി. ഫെ
ലിസ്ത്യർ യിസ്രെയേലിലേക്കു കയറിപ്പോവു
കയും ചെയ്തു.

അമാലേക്യർ സിക്ലാഗ് ആക്രമിക്കുന്നു

30 മൂന്നാം ദിവസം ദാവീദും അവൻെറ
ആളുകളും സിക്ലാഗിൽ എത്തി. അമാലേ
ക്യർ സിക്ലാഗ് ആക്രമിച്ചതായി അവർ കണ്ടു.
നെഗെബ് പ്രദേശത്താണ് അമാലേക്യർ ആക്ര
മണം നടത്തിയത്. അവർ സിക്ലാഗിനെ ആക്ര
മിക്കുകയും നഗരം ചുട്ടെരിക്കുകയും ചെയ്തു.
2സിക്ലാഗിലെ സ്ത്രീകളെ അവർ തടവുകാ
രാക്കി. ചെറുപ്പക്കാരെയും വൃദ്ധരെയും അവർ
പിടികൂടി. ആരെയും അവർ കൊന്നില്ല. അവ
രെ പിടിച്ചു കൊണ്ടുപോവുകമാത്രം ചെയ്തു.
3ദാവീദും കൂട്ടരും സിക്ലാഗിലെത്തിയപ്പോൾ
നഗരം കത്തിയെരിയുന്നതായാണവർ കണ്ടത്.
അവരുടെ ഭാര്യമാരും പുത്രന്മാരും പുത്രിമാരും
ഒക്കെ നഷ്ടപ്പെട്ടു. അമാലേക്യർ അവരെയെ
ല്ലാം പിടിച്ചുകൊണ്ടുപോയി. 4ഇനിയും കരയാ
നാവാത്തത്ര ക്ഷീണിക്കുംവരെ ദാവീദും അവ
ൻെറ സേനാംഗങ്ങളും ഉച്ചത്തിൽ നിലവിളിച്ചു.
5ദാവീദിൻെറ ഭാര്യമാരായ യിസ്രെയേലുകാരി
അഹിനോവം, കർമ്മേലിലെ നാബാലിൻെറ
വിധവയായ അബീഗയിൽ എന്നിവരെയും
നഷ്ടപ്പെട്ടു.
6തങ്ങളുടെ മക്കളെ തടവുകാരായി പിടിച്ചു
കൊണ്ടുപോയതിൽ സേനാംഗങ്ങൾ മുഴുവനും
ദു:ഖിക്കുകയും കോപിക്കുകയും ചെയ്തു.
അവർ ദാവീദിനെ കല്ലെറിഞ്ഞു കൊല്ലുന്നതി
നെപ്പറ്റി സംസാരിക്കുകയായിരുന്നു. അത്
ദാവീദിനെ വളരെ ദു:ഖിതനാക്കി. എന്നാൽ
ദാവീദ് തൻെറ ദൈവമാകുന്ന യഹോവയിൽ
ശക്തി കണ്ടെത്തി. 7ദാവീദ് പുരോഹിതനായ
അബ്യാഥാരിനോടു പറഞ്ഞു, "ഏഫോദ്
കൊണ്ടുവരൂ."
8അനന്തരം ദാവീദ് യഹോവയോടു പ്രാർ
ത്ഥിച്ചു, "ഞങ്ങളുടെ കുടുംബങ്ങളെ പിടിച്ചു
കൊണ്ടുപോയവരെ ഞാൻ പിന്തുടരണമോ?
ഞാനവരെ പിടിക്കുമോ?" യഹോവ മറുപടി
പറഞ്ഞു, "അവരെ പിന്തുടരുക, നീ അവരെ

പിടിക്കും. നിങ്ങളുടെ കുടുംബങ്ങളെ നീ രക്ഷി
ക്കും.”

ദാവീദും കൂട്ടരും ഈജിപ്തിൽനിന്നുള്ള അടിമകളെ കാണുന്നു

9-10ദാവീദ് തന്നോടൊപ്പമുള്ള അറുനൂറു
പേരെയും കൂട്ടി ബെസോർമലയിടുക്കിലേക്കു
പോയി. അവൻെറ സംഘത്തിലെ ഇരുനൂറു
പേർ ആ സ്ഥലത്തു തങ്ങി. യാത്ര തുടരാനാവാ
ത്തത്ര ക്ഷീണിതരും ദുർബ്ബലരുമായതിനാലാണ്
അവർ അവിടെ തങ്ങിയത്. അതിനാൽ ദാവീ
ദും നാനൂറു പേരും അമാലേക്യരെ പിന്തുടർന്നു.
11ദാവീദിൻെറയാൾക്കാർ ഒരു വയലിൽ ഒരു
ഈജിപ്തുകാരനെ കണ്ടു. അവർ അവനെ
ദാവീദിൻെറയടുത്തേക്കു കൊണ്ടുപോയി.
അവർ അവന് വെള്ളവും ഭക്ഷണവും കൊടു
ത്തു. 12അവർ ഈജിപ്തുകാരന് ഒരു കഷണം
അത്തിയടയും ഉണക്കമുന്തിരിക്കുലയും നൽകി.
ഭക്ഷണം കഴിച്ചപ്പോൾ അവൻെറ ക്ഷീണം മാറി.
കഴിഞ്ഞ മൂന്നു ദിനരാത്രങ്ങളിൽ അവൻ ഒന്നും
കഴിച്ചിരുന്നില്ല.
13ദാവീദ് ഈജിപ്തുകാരനോടു ചോദിച്ചു,
“ആരാണു നിൻെറ യജമാനൻ? നീ എവിടെ
നിന്നും വരുന്നു?”
ഈജിപ്തുകാരൻ മറുപടി പറഞ്ഞു, “ഞാൻ
ഒരു ഈജിപ്തുകാരനാണ്. ഒരു അമാലേക്യ
ൻെറ അടിമയാണ് ഞാൻ. മൂന്ന് ദിവസം മുമ്പ്
എനിക്കു രോഗം വരികയും യജമാനൻ എന്നെ
ഉപേക്ഷിക്കുകയും ചെയ്തു. 14ക്രേത്യർ ജീവി
ക്കുന്ന നെഗെബ് ഞങ്ങൾ ആക്രമിച്ചു. യെഹൂ
ദയും കാലേബുകാർ വസിക്കുന്ന നെഗെബും
ഞങ്ങൾ ആക്രമിച്ചു. സിക്ലാഗും ഞങ്ങൾ കത്തി
ച്ചു.”
15ദാവീദ് ഈജിപ്തുകാരനോടു ചോദിച്ചു,
“ഞങ്ങളുടെ കുടുംബങ്ങളെ പിടിച്ചു കൊണ്ടു
പോയവരുടെ അടുത്തേക്കു നീ ഞങ്ങളെ
കൊണ്ടുപോകാമോ?” ഈജിപ്തുകാരൻ മറു
പടി പറഞ്ഞു, “ദൈവസമക്ഷത്തിൽ നിങ്ങൾ
ഒരു വിശേഷവാഗ്ദാനം ചെയ്താൽ അവരെ
കണ്ടെത്താൻ ഞാൻ നിങ്ങളെ സഹായിക്കാം.
എന്നാൽ എന്നെ കൊല്ലുകയോ യജമാനനെ
തിരിച്ചേല്പിക്കുകയോ ചെയ്യില്ലെന്നു നിങ്ങൾ
വാക്കു തരണം.”

ദാവീദ് അമാലേക്യരെ തോല്പിക്കുന്നു

16ഈജിപ്തുകാരൻ ദാവീദിനെ അമാലേക്യ
രുടെയടുത്തേക്കു കൊണ്ടുപോയി. അവർ
തിന്നും കുടിച്ചും ഒരു മൈതാനത്തിനു ചുറ്റും
കിടക്കുകയായിരുന്നു. ഫെലിസ്ത്യരിൽനിന്നും
യെഹൂദക്കാരിൽനിന്നും തങ്ങൾ പിടിച്ചെടുത്ത
സാധനങ്ങളുടെ പേരിൽ അവർ അഹ്ലാദിക്കുക
യായിരുന്നു. 17ദാവീദ് അവരെ ആക്രമിക്കുകയും
വധിക്കുകയും ചെയ്തു. സൂര്യോദയം മുതൽ
പിറ്റേന്ന് സായാഹ്നംവരെ അവർ ഏറ്റുമുട്ടി.
ഒട്ടകപ്പുറത്തു കയറി ഓടിപ്പോയ നാനൂറു
യുവാക്കളൊഴികെ അമാലേക്യരാരും അവശേ
ഷിച്ചില്ല.
18അമാലേക്യർ പിടിച്ചുകൊണ്ടുപോയ
തൻെറ രണ്ടു ഭാര്യമാർ സഹിതം എല്ലാം ദാവീദ്
തിരിച്ചുപിടിച്ചു. 19ഒന്നും നഷ്ടപ്പെട്ടിരുന്നില്ല.
മുഴുവൻ കുട്ടികളെയും വൃദ്ധരെയും അവർ
കണ്ടെത്തി. തങ്ങളുടെ മക്കളെ മുഴുവൻ അവർ
കണ്ടെത്തി. അമാലേക്യർ കൊണ്ടുപോയതെ
ല്ലാം അവർ കണ്ടെത്തി. ദാവീദ് അവയെല്ലാം
തിരികെ കൊണ്ടുവന്നു. 20ആടുകളെയും കന്നു
കാലികളെയും മുഴുവൻ ദാവീദ് കൊണ്ടുവന്നു.
ദാവീദിൻെറ ആൾക്കാർ ഈ മൃഗങ്ങളെ മുമ്പേ
നടത്തി. അവർ പറഞ്ഞു, “അവ ദാവീദിൻെറ
സമ്മാനമാണ്.”

എല്ലാവർക്കും തുല്യ പങ്ക്

21ബെസോർ മലയിടുക്കിൽ തങ്ങിയിരുന്ന
ഇരുനൂറു പേരുടെയടുത്ത് ദാവീദ് എത്തി.
അവർ ദാവീദിനെ പിന്തുടരാൻ കഴിയാത്ത
ദുർബ്ബലരും ക്ഷീണിതരുമായിരുന്നു. അവർ
ദാവീദിനെയും അവനോടൊപ്പം പോയ ഭടന്മാ
രെയും കാണാൻ ഇറങ്ങിവന്നു. ദാവീദും സൈ
ന്യവും അടുത്തുവന്നപ്പോൾ ബെസോർ മല
യിടുക്കിലെ ജനങ്ങൾ അവരെ ആശംസിച്ചു.
ദാവീദ് അവരോടു കുശലമന്വേഷിച്ചു. 22ദാവീ
ദിനോടൊപ്പം പോയവരിൽ കുഴപ്പക്കാരായ
ഏതാനും ദുഷ്ടന്മാരുണ്ടായിരുന്നു. ആ കുഴപ്പ
ക്കാർ പറഞ്ഞു, “ഈ ഇരുന്നൂറു പേർ നമ്മോ
ടൊപ്പം വന്നില്ല. അതിനാൽ നമ്മൾ അവർക്ക്
ഒന്നും കൊടുക്കേണ്ടതില്ല. അവർക്ക് അവരുടെ
ഭാര്യമാരെയും മക്കളേയും മാത്രമേ ലഭിക്കൂ.”
23ദാവീദ് മറുപടി പറഞ്ഞു, “അരുത് സഹോ
ദരന്മാരേ, അങ്ങനെ ചെയ്യരുത്! യഹോവ നമു
ക്കു നൽകിയതിനെപ്പറ്റി ചിന്തിക്കുക! നമ്മെ
ആക്രമിച്ച ശത്രുവിനെ തോല്പിക്കാൻ യഹോവ
നമ്മെ അനുവദിച്ചു. 24നിങ്ങൾ പറയുന്നത്
ആരും ശ്രദ്ധിക്കില്ല! സാമാനങ്ങളോടൊപ്പം
നിന്നവർക്കും യുദ്ധത്തിൽ പോയവർക്കും തുല്യ
സാധനങ്ങൾ നൽകണം. എല്ലാവർക്കും ഒരു
പോലെ പങ്കുവയ്ക്കണം.” 25ദാവീദ് ഇത്
യിസ്രായേലിൽ ഒരു കല്പനയും നിയമവു
മാക്കി. ഇന്നും ഈ നിയമം തുടരുന്നു.
26ദാവീദ് സിക്ലാഗിലെത്തി. അനന്തരം
അമാലേക്യരിൽനിന്നും പിടിച്ചെടുത്ത സാധ
നങ്ങളിൽ കുറേ അവൻ യെഹൂദയിലെ നേതാ
ക്കളായ തൻെറ സുഹൃത്തുക്കൾക്കയച്ചു കൊടു
ത്തു. ദാവീദു പറഞ്ഞു, “യഹോവയുടെ ശത്രു
ക്കളിൽനിന്നും ഞാൻ എടുത്ത സാധനങ്ങളിൽ
നിന്നു നിങ്ങൾക്കുള്ള സമ്മാനമാണ് ഇവ.”
27ദാവീദ്, ആ സാധനങ്ങളിൽനിന്നും കുറെ
ബേഥേൽ, നെഗെബിലെ രാമോത്ത്, യാത്ഥീർ,
28അരോവേർ, സിഫ്മോത്ത്, എസ്തെമോവാ,
29രാഖാൽ. യെരഹ്മേല്യരുടെയും കേന്യരുടെ
യും നഗരങ്ങൾ, 30ഹോർമ്മാ, ബോർ ആശാൻ,
അഥാക്ക, 31ഹെബ്രോൻ എന്നിവിടങ്ങളിലെ
നേതാക്കൾക്കും കൊടുത്തു. ദാവീദും കൂട്ടരും
താമസിച്ച എല്ലാ സംഘങ്ങളിലെ നേതാക്കൾ
ക്കും അവൻ ആ സാധനങ്ങളിൽ കുറെ അയച്ചു
കൊടുത്തു.

ശൗലിൻെറ മരണം

31ഫെലിസ്ത്യർ യിസ്രായേലിനെതിരെ
പടവെട്ടുകയും യിസ്രായേലുകാർ
ഫെലിസ്ത്യരിൽനിന്നും ഓടിപ്പോവുകയും
ചെയ്തു. ഗിൽബോവാപർവ്വതത്തിൽവച്ച്
അനേകം യിസ്രായേലുകാർ കൊല്ലപ്പെട്ടു.
2ഫെലിസ്ത്യർ ശൗലിനോടും പുത്രന്മാ
രോടും കടുത്ത യുദ്ധം നടത്തി. ഫെലിസ്ത്യർ
ശൗലിൻെറ പുത്രന്മാരായ യോനാഥാൻ,
അബീനാദാബ്, മെൽക്കീശുവാ എന്നിവരെ
വധിച്ചു.
3ശൗലിനെതിരെയുള്ള യുദ്ധം കൂടുതൽ
കൂടുതൽ വഷളായി. വില്ലാളികൾ എയ്ത

അമ്പുകളേറ്റ് ശൌലിന് വളരെ പരിക്കേറ്റു.
4തന്റെ ആയുധവാഹകനോടു ശൌൽ പറ
ഞ്ഞു, “നിന്റെ വാളെടുത്ത് എന്നെ വധിക്കുക.
അപ്പോൾ വിദേശികൾ എന്നെ മുറിവേല്പിച്ച്
പരിഹസിക്കുകയില്ലല്ലോ?” എന്നാൽ
ശൌലിന്റെ ആയുധവാഹകൻ വിസമ്മ
തിച്ചു. അയാൾ വല്ലാതെ ഭയന്നിരുന്നു. അതി
നാൽ ശൌൽ സ്വന്തം വാളെടുത്തു സ്വയം
മരിച്ചു. 5ആയുധവാഹകൻ ശൌൽ മരിച്ചതു
കണ്ടു. അതിനാൽ അവനും സ്വന്തം വാളു
കൊണ്ട് ആത്മഹത്യ ചെയ്തു. ശൌലിനോടൊ
പ്പം അവൻ അവിടെ മരിച്ചുവീണു. 6അങ്ങനെ,
ശൌലും അവന്റെ മൂന്നു പുത്രന്മാരും ആയു
ധവാഹകനും ഒരുമിച്ച് അന്നു മരിച്ചു.

ശൌലിന്റെ മരണത്തിൽ ഫെലിസ്ത്യർക്കു സന്തോഷം

7താഴ്വരയുടെ മറുവശത്തുള്ള യിസ്രായേലു
കാർ, തങ്ങളുടെയാളുകൾ യുദ്ധത്തിൽ നിന്നും
ഓടിപ്പോകുന്നതു കണ്ടു. ശൌലും പുത്രന്മാരും
മരിച്ചത് അവർ കണ്ടു. അതിനാൽ ആ യിസ്രാ
യേലുകാർ തങ്ങളുടെ നഗരങ്ങൾ വിട്ട് ഓടി
പ്പോയി. അപ്പോൾ ഫെലിസ്ത്യർ അവരുടെ
നഗരങ്ങളിൽ വന്നു താമസമാക്കി.

8പിറ്റേന്ന്, മൃതദേഹങ്ങളിൽനിന്നുള്ള സാധ
നങ്ങളെടുക്കാൻ ഫെലിസ്ത്യർ മടങ്ങിപ്പോയി.
ഗിൽബോവാപർവ്വതത്തിൽ ശൌലും മൂന്നു
പുത്രന്മാരും മരിച്ചുകിടക്കുന്നത് അവർ കണ്ടു.
9ഫെലിസ്ത്യർ ശൌലിന്റെ തല വെട്ടിമാറ്റു
കയും അവന്റെ ആയുധം എടുക്കുകയും
ചെയ്തു. ആ വാർത്ത അവർ ഫെലിസ്ത്യർക്കി
ടയിലും തങ്ങളുടെ വിഗ്രഹങ്ങളുടെ ആലയ
ങ്ങളിലും എത്തിച്ചു. 10അവർ ശൌലിന്റെ
ആയുധം അസ്തോരെത്തിന്റെ ദേവാലയ
ത്തിൽ വച്ചു. ഫെലിസ്ത്യർ ശൌലിന്റെ
ശരീരം ബേത്ത്-ശാനിലെ ചുമരിൽ തൂക്കിയിടു
കയും ചെയ്തു.

11ഫെലിസ്ത്യർ ശൌലിനോടു ചെയ്ത
കാര്യങ്ങൾ ഗിലെയാദിലെ യാബേശ്നിവാ
സികൾ കേട്ടു. 12അതിനാൽ യാബേശിലെ
എല്ലാ ഭടന്മാരും ബേത്ത്-ശാനിലേക്കു പോയി.
രാത്രി മുഴുവനും അവർ നടന്നു! അനന്തരം
അവർ ശൌലിന്റെ ശരീരം ബേത്ത്-ശാനിലെ
ഭിത്തിയിൽനിന്നും എടുത്തു. ശൌലിന്റെ
പുത്രന്മാരുടെ ശരീരങ്ങളും അവർ ഇറക്കി. അന
ന്തരം അവർ ആ ശരീരങ്ങൾ യാബേശിലേക്കു
കൊണ്ടുപോയി. അവിടെ യാബേശുകാർ
ശൌലിന്റെയും മൂന്നു പുത്രന്മാരുടെയും ശരീ
രങ്ങൾ ദഹിപ്പിച്ചു. 13അനന്തരം അവർ ശൌ
ലിന്റെയും പുത്രന്മാരുടെയും അസ്ഥികൾ
പെറുക്കി യാബേശിലെ മരച്ചുവട്ടിൽ സംസ്ക
രിച്ചു. അനന്തരം ഏഴു ദിവസം ഉപവസിച്ച്
യാബേശുകാർ തങ്ങളുടെ ദു:ഖം പ്രകടിപ്പിച്ചു.

License Agreement for Bible Texts

World Bible Translation Center
Last Updated: September 21, 2006

Copyright © 2006 by World Bible Translation Center
All rights reserved.

These Scriptures:

- Are copyrighted by World Bible Translation Center.
- Are not public domain.
- May not be altered or modified in any form.
- May not be sold or offered for sale in any form.
- May not be used for commercial purposes (including, but not limited to, use in advertising or Web banners used for the purpose of selling online add space).
- May be distributed without modification in electronic form for non-commercial use. However, they may not be hosted on any kind of server (including a Web or ftp server) without written permission. A copy of this license (without modification) must also be included.
- May be quoted for any purpose, up to 1,000 verses, without written permission. However, the extent of quotation must not comprise a complete book nor should it amount to more than 50% of the work in which it is quoted. A copyright notice must appear on the title or copyright page using this pattern: "Taken from the HOLY BIBLE: EASY-TO-READ VERSION™ © 2006 by World Bible Translation Center, Inc. and used by permission." If the text quoted is from one of WBTC's non-English versions, the printed title of the actual text quoted will be substituted for "HOLY BIBLE: EASY-TO-READ VERSION™." The copyright notice must appear in English or be translated into another language. When quotations from WBTC's text are used in non-saleable media, such as church bulletins, orders of service, posters, transparencies or similar media, a complete copyright notice is not required, but the initials of the version (such as "ERV" for the Easy-to-Read Version™ in English) must appear at the end of each quotation.

Any use of these Scriptures other than those listed above is prohibited. For additional rights and permission for usage, such as the use of WBTC's text on a Web site, or for clarification of any of the above, please contact World Bible Translation Center in writing or by email at distribution@wbtc.com.

World Bible Translation Center
P.O. Box 820648
Fort Worth, Texas 76182, USA
Telephone: 1-817-595-1664
Toll-Free in US: 1-888-54-BIBLE
E-mail: info@wbtc.com

WBTC's web site – World Bible Translation Center's web site: http://www.wbtc.org

Order online – To order a copy of our texts online, go to: http://www.wbtc.org

Current license agreement – *This license is subject to change without notice. The current license can be found at:* http://www.wbtc.org/downloads/biblelicense.htm

Trouble viewing this file – If the text in this document does not display correctly, use Adobe Acrobat Reader 5.0 or higher. Download Adobe Acrobat Reader from: http://www.adobe.com/products/acrobat/readstep2.html

Viewing Chinese or Korean PDFs – To view the Chinese or Korean PDFs, it may be necessary to download the Chinese Simplified or Korean font pack from Adobe. Download the font packs from: http://www.adobe.com/products/acrobat/acrrasianfontpack.html